തന്നെ ഈ 1986 അവസാനംവരെയുള്ള അക്കൗണ്ട്സ് ഇലക്ട്രിസിറ്റി ബോർഡിന് അപ്-ററു-ഡേറ്റ് ആക്കാൻ കഴിയുമെന്നുള്ള നിലയ്ക്ക് ആണ് ഇപ്പോഴം നീങ്ങുന്നത്. ഇതാണ് എനിക്ക് ഇപ്പോഴം കിട്ടിയ വിവരം. ഇതിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ ഞാൻ അങ്ങയേയും ഈ സഭയേയും തീർച്ചയായിട്ടും അറിയിക്കും.

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും ശ്രീ. കാനം രാജേന്ദ്രനും ചൂണ്ടിക്കാണിച്ച പ്രശ്നത്തെസംബന്ധിച്ച് കിട്ടിയിടത്തോളം റിപ്പോർട്ടുകൾ വച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ വിശദീകരണം പറഞ്ഞു. ഇതുസംബന്ധിച്ച് ചെയറിന്റെ റൂളിംഗ് ഇന്നത്തെ സഭാനടപടികൾ തീരുന്നതിനുമുമ്പു തന്നെ പറയുന്നതാണ്. അതുകൊണ്ട് ധനകാര്യവുമായി മുന്നോട്ടു പോകാൻ മന്ത്രിയെ അനുവദിച്ചിരിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ഡിമാൻഡ് ചർച്ചചെയ്യുന്നതിനുമുമ്പ് സഭയെ അറിയിക്കേണ്ട വിവരമാണ്. അത് ഡിമാൻഡ് ചർച്ച തീർന്നതിനുശേഷം കിട്ടിയാൽ മതിയോ?

മി. സ്പീക്കർ: ഇത് ബഹുമാനപ്പെട്ട മന്ത്രി റിപ്ലൈ ചെയ്യുന്നതിനുമുമ്പ് പറയും.

VII. ധനകാര്യം

1986-87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XL—വൈദ്യുത പദ്ധതികൾ

Minister for Electricity and Power (**Shri. R. Balakrishna Pillai**): Sir, I move that the amount shown in column 7 of the list referred to the order paper be granted to complete the sum necessary to defray the charges, that will come in course of payment during the year 1986-'87, in respect of the Head of payment entered against it namely Demand XL - Power. †

Minister for Co-operation (**Smt. M. Kamalam**): Sir, I second it.

ധനാഭ്യർത്ഥന നമ്പർ-XXXIII ക്ഷീരവ്യവസായം

ധനാഭ്യർത്ഥന നമ്പർ-XXXIV മത്സ്യബന്ധനം

Minister for Fisheries (**Shri A. L. Jacob**): Sir, I move that the amount shown in column 7 of the list referred to the order paper be granted to complete the sum necessary to defray the charges that will come in course of payment during the year 1986-87 in respect of the Head of Payment entered against them namely Demand-XXXIII Dairy and Demand XXXIV Fisheries. †

Minister for Finance (**Shri Thachady Prabhakaran**): Sir, I second it.

ധനാഭ്യർത്ഥന നമ്പർ XXXIII ക്ഷീരവ്യവസായം

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ക്ഷീരവ്യവസായം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

1,98,30,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ക്ഷീരവ്യവസായം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,98,30,700 ഉറുപ്പികയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, ക്ഷീരവ്യവസായം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,98,30,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: സർ, ക്ഷീരവ്യവസായം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,98,30,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ക്ഷീരവ്യവസായം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,98,30,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 1,98,30,700 under Demand XXXIII—Dairy be reduced by Rs. 100.

(To discuss generally)

Shri V. J. Thankappan: Sir, I move that the amount of Rs. 1,98,30,700 under Demand XXXIII—Dairy be reduced by Rs.100.

(To discuss in general)

ധനാഭ്യർത്ഥന നമ്പർ XXXIV—മൽസ്യബന്ധനം

സൂചക വെട്ടിക്കുറയ്ക്കൽ

Shri Kodiyeri Balakrishnan: Sir, I move that the amount of Rs. 10,49,39,100 under Demand XXXIV—Fisheries be reduced by Rs. 100.

(To discuss generally)

ശ്രീ. വി. കെ. രാജൻ: സർ, മൽസ്യബന്ധനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,49,39,100 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, മൽസ്യബന്ധനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,49,39,100 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: സർ, മൽസ്യബന്ധനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,49,39,100 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: സർ, മൽസ്യബന്ധനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,49,39,100 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, മൽസ്യബന്ധനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,49,39,100 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ചചെയ്യുന്നതിന്)

Shri V.S. Chandrasekharan Pillai: Sir, I move that the amount of Rs. 10,49,39,100 under Demand XXXIV—Fisheries be reduced by Rs. 100 (To discuss the failure of the Government in protecting the interests of thousands of Fishermen in coastal areas).

Shri V. J. Thankappan: Sir, I move that the amount of Rs. 10,49,39,100 under Demand XXXIV—Fisheries be reduced by Rs. 100.

(To discuss generally)

Shri C. P. Moosankutty: Sir, I move that the amount of Rs. 10,49,39,100 under Demand XXXIV—Fisheries be reduced by Rs. 100.

(To discuss generally)

ധനാഭ്യർത്ഥന നമ്പർ XL—വൈദ്യുതപദ്ധതികൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, വൈദ്യുതപദ്ധതികൾ എന്ന 40-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് പവർക്കട്ട് ഏർപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കാനുള്ള പരിശ്രമങ്ങൾ കാലേകൂട്ടി സ്വീകരിക്കാതിരിക്കുന്ന നയപരമായ വീഴ്ചയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്).

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. മൂസാൻകുട്ടി: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 11,10,66,700 under Demand XL—Power be reduced by Rs. 100 (to discuss about the irregular supply of power resulting in the unemployment of thousands of workers in Industrial centres etc).

Shri Cyriac John: Sir, I move that the amount of Rs. 11,10,66,700 under Demand XL—Power be reduced by Rs. 100.

(To discuss generally)

ശ്രീമതി റേച്ചൽ സക്കറിയ പനവേലിൽ: സർ, വൈദ്യുതപദ്ധതികൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 11,10,66,700 ഉറുപ്പികയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri K. Moosakutty: Sir, I move that the amount of Rs. 11,10,66,700 under Demand XL—Power be reduced by Rs. 100.

(To discuss in general)

Shri T. P. Peethambaran Master: Sir, I move that the amount of Rs. 11,10,66,700 under Demand XL—Power be reduced by Rs. 100.

(To discuss generally)

LIBRARY ARCHIVES Kerala Legislative Assembly

Shri P. Vijayadas: Sir, I move that the amount of Rs. 11,10,66,700 under Demand XL—Power be reduced by Rs. 100.

(To discuss generally)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടിസ്പീക്കർ]

ശ്രീ. സി. പി. മുസാൻകുട്ടി: സർ, മൽസ്യബന്ധനം, ക്ഷീരവ്യവസായം, വിദ്യുച്ഛക്തി ഇവയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. മലബാർ പ്രദേശത്ത് ആറുമാസത്തിലധികമായി തൊഴിലാളികൾക്ക് പൂർണ്ണമായും തൊഴിലില്ലാത്ത സ്ഥിതിയാണ് വരുന്നത്. കടൽത്തീരത്ത് ആറുമാസക്കാലമായി മൽസ്യത്തൊഴിലാളികൾക്ക് പൂർണ്ണമായി ജോലിയില്ലാത്ത സ്ഥിതിയാണ്. അവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെൻറ് ഒന്നും ആലോചിക്കുന്നില്ല. അവിടെ തൊഴിലില്ലാതിരിക്കാൻ ഉള്ള കാരണം ആ കടൽത്തീരത്ത് കോഴിക്കോട് മുതൽ അഴീക്കോട് വരെയുള്ള പ്രദേശങ്ങളിൽ അടക്കുംകൊല്ലിവല, പെഴ്സീൻ നൈറ് ഇവയൊക്കെ ഉപയോഗിച്ചാണ് മൽസ്യം പിടിക്കുന്നത്. അതിന്റെ ഫലമായിട്ട് മൽസ്യത്തൊഴിലാളികൾക്ക് പൂർണ്ണമായും മൽസ്യം കിട്ടാത്ത സ്ഥിതിയാണ്. അവരാണെങ്കിൽ മൽസ്യം കിട്ടാത്തതുകൊണ്ട് മറ്റ് തൊഴിൽ അന്വേഷിച്ച് പോവുകയാണ്. ഈ പെഴ്സീൻ നൈറ് തടയുന്നതിനുവേണ്ടി ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല. കോഴിക്കോട് കടൽപ്പുറത്ത് അവിടെ പെഴ്സീൻ നൈറ് 21 എണ്ണത്തിനുമാത്രമേ പെർമിറ്റ് കൊടുക്കാൻപാടുള്ളൂ. എന്നാൽ അവിടെ പെർമിറ്റ് കൊടുത്തിട്ടുള്ളത് 481 എണ്ണത്തിനാണ്. ഇങ്ങനെ കണക്കിൽക്കവിഞ്ഞ് പെഴ്സീൻ നൈറ് ഉപയോഗിക്കുന്നതിന്റെ ഫലമായി തൊഴിലാളികൾ വളരെയധികം കഷ്ടതയനുഭവിക്കുന്നു. അത് തടയുന്നതിന് തൊഴിലാളികൾക്ക് സാദ്ധ്യമല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടുത്തിയാലും തടയുന്നില്ല. ഈ ഗവൺമെൻറിന്റെ നയംപോലെതന്നെയാണ് ഉദ്യോഗസ്ഥൻമാരും. ഒരു കാര്യംകൂടി ആലോചിക്കാനുണ്ടെന്നാണ് തോന്നുന്നത്. ഇവിടെ ഇപ്പോൾ പോലീസിനെ എങ്ങനെയെങ്കിലും ഉപയോഗപ്പെടുത്തണമെന്നുള്ളത് നമ്മുടെ മുൻ ഫിഷറീസ് മന്ത്രിയായിരുന്ന ഇപ്പോഴത്തെ പോലീസ് മന്ത്രിക്കും നിർബന്ധമാണ്. പോലീസുകാരാണെങ്കിൽ ചേരകയറുന്നതുപോലെ കോളേജുകളിലായാലും പള്ളിക്കൂടങ്ങളിലായാലും എവിടെയും കയറുകയാണ്. ഈ പോലീസിനെയെല്ലാംതന്നെ നമ്മുടെ കടൽത്തീരത്ത് നിരത്തിനിർത്തിയാൽ ഈ അടക്കുംകൊല്ലിവല തടയുന്നതിന് സാധിക്കുമെന്നുമാത്രമല്ല, ഒരു ജോലിയും ചെയ്യാത്ത ഈ മൽസ്യവകുപ്പിന് കടൽത്തീരയുടെ എണ്ണവും എടുക്കാം. അങ്ങനെ ഒരു നടപടി സ്വീകരിക്കാത്തതെന്താണ് ഈ ഗവൺമെൻറ്? തൊഴിലാളികൾ ഇന്ന് പൂർണ്ണമായും കഷ്ടത്തിലാണ്. അവർക്ക് തൊഴിലില്ല. അവർ ചുമട്ടുജോലിക്കു പോകുന്നു, മറ്റുപല ജോലിക്കും പോകുന്നു. ഇതുമാത്രമല്ല സർ, നമ്മുടെ കേന്ദ്രത്തിൽ ശ്രീ. യോഗേന്ദ്ര മകവാന എന്നുപറയുന്ന ഇതിന്റെ ചേട്ടൻമന്ത്രി അദ്ദേഹം 40 കോടി ഉറുപ്പിക ഈ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു എന്നുപറയുന്നു. എന്നാൽ ഇവിടെ, അതെല്ലാംതന്നെ ആലിബാബയും നാൽപ്പത് കള്ളൻമാരും എന്നുള്ള രൂപത്തിൽ പങ്കിട്ടിരിക്കുകയാണ്. മൽസ്യത്തൊഴിലാളികളുടെ ദുരിതാശ്വാസത്തിനും മറ്റ് കാര്യങ്ങൾക്കുംവേണ്ടിയെല്ലാം സഹായത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കേണ്ട ഫാറത്തിൽ തൊഴിലാളികൾ ഏത് യൂണിയനിലാണ് എന്ന് ചേർക്കണമെന്നുപറഞ്ഞാൽ നമ്മുടെ മുഖ്യമന്ത്രിക്ക് പല വിശദീകരണങ്ങൾ ഉണ്ടാകും. നേരത്തേ ഒരു വിശദീകരണം കേട്ടപ്പോൾ അദ്ഭുതപ്പെട്ടല്ലോ. ഓരോ ഫാറത്തിലും സി. ഐ. ടി. യു ആണോ, സ്വതന്ത്രൻ ആണോ, എ. ഐ. ടി. യു. സി. ആണോ, ഐ. എൻ. ടി. യു. സി. ആണോ എന്ന് രേഖപ്പെടുത്തണം. എന്താണിതിന്റെ കാരണം? സ്വന്തക്കാർക്കുവേണ്ടി മൽസ്യഗ്രാമീണ സൊസൈറ്റികൾ ഉണ്ടാക്കുന്നതിലും മൽസ്യഫെഡ് ഉണ്ടാക്കുന്നതിലും ഏറ്റവും വലിയ ധൂർത്തും അഴിമതിയും നടക്കുകയാണ്; അത നടത്തുന്നതിനുവേണ്ടിത്തന്നെയാണ്. ഇത്രയും സംഖ്യ ഉപയോഗിച്ചുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് അവരുടെ റോഡുകളോ അല്ലെങ്കിൽ വീടുകളോ ഉണ്ടാക്കിക്കൊടുത്തുകൂടേ? എന്തിനാ ഏറെപ്പറയുന്നു? അഴീക്കോടുള്ള ഒരു മൽസ്യത്തൊഴിലാളിയുടെ ഒരു യന്ത്രബോട്ട് നഷ്ടപ്പെട്ടിട്ട് അതിന്റെ നഷ്ടത്തിനുവേണ്ടി ആവശ്യപ്പെട്ടിട്ട് ഒന്നരക്കൊല്ലമായി ഇതുവരെ കൊടുത്തിട്ടില്ല. അപ്പോൾ മൽസ്യത്തൊഴിലാളികൾക്ക് ഒരു കാര്യവും ചെയ്തിട്ടില്ല എന്നുമാത്രമല്ല ഗ്രാമീണസൊസൈറ്റികൾതന്നെ ഉണ്ടാക്കുന്നത് എവിടെയാണ്? മൽസ്യ സൊസൈറ്റി ഉണ്ടാക്കുന്നത് എവിടെയാണ്? നെയ്ത്തു കേന്ദ്രത്തിലാണ്. മന്ത്രിക്കും ഭരണകക്ഷിക്കുമൊക്കെ ആവശ്യമായിട്ടുള്ള സ്ഥലത്താണ്. ആ രൂപത്തിൽ മൽസ്യത്തൊഴിലാളികൾക്ക് ഒരു സഹായവും ചെയ്യുന്നില്ല, അവർക്കുള്ള ഒരു ആനുകൂല്യവും കൊടുക്കുന്നില്ല.

സർ, ഇവിടെ നേരത്തെ ഒരു സബ്മിഷൻ കൊണ്ടുവന്നു. കണ്ണൂരിലെ ഇൻഡോ നോർവീജിയൻ പ്രോജക്ടിനെ സംബന്ധിച്ച്. ആ പ്രോജക്ട് ഇന്ന് മണ്ണുമൂടി കിടക്കുകയാണ്. അത് മാറ്റിയെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവിടെ ഒരു കോൾഡ് സ്റ്റോറേജുണ്ട്. അത് കത്തിപ്പോയതാണ്. അത് നന്നാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. മന്ത്രിസഭയുടെ മുഖഛായ മാറ്റുന്നതുപോലെയെങ്കിലും ഈ കോൾഡ് സ്റ്റോറേജ് നന്നാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഇവിടെ മത്തികൊണ്ടുപോയി പാലിലിടുന്ന ഒരു സമീപനമാണ സ്വീകരിച്ചിട്ടുള്ളത്. മത്സ്യവകുപ്പും ക്ഷീരവകുപ്പിൽ ഉൾപ്പെടുത്തിയതുകൊണ്ടുള്ള പ്രയോജനം എന്താണ്? രണ്ടും ചീഞ്ഞുപോയി. മത്സ്യവ്യവസായത്തിലെ തൊളിലാളികൾ കഴിഞ്ഞ ആറുമാസക്കാലമായി പട്ടിണിയിലാണ്. അടിയന്തിരമായി അവർക്ക് ആശ്വാസം എത്തിക്കാനും അവർക്ക് റേഷൻ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. അടക്കംകൊല്ലിവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം അവസാനിപ്പിക്കണം. ഇന്ന് ഗ്രാമപ്രദേശങ്ങളിലെ പുഴകളിൽ തോട്ടയും തിരിയും ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതിന്റെ ഫലമായി മത്സ്യവിത്തുകൾ പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ഇതിനെതിരായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും സഹായിക്കുന്ന രൂപത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ക്ഷീരവ്യവസായത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇന്ന് പാലിന് വില കുറച്ചതുകൊണ്ടു മാത്രം കാര്യമായില്ല. നല്ല ഗുണമുള്ള പാല് ലഭ്യമാക്കാൻകൂടി കഴിയണം. ഗ്രാമപ്രദേശങ്ങളിൽ ധാരാളം പാൽ സൊസൈറ്റികൾ ഉണ്ട്. അവിടെനിന്നും വിലയ്ക്കെടുക്കുന്നത് 2 രൂപ 83 പൈസയ്ക്കാണ്. അതിൽ 50 ശതമാനം പൊടിയും ചേർത്ത് ഇവിടെ വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത് നാലുരൂപ അമ്പതു പൈസയ്ക്കാണ്. ഒരു രൂപ 87 പൈസയാണ് അതിൽനിന്നും മിൽമ ലാഭമെടുക്കുന്നത്. അതേ സമയം ഗ്രാമപ്രദേശങ്ങളിലെ മിൽക്ക് സൊസൈറ്റികളെ ഇന്ന് തകർച്ചയിലാണ്. ഗ്രാമപ്രദേശങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്ക് പട്ടണപ്രദേശത്ത് എത്തുന്ന പാലിൽ 50 ശതമാനം പൗഡറും ചേർത്തിട്ട് വീണ്ടും ഗ്രാമപ്രദേശങ്ങളിലേക്കുതന്നെ പോകുന്ന ഒരു സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. അതുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ സൊസൈറ്റികളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റു സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മിൽമയ്ക്കുവേണ്ടി തെക്കൻ മേഖലയിൽ 18 കോടി രൂപയും വടക്കൻ മേഖലയിൽ 8 കോടി രൂപയുമാണ് കൊടുത്തിട്ടുള്ളത്. അതിൽ 70 ശതമാനം ലോണും 30 ശതമാനം സബ്സിഡിയും. എന്നിട്ടും രണ്ടുകോടി രൂപ നഷ്ടമാണ് എന്നാണ് പറയുന്നത്. ഭാവിയിൽ കെ. എസ്. ആർ. ടി. സി. പോലെ ഇതും കുത്തഴിയാൻ പോവുകയാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരണം.

സർ, കണ്ണൂർ ജില്ലയിൽ 8,000 ലിറ്റർ പാലാണ് ജില്ലാ സ്റ്റോറിൽ കിട്ടുന്നത്. എന്നാൽ 18,000 ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്. 10,000 ലിറ്റർ വെള്ളവും പൗഡറുമാണ്. ശുദ്ധമായ പാൽ കിട്ടുന്നില്ല. അതുകൊണ്ട് അതിന് ആവശ്യമായിട്ടുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കണം.

ഡയറി ഡവലപ്പ്മെന്റ് ട്രെയിനിംഗ് സെന്റർ കോഴിക്കോട്ടും കോട്ടയത്തുമാണ്, ഇന്നുള്ളത്. കണ്ണൂർ ജില്ലയിൽ ഇതിനാവശ്യമായിട്ടുള്ള ഒരു പ്രൈവറ്റ് സെന്റർ ഇതിനുമുമ്പ് തുടങ്ങിയിരുന്നു. അത് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂരായിരുന്നു. അത് ഇന്ന് നിലവിലില്ല. അതുകൊണ്ട് തളിപ്പറമ്പിൽ ഒരു ഡയറി ഡവലപ്പ്മെന്റ് ട്രെയിനിംഗ് സെന്റർ തുടങ്ങണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുപോലെ ഇതിന്റെ ക്വാളിറ്റി നിർണ്ണയിക്കുന്നതിന് മൊബൈൽ സമ്പ്രദായത്തിലുള്ള സംവിധാനമുണ്ടാകണം. അങ്ങനെയാണെങ്കിൽ ശുദ്ധമായ പാൽ കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ കഴിയും. ഇന്ന് പല ഡയറി ഫാമും തകർച്ചയിലേക്കാണ് നീങ്ങുന്നത്. കട്ടപ്പനയിലെ ഒരു ഡയറി ഫാമിൽ 1286 പശുക്കളും കന്നുകുട്ടികളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 174 പശുക്കളും കന്നുകുട്ടികളും 224 സ്റ്റാഫുമാണുള്ളത്. ഇവിടെ ഡി. ആർ. ഡി. എ. ക്കും മറ്റു ലോണിന്റെ ആവശ്യത്തിനുമുള്ള പശുക്കളെ തമിഴ്നാട്ടിൽനിന്ന് കൊണ്ടുവരുകയാണ്. കേരളത്തിലെ ഡയറി ഡിപ്പാർട്ടുമെന്റിൽനിന്നും പശുക്കളെ വളർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നില്ല. അതുപോലെതന്നെ പശുക്കൾക്ക് ആവശ്യമായിട്ടുള്ള കാലിത്തീറ്റ ഉണ്ടാക്കുന്നതിനുള്ള ഫാം ആരംഭിക്കുന്ന കാര്യത്തിലും ആവശ്യമായ നടപടികളും സ്വീകരിക്കുന്നില്ല. ഇതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സർ, ഇനി വിദ്യുച്ഛക്തിയെ സംബന്ധിച്ച് പറയാം. അതിന്റെ തുടക്കത്തിൽത്തന്നെ കല്ലുകടിച്ചു കഴിഞ്ഞു. ഇവിടെ വോൾട്ടേജ് കമ്മിയാണ്. കണ്ണൂരിൽ നടക്കുമ്പോൾ കണ്ണുകാണുകയില്ല. ഇങ്ങോട്ടിങ്ങോട്ട് വരുമ്പോൾ കുറേശ്ശെയുണ്ട്. നാലു മണിക്കൂർ സമയം ഒന്നുമില്ലാത്ത അവസ്ഥയാണ്. അതേ അവസരത്തിൽ ചാർജിനു കുറവു

LIBRARY ARCHIVES Kerala Legislative Assembly

മില്ല. 17 രൂപ കൊടുത്തിരുന്ന സ്ഥാനത്ത് 51ഉറുപ്പിക പിടിച്ചുപറിക്കുന്നു. നാലിരട്ടി വാങ്ങിക്കുന്നു. ആറുമാസം കഴിഞ്ഞതിനുശേഷമാണ് മീറർ റീഡിംഗ് നടത്തുന്നത്. കേടുവന്ന മീറർ ഉണ്ടായാലും ശരി കാശു പിടിച്ചുപറിക്കുന്നതിന് യാതൊരു മുടക്കവുമില്ല. വീടുകൾക്ക് കറൻറ് കൊടുക്കുന്നില്ല. വ്യവസായ സ്ഥാപനങ്ങൾക്കും കൊടുക്കുന്നില്ല. കൊല്ലം, ആലുവ, കൊച്ചി വ്യവസായ മേഖലകളിൽ ഈ മന്ത്രി രാജ്യദ്രോഹകരമായിട്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അമ്പതിനായിരത്തോളം തൊഴിലാളികൾക്ക് ഇന്ന് ജോലിയില്ലാതായിരിക്കുന്നു. ഒരു മന്ത്രി വിചാരിച്ചാൽ ഒരു രാജ്യമാകെ കഷ്ടത്തിലാക്കാൻ സാധിക്കുമെന്നുള്ളതിന് തെളിവാണിത്. എഫ്.എ.സി.ടി. യിൽ ഒരു ദിവസം 60 ലക്ഷം രൂപ നഷ്ടത്തിലാണെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്തിൻെറ സമ്പത്താണ് നഷ്ടമാകുന്നത്. ഒന്നുമില്ലെങ്കിൽ ഈ മന്ത്രി ഒരു വിജ്ഞാപനമെങ്കിലും പുറപ്പെടുവിക്കണം, ഇന്നയിന്ന വ്യവസായത്തിന് ഇവിടെ വിദ്യുച്ഛക്തി കൊടുക്കാൻ സാധ്യമല്ലായെന്ന്. ആശുപത്രികളെ ഇതിൽനിന്നെല്ലാം ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനം എടുക്കണം. അങ്ങനെ ഇന്ന് വിദ്യുച്ഛക്തി വ്യവസായത്തിന് കൊടുക്കാൻ സാധിക്കുന്നില്ല. വീടുകൾക്ക് കൊടുക്കാൻ സാധിക്കുന്നില്ല. നമുക്ക് ആവശ്യമായിട്ടുള്ള വിദ്യുച്ഛക്തി ഇവിടെയില്ല. സെൻട്രൽ വാട്ടർ കമ്മീഷൻെറ റിപ്പോർട്ടിൽ പറയുന്നത് നൂറുലക്ഷം യൂണിറ്റ് പ്രതിദിനം ആളറിയാതെ കളവുപോകുന്നുവെന്നാണ്. അതു കണ്ടുപിടിക്കുന്നതിനുള്ള ശ്രമം മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. മന്ത്രിയെ ഇവിടെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി നമ്മുടെ മുഖ്യമന്ത്രി ഒരു ജാനകി കമ്മീഷനെ നിശ്ചയിച്ചുവല്ലോ. എന്നാൽ ഈ നൂറുലക്ഷം യൂണിറ്റ് കളവുപോകുന്നതു സംബന്ധിച്ച് അന്വേഷിക്കാൻ വല്ല മാധവി കമ്മീഷനേയും നിയമിച്ചുകൂടെ?

യഥാർത്ഥത്തിൽ ഈ വിദ്യുച്ഛക്തിക്ഷാമം പരിഹരിക്കാനുള്ള നടപടികളെന്താണ്? ഇൻഡ്യാഗവൺമെൻറിൻെറ റിപ്പോർട്ട് പ്രകാരംതന്നെ രാമഗുണ്ടം, കല്പാക്കം, നെയ്വേലി എന്നിവിടങ്ങളിൽനിന്ന് ഇവിടെ വിദ്യുച്ഛക്തി കൊടുക്കാമെന്ന് പറഞ്ഞതാണ്. 400 കെ.വി. ലൈൻ എടുത്താൽ മാത്രമേ ഇങ്ങനെ വിദ്യുച്ഛക്തി കൊടുക്കാൻ സാധിക്കൂ. മന്ത്രി അതിനുള്ള നടപടികളും സ്വീകരിക്കുന്നില്ല. 7-ാം പദ്ധതിയിൽ തുടങ്ങിയിട്ടുള്ള കുറെ പദ്ധതികളും ഉണ്ട്. കേരളത്തിൽ വിദ്യുച്ഛക്തി കൂടുതൽ ഉല്പാദിപ്പിക്കേണ്ടതുണ്ട്. ഇൻഡ്യാഗവൺമെൻറിൻെറ കണക്കുപ്രകാരം 1995 ആകുന്ന അവസരത്തിൽ 50 ശതമാനം വിദ്യുച്ഛക്തിപോലും ഉണ്ടാവുകയില്ലയെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കൂട്ടിക്കൊണ്ടുപോയി വിദ്യുച്ഛക്തിക്കുവേണ്ടി ഒരു സൈറ്റ് കാണിച്ചുകൊടുത്തതാണ്. മാനന്തവാടി പദ്ധതി—മലബാറിൽ ആകെ 140 കോടിരൂപ പ്രതീ.ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്തു അനുവദിച്ചതാണ്. അന്നും അദ്ദേഹം തന്നെയായിരുന്നു വിദ്യുച്ഛക്തി വകുപ്പുമന്ത്രി—എന്നാൽ ഇതുവരെ മാനന്തവാടി പദ്ധതി തുടങ്ങിയിട്ടില്ല. മാനന്തവാടിയിൽനിന്നും കാക്കടവു പദ്ധതിയിൽനിന്നും വിദ്യുച്ഛക്തി ഉണ്ടാക്കാൻ സാധിക്കുന്നതാണ്. അത് തുടങ്ങാനുള്ള അടിയന്തിരനടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കുറ്റ്യാടി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടിൽനിന്നും വിദ്യുച്ഛക്തി ഉല പാദിപ്പിക്കുന്നുണ്ട്. എന്നാൽ അതിനടുത്തുള്ള കോഴിക്കോടുജില്ലയിലോ കണ്ണൂർ ജില്ലയിലോ ഒരു വിദ്യുച്ഛക്തി

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടും അനുവദിച്ചിട്ടില്ല. ഇതിന്റെ ഫലമായിട്ട് വെസ്റ്റേൺ ഇൻഡ്യാ കോട്ടൻപോലുള്ള ഫാക്ടറികളും പ്രവർത്തിക്കാതെയായിരിക്കുന്നു. മാങ്ങാട്ടുപറമ്പിൽ ആരംഭിച്ച ഫാക്ടറികളും ഇപ്പോൾ വിദ്യുച്ഛക്തി ഇല്ലാത്തതുകൊണ്ട് പൂട്ടേണ്ട സ്ഥിതിവന്നു. മന്ത്രി കാരെടുക്കുന്നതിനെപ്പറ്റിയും വീടുണ്ടാക്കുന്നതിനെപ്പറ്റിയുമൊന്നും ഞാൻ പറയുന്നില്ല. വീട് രണ്ടോ മൂന്നോ എത്ര വേണമെങ്കിലും ഉണ്ടാക്കിക്കൊള്ളട്ടെ; കാശുള്ളിടത്തോളം. പക്ഷേ നിലവിലുള്ള പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കണം. പുതിയ പദ്ധതികളും തുടങ്ങാനും സാധിക്കണം. തളിപ്പറമ്പു താലൂക്കിൽ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് ഗവൺമെൻറ് ആലോചിച്ചതാണ്. തളിപ്പറമ്പു താലൂക്ക് ഹെഡ്കാർട്ടേഴ്സിൽ വോംട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ ഒരു ഡിവിഷൻ ഓഫീസ് അടിയന്തിരമായി തുടങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ക്ഷീര വ്യവസായം, മത്സ്യബന്ധനം വൈദ്യുത പദ്ധതികൾ എന്നിവയ്ക്കു വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണമായും പിൻതാങ്ങുന്നു. ഒരുകാര്യം പറഞ്ഞുകൊണ്ട് തുടങ്ങാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. "അഷ്ടാദശ പുരാണത്തിൽ വ്യാസൻ ചൊന്നതു രണ്ടുതാൻ പരോപകാരമേ പുണ്യം പാപമേ പരപീഡനം" എന്നാണ് പറഞ്ഞിട്ടുള്ളത്. ആർഷസംസ്കാരത്തിന്റെ പ്രതീകമായ വേദവ്യാസൻ 18 പുരാണങ്ങളും പാടിച്ചതിനുശേഷം ആകെ രണ്ടു കാര്യങ്ങളെ പറഞ്ഞിട്ടുള്ളു. പരോപകാരം ചെയ്യുക പുണ്യമാണെന്നും പരപീഡനം ചെയ്യുന്നതാണ് ഏറ്റവും വലിയ പാപമെന്നുമാണ്. അദ്ദേഹം പറഞ്ഞത്. വേദവ്യാസന്റെ അമ്മ സത്യവതി ഒരു മുക്കുവസ്ത്രീ ആയിരുന്നു. ആ വേദവ്യാസന്റെ അമ്മയുടെ വംശപരമ്പരയിൽപ്പെട്ട നമ്മുടെ രാജ്യത്തെ മത്സ്യത്തൊഴിലാളികൾ ഇന്ന് പീഡിപ്പിക്കപ്പെടുന്നുവെന്നുള്ളത് വളരെയധികം ദുഃഖകരമായ ഒരു അവസ്ഥാവിശേഷമാണ് എന്നു പറഞ്ഞുകൊണ്ടാണ് ഞാൻ തുടങ്ങാൻ ആഗ്രഹിക്കുന്നത്. 1980-ൽ ബഹുമാനപ്പെട്ട ഇ. കെ. നായനാർ മുഖ്യമന്ത്രിയായി വന്നിരുന്ന കാലഘട്ടം മുതൽക്കുതന്നെ ഈ സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികളുടെ സുവർണ്ണകാലഘട്ടം ആരംഭിച്ചിരുന്നുവെന്നുള്ളതു സമ്മതിക്കാൻ ഞാൻ തയ്യാറാണ്. ബഹുമാനപ്പെട്ട നായനാരുടെ ഗവൺമെൻറിൽ ശ്രീ. പി. എസ്. ശ്രീനിവാസൻ ഫിഷറീസ് മന്ത്രിയായിരുന്ന കാലത്ത് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ധാരാളം കാര്യങ്ങൾ ഈ സംസ്ഥാനത്ത് തുടങ്ങിവച്ചുവെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഫിഷറീസും ക്ഷീര വികസനവുമാണ് പ്രത്യേകമായ ചർച്ചക്കുശേഷം ശ്രീ. എ. എൽ. ജേക്കബിനെ ഏൽപ്പിച്ചത്. പാലും മത്സ്യവുമാണ് ശ്രീ. എ. എൽ ജേക്കബിന്റെ ഇപ്പോഴത്തെ വകുപ്പ്. പാലിൽ മത്സ്യം വളർത്താൻ നോക്കുന്നതുപോലുള്ള ഒരു സ്ഥിതിയാണ് ഈ രണ്ടു വകുപ്പുകളും ശ്രീ. എ. എൽ. ജേക്കബിനെ ഏൽപ്പിച്ചതുകൊണ്ട് ഉണ്ടാകാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട ബാലകൃഷ്ണനു തെറ്റിപ്പോയി. ശ്രീമാൻ എ. എൽ. ജേക്കബിന്റെ ആരോഗ്യം പരിഗണി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോൾ പാലും മൽസ്യവും അദ്ദേഹത്തിന് ഇപ്പോഴും അത്യാവശ്യമാണ്. പക്ഷേ ആ അർത്ഥത്തിലല്ല ഞാൻ സംസാരിക്കുന്നത്. സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുശേഷം വന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കു കൊടുത്തിട്ടുള്ള നേട്ടങ്ങളിലേക്കൊന്നും കടന്നു പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഫിഷറീസ് കോർപ്പറേഷനും ഫിഷറീസ് വെൽഫെയർ കോർപ്പറേഷനും ഇൻലാന്റ് ഫിഷറീസ് കോർപ്പറേഷനുമെല്ലാം കൂടി സംയോജിപ്പിച്ചുകൊണ്ട് മത്സ്യഫെഡ് ഉണ്ടാക്കിയിട്ട് അവർ ഈ രാജ്യത്തിലെ മത്സ്യത്തൊഴിലാളികൾക്കു ചെയ്തുകൊടുക്കുന്ന കാര്യങ്ങളുടെ പട്ടിക എന്റെ കയ്യിലുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ ഒന്നു ഞാൻ പറയാം. ഇൻഡ്യാ രാജ്യത്തിലെ 5700-ൽ ചിലപ്പോൾ കിലോമീറ്റർ നീളമുള്ള കോസ്റ്റൽ ലൈനിൽ കേരളത്തിനുള്ളത് ഏകദേശം 590 കിലോമീറ്ററാണ്. ഈ രാജ്യത്തിലെ ഫിഷ് പ്രോഡക്ട്സ് എക്സ്പോർട്ട് ചെയ്യുന്നതിൽ 40 ശതമാനം നേട്ടത്തിന് നമ്മൾ അർഹരായി എന്നു പറയുമ്പോൾ നമ്മുടെ ക്യാച്ചിംഗ് കപ്പാസിറ്റിയെ സംബന്ധിച്ചിടത്തോളം മതിപ്പുണ്ട്. അവയെപ്പറ്റി ഒന്നുകൂടി പഠിക്കണമെന്നാണ് എനിക്കുപറയാനുള്ളത്. ഞാൻ ഒരു കാര്യംകൂടി പറയാം. ലോകത്തിൽ ഫിഷിംഗ് എക്കണോമിയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന പല രാജ്യങ്ങളുമുണ്ട്. നോർവേ, സ്വീഡൻ, കൊറിയ, ജപ്പാൻ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളെല്ലാം ഫിഷ് എക്കണോമി വളരെ വ്യാപകമായി വലുതാക്കി അതിൽ നിന്നു ധാരാളം വരുമാനം എടുത്തു പ്രവർത്തിക്കുന്ന രാജ്യങ്ങളാണ്. നമ്മൾ അതു കണ്ടുപഠിക്കേണ്ടതാണ്. നമ്മുടെ ഉദ്യോഗസ്ഥൻമാരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഇവിടെ ഇന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാരെപ്പറ്റി പറയുകയാണെങ്കിൽ വ്യക്തിപരമായി എനിക്ക് അവരോട് നല്ല മതിപ്പുണ്ട്. കാരണം ആ വകുപ്പിനെപ്പറ്റി നല്ല അറിവുള്ളവരാണ് അവർ. നോർവേയിലും സ്വീഡനിലുമെല്ലാമുള്ള ഫിഷിംഗ് എക്കോണമി അവർ ഡവലപ്പ് ചെയ്തത് എടുത്തതെങ്ങനെയാണെന്നു നമ്മൾ പഠിക്കേണ്ടതാണ്. അതു സംബന്ധമായ കുറേ പബ്ലിക്കേഷൻസ് ഞാൻ കാണുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഇത് സൂചിപ്പിക്കുന്നത്. നമ്മൾ ഒന്ന് ആലോചിച്ചു നോക്കിയാൽ ഇന്ത്യാരാജ്യത്ത് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഒരു റിസോഴ്സ് ആണ് മത്സ്യം. ഏലം, കുരുമുളക്, മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവക്കെല്ലാം എന്തു മാത്രം മുതൽമുടക്കുവേണം? അതു കൃഷിചെയ്യാനുള്ള ഭൂമി, വളം, മനുഷ്യപ്രയത്നം ഇവയൊക്കെ ആവശ്യമാണ്. എന്നാൽ കടലിൽക്കിടക്കുന്ന മത്സ്യം പിടിക്കാൻ നമുക്കാകെവേണ്ടത് കുറച്ചു ധൈര്യവും ആരോഗ്യവും മാത്രമാണ്. അതുകൊണ്ട് ആധുനീകരീതിയിലുള്ള എക്വിപ്മെന്റ്സ് കൂടി ഗവൺമെന്റുടമയിൽ ഇവർക്കുകൊടുത്ത് വ്യക്തമായ നേതൃത്വവുംകൂടി കൊടുക്കാൻ സാധിച്ചാൽ അധികം ഇൻവെസ്റ്റ്മെന്റ് ഇല്ലാതെത്തന്നെ കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം ഈ വ്യവസായംവഴി നമുക്ക് നേടിയെടുക്കാം. ഈ റിസോഴ്സിനെ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. വേണ്ടിവന്നാൽ അല്പം കാശുചെലവാക്കിയാൽപോലും ഫിഷിംഗ് എക്കോണമി ഡവലപ്പ് ചെയ്ത രാജ്യങ്ങളിലേക്ക് നമ്മുടെ ഉദ്യോഗസ്ഥൻമാരെയോ ബന്ധപ്പെട്ട ആളുകളെയോ അയച്ച് ആ കാര്യങ്ങൾ പഠിച്ച് അത് ഇവിടെ പ്രാവർത്തികമാക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന്, ഞാൻ സൂചിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് അതുകൊണ്ടാണ്. മറെറാരു പ്രധാനപ്പെട്ട കാര്യം നമ്മുടെ കടൽതീരത്തെ സംബന്ധിച്ചാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക മുതലായ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ ഏറെറവും കൂടുതൽ ഫിഷ് ക്യാച്ചിംഗുള്ളത് കേരളത്തിലാണ്. വളരെ വ്യക്തമായ കണക്കുകൾ വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. ഏറെറവും കൂടുതൽ പ്രൊഡക്ടീവ് റിച്ച് ഫിഷ് കിട്ടുന്നത് ഇവിടെ നിന്നാണ്. മാത്രമല്ല അത് ലാൻറിക് സമുദ്രത്തിലെ മുത്തുകൾക്കാണ് ഇന്ന് ലോക വിപണിയിൽ കൂടുതൽ സ്ഥാനമുള്ളതെന്നു തോന്നുന്നു. എങ്കിൽ തന്നെയും കൂടുതൽ നല്ല നിലവാരമുള്ള മുത്തുകൾ നമ്മുടെ കടൽ തീരത്ത് ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ലക്ഷദ്വീപ് ഏരിയായിൽ വിലകൂടിയ മുത്തുകൾ. ധാരാളമുണ്ട്. ലോകവിപണിയിൽ വലിയ വിലയുള്ള ഈ മുത്തുകൾ, വാരിയെടുക്കുന്നതിന് ഇവിടെ സംവിധാനമില്ല. മണ്ണുത്തിയിലുള്ള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു ഫിഷറീസ് വിംഗ് ഉണ്ട്. അവർ ഒന്നുരണ്ടു ശ്രമങ്ങൾ നടത്തിനോക്കി, ഒന്നു വിഴിഞ്ഞത്തും വേറെ രണ്ടുമൂന്നു സ്ഥലങ്ങളിലും. മലബാർ മേഖലയിൽപോയി പരീക്ഷണങ്ങൾ നടത്തി മുത്തുകൾ ശേഖരിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. പക്ഷേ അതിനു കഴിയുന്നില്ല. അത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്. അതിനുവേണ്ടി ഞാൻ നിർദ്ദേശിക്കുന്നത് ലക്ഷദ്വീപും നമ്മുടെ കോസ്റൽ ലൈനും കൂടി ബന്ധിപ്പിച്ചുകൊണ്ട് ഒരു ഫിഷറീസ് ബെൽറ് ഇൻഡ്യാഗവൺമെൻറിൻെറ സമ്മതത്തോടുകൂടി ഉണ്ടാക്കി ഫിഷ് ക്യാച്ചിംഗ് നടത്താനുള്ള ഒരു സംവിധാനം ഈ സംസ്ഥാനത്തുണ്ടാക്കണമെന്നാണ്. നമ്മുടെ മത്സ്യത്തൊഴിലാളികളുടെ ജീവിതരീതി മാറാൻ വേണ്ടി കാലാകാലങ്ങളിൽ പല വെൽഫെയർ ആക്റിവിറീസും ഉണ്ടായിട്ടുപോലും അത് സാധിക്കുന്നില്ല. മത്സ്യസമ്പത്ത് കൂടുതലുള്ള പ്രദേശം സുഖമായി ജീവിക്കുകയും കുറയുന്ന അവസരങ്ങളിൽ തീപുകയാത്ത അടുപ്പുകളെയും നോക്കി നെടുവീർപ്പിടുകയും ചെയ്യുന്ന ദുഃഖകരമായ അവസ്ഥ വിശേഷത്തിലേക്കാണ് അവർ ചെന്നെത്തിയിരിക്കുന്നത്. അതിന് എന്താണു കാരണം? ഹരിജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ ഈ ഗവൺമെൻറിനു സാധിച്ചു, ഗ്രാമവർഗ്ഗക്കാരുടെ ജീവിതനിലവാരമുയർത്താൻ ഈ ഗവൺമെൻറിനു സാധിച്ചു. പിന്നെ എന്തുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ അത് സാധിക്കുന്നില്ല? നമ്മുടെ സംസ്ഥാനത്തെ ഏകദേശം മൂന്നര ശതമാനത്തോളം വരുന്ന ജനസംഖ്യയുള്ള ഇൻലാൻറുംകൂടി കൂട്ടി മൊത്തം 14 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ സംസ്ഥാനത്തിലെ ഇവരുടെ ജീവിതനിലവാരം ഉയർത്താൻ എന്തുകൊണ്ട് സാധിക്കുന്നില്ല? വിദ്യാഭ്യാസാനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുകൊടുക്കുന്നുണ്ടെങ്കിലും അവർ അതു പ്രയോജനപ്പെടുത്തുന്നില്ല. അവർക്ക് വീടു വെച്ചുകൊടുക്കുന്നതിനെപ്പററി നിയമ സഭയിൽ ഞാൻതന്നെ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. പശ്ചിമ ബംഗാളിൽ ശ്രീ. വി. സി. റോയ് മുഖ്യമന്ത്രിയായിരുന്നകാലത്തും ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ജ്യോതിബാസുവും അവർക്ക് ഫ്ളാററുകൾ നിർമ്മിച്ചുകൊടുക്കുന്ന പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു എന്നു കേൾക്കുന്നു. തോട്ടങ്ങളുണ്ടാക്കിക്കൊടുക്കുന്നു, കളിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നു. അതുപോലെതന്നെ ശ്മശാനവും ഉണ്ടാക്കിക്കൊടുക്കുന്നു. നമുക്ക് അതൊന്നുമില്ല; ഉണ്ടാക്കണം. അതുകൊണ്ട് ഒരു പ്രത്യേകമായ രൂപത്തിൽ ഇവരെ വളർത്തിയെടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇല്ലെങ്കിൽ ഇവർ രക്ഷപ്പെടുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫിഷറീസിൻെറ ചാർജ് വഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് നാടൻ വള്ളങ്ങളിൽ എൻജിൻ വെച്ചുകൊടുക്കുന്ന ഒരു പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കി. അതുകൊണ്ട് കൂടുതൽ പ്രയോജനം കിട്ടുന്നുണ്ട്. അവർക്ക് കൂടുതൽ ദൂരം കടലിൽപോയി മീൻ പിടിച്ച് കൂടുതൽ വരുമാനമുണ്ടാക്കാൻ സാധിക്കും. അതു കുറച്ചു കൂടി മോഡേണാക്കിമാറ്റി ജീവിതസൗകര്യങ്ങളും കുറെകൂടി മെച്ചപ്പെടുത്തുന്ന രീതിയിൽ ഗവൺമെൻറുഭാഗത്തുനിന്നും ഒരു push ഉണ്ടായാൽ തീർച്ചയായും ഈ സമൂഹത്തെ മൊത്തത്തിൽ നമുക്ക് മാറ്റിയെടുക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. മത്സ്യം ഒരു വലിയ റിസോഴ്സ് ആണ്. ഈ രാജ്യത്തിന്റെ എക്കണോമിതന്നെ വർദ്ധിപ്പിക്കുന്ന ഒരു സമ്പത്താണത്. എന്റെ കണക്കു പ്രകാരം ഏകദേശം നൂറിൽ ചില്വാനംകോടി രൂപയുടെ വിദേശനാണ്യം കിട്ടുന്നുണ്ട് ഈ മത്സ്യം കൊണ്ടുമാത്രം.

സർ, കോടിക്കണക്കിന് ഉറുപ്പിക വിദേശനാണ്യം നേടിത്തരുന്ന നമ്മുടെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഇവരുടെ വെൽഫെയർ ആക്റ്റിവിറ്റീസിനുവേണ്ടി അതിന്റെ 25 ശതമാനം നീക്കിവെക്കാൻ ഈ ഗവൺമെൻറ് സന്നദ്ധത കാണിക്കുമോ? ഇത് ഞാൻ അപ്പുറത്തിരിക്കുമ്പോഴും ചോദിച്ചതാണ്. അത് രേഖയിൽകാണാം. ഇവിടെ തൊഴിലില്ലെന്നു പറയുന്നു. നമ്മുടെ കേരളത്തിന്റെ പഴയ ചരിത്രം പരിശോധിച്ചുനോക്കിയാൽ, പടത്തലവനായ കുഞ്ഞാലിമരക്കാരുടെ കപ്പൽപ്പടയിലുണ്ടായിരുന്ന പട്ടാളക്കാരെല്ലാം മത്സ്യത്തൊഴിലാളികളായിരുന്നു. അതുപോലെ ശക്തൻതമ്പുരാന്റെ പടയാളികളും മത്സ്യത്തൊഴിലാളികളായിരുന്നു. കടലിൽമുങ്ങി ശീലമുള്ള സമൂഹത്തിൽനിന്ന്, (ഗ്രൂർഖാ റജിമെൻറുപോലെയുള്ള റജിമെൻറുണ്ടല്ലോ) മത്സ്യത്തൊഴിലാളികളുടെയിടയിൽനിന്ന് ടാലൻറുള്ള കുട്ടികളെ തിരഞ്ഞെടുത്ത്, നേവിയിൽ സെലക്ഷൻ കൊടുക്കാനുള്ള സൗകര്യം ഉണ്ടാക്കണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നമ്മുടെ സംസ്ഥാനത്ത് ഇരുപത്തയ്യായിരം ആളുകൾക്ക് ഒറ്റയടിക്ക് ജോലികൊടുക്കുവാനുള്ള ഒരു പദ്ധതി ഞാൻ പറയാം.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഇവിടെ ഫിഷറീസ്, ക്ഷീരവികസനം, ഇലക്ട്രിസിറ്റി ഈ മൂന്ന് വകുപ്പിനെയും കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ഇതിൽ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി മാത്രമേ ഈ സഭയിൽ ഉള്ളൂ. മറ്റാരുംതന്നെയില്ല. വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ശ്രീ. കുട്ട്യാലി പറയുന്നത്. അതിനെ സംബന്ധിച്ച് മറുപടി പറയാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രിയെ കാണുന്നില്ല. ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിക്ക് ഇതൊന്നും അറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മറുപടി പറയാൻ മന്ത്രിമാർ ഇവിടെ സ്ഥലത്തുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: നേവൽ സൗകര്യങ്ങളും കൊണ്ട് നമ്മുടെ സംസ്ഥാനത്തെ ആളുകൾക്ക് തൊഴിൽ കിട്ടുന്നതിനുവേണ്ടി വിഴിഞ്ഞത്ത് നമ്മൾ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയല്ലോ. ഇൻഡ്യാ ഗവൺമെൻറിന്റെ അംഗീകാരം കിട്ടാത്തതുകൊണ്ട് അത് അടച്ചുപൂട്ടേണ്ടിവന്നു. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അത് ജനതാ പാർട്ടി ഗവൺമെന്റിന്റെ കാലത്തോ മറ്റോ ആണെന്ന് തോന്നുന്നു. അത് എനിക്ക് പൂർണ്ണമായി അറിയില്ല. അറിയാത്ത ഒരു കാര്യം നിയമസഭയിൽപറയണ്ട. Inland Fish cultivation (ഇൻലൻഡ് ഫിഷ് കൾട്ടിവേഷൻ) എന്ന് ഒരു സ്കീമുണ്ട്. നമ്മുടെ പഞ്ചായത്ത് വകുപ്പിനെയും വിദ്യാഭ്യാസ വകുപ്പിനെയും ഫിഷറീസ് വകുപ്പിനെയും കൂടി ക്ലബ് ചെയ്തുകൊണ്ട് ഒരു പദ്ധതി ആസൂത്രണം ചെയ്താൽ, 25,000 ആളുകൾക്ക് ഒറ്റയടിക്ക് ഈ സംസ്ഥാനത്ത് ജോലി ഉണ്ടാക്കാനുള്ള ഒരു പദ്ധതി ഞാൻ പറയാം. ഗവൺമെന്റ് അത് സ്വീകരിക്കണം. നമ്മുടെ ഉൾനാട്ടിൽ ചെറിയ ചെറിയ കുളങ്ങളുണ്ട്. ആ ചെറിയ കുളങ്ങളിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരെ കൊണ്ട് ഫിഷ് കൾട്ടിവേഷൻ നടത്തണം. എന്റെ ഒരു സ്നേഹിതൻ അരയേക്കർ സ്ഥലത്ത് ഫിഷ് കൾട്ടിവേഷൻ നടത്തി. അദ്ദേഹത്തിന് മറ്റെല്ലാ ചെലവുകളും പോയിട്ട് പതിനായിരം ഉറുപ്പിക ലാഭം കിട്ടി എന്നാണ് എന്നോട് സ്വകാര്യമായി പറഞ്ഞത്. അതുപോലെ നമ്മുടെ പഞ്ചായത്തുകളിൽ അനാഥമായി കിടക്കുന്ന—പശുക്കളെയും മൂരികളെയും കുളിപ്പിക്കുന്ന—കുളങ്ങളിൽ ഫിഷ് കൾട്ടിവേഷൻ നടത്തി, അത് ശരിക്ക് പരിപാലിച്ച്, വേണമെങ്കിൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ കുറച്ച് മരങ്ങളും വച്ച് പിടിപ്പിച്ച് അന്തരീക്ഷം നന്നാക്കിയാൽ, ജോലിയുമായി, വരുമാനവുമായി അന്തരീക്ഷവും നന്നായി.

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാന്യനായ ഫിഷറീസ് വകുപ്പു മന്ത്രിയുടെ പ്രായാധിക്യം കണക്കിലെടുത്തും അങ്ങയുടെ ഈ കഴിവുകൂടി ഉപയോഗിച്ചുകൊണ്ടും ആ വകുപ്പിന്റെ ചുമതല വേണമെന്ന് അങ്ങേയ്ക്ക് ആവശ്യപ്പെട്ടുകൂടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: മി. കുട്ട്യാലി, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഞാൻ ഈ ഡിമാൻറുകളെ മൊത്തത്തിൽ എതിർക്കുകയാണ്. ഇവിടെ പവറിനെ സംബന്ധിച്ച ഡിമാൻറ് അവതരിപ്പിച്ചിരിക്കുന്നത് ശ്രീ. ബാലകൃഷ്ണപിള്ളയാണ്. ഈ ഡിമാൻറ് അവതരിപ്പിക്കുന്ന ഈ പിള്ള ഏതാണ് സർ? എന്താണ് സർ ഈ പിള്ള? ഇത് പരിശോധിക്കാതെ ഈ ഡിമാൻറിനെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുക്കാൻ കഴിയുമോ? പ്രതിപക്ഷത്തുള്ളവർ മാത്രമല്ല ഭരണപക്ഷത്തുള്ളവർപോലും ഈ പരിശോധന നടത്താതെ പവറിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിൽ അർത്ഥമില്ല. ഈ ചർച്ച നടക്കുമ്പോൾ കോൺഗ്രസ്സിന്റെ ബഞ്ചുകളിൽ ഒരാൾപോലുമില്ല. അത് യാദൃച്ഛികമായിട്ടുണ്ടായതല്ല. തലയിൽ മുണ്ടിടാതെ, ഒരൊറ്റ കോൺഗ്രസ്സുകാരനെങ്കിലും ഈ പിള്ളയെക്കൊണ്ട് ഇവിടെ ഇരുത്തി പവറിന്റെ ഡിമാൻഡ് അവതരിപ്പിക്കാൻ കഴിയുമോ? ഇപ്പോൾ ഒരാൾ തലയിൽ മുണ്ടിട്ടുകൊണ്ട് കടന്നുവന്നു. ഇവിടെ ശ്രീ. കാർത്തികേയനില്ല. അദ്ദേഹത്തിന് പിള്ളയെക്കൊണ്ട് ഡിമാൻഡ് അവതരിപ്പിച്ചുകൊണ്ട് ഈ സഭയിൽ ഇരിക്കുവാൻ കഴിയുമോ? ഡിമാൻഡ് ചർച്ച ചെയ്യുമ്പോൾ ശ്രീ. രമേശിന് ഇവിടെ ഇരിക്കാൻ കഴിയുമോ? കഴിയുകയില്ല. രാജ്യദ്രോഹികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടം ആണോ നമ്മുടെ ഈ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ക്കസേരകൂടെ? ഈ പിള്ള ഈ രാജ്യത്ത് പ്രസംഗം കൊണ്ടുമാത്രമല്ല, പ്രവൃത്തികൊണ്ടും രാജ്യദ്രോഹിയാണ്. അതാണ് ഇന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളെ ഇലക്ട്രിസിറ്റിരംഗത്ത് അനുഭവിക്കുന്ന ബുദ്ധിമുട്ട്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ പ്രസംഗം രാജ്യദ്രോഹകരമാണെന്ന് ഞങ്ങളെ പറഞ്ഞു. ഞങ്ങളെ മാത്രമാണോ ഇത് പറഞ്ഞത്? ഞങ്ങളെ ഇതു പറയുമ്പോൾ ഇവിടെ കോൺഗ്രസ്സുകാർ, യൂത്ത് കോൺഗ്രസ്സുകാർ ഒക്കെ പുരപ്പുറത്തു കയറി നിന്നു പറഞ്ഞു, രാജ്യദ്രോഹിയായ പിള്ള ഇവിടെ ഇരിക്കാൻ അർഹനല്ലെന്ന്. ഈ പിള്ള പോയത് ഞങ്ങളെക്കറിയാം. ഇപ്പോൾ എങ്ങനെയാണ് ഈ പിള്ള ഇവിടെ വന്നിരിക്കുന്നത്? ഈ പിള്ള കഴിഞ്ഞ ഒരു വർഷം മറേപിള്ളയുടെ—ശ്രീ. വി. സുരേന്ദ്രൻ പിള്ളയുടെ—അടുത്ത് ഇരിക്കയായിരുന്നു. അവിടെയിരുന്നിട്ട് ഇങ്ങോട്ട് വന്നതെങ്ങനെയാണ്? ഇതിനെക്കുറിച്ച് പരിശോധിക്കാതെ ഈ ഡിമാൻഡിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിൽ അർത്ഥമില്ല. ഈ പിള്ള വെറും രാജ്യദ്രോഹി മാത്രമല്ല, കേരളം കണ്ട ഒന്നാം നമ്പർ മുടിയനായ പുത്രനാണ്. കഴിഞ്ഞ ആറു വർഷക്കാലമായി ഈ വകുപ്പ് ഭരിച്ച് ഭരിച്ച് മുടിച്ച.....

ശ്രീ. വി. ദിനകരൻ: സർ, വൈദ്യുതി വകുപ്പിനെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഞങ്ങളെക്ക് തന്ന അജണ്ടയിൽ രാജ്യദ്രോഹം എന്നൊരു വകുപ്പ് ചർച്ച ചെയ്യുന്നതായി പറഞ്ഞിട്ടില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: അതിന്റെ മറ്റു വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. പുരപ്പുറത്ത് കയറിനിന്ന് പിള്ള രാജ്യദ്രോഹിയാണ്, ഈ പിള്ളയെ ഒഴിവാക്കണം എന്ന് പറഞ്ഞ യൂത്ത് കോൺഗ്രസ്സുകാരുടെ നേതാവ് ശ്രീ. രമേശ് ചെന്നിത്തല നാണമില്ലാതെ ഇന്ന് അതേ പിള്ളയുമൊത്ത് ഈ ക്യാബിനറ്റിൽ ഇരിക്കുകയാണ്. യൂത്ത് കോൺഗ്രസ്സുകാരെ ഇപ്പോൾ നമ്മുടെ നാട്ടിലുള്ള ആളുകൾ പറയുന്നത് 'പരനാറി'കളെന്നാണ്. ആ ജനങ്ങളെ കുറ്റപ്പെടുത്താനൊക്കുമോ? അങ്ങനെയുള്ള അപമാനകരമായ സ്ഥിതിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല.

സർ, കേരളത്തിൽ നമ്മുടെ വ്യവസായമേഖല ആകമാനം ഇന്ന് നിശ്ചലമാണ്. അതുപോലെതന്നെ ജനങ്ങൾക്ക് ആവശ്യത്തിന് വൈദ്യുതി കിട്ടാത്ത സ്ഥിതി ഇന്നുണ്ട്. ഇതിനെന്താണ് കാരണം? ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ഒരു മിച്ച സംസ്ഥാനമായിരുന്ന കേരളത്തിൽ ഈ പിള്ള അധികാരത്തിൽ വന്ന (കഴിഞ്ഞ ഒരു കൊല്ലം ഇല്ലെങ്കിലും, ആ ഒരു കൊല്ലത്തെ സ്ഥിതിയിലേക്ക് ഞാൻ പോകുന്നില്ല. ആ വർഷം ഇവിടെ ഒന്നും നടന്നില്ല. കാരണം പ്രതിഛായ ചർച്ചയായിരുന്നു. ശ്രീ. മാണിയടക്കം എല്ലാ വകുപ്പിലുള്ളവരും പ്രതിഛായാ ചർച്ചയിലായിരുന്നു.) കഴിഞ്ഞ ആറ് വർഷക്കാലം, ഈ പിള്ള തുടങ്ങിയ ഭരണത്തിന്റെ ഫലമായി നമ്മുടെ ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് മാത്രമല്ല കേരളത്തിന് മുഴുവൻ എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്?

നമ്മുടെ വ്യവസായശാലകൾക്ക് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. 100% പവർ കട്ട് ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതുമൂലം ലക്ഷ കണക്കിന് തൊഴിലാളികൾ വഴിയാധാരമായിരിക്കുകയാണ്. ഇപ്പോഴും കേരളത്തിലെ സംഘടിതവ്യവസായിക മേഖലയിലെ അടിസ്ഥാന വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള നല്ലൊരു ശതമാനം തൊഴിലാളികളും

LIBRARY ARCHIVES Kerala Legislative Assembly

ലേ ഓഫീൽ കഴിയുകയാണ്. അവർക്ക് പകുതി ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂ. അവർ വീടുകളിൽ നിസ്സഹായരായി കഴിയുകയാണ്. അതുപോലെതന്നെ ദിവസവും 4 മണിക്കൂർ വീതം എല്ലായിടത്തും ലോഡ് ഷെഡ്ഡിംഗ് ആണ്. ഈ ദുഃസ്ഥിതി കേരളത്തിന് ഉണ്ടാകാൻ എന്താണ് കാരണം? ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായിരുന്ന കേരളത്തിനെ ഈ സ്ഥിതിയിൽ കൊണ്ട് ചെന്ന് എത്തിച്ചതിന് ഉത്തരവാദി ശ്രീ. ബാലകൃഷ്ണപിള്ള തന്നെയാണ്. ചുമ്മാതെയാണോ മുടിയനായ പുത്രനെന്ന് ശ്രീ. ബാലകൃഷ്ണപിള്ളയെപ്പറ്റി കേരളിയർ പറയുന്നത്? ശ്രീ. ബാലകൃഷ്ണപിള്ള നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ആറ് വർഷത്തിനിടയ്ക്ക് പല സന്ദർഭങ്ങളിലും അവകാശവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സർ, എന്നാൽ കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് ഏതെങ്കിലും പദ്ധതി പുതുതായി കേരളത്തിൽ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ? 6-ാം പദ്ധതിക്കാലത്തും 7-ാം പദ്ധതിക്കാലത്തും ഏതെങ്കിലും പുതിയ പദ്ധതികൾക്കുള്ള ആലോചനയുണ്ടായിരുന്നോ? മുൻപ് ഉണ്ടായിരുന്ന പദ്ധതികളുടെതന്നെ സ്ഥിതി എന്താണ്? പദ്ധതികൾ നടപ്പിലാക്കി. കേരളത്തിന്റെ ആവശ്യത്തിനുള്ള ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിച്ച്, നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിലായിരുന്നോ ശ്രീ. പിള്ളയ്ക്ക് താൽപര്യം? സർ, ഈ പദ്ധതിപ്രവർത്തനമെന്ന് പറയുന്നതുപോലും ശ്രീ. പിള്ളയും ഇലക്ട്രിസിറ്റി ബോർഡിലുള്ള ശ്രീ. പിള്ളയുടെ ഏതാനും പാർശ്വവർത്തികളും കേരളത്തിലെ ഏതാനും കോൺട്രാക്ടർമാരും തമ്മിലുള്ള ഒരു ഒത്തുകളിയാണ്. അതിന്റെഫലമായി നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത് മുഴുവൻ കൊള്ളചെയ്ത കൊള്ളക്കാരനാണ് ഈ പിള്ള. അങ്ങനെയുള്ള ശ്രീ. പിള്ളയാണ് ഇപ്പോൾ ഡിമാൻഡ് അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. പിള്ളയ്ക്ക് മനം മാറ്റമുണ്ടായി എന്നൊന്നും ഞാൻ കരുതുന്നില്ല. പക്ഷേ ശ്രീ. പിള്ളയ്ക്ക് ഇപ്പോൾ ഉള്ളത് അല്പം കിടുങ്ങുന്നുണ്ട്. മനസ്സ് മാറുന്നത് നല്ലതാണ്. സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യുച്ഛക്തിയുടെ സ്ഥിതി എത്ര അപകടകരമാണ്! തൊഴിലാളികൾക്ക് പണിയില്ല. നമ്മുടെ ഫാക്ടറികളുടെ പ്രവർത്തനം ആകെ സ്തംഭിച്ചിരിക്കുന്നു. അതുപോലെതന്നെ ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇലക്ട്രിസിറ്റി കൊണ്ടുവന്ന് ഇവിടത്തെ വ്യവസായങ്ങൾ നടത്തിയാൽ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടാകും. ഇപ്പോൾ തമിഴ്നാട്ടിൽനിന്നും മഹാരാഷ്ട്രയിൽനിന്നും ഇലക്ട്രിസിറ്റി കൊണ്ടുവന്ന് ഇവിടെ നമ്മുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നയത്തിന്റെ ഫലമായി, ഗുരുതരമായ വിലക്കയറ്റം നമുക്ക് അനുഭവപ്പെടുന്നുണ്ട്. അങ്ങനെ കടുത്ത വിലക്കയറ്റത്തെ നേരിടുന്ന കേരളത്തിലെ വ്യവസായശാലകൾക്ക് ആവശ്യമുള്ള പവർ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് സാധനങ്ങളുടെ വില ഇനിയും ഉയരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ നമ്മുടെ കാർഷികമേഖലയ്ക്കു വേണ്ടിയുള്ള വളം, ഉല്പാദിപ്പിക്കുന്ന ഫാക്ടറികളിൽ ഉല്പാദനം നടക്കുന്നില്ല. അതുകൊണ്ട് കൃഷിക്ക് ഉപയോഗിക്കുന്നതിന് വേണ്ടത്ര വളം ലഭിക്കുന്നില്ല. ഇത് നമ്മുടെ കാർഷികോല്പാദനത്തെ ഗുരുതരമായി ബാധിക്കും.

സർ, ഇലക്ട്രിസിറ്റി വകുപ്പ് അശാസ്ത്രീയമായിട്ടാണ് നടത്തിക്കൊണ്ടുപോകുന്നത്. ഈസമ്പത്തു മുഴുവൻ ധൂർത്തടിക്കുകയും അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും ചെയ്യുകയാണ്. കോടിക്കണക്കിന് രൂപയുടെ അഴിമതികളെക്കുറിച്ച് മുൻപ് പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ ഇനിയും അക്കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ജലത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമോ അതോ വൈദ്യുതിയിൽനിന്നും ജലം ഉല്പാദിപ്പിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ചുള്ള അന്വേഷണവുമായി എത്രയെത്ര വിദേശയാത്രകളാണ് ശ്രീ. പിള്ള നടത്തിയിട്ടുള്ളത്. അങ്ങനെ സംസ്ഥാനത്തിന്റെ സമ്പത്തുമുഴുവൻ മുടിപ്പിച്ചയാളാണ് അദ്ദേഹം. ഇതൊക്കെ കഴിഞ്ഞിട്ടും കാര്യങ്ങൾ കണ്ടുപഠിച്ചിട്ടും കേരളത്തിന്റെ സ്ഥിതിയിൽ എന്തുമാറ്റമാണ് ഉണ്ടായിട്ടുള്ളത്? നമ്മുടെ വൈദ്യുതിയുല്പാദനത്തിൽ കഴിഞ്ഞ 10 വർഷക്കാലമായിട്ട് ഒരു യൂണിറ്റ് പോലും വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 6 വർഷക്കാലം ഈ വകുപ്പ് കൈകാര്യം ചെയ്തിട്ട് എന്ത് നേട്ടമാണ് ഇവിടെ ഉണ്ടാക്കുവാൻ ബാലകൃഷ്ണപിള്ളക്ക് കഴിഞ്ഞിട്ടുള്ളൂ? ഇപ്പോഴും ഉണ്ടായിട്ടുള്ള അപകടകരമായ സ്ഥിതിവിശേഷത്തിനുള്ള കാരണമെന്താണ്? നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞത് ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും വകയില്ലെന്നാണ്. വൈദ്യുതിബോർഡിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻമാരും പറഞ്ഞത് ഒരു ഭയത്തിന്റെയും ആവശ്യമില്ലെന്നാണ്. എന്ത് ധാരണയുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ ജനങ്ങൾക്ക് ഇത്തരമൊരുറപ്പ് കൊടുത്തത്? കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതിവിശേഷമെന്താണ്? ഇവിടത്തെ ഉപഭോക്താക്കളെ പിഴിഞ്ഞ് കാശുണ്ടാക്കിയിട്ട് അതെല്ലാം ഇപ്പോൾ എന്താണ് ചെയ്തിട്ടുള്ളത്? ഇവിടെ ഏറ്റവും കുറഞ്ഞ ചിലവിലാണ് വൈദ്യുതിയുല്പാദിപ്പിക്കുന്നത്. നമുക്ക് ഇവിടെ ജലവൈദ്യുത പദ്ധതികളല്ലാതെ മറ്റൊരു പദ്ധതികളുമില്ല. മറ്റു പദ്ധതികളുടെ കാര്യത്തെക്കുറിച്ച് പറയാതിരിക്കുകയാണ് ഭേദം. അപ്പോഴും ഇത്രയും കുറഞ്ഞചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ജലസംഭരണികളിലെ ജലത്തിന്റെ അളവ് മനസ്സിലാക്കാനും അപകടസ്ഥിതി മുൻകൂട്ടിക്കണ്ട് ഒഴിവാക്കാനും ഇലക്ട്രിസിറ്റി ബോർഡിലെ സാങ്കേതിക വിദഗ്ദ്ധൻമാരും ഉന്നത ഉദ്യോഗസ്ഥൻമാരും തയ്യാറായിട്ടില്ല. അങ്ങനെ കുത്തഴിഞ്ഞ അഴിമതിയും ധൂർത്തും നിറഞ്ഞ ഭരണമാണ് ഈ വകുപ്പിൽ കഴിഞ്ഞ കുറെവർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ഇവിടെ എത്ര വിദേശനിർമ്മിത കാറുകളാണ് വാങ്ങിക്കൂട്ടിയിരിക്കുന്നത്? ഇതെല്ലാം മന്ത്രിമാരുടെ ഉപയോഗത്തിനുവേണ്ടിയുള്ളതാണ്. കഴിഞ്ഞ കാലങ്ങളിൽ ചെയ്തതുപോലെ ധൂർത്തും അഴിമതിയും.....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. പി. കെ. കെ. ബാവ: സർ, ക്ഷീരവ്യവസായം, മൽസ്യബന്ധനം, വൈദ്യുതപദ്ധതി എന്നിവയ്ക്കായി ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. ഇവിടെ ശ്രീ. ചന്ദ്രമോഹനൻ പ്രസംഗിച്ചപ്പോൾ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയെ വളരെ ശക്തമായും പരുഷമായും ആക്ഷേപിക്കുവാനാണ് അദ്ദേഹത്തിന്റെ സമയം മുഴുവൻ വിനിയോഗിച്ചത്. സർ, ശ്രീ.മൂസ്സാൻകുട്ടി ഇവിടെ പ്രസംഗിച്ചപ്പോൾ വ്യത്യസ്തമായിട്ടുള്ള ഒരു സമീപനമാണ് അദ്ദേഹം ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടെ കാര്യത്തിൽ സ്വീകരിച്ചത്. സി. പി. ഐ. ക്കാരെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ അവർക്ക് ബാലകൃഷ്ണപിള്ളയെ ഭയമാണ്. ഭയത്തോടെയല്ലാതെ സി. പി. ഐ. ക്കാർക്ക് ശ്രീ. പിള്ളയെ ഓർക്കുവാൻപോലും കഴിയുകയില്ല. പക്ഷേ മാർക്സിസ്റ്റുകളുടെ ഭയം എവിടെ പോയി? ഇപ്പോഴും അവർക്ക് ഭയം ശ്രീ. എം. വി. രാഘവനെ കുറിച്ചായിരിക്കും. അതുകൊണ്ടാണ് അവർ ബാലകൃഷ്ണപിള്ളയെ ഉപേക്ഷിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർ, ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ നാലുവർഷങ്ങളിലായി, ഇടതുപക്ഷത്തുനിന്ന് ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കെതിരായി ഉന്നയിക്കപ്പെടാത്ത ആരോപണങ്ങളുണ്ടോ? ഇപ്പോഴും അദ്ദേഹം ആക്ഷേപങ്ങളേയും വിമർശനങ്ങളേയും തരണം ചെയ്തുകൊണ്ട്, ഊതിക്കാച്ചിയ പൊന്നുപോലെ പ്രശോഭിതനായി കേരളത്തിന്റെ മുമ്പിൽ നിൽക്കുന്നുവെന്നുള്ളതാണ് വസ്തുത. സർ, ഇവിടെ മഴപെയ്തില്ലെങ്കിൽ ബാലകൃഷ്ണപിള്ളയ്ക്ക് ആക്ഷേപം, നദികളിൽ വെള്ളമില്ലെങ്കിൽ ആക്ഷേപം, മഴകിട്ടിയാലും ബാലകൃഷ്ണപിള്ളയ്ക്കാണ് ആക്ഷേപം. ഇതാണ് പ്രതിപക്ഷത്തിന്റെ സമീപനം. ഞാൻ ചോദിക്കട്ടെ മഴ പെയ്യിക്കാൻ അത്ഭുതസിദ്ധിയുള്ള അലാവുദ്ദീന്റെ അത്ഭുതവിളക്ക് ശ്രീ. ബാലകൃഷ്ണപിള്ളയുടെ കൈയിലുണ്ടോ? അദ്ദേഹത്തിന് അങ്ങനെ അത്ഭുതസിദ്ധിയൊന്നും ഉള്ളതായി എനിക്കറിഞ്ഞുകൂടാ. വൈദ്യുതിയുടെ വികാസത്തിനുവേണ്ടി ശ്രീ.ബാലകൃഷ്ണപിള്ള നമ്മുടെ നാട്ടിൽ അദ്ദേഹത്തിനെക്കൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തിട്ടുണ്ടെന്ന് എനിക്ക് വസ്തുതകൾ ഉദ്ധരിച്ചുകൊണ്ട് പറയാൻ സാധിക്കും. പക്ഷേ ഞാൻ അതിലേയ്ക്കൊന്നും കടന്നുചെല്ലാൻ ഉദ്ദേശിക്കുന്നില്ല. ഒരു കളവ് പലവുരു ആവർത്തിച്ച് ആ കാര്യം സത്യമാണെന്ന് ചിലരെയെങ്കിലും വിശ്വസിപ്പിക്കാമെന്നുള്ള തോന്നലാണ് പ്രതിപക്ഷത്തെ ഇങ്ങനെയൊരു പതനത്തിൽകൊണ്ടുചെന്നെത്തിച്ചതെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: ഒരു ചോദ്യം, ഈ സി. പി. ഐ.ക്കാരുടെ കറവപ്പശുവായിരുന്നു വളരെക്കാലം ഈ ഇലക്ട്രിസിറ്റി ബോർഡ്. ഇല്ലേ? അത് ശ്രീ. ബാലകൃഷ്ണപിള്ളയോട് നടക്കില്ല എന്നുള്ളതുകൊണ്ടാണ് മനഃപൂർവ്വം അദ്ദേഹത്തെ കുറ്റം പറയുന്നത് എന്നറിയാമോ?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

ശ്രീ. പി. കെ. കെ. ബാവ: അതാണ് ഞാൻ പറഞ്ഞത്; ചില കാര്യങ്ങളെക്കുറിച്ചുള്ള ഓർമ്മകളും, ഈ സി. പി. ഐ. ക്കാരെ ഭയവിഹ്വലരാക്കുന്നുവെന്ന്. അതുപോലെതന്നെ പ്രതിപക്ഷത്തുനിന്നും കോൺഗ്രസ്സിനെക്കുറിച്ച് ആക്ഷേപം വന്നു. അവർ (എ) ആണ്, ഇവർ (ഐ) ആണ്, ഗ്രൂപ്പുവഴക്കുകളാണ് എന്നൊക്കെ പറഞ്ഞ് പ്രതിപക്ഷം അവരുടെ അണികളെ ആശ്വസിപ്പിക്കുകയാണ് ഉദ്ദേശമെങ്കിൽ ഞാൻ സമ്മതിക്കുന്നു. ഞാൻ ചോദിക്കട്ടെ കോൺഗ്രസ്സിൽ ഗ്രൂപ്പുവഴക്കുകളാണെന്ന് നിങ്ങളും പറയുന്നത് ഇപ്പോഴും ഒരു സ്വപ്നംപോലെയല്ലേ നിങ്ങളുടെ മുമ്പിൽ അവസാനിച്ചിരിക്കുന്നത്. ഉറക്കമുണർന്നു നോക്കിയാൽ ഒന്നും സംഭവിക്കാത്തതുപോലെ. ഇയ്യിടെ രാജ്യസഭാ ഇലക്ഷൻ നടന്നു. കോൺഗ്രസ്സിൽ കമലാപതി ത്രിപാഠിയും പ്രണാബ് കുമാർ മുക്കർജിയും ഇല്ലെന്ന് നിങ്ങളും പറയുകയുണ്ടായി. അവരെല്ലാം മാറിനിന്നു എന്നു നിങ്ങളും പായുമ്പോഴും കോൺഗ്രസ്സ് അതിന്റെ വിജയവൈജയന്തി ഉയർത്തിപ്പിടിച്ചുകൊണ്ടാണ് രാജ്യസഭാ തെരഞ്ഞെടുപ്പിനെ നേരിട്ടത് എന്നുള്ള വസ്തുത നിങ്ങൾക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലും തമ്മിൽ വഴക്കുണ്ടെന്ന് പറഞ്ഞു, നേതാക്കൻമാർ തമ്മിൽ വഴക്കുണ്ടെന്ന് പറഞ്ഞു, ഇവിടെ ആശയക്കുഴപ്പമുണ്ടാക്കി, മുന്നണിയെ നശിപ്പിച്ചുകളയാമെന്നൊന്നും പ്രതിപക്ഷം വ്യാമോഹിക്കേണ്ടതില്ല. ഇന്നലെ പെയ്ത മഴയ്ക്ക് കിളിർത്തുവന്ന തകര അല്ല ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. സർ, ഇവിടെ മാർക്സിസ്റ്റുകാരുടേയും മറ്റുള്ള പ്രതിപക്ഷങ്ങളുടെയുമൊക്കെ ആഗ്രഹം അടുത്ത തെരഞ്ഞെടുപ്പുണ്ടെങ്കിൽ, ഞാൻ പ്രതിപക്ഷത്തെ ഒരു കാര്യം ഓർമ്മപ്പെടുത്തുന്നു—ഒരിക്കലും നമ്പൂതിരിപ്പാട് നിങ്ങളെ ഈ സംസ്ഥാനത്ത് അധികാരത്തിൽ വരുന്നതിന് സമ്മതിക്കുകയില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നമ്പൂതിരിപ്പാട് ഉണ്ടാക്കിയ പ്രശ്നത്തിന്റെ ഫലമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി പാർലമെന്റ് തെരഞ്ഞെടുപ്പിൽ വളരെ ദയനീയമായി പരാജയപ്പെടുകയുണ്ടായി. വീണ്ടും ഇവിടെ തെരഞ്ഞെടുപ്പു വരാൻപോവുകയാണ്. ആ തെരഞ്ഞെടുപ്പ് വരുമ്പോഴും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്ക് അധികാരത്തിൽ എത്താൻ സാധിക്കരുത് എന്ന നിർബന്ധം ശ്രീ. നമ്പൂതിരിപ്പാടിനു ഉള്ളതുകൊണ്ടാണ് ശകുനനായ എം. വി. ആറിനെ പിടിച്ച് പുറത്തിട്ട് വേറെ പാർട്ടി ഉണ്ടാക്കി മാർക്സിസ്റ്റു പാർട്ടിയെ തകർക്കാൻ അദ്ദേഹം ശ്രമിക്കുന്നത്. മാർക്സിസ്റ്റുകാർക്ക് ഇതിൽ പ്രതിഷേധിക്കുവാൻ സാധിക്കുകയില്ല. സർ, ഞാൻ ചോദിക്കട്ടെ, കല്യാണം കഴിച്ച് പിള്ളേരും പിള്ളേരുടെ പിള്ളേരും ആയതിനുശേഷം ഭാര്യയുടെ തറവാട് അന്വേഷിക്കുന്നതുപോലെയല്ലേ ശ്രീ. എം. വി. ആറിനെക്കുറിച്ച് നിങ്ങൾ ഇപ്പോൾ ആക്ഷേപം പറയുന്നത്? അപ്പുറത്തിരിക്കുന്നവർ മറുപടി പറയണം. ഞാൻ അക്കാര്യങ്ങളിലേയ്ക്കൊന്നും കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. സർ, ഇവിടെ നിങ്ങൾ ഉന്നയിച്ച ആരോപണങ്ങൾകൊണ്ട് ചിലരൊക്കെ തകർന്നുപോയി എന്ന് കണക്കുകൂട്ടുന്നവരാണ് നിങ്ങൾ. ഞാൻ ഒന്ന്.....

ശ്രീ. വി. ദിനകരൻ: മാർക്സിസ്റ്റുപാർട്ടിയിലെ ശകുനനായ ശ്രീ. ഭരതൻ ഇവിടെ മുമ്പ് സംസാരിച്ച അവസരത്തിൽ ശ്രീ. എം. വി. രാഘവൻ ഊതിക്കാച്ചിയപൊന്നുപോലെ പ്രശോഭിതനായി തിരിച്ചുവരുമെന്ന് പറഞ്ഞിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കെ. ബാവ: അത് ഇന്നലെ കുഞ്ഞങ്ങാട്ട് മാർക്സിസ്റ്റുകാർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് ഒന്നും ഇപ്പോൾ പോകുന്നില്ല. ഈ മന്ത്രിമാർ രാജിവെച്ചത് പ്രതിപക്ഷങ്ങൾ ആരോപണം ഒന്നും ഉന്നയിച്ചതുകൊണ്ടല്ല. കോടതിയുടെ ചില പരാമർശനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയാണ് ശ്രീ. ബാലകൃഷ്ണപിള്ളയും ശ്രീ. എം. പി. ഗംഗാധരനും രാജിവച്ചുപോയത്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ ശ്രീ. എം. പി. ഗംഗാധരന്റെ പേരിൽ ഇപ്പോൾ സന്തോഷിക്കുന്നവർ ആരാണ്? മനുഷ്യത്വം മരവിച്ചവർക്കുമാത്രമേ അതിൽ സന്തോഷിക്കുവാൻ കഴിയുകയുള്ളൂ എന്നാണെന്റെ അഭിപ്രായം. സർ, ഒരു കുടുംബത്തെയാകെ കണ്ണീരിലാഴ്ത്തി വേദനിപ്പിച്ചിട്ടുള്ള ഒരു സാഹചര്യത്തിലാണ് അദ്ദേഹം രാജിവച്ചത്. എന്തായാലും ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. കോടതിയുടെ പരാമർശം ഉള്ളതുകൊണ്ടാണ് അദ്ദേഹം രാജിവച്ചിട്ടുള്ളത്.

നമ്മുടെ ഫിഷറീസ് വകുപ്പിനെപ്പറ്റി ചില കാര്യങ്ങൾ പറയാനുണ്ട്. ഈ വകുപ്പ് മുമ്പ് കൈകാര്യം ചെയ്തിട്ടുള്ള പരേതനായ

LIBRARY ARCHIVES Kerala Legislative Assembly

Page 18

അഹമ്മദു കുറിക്കളെ ഞാൻ സ്മരിക്കുന്നു. ബഹുമാന്യനായ ശ്രീ. അവുക്കാദർകുട്ടിനഹ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ പ്രഗൽഭരായ മറ്റു പലരും ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. സർ, ഏറ്റവും ഒടുവിലായി ഈ വകുപ്പ് കൈകാര്യം ചെയ്തത് നമ്മുടെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനാണ്. ഈ വകുപ്പ് ഇപ്പോഴും നമ്മുടെ സഭയിലെ തലമൂത്ത കാരണവരായ ശ്രീ. എ. എൽ. ജേക്കബാണ് കൈകാര്യം ചെയ്യുന്നത്. ഇതൊക്കെ കാണിക്കുന്നത് ഈ വകുപ്പ് വളരെ പ്രാധാന്യമുള്ള ഒരു വകുപ്പാണെന്നും നമ്മുടെ സംസ്ഥാനവും ഭരണകൂടവും മനസ്സിലാക്കിയിരിക്കുന്നുവെന്നാണ്. രണ്ടുദിവസംമുമ്പ് ശ്രീ. ഹംസ പ്രസംഗത്തിൽ പറയുകയുണ്ടായി, ഇവിടെ ജാക്കിവച്ച് പൊക്കിയെടുക്കേണ്ട മന്ത്രിമാർ വരെ ഞങ്ങളുടെ കൂട്ടത്തിലുണ്ടെന്ന്. ശ്രീ. ഹംസ നമ്മുടെ മന്ത്രി, ശ്രീ. എ. എൽ. ജേക്കബിനെ ഉദ്ദേശിച്ചാണ് അപ്രകാരം പറഞ്ഞത്. പക്ഷേ ഞാൻ പറയുന്നു, അപ്പുറത്തിരിക്കുന്ന പൊങ്ങാൻവയ്യാത്ത ചിലരെയാളുകളെ ജാക്കിവച്ച് പൊക്കിയെടുക്കാൻ ശ്രീ. ജേക്കബിനു കഴിയും; സംശയം വേണ്ട. അതുകൊണ്ടല്ലേ അദ്ദേഹം മന്ത്രിയായത്. അപ്പുറത്തിരിക്കുന്ന പ്രഗൽഭരായ പലരും ശ്രമിച്ചിട്ടും ഇപ്പുറത്ത് ഇരിക്കാൻ കഴിയാത്ത സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടായതുവെറുതെയാണോ? അദ്ദേഹത്തിനു സാധിക്കുമെന്നുള്ളതുകൊണ്ടുതന്നെയാണ് വളരെവലിയ ഒരു ജനവിഭാഗത്തിന്റെ പ്രതീക്ഷയായിട്ടുള്ള ഫിഷറീസ് വകുപ്പ് ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നത്. ഇപ്പോഴും പല പദ്ധതികളും മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്നുണ്ട്.

ശ്രീ. ടി. കെ. ഹംസ: ഞാൻ പ്രസംഗിക്കുമ്പോഴും ജാക്കിവച്ച് പൊക്കേണ്ട മന്ത്രിമാർ ഉണ്ടെന്നുപറഞ്ഞതു ശ്രീ. എ. എൽ. ജേക്കബിനെ കുറിച്ചാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് എങ്ങനെ പറയാൻകഴിയും? പറയത്ത ഒരു സംഗതി സഭയിൽ ഉന്നയിക്കുന്നത് ശരിയാണോ സർ? ഞാൻ മന്ത്രിമാരുടെ സ്ഥിതിഗതികളെപ്പറ്റി പൊതുവിൽ പറഞ്ഞുവെന്നല്ലാതെ വ്യക്തികളെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. പി. പി. തങ്കച്ചൻ: ശ്രീ. ഹംസ പ്രസംഗിച്ചപ്പോഴും പറഞ്ഞത് അദ്ദേഹം ഇപ്പോഴും ചേരാനാഗ്രഹിക്കുന്ന പാർട്ടിയിലുള്ള നേതാക്കൻമാരെ ഉദ്ദേശിച്ചാണ്.

ശ്രീ. പി. കെ. കെ. ബാവ: ജാക്കിവെച്ച് പൊക്കേണ്ട ഗതികേടാണെന്ന് ഇപ്പോഴെങ്കിലും അദ്ദേഹം തിരുത്തിയത് അതുകൊണ്ടായിരിക്കും.

സർ, എനിക്കുപറയുവാനുള്ളത്, വിദ്യാഭ്യാസരംഗത്തെ ഫിഷർമാൻ മാരുടെ സ്ഥിതിയെക്കുറിച്ചാണ്. അത് വളരെ പരിതാപകരമാണ്. ഞങ്ങൾക്ക് കിട്ടിയ കണക്കുകളനുസരിച്ച്, 100 കുട്ടികൾ ഒന്നാം ക്ലാസ്സിൽ ചേരുമ്പോൾ 10 കുട്ടികൾ മാത്രമേ പത്താം ക്ലാസ്സിൽ എത്തുന്നുള്ളൂ. പെൺകുട്ടികളാണെങ്കിൽ 100 കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർത്താൽ കേവലം ഒരു കുട്ടി മാത്രമേ പത്താം ക്ലാസ്സിൽ എത്തുന്നുള്ളൂ. അത്രയും ദയനീയമായിട്ടുള്ള ഒരു സ്ഥിതിയിലാണ് അവരുടെ വിദ്യാഭ്യാസ നില. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു സമഗ്രമായ പഠനം വേണ്ടിയിരിക്കുന്നു. ഗ്രാമസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതൊന്നും വേണ്ടത്ര ഫലപ്രദമല്ല. അതിന് ഒരു കമ്മീഷനെ വയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ഗ്രാമസംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമസംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നുകൂടി ഞാൻ ഈ സമയത്ത് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയുടെ കാര്യത്തിൽ മലബാർ പ്രദേശം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച്, എനിക്ക് ബഹുമാനപ്പെട്ട മന്ത്രി ബാലകൃഷ്ണ പിള്ളയോട് ചില കാര്യങ്ങളും പറയുവാനുണ്ട്. അവിടെ പ്രധാനപ്പെട്ട വൈദ്യുതപദ്ധതികളും യാതൊന്നുമില്ല. സൈലൻറ്വാലി പദ്ധതി ഏതാണ്ട് ഉപേക്ഷിച്ച മട്ടിലാണ്. അതുപോലെതന്നെ മറ്റു പദ്ധതികളും ഉപേക്ഷിച്ചിരിക്കുകയാണ്. ഇതിൻെറയൊക്കെ പിന്നിലുള്ള വിചാരം എന്താണ്? മലബാർ പ്രദേശത്ത് ഉണ്ടായിട്ടുള്ള ചില സമരങ്ങളുടെ അടിസ്ഥാനത്തിലാണ് അതൊക്കെ നിർത്തലാക്കേണ്ടി വന്നതെന്നാണ് സർക്കാരിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വിശദീകരണം. ഞാൻ ഒരു കാര്യം പറയാം, അവിടെ സമരമുണ്ടായിരുന്നത് ഒരു പത്രത്തിൻെറ കോളത്തിൽ മാത്രമായിരുന്നു. അത് ആ പത്രത്തിൻെറ എം ഡി. യുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയായിരുന്നുവെന്നാണ് ജനസംസാരം. അതുകൊണ്ട്, മലബാറിലെ പാവപ്പെട്ട ആളുകളെ രക്ഷിക്കുന്നതിനു വേണ്ടി, ഏതെങ്കിലും ഒരു പദ്ധതി അവിടെ അടിയന്തിരമായി ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സംസ്ഥാനത്തിൻെറ പകുതിയിലേറെ ആളുകളും താമസിക്കുന്ന പ്രദേശമാണ് മലബാർ. അങ്ങനെയുള്ള ആ പ്രദേശത്തിൻെറ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. മാത്രമല്ല, ഗുരുവായൂരിലേയ്ക്കുള്ള ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. ബാലകൃഷ്ണപിള്ള സാങ്ഷൻ ചെയ്തുതന്നിട്ടുണ്ട്. അതിൻെറ പ്രവർത്തനം എത്രയുംവേഗം തുടങ്ങണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഈ കാര്യം അങ്ങ് നടപ്പിലാക്കുകയാണെങ്കിൽ ആരൊക്കെ എതിർത്താലും ഗുരുവായൂരപ്പൻ അങ്ങയെ തുണയ്ക്കും.

സർ, എൻെറ പ്രദേശത്തിൻെറ പിന്നോക്കാവസ്ഥയെക്കുറിച്ച് പലതും പറയാനുണ്ടായിരുന്നു. പക്ഷേ സമയക്കുറവുകൊണ്ട് ഞാൻ നിർത്തുന്നു. ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ പിന്താങ്ങുന്നു.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, ക്ഷീരവ്യവസായം, മൽസ്യ ബന്ധനം, വിദ്യുച്ഛക്തി എന്നീ വകുപ്പുകളിലേക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കേരളത്തിലെ ജനസംഖ്യയിൽ 2.3 ശതമാനത്തോളംവരുന്ന തൊഴിലാളികളാണ് മൽസ്യവ്യവസായരംഗത്താണ്. ഏകദേശം 6 ലക്ഷത്തോളം തൊഴിലാളികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. 1983-ലെ കണക്കനുസരിച്ച് ഇൻഡ്യയിലെ മൊത്തം മൽസ്യ ഉൽപ്പാദനത്തിൻെറ 27 ശതമാനം കേരളത്തിലാണ്. എന്നാൽ 1984-ലെ കണക്കിലേക്ക് വന്നാൽ അഖിലേന്ത്യാ ഉൽപ്പാദനത്തിൻെറ 23 ശതമാനമായി കേരളത്തിലെ മൽസ്യ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നതായി കാണാൻ കഴിയും. മൽസ്യ ഉൽപ്പാദന രംഗത്ത് മറ്റു സംസ്ഥാനങ്ങൾ മുന്നോട്ടുപോവുകയും കേരളം പിന്തള്ളപ്പെടുകയും ചെയ്യുന്നു എന്നതാണ് കഴിഞ്ഞ കുറെ വർഷങ്ങളായി കാണാൻ കഴിയുന്നത്. ഫിഷറീസ് വകുപ്പ് കുറെക്കാലമായി അനാഥമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് ഇതിനെ കുറിച്ച് ഒരു പിടിയുമില്ല. നായ്ക്ക് ഉരുളൻതേങ്ങ കിട്ടി എന്നു പറഞ്ഞതുപോലെയാണ് അദ്ദേഹത്തിന് ഈ വകുപ്പ്. അവിടെയും ഇവിടെയുമൊക്കെ കടിച്ചു നോക്കുകയല്ലാതെ അതിൻെറ പ്രവർത്തനത്തെപ്പറ്റിയോ തൊഴിലാളികളെപ്പറ്റിയോ ഒന്നുമറിഞ്ഞുകൂടാ. അതിൻെറ ഫലമായിട്ടാണ് ആ വകുപ്പിൽ നിഷ്ക്രിയത്വവും അനാഥത്വവും നിലനിൽക്കുന്നത്. അങ്ങനെയാണ് ഈ രംഗത്ത് ഇത്രമാത്രം കെടുതി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ളത്. വറുചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്നു പറഞ്ഞതുപോലെയാണ് ഈ വകുപ്പ് ഇപ്പോൾ പുതിയ മന്ത്രിക്ക് വിട്ടുകൊടുത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ കാര്യത്തെപ്പറ്റി ഞാൻ പ്രത്യേകമൊന്നും പറയുന്നില്ല. പണ്ടാരോ പറഞ്ഞതുപോലെ, പ്രവർത്തിക്കുന്ന ഗവൺമെന്റുണ്ടെങ്കിൽ മന്ത്രി ഇല്ലെങ്കിലും കാര്യം നടക്കുമായിരിക്കും. കടിക്കുന്ന പട്ടിക്ക് തലവേണ്ടെന്നൊരു ചൊല്ലുണ്ട്. പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണെങ്കിൽ മന്ത്രി ഇല്ലെങ്കിലും ഒന്നുമില്ലെന്നായിരിക്കും വിചാരം. ഏതായാലും ഇതുപോലെ, അവഗണിക്കുകയും അധഃപതിപ്പിക്കുകയും ചെയ്യുന്ന വകുപ്പ് വേറെ ഉണ്ടായിട്ടില്ല. അതെല്ലാം ഈ ബഡ്ജറ്റിൽതന്നെ പ്രതിഫലിക്കുന്നുണ്ട്. ഡീപ് സീ ഫിഷിംഗിന് 34 ലക്ഷം രൂപയാണ് കഴിഞ്ഞകൊല്ലം വകകൊള്ളിച്ചിരുന്നത്. ഇത്തവണ 13 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. മൽസ്യബന്ധന ഉപകരണങ്ങൾക്കുവേണ്ടി കഴിഞ്ഞപ്രാവശ്യം 19 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ ഈ വർഷം 2 ലക്ഷം രൂപ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഉൾനാടൻ മൽസ്യബന്ധനത്തിനായി കഴിഞ്ഞ വർഷം ഉൾക്കൊള്ളിച്ചിരുന്നത് 87,28,000 രൂപയാണെങ്കിൽ ഇത്തവണ ഉൾക്കൊള്ളിച്ചിരിക്കുന്നത് വെറും 49 ലക്ഷം രൂപയാണ്. കഴിഞ്ഞ തവണ ഉൾക്കൊള്ളിച്ചതിന്റെ പകുതിപോലും പല സ്ഥലങ്ങളിലും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിനകത്ത് അത് എടുത്തു പറഞ്ഞിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ ഡിസ്പെൻസറി കെട്ടിടത്തിനുവേണ്ടി 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലത്തെ കുടിശ്ശികതന്നെ 15 ലക്ഷം രൂപയുണ്ടെന്ന് അവർ തന്നെ പറയുന്നു. പിന്നെങ്ങനെ ബാക്കി കാര്യം നടക്കും? മൽസ്യത്തൊഴിലാളികളുടെ ഗ്രാമങ്ങളിലേക്കുള്ള റോഡുകൾ പണിയുന്നതിനുവേണ്ടി കഴിഞ്ഞവർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ പകുതി സംഖ്യയാണ് ഈ വർഷം അനുവദിച്ചുട്ടുള്ളത്. ഉണ്ടാക്കിയ റോഡുകളിൽ നാലഞ്ചു വർഷമായിട്ടും ഗ്രാവൽ പോലും ഇടുന്നതിന് സാധിച്ചിട്ടില്ല. മൽസ്യത്തൊഴിലാളികൾക്ക് ഒരു ഡിസ്പെൻസറി കെട്ടിടം പണിഞ്ഞിട്ടുണ്ട്. അതിന് പണം കൊടുക്കാനുള്ളതുകൊണ്ട് അത് തുറന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. മൽസ്യത്തൊഴിലാളികളുടെ വികസനത്തിനുവേണ്ടി കോർപ്പറേഷനുകളുടെ ബഹളമാണ്. ഇപ്പോൾ മൽസ്യഫെഡ് ഉണ്ടാക്കിയിട്ടുണ്ട്. അതിനെപ്പറ്റിയൊന്നും ഞാൻ പറയേണ്ട കാര്യമില്ല. അവിടെ കുറെ സ്വന്തക്കാരെ വലിയ ശമ്പളത്തിൽ നിയമിക്കുകയല്ലാതെ അതിന്റെ ഒരിഞ്ചുപ്രവർത്തനം മുന്നോട്ടുപോകുന്നില്ല. അവിടെ നിയമനങ്ങളിൽ അഴിമതിയാണ് നടക്കുന്നത്. വായ്പ കൊടുക്കുന്നതിലും സഹായങ്ങൾ നൽകുന്നതിലും എല്ലാം അഴിമതി നടക്കുന്നുണ്ട്. എന്തിന് മരിച്ചവരുടെ പേരിലുള്ള സഹായം കൊടുക്കുന്നതിൽപ്പോലും അഴിമതിയാണ് നടക്കുന്നതെന്ന് തിരുവനന്തപുരം ജില്ലയിലെ മൽസ്യത്തൊഴിലാളി കോൺഗ്രസ്സിന്റെ വൈസ്പ്രസിഡന്റ് തന്നെ പത്രത്തിൽ പരസ്യമായി എഴുതിയിട്ടുണ്ട്. അവിടത്തെ മാനേജിംഗ് ഡയറക്ടറെ റാക്കറ്റുകാർ വളഞ്ഞുവച്ചിരിക്കുകയാണ്. അദ്ദേഹത്തിന് ഒരടിയും മുന്നോട്ടുപോകാൻ സാധിക്കാത്ത വിധത്തിൽ കാര്യങ്ങൾ നടക്കുകയാണ്. മൽസ്യത്തൊഴിലാളി രംഗത്ത് ഇതിന്റെ ഫലമായിട്ട് ഉണ്ടായ കെടുതി പരിഹരിക്കണം. മുഖ്യമന്ത്രിയാണെങ്കിൽ പ്രസ്താവനയിറക്കാൻ മിടുക്കനാണ്. എന്റെ നിയോജകമണ്ഡലത്തിലെ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളുടെ ഉൽഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1983-ൽ നിർവഹിച്ചു. 222 മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ 1980-ൽ തുടങ്ങിയതാണ്. വീണ്ടും രണ്ടാമത്തെ ഉൽഘാടനം നടന്നു. പക്ഷേ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗ്രാമവും പ്രവർത്തിക്കുന്നില്ല. വീണ്ടും രണ്ടു മാസത്തിനുമുമ്പ് കണ്ണുമാലിയിൽവന്ന് മൽസ്യഫെഡിന്റെ വക കുറെയധികം സാധനങ്ങളുടെ വിതരണോൽഘാടനം നടത്തി. മൽസ്യത്തൊഴിലാളികൾക്ക് സാധനങ്ങൾ മാർക്കറ്റിൽകൊണ്ടുപോകാൻ വേണ്ടിയുള്ള വണ്ടി ഉൽഘാടനം ചെയ്തു. ഏവിടെയാണ് ആ വണ്ടി എന്ന് ആർക്കും അറിഞ്ഞുകൂടാ.

സർ, ഈ ഉൽഘാടനവും പ്രചാരണവുമല്ലാതെ മൽസ്യത്തൊഴിലാളികളുടെ ജീവിതത്തെ സ്പർശിക്കുന്ന ഒരു കാര്യവും നടക്കുന്നില്ല. ഇടതുപക്ഷത്തിന്റെ സർക്കാർ പോകുന്ന കാലത്ത് ഗ്രാമസംഘങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റി ഉണ്ടാക്കാൻ നടപടി എടുത്തതാണ്. എന്നിട്ട് 4 കൊല്ലം കഴിഞ്ഞിട്ടും തിരഞ്ഞെടുപ്പ് ക്രമീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുപകരം സ്വന്തക്കാരായ ചില ആളുകളെ തിരുകിക്കയറ്റിക്കൊണ്ട് അവരുടെ സ്വാർത്ഥം നേടാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഈ നയം അവസാനിപ്പിക്കാതെ മൽസ്യത്തൊഴിലാളി രംഗത്ത് യാതൊരു പുരോഗതിയും ഉണ്ടാവുകയില്ലെന്ന കാര്യം ഈ ഗവൺമെൻറിനെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

അവസാനമായി വിദ്യുച്ഛക്തിയെക്കുറിച്ച് രണ്ട് വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. ഏറണാകുളം മേഖലയിൽ വിദ്യുച്ഛക്തി കട്ടു ചെയ്തതിന്റെ ഫലമായി പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നും വ്യവസായരംഗത്ത് വമ്പിച്ച നഷ്ടം ഉണ്ടായിയെന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വൈദ്യുതി രംഗത്ത് ജനറേഷനും ഡിസ്ട്രിബ്യൂഷനും ബന്ധപ്പെടുത്തിയുള്ള ഒരു പ്ലാനിംഗ് ഈ ഗവൺമെൻറിനില്ല. വിതരണം ചെയ്യുന്നിടത്തോളം ആവശ്യമായ സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടക്കുന്നില്ല എന്നുള്ളതാണ് വളരെ കഷ്ടമാണ്. പെട്ടെന്ന് ഒരു പവർകട്ടിന്റെ ആവശ്യമെന്താണ്? പവർ കട്ട് ആവശ്യമായി വരുമോ ഇല്ലയോ എന്ന് മുൻകൂട്ടി കാണാൻ ഗവൺമെൻറിന് കഴിയണം. ആവശ്യമാണെങ്കിൽതന്നെ ചെറിയ തോതിൽ നേരത്തെ പവർകട്ട് ഏർപ്പെടുത്തിയിരുന്നെങ്കിൽ വമ്പിച്ച ലേ ഓഫും ലോക്കൗട്ടും വേണ്ടി വരികയില്ലെന്നായിരുന്നു. ഇത്തരം ഉത്തരവാദിത്വമില്ലാത്ത പ്രവർത്തനത്തിന്റെ ഫലമായി, സർപ്രൈസ് ആയി ഉണ്ടായ പവർ കട്ടിന്റെ ഫലമായി ഈ രാജ്യത്തുണ്ടായ കെടുതികൾക്കുത്തരവാദി ഈ ഗവൺമെൻറാണ്. മട്ടാഞ്ചേരിയിൽ ഒരു ഡിവിഷൻ ഓഫീസ് തുറക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. അത് അവിടെ നടക്കുമോ എന്നുള്ള കാര്യത്തിൽ ഉറപ്പില്ല. ബഹുമാന്യനായ മന്ത്രി അത് പരതിനടന്നു പറഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കാത്തിടത്തോളം കാലം ഏത് നിമിഷത്തിലും അത് നഷ്ടപ്പെടുന്ന ഭീതിയാണ് ഇന്നുള്ളത്. അതുകൊണ്ട് അതിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ രാജ്യത്തിന്റെ പുരോഗതിക്കാവശ്യമായ ആസൂത്രണമോ പരിപാടികളോ ഇല്ലാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. അപ്പുറത്തുനിന്നു പ്രസംഗിച്ച ശ്രീ. മൂസാൻകുട്ടിയും ശ്രീ. പീതാംബരൻ മാസ്റ്ററും ഈ പ്രാവശ്യം വലുതായിട്ട് ഇലക്ട്രിസിറ്റി വകുപ്പിനെ തൊട്ടില്ല. സി. പി ഐ. യിൽനിന്ന് ഞങ്ങളം അത് പ്രതീക്ഷിച്ചതാണ്. ശ്രീ ബാലകൃഷ്ണപിള്ള വന്നാൽ സി. പി. ഐ. ഞെട്ടും. ശ്രീ. ബാലകൃഷ്ണപിള്ള വന്നാൽ ഏറവും വിറളി

LIBRARY ARCHIVES Kerala Legislative Assembly

പിടിക്കുന്ന കക്ഷി സി. പി. ഐ. യാണ്. സി. പി. ഐ. യുടെ അടിതൊറുന്ന നയങ്ങളം അദ്ദേഹം കഴിഞ്ഞ കാലങ്ങളിൽ എടുത്തിരിക്കാം. അത് സി. പി. ഐ. യെ മനഃപൂർവ്വം ദ്രോഹിക്കണമെന്നുള്ളതുകൊണ്ടല്ല. ഒരു കാര്യം നമ്മളെല്ല വരും സമ്മതിക്കുന്നുണ്ടാകും. ഇലക്ട്രിസിറി ബോർഡ് ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ കൈയിൽ അല്ലായിരുന്നെങ്കിൽ 1980 മുതൽ തുടർച്ചയായി അദ്ദേഹം കാർക്കശ്യമായ ഒരു നിലപാട് എടുത്ത് ഈ ബോർഡിനെ ഇങ്ങനെ നയിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ രാജ്യത്തെ അവസ്ഥ എന്തായിരുന്നേനേ? ഇന്ന് ഇലക്ട്രിസിറി ബോർഡിനെ ഇത്ര ശക്തമാക്കുകയും, ബോർഡ്, കെ. എസ്. ആർ. ടി. സി. യെ പോലെ അല്ലാതാക്കുകയും ചെയ്തതിന്റെ കാരണക്കാരൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ആണെങ്കിൽ, അതുകൊണ്ട് നഷ്ടം വന്നത് സി. പി. ഐ. ക്കാണെങ്കിൽ ശ്രീ. ചന്ദ്രമോഹനൻ ഇതു പറയണം. ശ്രീ. ചന്ദ്രമോഹനൻ അത് പറയും. ഞങ്ങൾക്ക് അതിൽ അതൃതമില്ല.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സി. പി. ഐ. ഈ സംസ്ഥാനത്ത് എവിടെയല്ലാമുണ്ടെന്ന് പറയാമോ?

ശ്രീ. സി. എഫ്. തോമസ്: സി. പി. ഐ. എവിടെയെങ്കിലും ഉണ്ടായിരുന്നെങ്കിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ആരായിരുന്നു എന്ന് മനസ്സിലായേനേ. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ആരാണ്? ഏത് പിള്ള, എന്തു പിള്ള എന്നൊക്കെ ചോദിച്ചാൽ ശ്രീമാൻ ബാലകൃഷ്ണപിള്ള ആർ. ബാലകൃഷ്ണപിള്ളയായിത്തന്നെ ഇവിടെ ഇരിക്കുന്നു എന്നുള്ളതാണ് മറുപടി.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സ്വന്തം ആളാണെങ്കിലും ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രി സ്ഥാനത്തേക്ക് കയറ്റിയില്ലെങ്കിലും കുഴപ്പമൊന്നുമില്ല എന്നു പറഞ്ഞിരുന്ന ആളാണെന്നൊക്കെ പത്രങ്ങൾ എഴുതിയതിന് ഇത്രയൊക്കെ ഇവിടെ പറയണമോ?

ശ്രീ. സി. എഫ്. തോമസ്: മി. കുറുപ്പേട്ട, ശ്രീ. രാഘവൻ വരുമ്പോൾ പരിക്കൊന്നും ഏൽക്കാതിരിക്കട്ടെ. ഞങ്ങളുടെ പാർട്ടിയിലെ കാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം. പ്രതിപക്ഷം എന്തിനാണ് ശ്രീ ബാലകൃഷ്ണപിള്ളയെ ഇങ്ങനെ വ്യക്തിപരമായി പറയുന്നത്? സി. പി. എം. മാത്രം ഇതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. സി. പി. എം. മാത്രം ഇങ്ങനെ ഒതുങ്ങി നിൽക്കുന്നതിൽ സന്തോഷമുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായിട്ട് വ്യക്തിപരമായി ഞങ്ങൾ യാതൊന്നും പറഞ്ഞിട്ടില്ല. അങ്ങയുടെ നേതാവായിട്ടുള്ള ശ്രീ. കരുണാകരനാണ് ഏത് പിള്ള, എന്ത് പിള്ള, എട്ടുവീട്ടിൽ പിള്ളയാണോ എന്നൊക്കെ ചോദിച്ചത്. ഞങ്ങൾ ഒന്നും ചോദിച്ചിട്ടില്ല.

ശ്രീ. സി. എഫ്. തോമസ്: ജലസംഭരണികളിൽ വെള്ളമില്ല; അതിനുത്തരവാദി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയാണ് എന്നാണ് മി. രാജേന്ദ്രൻ പ്രസംഗിച്ചത്. സി. പി. ഐ. പ്രകോപനം ആരംഭിക്കുന്നു! ''കേരളത്തിൽ മഴ കുറവാണ് ശ്രീ. ബാലകൃഷ്ണപിള്ള രാജിവയ്ക്കണം, ഇടുക്കിയിൽ മഴ പെയ്യുന്നില്ല ശ്രീ. ബാലകൃഷ്ണപിള്ള രാജിവയ്ക്കണം'' എന്നുള്ള നിലപാട് ശരിയാണോ? മഴ കുറഞ്ഞതിന്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദി അദ്ദേഹമണോ? അതിന് രാജ്യദ്രോഹിയായ, മുടിയനായ പുത്രനായ ബാലകൃഷ്ണപിള്ള എന്നൊക്കെ ശ്രീ. ചന്ദ്രമോഹനൻ ആക്ഷേപിച്ചാലും കണക്കുകൂട്ടി കാര്യം പറയുന്നുണ്ട്. 1980 മുതൽ 1986 വരെയുള്ള കാലഘട്ടത്തിൽ വൈദ്യുതിയുല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ സാധിച്ചുവെങ്കിൽ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള തന്നെയാണ് അതും ചെയ്തത്. പ്രതിപക്ഷങ്ങൾക്ക് വേണമെങ്കിൽ ഇത് പരിശോധിക്കാം. നിങ്ങൾ ഇവിടെ ഏതു പദ്ധതി എന്നു ചോദിച്ചു പരിശോധിക്കേണ്ടതാണ്. 1980–ൽ നായനാർ മന്ത്രിസഭ ഭരിച്ചിരുന്ന കാലത്തും ഇന്ന് കരുണാകരൻ മന്ത്രിസഭ ഭരിക്കുന്ന കാലത്തും (കഴിഞ്ഞ ആറുവർഷക്കാലത്തിനിടയിൽ) കേരളത്തിൽ വൈദ്യുതിയുടെ ഉല്പാദനം എത്ര ദശലക്ഷം വർദ്ധിച്ചു എന്ന് നിഷ്പക്ഷമായി ആലോചിക്കേണ്ടതാണ്. ഇടുക്കി രണ്ടാം സ്റ്റേറേജിനെക്കുറിച്ച് എന്താണ് ഒന്നും പറയാത്തത്? ഇടുക്കി രണ്ടാം സ്റ്റേറേജിന്റെ കാര്യം എന്റെ സുഹൃത്ത് ചന്ദ്രമോഹനൻ മറന്നുപോയോ? ഇടുക്കി രണ്ടാം സ്റ്റേറേജിൽ 390 മെഗാവാട്ടാണ് പുതുതായി ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയത്. 'ഏത് പിള്ള' മറുപടി പറയണ്ടേ മി. ചന്ദ്രമോഹനൻ? അദ്ദേഹമാണ് ഈ സംസ്ഥാനത്ത് ബോർഡിനെക്കുറിച്ച് ഇത്ര കാര്യമായി ചിന്തിക്കുകയും പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്തത്. കാനഡയുമായി സംസാരിക്കുന്നില്ലെന്ന് പറഞ്ഞു. കാനഡയുടെ സഹായത്തിൽ ആക്ഷേപിക്കുകയാണോ? അദ്ദേഹം വിദേശയാത്ര ചെയ്യുന്നു. ആക്ഷേപിക്കുകയണോ? അദ്ദേഹം വിദേശയാത്ര ചെയ്തതുകൊണ്ട് ഈ സംസ്ഥാനത്തിനുണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞോ? ഈ അടുത്തകാലത്ത് കാനഡയുടെ പ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ 2000 കോടി രൂപയുടെ സഹായം നമ്മുടെ പദ്ധതിക്ക് തരാമെന്ന് പറഞ്ഞു. പക്ഷേ കേന്ദ്ര ഗവൺമെന്റ് കരാറിൽ ഒപ്പുവയ്ക്കണം, ആ തടസ്സം നമ്മൾ നീക്കണം. പൂയാൻകുട്ടി പദ്ധതി സമർപ്പിച്ചിട്ട് ആറ് വർഷമായി. ആറുവർഷമായി സമർപ്പിച്ച പൂയാൻകുട്ടി പദ്ധതി പരിസ്ഥിതി വകുപ്പിന്റെ എതിർപ്പുമൂലമാണ് താമസിച്ചത്. ഇപ്പോൾ എതിർപ്പ് മാറി. അവർ ഇത് നമ്മുടെ പ്രധാനമന്ത്രിയുടെ മേശപ്പുറത്തുവരെ എത്തിച്ചു എന്നു പറഞ്ഞു. നമ്മുടെ ഗവൺമെന്റ് അവസരോചിതമായി കാനഡാ ഗവൺമെന്റിന്റെ സഹായം വാങ്ങിക്കണം. ഈ പദ്ധതി ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. നമ്മുടെ പവ്വർകട്ടിന്റെ ശാശ്വതമായ ഒരു പരിഹാരമാർഗ്ഗം എന്നുള്ള നിലയിൽ ഇത്രയും നല്ല ഒരു പദ്ധതിഅടിയന്തിരമായി ഈ ഗവൺമെന്റ് പ്രധാനമന്ത്രിയുടേയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് കേരളത്തിന്റെ ഈ ശാപത്തിന് പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്. ഇവിടെ ശ്രീ. ചന്ദ്രമോഹനൻ പറഞ്ഞ ചില കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. കഴിഞ്ഞ 5 വർഷത്തിനിടയിൽ കറൻറിന്റെ ആഭ്യന്തര ഉപയോഗം 135 ശതമാനമാണ് വർദ്ധിച്ചത്. 135 ശതമാനം ഉപയോഗം വർദ്ധിക്കുമ്പോൾ ആനുപാതികമായി കറൻറിന്റെ ഉല്പാദനം വർദ്ധിക്കുന്നില്ലെങ്കിൽ അതിനുള്ള പരിപാടി എന്താണെന്ന് നമ്മളെല്ലാവരും ആലോചിക്കേണ്ടതാണ്. ജലവൈദ്യുത പദ്ധതികൾ മാത്രമാണോ ഈ പ്രശ്നത്തിന് പരിഹാരം? ജലവൈദ്യുതപദ്ധതികളെ മാത്രം ആശ്രയിച്ചാൽ മഴ പെയ്തില്ലെങ്കിൽ കറൻറില്ലാതാകുന്നു. കാലാവസ്ഥ നിരീക്ഷകർ ഈ പ്രാവശ്യം പ്രവചിച്ചതെന്താണ്? മഴ പെയ്യുമെന്ന് പറഞ്ഞു. ആ പ്രവചനം തെറ്റിയപ്പോൾ കറൻറ് കട്ടായി. അങ്ങനെ കാലാവസ്ഥ പ്രവാചകൻമാരുടെ കണക്കുകൂട്ടലുകളെ മാത്രം ആശ്രയിച്ച് ഈ സംസ്ഥാനം മുന്നോട്ടു പോയാൽ, വരും കാലങ്ങളിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റിനുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. അവിടെ ഭരണപക്ഷവും പ്രതിപക്ഷവും എന്നുള്ള അഭിപ്രായവ്യത്യാസത്തിന്റെ കാര്യമില്ല. അതായത് ലേ ഓഫ് മൂലം പതിനായിരക്കണക്കിന് തൊഴിലാളികൾ തൊഴിൽ നഷ്ടപ്പെട്ട് ഇപ്പോൾ പട്ടിണിയിലാണ്. ഇതിന് പരിഹാരം കാണാൻ നമ്മുടെ ജലസേചന പദ്ധതികൾ മാത്രം മതിയോ? കൽക്കരി ഉപയോഗിച്ചുകൊണ്ടുള്ള തെർമൽ പ്ലാന്റുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. കൊച്ചിയിൽ അങ്ങനെ ഒരു വൈദ്യുതനിലയം സ്ഥാപിക്കാൻ സാദ്ധ്യതയുണ്ട് എന്ന് ഇന്നലെ ഒരു പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത് കണ്ടു. കൽക്കരി എങ്ങനെ കൊണ്ടുവരാൻ സാധിക്കും? കൽക്കരി ഉപയോഗിച്ച് പ്ലാന്റ് തുടങ്ങിയാൽ കൊച്ചിയിലെ വൻകിട വ്യവസായ സ്ഥാപനങ്ങൾ ചെലവ് വഹിക്കാൻ തയ്യാറുണ്ടെന്ന് പറഞ്ഞു. ഇന്നലെ നമ്മുടെ മിനിസ്റ്ററുടെ ഒരു പ്രസ്താവന കണ്ടു. അതായത് ആ വൈദ്യുതനിലയത്തിലൂടെ അങ്ങനെ വൈദ്യുതി ഉൽപ്പാദിപ്പിച്ചാൽ ഇന്ന് ഇവിടെ ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപ്പാദിപ്പിക്കുന്നതിനേക്കാൾ ആറ് ഇരട്ടിയോളം ചെലവ് വർദ്ധിക്കുമെന്ന്. പക്ഷേ നമ്മുടെ വൻകിട ഫാക്ടറികളും വ്യവസായശാലകളും ഇതിന്റെ നിർമ്മാണത്തിൽ സഹകരിക്കുകയാണെങ്കിൽ ഈ പദ്ധതിയെക്കുറിച്ച് ഗവൺമെന്റിന് ആലോചിച്ചുകൂടേ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ശ്രീ. സി. എഫ്. തോമസ് പറയുന്നത് ശരിയാണ്. 1980-ൽ സൈലൻറ്വാലി പദ്ധതി ഉപേക്ഷിക്കണമെന്ന് തീരുമാനിച്ചപ്പോൾ പകരം തീരുമാനിച്ചിരുന്ന തെർമൽ പ്ലാന്റിന് അതിനുശേഷം 6 വർഷം കഴിഞ്ഞിട്ടും ഒരു നീക്കവും ചെയ്യൻ കഴിയാത്തതെന്തുകൊണ്ടാണ്?

ശ്രീ. സി. എഫ്. തോമസ്: മി. ചന്ദ്രമോഹനൻ, ഇപ്പോൾ അതിന് ബദലായിട്ടുള്ള പദ്ധതി അവർ സജസ്റ്റ് ചെയ്തില്ലേ? എന്റെ അഭിപ്രായത്തിൽ ഇതൊരു നല്ല ചർച്ചക്കുള്ള അവസരമാണ്. നമ്മൾ ഇതിനെക്കുറിച്ച് ചർച്ചചെയ്യുന്ന പാശ്ചാത്തലം കേരളം ഈ രംഗത്ത് ഏറ്റവും കൂടുതൽ യാതന അനുഭവിക്കുന്ന സമയമാണ്. അതുകൊണ്ട് ക്രിയാത്മകമായ നിർദ്ദേശം പ്രതിപക്ഷംവച്ചാലും മന്ത്രി സ്വീകരിക്കും. ഇതൊന്നും രാഷ്ട്രീയ ചർച്ചയല്ലല്ലോ. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഭാവിയെകരുതി നമ്മുടെ വൈദ്യുതി രംഗം ജലവൈദ്യുത പദ്ധതികളിൽ മാത്രം ഒതുങ്ങണോ അതോ അണുവൈദ്യുതനിലയങ്ങളും നമ്മുടെ സ്റ്റേറ്റിന് ഉപകാരപ്പെടുമോ എന്നുള്ളത് പരിശോധിക്കണം. അണുവൈദ്യുത നിലയങ്ങളെക്കുറിച്ചുള്ള രണ്ട് അഭിപ്രായം എത്രത്തോളം ശരിയാണ്, തെറ്റാണ് എന്നുള്ളത് പരിശോധിക്കേണ്ട സമയമാണ്. അല്ലാതെ മന്ത്രി ബാലകൃഷ്ണപിള്ള മുടിയനായ പുത്രനാണ് എന്നൊക്കെ പറയുന്നതിലർത്ഥമില്ല. ഇതൊക്കെ എത്ര തവണ പറഞ്ഞതാണ്. ആരെല്ലാം പറഞ്ഞതാണ്. എന്നിട്ട് എവിടെ ചെന്നെത്തി എന്ന് നമ്മൾ കണ്ടതാണ്. വീണ്ടും ബാലകൃഷ്ണപിള്ള ഡിമാൻഡ് അവതരിപ്പിക്കുന്നു. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ഈ സ്റ്റേറ്റിന്റെ പ്രശ്നം പരിഹരിക്കുവാൻ ഇന്ന് ആരംഭിച്ചിരിക്കുന്ന ജലവൈദ്യുതപദ്ധതികൾ, നിർമ്മാണത്തിലിരിക്കുന്ന എട്ടു പദ്ധതികൾ പെട്ടെന്നു പൂർത്തിയാക്കണം. പിന്നെ വേറെ ചില ചെറുകിടപദ്ധതികൾകൂടി ഉണ്ട്. അതും പെട്ടെന്ന് പ്രവർത്തനമാരംഭിക്കണം. പൂയാംകുട്ടിപോലെയുള്ള പദ്ധതികൾക്ക് കേന്ദ്രഗവൺമെൻറിന്റെ അനുവാദം കിട്ടേണ്ടത് വാങ്ങിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിശക്തിയായി ആവശ്യപ്പെടണം. ഈ കാര്യത്തിൽ ഈ സ്റ്റേറ്റിന് പരിഗണന കിട്ടണം. അതുപോലെതന്നെ എന്നും ഈ വൈദ്യുത പദ്ധതികളെ ആശ്രയിച്ചുപോയാൽ നമ്മുടെ സ്റ്റേറ്റ് അപകടത്തിലേക്ക് നീങ്ങുമോ എന്ന് ആലോചിക്കണം. കഴിഞ്ഞ നാലു വർഷത്തിനിടയിൽ രണ്ടു വർഷം കറൻറ് കട്ട് വന്നു. അതുകൊണ്ട് വൻകിട ഫാക്ടറിക്കാർ ചെലവഴിക്കാമെന്നു പറഞ്ഞാൽ തെർമ്മൽ പ്ലാൻറുകളും തുടങ്ങുന്നതിനെ കുറിച്ച് നമ്മൾക്ക് ആലോചിച്ചുകൂടെ? അണുവൈദ്യുത നിലയങ്ങളെക്കുറിച്ച് കേരളത്തിലുണ്ടായിരുന്ന അഭിപ്രായങ്ങളും ശാസ്ത്രീയമായി നോക്കുമ്പോൾ ശരിയാണ്. ഈ രംഗത്ത് വസ്തുനിഷ്ഠമായ ഒരു പഠനത്തിനുകൂടി ഈ ചർച്ച ഉപകരിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ പിന്താങ്ങുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ക്ഷീരവ്യവസായം, മത്സ്യബന്ധനം, വൈദ്യുതപദ്ധതികളും ഈ മൂന്നു വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. മണിമംഗലത്തു കുട്ട്യാലി സംസാരിച്ചപ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലഘട്ടം കേരളത്തിലെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സുവർണ്ണകാലമായിരുന്നു എന്ന സത്യം ഇവിടെ സൂചിപ്പിച്ചു. എന്നാൽ ഈ കാലഘട്ടം കേരളത്തിലെ ലക്ഷക്കണക്കായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു കണ്ടകശ്ശനി ബാധിച്ചിരിക്കുന്ന കാലഘട്ടമാണ്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറ് നടപ്പിലാക്കിയ പദ്ധതികളും പോലും ഇന്ന് കടലാസിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്. ആ തൊഴിലാളികൾക്കുവേണ്ടി 1984-ൽ സംസ്ഥാന ഗവൺമെൻറ് രൂപീകരിച്ച മത്സ്യഫെഡ് അടിമുടി അഴിമതിയിലാണ്. ഒൻപതു ലക്ഷം മത്സ്യത്തൊഴിലാളികൾ ആശങ്കയോടുകൂടിയാണ് അതിൻെറ പ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിൽനിന്നും വള്ളം, വല, എഞ്ചിൻ തുടങ്ങിയവ വാങ്ങിക്കുന്നതിന് അർഹതപ്പെട്ട ആളുകളെ തിരഞ്ഞെടുക്കുന്നതിന് കൈക്കൂലി കൊടുക്കാതെപറ്റില്ല എന്നു വന്നിരിക്കുകയാണ്. മത്സ്യഫെഡിൻെറ ഉന്നതതലം മുതൽ ഗ്രാമസംഘത്തിൽവരെ ഇന്ന് അഴിമതി നിലനിൽക്കുകയാണ്. ഇപ്പോൾ മത്സ്യബന്ധന സമയത്ത് മരണമടയുന്ന ആളുകൾക്കുള്ള ആനുകൂല്യംപോലും കിട്ടുന്നില്ല. സാങ്കേതികത്വം പറഞ്ഞ് അതുപോലും നിഷേധിക്കുവാനാണ് ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്ക് 600 ലിറ്റർ മണ്ണെണ്ണ കൊടുത്തുകൊണ്ടിരിക്കുന്നു. ആ മണ്ണെണ്ണപോലും വെട്ടിച്ചുരുക്കി 200 ലിറ്ററാക്കിയിരിക്കുകയാണ്. 1981-82-ൽ ഇവർക്കുവേണ്ടി 10,000 വീടുകളുണ്ടാക്കുവാൻ തീരുമാനിച്ചു. 1986 ആയിട്ടും 1098 വീടുകൾ മാത്രമാണ് അവർക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളത്. മത്സ്യഫെഡ് എന്നുപറയുന്ന സ്ഥാപനത്തിനുവേണ്ടി എൻ.സി.ഡി.സി. യിൽനിന്ന് അഞ്ചരകോടിരൂപ ഈ വർഷം അനുവദിക്കുകയുണ്ടായി. അതിൽ രണ്ടരകോടി രൂപയോളം ചെലവഴിച്ചു എന്നാണ് പറയുന്നത്. ആ രണ്ടരകോടി രൂപതന്നെ രണ്ടായിരം രൂപമുതൽ അയ്യായിരം രൂപവരെ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുവാനും അവരുടെ ടി.എ. യും ഡി.എ. യും കൊടുക്കാനും കെട്ടിടങ്ങൾക്കുള്ള വാടക കൊടുക്കാനും മറ്റു ധൂർത്തുകൾക്കും വേണ്ടിയാണ് ചെലവഴിച്ചത്. തൊഴിലാളികൾക്ക് വള്ളം, വല, എഞ്ചിൻ മുതലായവ വാങ്ങിക്കുന്ന പദ്ധതികളെല്ലാം വെറും കടലാസിൽമാത്രം ഒതുങ്ങിനിൽക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയുണ്ടാക്കിയ മത്സ്യഫെഡ് ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് ഊരുവിലക്ക് കൽപ്പിച്ചിരിക്കുകയാണ്. അതിലെ നിയമനങ്ങളിൽ 40 ശതമാനം മത്സ്യത്തൊഴിലാളികൾക്കു വേണ്ടി നീക്കിവെക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ മത്സ്യഫെഡിലെ നിയമനങ്ങൾ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കോ ആ വിഭാഗത്തിലുള്ളവർക്കോ ലഭിക്കുന്നില്ല എന്നുള്ള വസ്തുത എല്ലാവരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആ നിലയിലാണ് മത്സ്യഫെഡിന്റെ പ്രവർത്തനം മുന്നോട്ടു പോകുന്നത്. മറ്റൊന്ന് കടലാക്രമണമുണ്ടായപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപ കേന്ദ്രഗവൺമെന്റ് കൊടുത്തു. ആ പണം പോലും വീടുനഷ്ടപ്പെട്ടവർക്കും ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും കൊടുക്കാതെ പിരിവ് നടത്തിക്കൊണ്ട് കൊള്ളയടിക്കാനാണ് മത്സ്യഫെഡിലെ ഉദ്യോഗസ്ഥൻമാർ ശ്രമിച്ചത്. ആ നിലയിൽ ഒരു റാക്കറ്റായി മത്സ്യഫെഡ് നിൽക്കുകയാണ്. നിയമനങ്ങളെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. ഒട്ടേറെ ആരോപണങ്ങളും ആക്ഷേപങ്ങളും നിയമനങ്ങളെ സംബന്ധിച്ച് പത്രദ്വാരായും ഒക്കെ വന്നിട്ടുണ്ട്. ഈ അസംബ്ലിയിൽത്തന്നെ ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. ഇന്ന് മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കടലാസ് പദ്ധതിയായി നിൽക്കുകയാണ്. ഇന്ന് ഈ ഗവൺമെന്റാകട്ടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനെന്നു പറഞ്ഞിട്ട് പേഴ്സീൻനെറ്റുടമകൾക്കും ബോട്ടുടമകൾക്കും ദാസ്യവേല ചെയ്യുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കേരളഹൈക്കോടതി, ഈ പരിധിനിർണ്ണയം 22 കിലോമീറ്റർ എന്നുള്ളത് 10 കിലോമീറ്ററായി വെട്ടിച്ചുരുക്കി. അതിനെതിരായി അപ്പീൽ കൊടുക്കാൻപോലും ഈ ഗവൺമെന്റ് തയ്യാറായില്ല. ഇപ്പോഴും പേഴ്സീൻ ബോട്ടുടമകൾക്കും ട്രോളിംഗ് ബോട്ടുടമകൾക്കും സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ കേരളത്തിൽ മത്സ്യസമ്പത്ത് അടിക്കടി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1965 ൽ 40 ശതമാനം മത്സ്യം പിടിച്ച കേരളത്തിൽ 1984 ആയപ്പോൾ 25 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 1972-ൽ 85,000 ടൺ ചെമ്മീൻ പിടിച്ച കേരളത്തിൽ 1984-ൽ 31,000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. വിദേശനാണ്യം നേടിത്തരുന്നത് ചെമ്മീനാണ്. ആ ചെമ്മീൻ സമ്പത്ത് അടക്കം കുറഞ്ഞിരിക്കുകയാണ്. മത്സ്യബന്ധനരംഗത്ത് നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തി തൊഴിലാളികളെ രക്ഷിക്കുവാൻ വേണ്ടിയുള്ള ഒരു നടപടിയും സ്വീകരിക്കാതെ ബോട്ടുടമകൾക്കും സമ്പന്നവിഭാഗത്തിനും കൂട്ടുനിന്നുകൊണ്ട് തൊഴിലാളികൾക്കു ദ്രോഹം ചെയ്യുന്ന നടപടിയാണ് ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്കുവേണ്ടി ഒട്ടേറെ കള്ളപ്രചരണങ്ങൾ നടത്തിക്കൊണ്ട് തൊഴിലാളി വിരുദ്ധ സമീപനമാണ് ഈ രംഗത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ചുകൂടി ഒന്നു രണ്ടു കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇലക്ട്രിസിറ്റി ബോർഡ് പിടിപ്പുകേടിന്റെയും ധൂർത്തിന്റെയും ഒരു കേന്ദ്രമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ പത്തു വർഷക്കാലമായി ഇലക്ട്രിസിറ്റിബോർഡിൽ യാതൊരു വിധത്തിലുള്ള പ്രവർത്തനവും നടത്താൻ കഴിയാതെ യാതൊരു പ്ലാനിംഗുമില്ലാതെ പിടിപ്പുകേടിന്റെ പര്യായമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ കോൺട്രിബ്യൂഷൻ സിസ്റ്റത്തിലൂടെ ആയിരുന്നാലും മറ്റു സംഭാവനകളിലൂടെ ആയിരുന്നാലും സ്റ്റാബുസിസ്റ്റ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലൂടെ ആയിരുന്നാലും ജനങ്ങളെ കൊള്ളയടിക്കുന്ന ഇലക്ട്രിസിറ്റിബോർഡ്, ഈ വർഷവും 15½ കോടിയോളം രൂപ ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചുകൊണ്ട് ഉണ്ടാക്കാമെന്നു പറഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റ് തീരുമാനിക്കാതെ, ഈ അസംബ്ലിയിൽ പോലും പറയാതെ ഈ വർഷം ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിക്കുന്നതിലൂടെ 1530 ലക്ഷം രൂപയുണ്ടാക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണിത്. ഞങ്ങൾ അതിൽ വച്ച് വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. ഇവിടെ ഗവൺമെന്റ് തീരുമാനിച്ചോ? ഇത്രയും നയപരമായ തീരുമാനമെടുക്കാൻ ബോർഡിനു അവകാശമുണ്ടോ? ഇങ്ങനെ അവകാശമില്ലാത്ത ബോർഡ് വീണ്ടും ജനങ്ങളെ കൊള്ളയടിക്കുന്നു. 1530 ലക്ഷം രൂപ എന്നു പറഞ്ഞാൽ ഇന്നുള്ള ചാർജ് ഇരട്ടിയാക്കാൻ പോവുകയാണ്. ആ നിലയിൽ ജനങ്ങളെ കൊള്ളയടിക്കാൻ പോവുകയാണ്, അതിനു പറയുന്ന കാരണമെന്താണ്? കേരളത്തിൽ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇലക്ട്രിസിറ്റിക്ക് ചാർജ് കുറവാണെന്നാണ്. ഇത് പറയുമ്പോഴും ഇൻഡ്യയിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്നത് കേരളത്തിലാണ്. അത് കണക്കിലെടുക്കാതെയാണ് ഇങ്ങനെ പറയുന്നത്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങളാരംഭിക്കുവാനും തൊഴിലവസരങ്ങളുണ്ടാക്കുവാനും ഏറ്റവും നല്ല ഒരു കാര്യമായി ചൂണ്ടിക്കാണിച്ചിരുന്നത് ഇലക്ട്രിസിറ്റിയാണ്. ഇന്ന് ആ രംഗത്ത് നമ്മുടെ കേരളത്തെയാകെ തകർത്തുകൊണ്ട്, ഉള്ള വ്യവസായങ്ങൾപോലും പൂട്ടിയിടത്തക്ക വിധത്തിൽ, യാതൊരു പ്ലാനുമില്ലാതെ ആ ബോർഡ് പ്രവർത്തിക്കുകയാണ്, ഇലക്ട്രിസിറ്റി ബോർഡിൽ ഗ്രാമവൈദ്യുത രംഗത്ത് ഹരിജനങ്ങളുടെയും മറ്റു പിന്നോക്കവിഭാഗങ്ങളുടെയും വീടുകളിൽ വെളിച്ചംകൊടുക്കാൽ പദ്ധതിയില്ല. കഴിഞ്ഞ രണ്ടു മൂന്നു വർഷമായി ഈ ഗവൺമെന്റ് ഹരിജൻകോളനികളിലേക്കും മറ്റു പിന്നോക്ക പ്രദേശങ്ങളിലേക്കും മാറ്റിവെച്ച തുകപോലും ലാപ്സാക്കുന്ന നടപടിയാണ് ഇലക്ട്രിസിറ്റിബോർഡ് സ്വീകരിച്ചിട്ടുള്ളത്. 1983-84-ലേയും 1984-85-ലേയും അസംബ്ലിയിലെ രേഖകളെടുത്തു നോക്കിയാൽ ഇത് മനസ്സിലാകും. കാർഷിക രംഗത്തെ പ്രവർത്തനം പോലും തകർത്തുകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയെതന്നെ തകർക്കുന്ന രീതിയിലുള്ള നടപടികളുമായിപോകുന്ന ഇലക്ട്രിസിറ്റി വകുപ്പിനും ഫിഷറീസ് വകുപ്പിനും വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ]

ശ്രീ. ടി. വി. വിജയരാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. താമരാക്ഷന്റെ പ്രസംഗത്തിൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്ന കാലത്ത് ഇവിടത്തെ മൽസ്യത്തൊഴിലാളിക്ഷേമപ്രവർത്തനം വളരെ ശക്തിയായി നടത്തിയെന്നും, ഈ ഗവൺമെന്റ് വന്നതിനുശേഷം അത് തകർച്ചയിലാണെന്നും പറഞ്ഞു. വാസ്തവത്തിൽ ശ്രീ. താമരാക്ഷൻ കണ്ണടച്ചിരിക്കുകയാണ്. സത്യം അദ്ദേഹത്തിനറിയാം. കഴിഞ്ഞ 4 വർഷങ്ങളായി മൽസ്യത്തൊഴിലാളികളുമായി ബന്ധപ്പെടുന്ന ഏതൊരാൾക്കും അക്കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ മൽസ്യത്തൊഴിലാളികൾ മാത്രമേയുള്ളു. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സമയത്തും ഞാൻ അവരുമായി ബന്ധപ്പെടുന്നുണ്ട്. കഴിഞ്ഞ 4 വർഷക്കാലത്തിനിടയ്ക്ക് പ്രത്യേകിച്ചും എടുത്തുപറയട്ടെ, നമ്മുടെ മുഖ്യമന്ത്രി ഫിഷറീസ് വകുപ്പ് ഏറെടുത്തതിനുശേഷം, വിപ്ലവകരമായ മാറ്റങ്ങൾതന്നെ അവിടെ വന്നിട്ടുണ്ട്. മൽസ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ രൂപീകരിച്ചുവെന്നുമാത്രമല്ല എന്റെ പഞ്ചായത്തിലെ വീടില്ലാത്ത മുഴുവൻ മൽസ്യത്തൊഴിലാളികൾക്കും വീട് വച്ചുകൊടുക്കാൻ കഴിഞ്ഞു. ഏഴോ, എട്ടോ ആളുകൾക്ക് ഇടതുപക്ഷമുന്നണിയുടെ ഭരണകാലത്ത് ബോട്ടുകളിൽ എഞ്ചിൻ ഫിറ്റുചെയ്തുകൊടുത്തു. പക്ഷേ, ഇപ്പോഴാണ് ആവശ്യപ്പെട്ടവർക്കെല്ലാംതന്നെ വളളവും വലയും അതുപോലുള്ള ഉപകരണങ്ങളുമെല്ലാം കൊടുക്കാൻ കഴിഞ്ഞത്. അതുപോലെതന്നെ പഞ്ചായത്ത് ഡിസ്പെൻസറികളും റോഡുകളും കൊടുത്ത് മൽസ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിഗണന ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ് കൊടുത്തിട്ടുള്ളതെന്ന് അറിയാവുന്ന ശ്രീ. താമരാക്ഷൻ ഉള്ളിന്റെ ഉള്ളിൽ ഇതിനെ അനുകൂലിക്കുമെങ്കിലും പുറമേ എതിർത്ത് പ്രസംഗിക്കേണ്ടതുകൊണ്ട് അങ്ങനെ പ്രസംഗിക്കുന്നുവെന്നുമാത്രം. അക്കാര്യം ഞാൻ ശ്രീ. താമരാക്ഷനെ ഓർമ്മിപ്പിക്കുന്നു.

ശ്രീ. വി. ദിനകരൻ: ശ്രീ. താമരാക്ഷന് ഇത്തരം കാര്യങ്ങളെല്ലാം വളരെ വ്യക്തമായി അറിയാമെങ്കിലും, അപ്പുറത്തിരിക്കുന്നുവെന്നുള്ള ആ ഒരു ഗതികേടുകൊണ്ട് പറയാൻ ബാദ്ധ്യസ്ഥനാണെന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. ടി. വി. വിജയരാജൻ: താമരാക്ഷന് ഇക്കാര്യങ്ങളറിയാം. വളരെ വ്യക്തമായിട്ടറിയാം. മറ്റ് ഏത് രംഗത്തേക്കാളും ഈ ഗവൺമെന്റ് ഇറങ്ങിച്ചെന്ന് പ്രവർത്തിച്ച ഒരു രംഗം മൽസ്യത്തൊഴിലാളി രംഗമാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, പോയിന്റ് ഓഫ് ഓർഡർ. കേരളത്തിലെ മൽസ്യത്തൊഴിലാളികളെ സഹായിക്കാനെന്നുള്ളപേരിൽ ഒരു ക്ഷേമനിധിബോർഡ് രൂപീകരിച്ചതിനുശേഷം അതിന്റെ പ്രവർത്തനം പോലും നടത്താതെ തൊഴിലാളികളെ ദ്രോഹിക്കുന്ന ഈ ഗവൺമെന്റിന് അവർക്കുവേണ്ടി വാദിക്കുന്നതിനു അവകാശമുണ്ടോ?

ശ്രീ. ടി. വി. വിജയരാജൻ: ഒരു ദ്രോഹവുമില്ല. ഇവിടെയുള്ള തൊഴിലാളികളെ ദ്രോഹിക്കുന്നുവെന്ന് താമരാക്ഷനെപ്പോലുള്ളവർ മാത്രമേ പറയുകയുള്ളു. ക്ഷേമബോർഡുവഴി നടത്തുന്ന പ്രവർത്തനം— ശ്രീ. താമരാക്ഷന്റെ ഗവൺമെന്റ് 10000 രൂപ കൊടുത്ത സ്ഥാനത്ത് ഇപ്പോൾ 15000 രൂപയായി വർദ്ധിപ്പിച്ചു.

ശ്രീ. വി. ദിനകരൻ: മൽസ്യത്തൊഴിലാളി ക്ഷേമനിധി രൂപീകരിക്കുകയും മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാനായി ഒരു കോടി രൂപ നീക്കിവെയ്ക്കണമെന്ന് തീരുമാനിക്കുകയും ചെയ്ത കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ടി. വി. വിജയരാജൻ: ഇതെല്ലാം അറിഞ്ഞുകൊണ്ട് പൂച്ച പാലുകുടിക്കുംപോലെ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. ശ്രീ. താമരാക്ഷന് ഈ വിവരങ്ങളൊക്കെ അറിയും. മൽസ്യത്തൊഴിലാളികളുടെയിടയിൽ ചെന്ന് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങളെ കുറിച്ച് പറഞ്ഞാൽ വോട്ട് വാങ്ങിക്കാമെന്ന് ഇനി കരുതണ്ട. മറ്റു വല്ല വഴിയും നോക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, 'മൂത്തവർ ചൊല്ലും മുതു നെല്ലിയ്ക്ക മുമ്പേ കയ്ക്കും, പിമ്പേ മധുരിക്കു'മെന്നൊരു പഴഞ്ചൊല്ലുണ്ട്. ഇപ്പോഴും ദിനകരനായ മൂത്ത സഹോദരൻ പറയുന്നത് കയ്ക്കുമെങ്കിലും താമരാക്ഷനു പിന്നെ മധുരിക്കുമെന്നുള്ള കാര്യം മെമ്പർ അറിയാമോ?

ശ്രീ. ടി. വി. വിജയരാജൻ: വ്യക്തമായിട്ടറിയാം. താമർകുഷ്നും ഇക്കാര്യങ്ങളെല്ലാമറിയും. ഇവിടെനിന്നിറങ്ങിയാൽ അതദ്ദേഹം സമ്മതിക്കുകയും ചെയ്യും. സർ, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും പലഭാഗത്തും തുടങ്ങിയിട്ടുണ്ട്. അവിടെയൊക്കെ ഹോസ്റ്റൽ സൗകര്യം ശരിയായിട്ടില്ല. അത് ഒന്നുകൂടി ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ ഡെത്ത് മണിയുടെ കാര്യം. മരിക്കുമ്പോഴും കിട്ടുന്ന തുക ഇപ്പോഴും വളരെ താമസിച്ചാണ് കിട്ടുന്നത്. അത് കഴിയുന്നതുംവേഗം കൊടുക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കണം. നീണ്ടകര അഴിയുടെ കാര്യം കഴിഞ്ഞ ഒന്നുരണ്ടുദിവസംമുമ്പ് പത്രങ്ങളിൽവന്നു. നീണ്ടകര അഴിമുഖത്തിന് ആഴമില്ലാത്തതുകാരണം കഴിഞ്ഞവർഷം അവിടെ അപകടമുണ്ടായി. വളരെയധികം ബോട്ടുകളും കടൽഭിത്തിയിൽ വന്നടിച്ച് ധാരാളം തൊഴിലാളികളും മരിച്ചിട്ടുണ്ട്. ഈ വർഷവും അത് തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി നീണ്ടകര അഴിയുടെ ആഴംകൂട്ടി തൊഴിലാളികളുടെ ബോട്ട് കടൽഭിത്തിയിൽ അടിച്ച് തകരുന്നതിൽനിന്നും രക്ഷിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഈ അപകടത്തിൽപ്പെടുന്ന തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനുവേണ്ടി ഇപ്പോഴുള്ള സംവിധാനം അത്ര ശരിയല്ല. നീണ്ടകരയിൽ ആ സംവിധാനങ്ങളും കുറെകൂടി മെച്ചപ്പെടുത്തണം. അതിനുവേണ്ടി കാര്യക്ഷമമായ പ്രവർത്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ രാജ്യത്ത് പവർക്കട്ടുമൊക്കെ വന്നതിന്റെ അടിസ്ഥാനത്തിൽ വളരെ ബുദ്ധിമുട്ടാണ്. ജലവൈദ്യുതപദ്ധതികളെ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയമെന്താണ്? ഈ ഗവൺമെന്റ് ഒരു ഭാഗത്ത് പദ്ധതികളും വേണമെന്ന് പറയും; എന്നാൽ ഈ ഗവൺമെന്റിലുള്ള വനംവകുപ്പുമന്ത്രിയും മറ്റുള്ളവരും അത് വേണ്ടെന്നുവയ്ക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്യുകയും ചെയ്യും. നമ്മുടെ ഈ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി കിട്ടാതിരിക്കാൻ പ്രധാന കാരണംതന്നെ വനംവകുപ്പാണ്. ഏതായാലും മന്ത്രിസഭയിൽനിന്നും ശ്രീ. ബാലകൃഷ്ണപിള്ള ഇനിയും പോകുമെന്നുള്ളതുകൊണ്ട് അദ്ദേഹം മറുപടി പറയുകയില്ല. ആത്മാർത്ഥമായി ചോദിച്ചാൽ അദ്ദേഹം പറയും വനംവകുപ്പാണ് ഇതിനേറ്റവും പ്രധാന തടസ്സമെന്ന്. സർ, എന്റെ പാലക്കാട് ജില്ലയിലുള്ള കുരിയാർകുട്ടി-കാരപ്പാറ പദ്ധതികൾക്ക് ആരാണ് തടസ്സം? സത്യസന്ധമായി ശ്രീ. ബാലകൃഷ്ണപിള്ള പറയണം. ആ പദ്ധതി വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. മൃഗങ്ങൾക്ക് കിഴക്കും പടിഞ്ഞാറും പോകാൻ തടസ്സമാണെന്ന് പറഞ്ഞ് വനംവകുപ്പ് കേന്ദ്രഗവൺമെന്റിലേക്ക് എഴുതുക, എന്നിട്ട് പരിസ്ഥിതി വകുപ്പിനെകൊണ്ട് തടസ്സം സൃഷ്ടിക്കുക ഇങ്ങനെ ഒരു ഏർപ്പാട് എന്തിനാണ്? ഈ ഗവൺമെന്റിനു ഉള്ള കാര്യങ്ങളും നേരിട്ടു പറഞ്ഞുകൂടേ? വനം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുതന്നെ ഇതിന് തടസ്സം നിൽക്കുകയാണ്. എന്നിട്ട് ആളുകളുടെ മുമ്പിൽ പദ്ധതി തുടങ്ങാൻ പോകുന്നു എന്നുപറയുന്ന ഒരേർപ്പാട് ശരിയല്ല. അതുപോലെതന്നെ എന്റെ സുഹൃത്ത് ശ്രീ. ബാവ പറഞ്ഞു, മാനന്തവാടി പദ്ധതി.....

ശ്രീ. കെ. ഇ. ഇസ്മയിൽ: കാരപ്പാറ-കുരിയാർകുട്ടി പദ്ധതിയുടെ കാര്യത്തിൽ, ഈ വനംവകുപ്പിന്റെ റിപ്പോർട്ടിനുപുറമേ ആ പദ്ധതി നടപ്പിലാക്കിയാൽ നെല്ലിയാംപതി പ്രദേശത്തെ പതിനായിരക്കണക്കിന് ഏക്കർ എസ്റ്റേറ്റുകളും നശിക്കുമെന്നുള്ളതുകൊണ്ട്, ആ എസ്റ്റേറ്റുകാരുടെ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് ആ പദ്ധതി മുടങ്ങിയതെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: എല്ലാവർക്കുമറിയാം. ആര്യാടനും നൂറുദ്ദീനും അതിൻമേൽ സ്വീകരിച്ചനടപടിയും എല്ലാവർക്കും അറിയാം. അതിൽ പ്രത്യേകിച്ച് ഒന്നും പറയേണ്ട കാര്യമില്ല. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിക്കും അതറിയാം. ശ്രീ. ബാലകൃഷ്ണപിള്ളക്കും അറിയാം. പക്ഷേ ഇവിടെ പറയുകയില്ല. പറഞ്ഞാൽ മന്ത്രിസ്ഥാനം ഇനിയും പോകുമെന്നുള്ള പേടിയായിരിക്കും. അതുപോലെ ഇലക്ട്രിസിറ്റി ചാർജ് കണ്ടമാനം വർദ്ധിപ്പിച്ചു. അത് കേന്ദ്രഗവൺമെന്റിന്റെ ഡയറക്ഷനാണ്, ബോർഡിന് കൂടുതൽ ലാഭം കിട്ടാൻവേണ്ടിയിട്ടാണ് എന്നാണ് പറഞ്ഞത്. കേന്ദ്രഗവൺമെന്റിന്റെ ഡയറക്ഷൻ അതല്ല, ചെലവുചുരുക്കി ഇത് നടപ്പാക്കണമെന്നാണ്. സർ, നിങ്ങളുടെകാലത്ത് ചെലവ് ചുരുക്കാനുള്ള പദ്ധതിയുണ്ടോ? കേരള കോൺഗ്രസ് എന്നു പറഞ്ഞാലെന്താണ്? ഈ ഇലക്ട്രിസിറ്റിവകുപ്പ് ശ്രീ. മാണി ഭരിച്ചാലും ശരി ശ്രീ. ബാലകൃഷ്ണപിള്ള ഭരിച്ചാലും ശരി ഇത് കട്ടുമുടിക്കുകയാണ് ചെയ്യുന്നത്. കക്കാട് ജലവൈദ്യുതപദ്ധതിയിൽ എന്താണ് ശ്രീ. മാണി കാണിച്ചത്? സർ, കഴിഞ്ഞ മാർച്ചുമാസത്തിൽ എന്താണ് ചെയ്തത്? അതിന്റെ ടണലിന് കോൺട്രാക്ട് കൊടുത്തു. അതിൽ മൂന്ന് ആളുകളും ടെൻഡർ വച്ചു.

ശ്രീ. പി. സി. ജോർജ്: സർ, ഇപ്പോൾ ശ്രീ. മാണിയല്ല ശ്രീ. ബാലകൃഷ്ണപിള്ളയാണ് ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്യുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ആരായാലും ഇലക്ട്രിസിറ്റിവകുപ്പ് ശ്രീ. മാണി കൈകാര്യം ചെയ്ത സമയത്തുള്ളതാണ്. സർ, ആ ടണൽ മൂന്ന് ആളുകളും കോൺട്രാക്ട് എടുത്തു. അതിലൊരാൾ 'ഷാ ആൻഡ് കമ്പനി' ആണ്. അവർക്ക് 157% എബൗവിനാണ് കൊടുത്തു.

ശ്രീ. വി. ദിനകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ: റൂൾ 285. No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply:

സർ, എഴുതിക്കൊടുത്തിട്ടാണോ ഈ മെമ്പർ ഇവിടെ അലിഗേഷൻ ഉന്നയിക്കുന്നത്? അല്ലെങ്കിൽ അത് ഒഴിവാക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇന്ന് രാവിലെ എഴുതിക്കൊടുത്തിട്ടുണ്ട്.

വിദ്യുച്ഛക്തിവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, നിയമസഭാചട്ടം അനുസരിച്ച് ഈ നിയമസഭയിലെ ഒരംഗത്തിനെതിരായോ മന്ത്രിയ്ക്കെതിരായോ എഴുതിക്കൊടുത്താൽ ആ അംഗത്തിന് മറുപടി പറയാനുള്ള സൗകര്യം കിട്ടണം. അദ്ദേഹം ഇവിടെ എഴുതിക്കൊടുത്തിരിക്കുന്നതും അദ്ദേഹം പറയുന്നതും മറൊരു അംഗത്തിനെതിരായിട്ടാണ്. എനിക്ക് മറുപടി പറയാൻ കഴിയും, നമ്മുടെ പ്രീസിഡൻറ് അനുസരിച്ച്, മറുപടി പറയാൻ സമയം കൊടുക്കണം. ഇതൊന്ന് കേട്ടിട്ട് റൂളിംഗ് കൊടുക്കുന്നതിന് കുഴപ്പമില്ല.

ചെയർമാൻ: ഞാൻ അതാണ് പറഞ്ഞത്. അദ്ദേഹത്തിന് പിന്നെ അതിന് മറുപടി പറയാൻ അവസരമുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അദ്ദേഹത്തിനാണ് കൊടുക്കേണ്ടതെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. ബേബിജോൺ തെറ്റിദ്ധരിച്ചാണ് പറഞ്ഞത്. സർ, ആരെപ്പറ്റിയാണോ അലിഗേഷൻ ഉന്നയിക്കുന്നത് ആ ആളിനാണ് എഴുതിക്കൊടുക്കേണ്ടത്. പക്ഷേ, ഇത് എനിക്കാണ് എഴുതിത്തന്നിരിക്കുന്നത്.

ശ്രീ. ബേബിജോൺ: നിയമസഭയിലെ ഒരു മന്ത്രിയെക്കുറിച്ചുള്ള അലിഗേഷനാണെങ്കിൽത്തന്നെ ഇലക്ട്രിസിറ്റി വകുപ്പിന്റെ ചാർജ് വഹിക്കുന്ന മന്ത്രിക്ക് നിങ്ങൾ കൊടുക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശരിയല്ല. ഈ പ്രീസിഡൻറ് ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്.....(തടസ്സം).....

ചെയർമാൻ: ഇതേക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. സി. ജോർജ്: ഈ ആരോപണമെന്ന് പറയുന്നത് ബഹുമാനപ്പെട്ട ഇറിഗേഷൻവകുപ്പുമന്ത്രി കെ. എം. മാണിയെക്കുറിച്ചാണെന്നു പറഞ്ഞു. അദ്ദേഹം ഈ സഭയിലില്ല. അദ്ദേഹത്തിന് നോട്ടീസ് കൊടുത്തിട്ടില്ല. ഇലക്ട്രിസിറ്റിവകുപ്പുമന്ത്രി ബാലകൃഷ്ണപിള്ളയ്ക്കാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സഭയിൽ ചില കീഴ്വഴക്കങ്ങളുണ്ട്. നിയമസഭാചട്ടത്തിൽ ഇത് പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആർക്കെതിരായി ആക്ഷേപം ഉന്നയിക്കുന്നുവോ ആ ആൾക്ക് നോട്ടീസ് കൊടുക്കണമെന്നാണ് വ്യവസ്ഥ. അദ്ദേഹം നോട്ടീസ് തന്നിരിക്കുന്നത് എനിക്കാണ്. ഈ പ്രീസിഡൻറ് ശരിയാണോ എന്ന് ചെയർ ആലോചിക്കണം. ആലോചിച്ച് റൂളിംഗ് തന്നാൽമതി.

ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയ നോട്ടീസ് ഹാൻഡ് ഓവർ ചെയ്യാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഞാനല്ല നോട്ടീസ് ഹാൻഡ് ഓവർ ചെയ്യേണ്ടത്. The person who is making an allegation against any other member of the assembly will have to give a notice to the particular member or the Minister concerned.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ഡിമാൻഡ് ചർച്ചയാണിത്. ഈ ഡിമാൻഡ് ചർച്ചവേളയിൽ, ആ വകുപ്പ് കൈകാര്യം ചെയ്യുന്നത് ഏത് മന്ത്രിയാണോ ആ മന്ത്രിക്കാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്. സ്വാഭാവികമായിട്ട് അത് വകുപ്പുമന്ത്രിക്കേ കൊടുക്കാനൊക്കുകയുള്ളു. അദ്ദേഹം മറുപടി പറയണം. അദ്ദേഹത്തിന് മറുപടി പറയാൻ വയ്യെങ്കിൽ മറ്റേ മന്ത്രിക്ക് അവസരം കൊടുക്കണം.

ഡോക്ടർ കെ. സി. ജോസഫ്: ഇത് പേഴ്സണലായിട്ടുള്ള ഒരു ആരോപണമാണ്. ആ പേഴ്സണ് നോട്ടീസ് കൊടുക്കേണ്ടതാണ്.

ചെയർമാൻ: മറുപടി പറയാനുള്ള അവസരം സഭയിൽ ഉണ്ടല്ലോ.

ഡോക്ടർ കെ. സി. ജോസഫ്: അതിന് നോട്ടീസ് കൊടുക്കണം. കൺസേൺഡ് മെമ്പർക്ക് നോട്ടീസ് കൊടുക്കണം. മറുപടി പറയാൻ വേണ്ടി ഡോറാസ് കളക്ടുചെയ്യുന്നതിന് ആ വ്യക്തിക്ക് നോട്ടീസ് കൊടുക്കേണ്ടതാണ്. ആ പർട്ടിക്കുലർ മെമ്പർക്ക് കൊടുത്തിട്ടില്ല. ഈ സഭയിലെ മെമ്പറായ ശ്രീ. കെ.എം. മാണിക്കെതിരായിട്ടാണ് ആരോപണമുന്നയിക്കുന്നത്. ശ്രീ. കെ.എം. മാണിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടോയെന്ന് ചെയറിൽനിന്നു പറയണം.

ശ്രീ. ബേബിജോൺ: ഈ നിയമത്തിന് ഒരു ഉദ്ദേശമുണ്ടല്ലോ. ആ ഉദ്ദേശം എന്നു പറയുന്നത് മറുപടി പറയുന്നതിനുള്ള അവസരത്തിനുവേണ്ടി നേരത്തെ കൊടുക്കണമെന്നുള്ളതാണ്. വളരെ സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. സ്പീക്കർക്കു കൊടുക്കണം, കൺസേൺഡ് മിനിസ്റ്റർക്ക് കൊടുക്കണം. എങ്കിൽ മാത്രമേ മറുപടി പറയാൻ എളുപ്പമുണ്ടായിരിക്കയുള്ളു. ഇലക്ട്രിസിറ്റി ബോർഡിന്റെ ചാർജ് വഹിച്ചിരുന്ന ഒരു മന്ത്രി ആ ബോർഡിന്റെ കാര്യങ്ങൾ ചർച്ചചെയ്യുന്ന അവസരത്തിൽ അല്ലാതെ എപ്പോഴാണ് കൊടുക്കുന്നത്?

Shri R. Balakrishna Pillai: Sir, rule 285 clearly says that 'No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply'. ഇതാണ് പറഞ്ഞിരിക്കുന്നത്. വളരെ ക്ലിയറാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ബഹുമാനപ്പെട്ട മന്ത്രി ഈ റൂൾ തെറ്റായിട്ട് വായിക്കുകയാണ് ചെയ്തത്. വായിച്ചുനോക്കിയാൽ വളരെ ക്ലിയറായിട്ട് മനസിലാകും. റൂൾ 285-ൽ പറയുന്നത് ഒരു മെമ്പർക്കെതിരായി, ഒരു മന്ത്രിക്കെതിരായി, ഒരു ആരോപണമുന്നയിക്കുകയാണെങ്കിൽ അത് സ്പീക്കർക്ക് എഴുതിക്കൊടുത്തിട്ടേ ഉന്നയിക്കാവൂ എന്നാണ്. എന്നാൽ കൺസേൺഡ് മെമ്പർ എന്ന് ഇതിനകത്തില്ല. ബഹുമാനപ്പെട്ടമന്ത്രി വായിച്ചപ്പോൾ മിനിസ്റ്റർ എന്നുള്ളത് മെമ്പർ എന്നാക്കി വായിക്കുകയാണ് ചെയ്തത്. "No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply". കൺസേൺഡ് മെമ്പർക്ക് കൊടുക്കണമെന്നില്ല..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ജോസ്: ബഹുമാനപ്പെട്ട ആർ.എസ്. ഉണ്ണിയുടെ ഇൻറർപ്രട്ടേഷൻ എടുത്താൽത്തന്നെ ശ്രീ. കെ. എം. മാണി ഇവിടെ മന്ത്രിയാണ്. അദ്ദേഹത്തെക്കുറിച്ച് എന്തെങ്കിലും പറയണമെങ്കിൽ അത് എഴുതിക്കൊടുക്കാതെ പറയാൻ പറ്റില്ല.....(ബഹളം).....

ചെയർമാൻ: റൂം വളരെ സ്പെസിഫിക്കാണ്. കൺസേൺഡ് മിനിസ്റ്റർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നു. സ്പീക്കർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നു. എന്റെ റൂളിംഗ് കറക്ടാണ്. ഞാൻ ആദ്യംതന്നെ റൂളിംഗ് നൽകിയതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങനെയാണെങ്കിൽ റൂം 285-ന് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. ബാലകൃഷ്ണപിള്ള ഇത്രയും പറഞ്ഞില്ലെങ്കിൽ ശരിയാകില്ല. ഈ മൂന്നാളുകളുടെ ടെൻറും ഇവിടെ സ്വീകരിച്ചു. ഷാ ആൻറ് കമ്പനി 157 ശതമാനം എബൗവിനാണ് ടെൻറർ എടുത്തത്. പൈലപ്പിള്ളി 102 ശതമാനത്തിനാണ് ടെൻറർ എടുത്തത്. പിന്നെ മന്ത്രിയുടെ സ്വന്തമാളായ കെ. പി. പൗലൂസ് 104 ശതമാനത്തിനാണ് ടെൻറർ എടുത്തത്. ഇതിൽ ടെൻറർ കൊടുത്താൽ ടെൻറർ സ്വീകരിക്കുന്നത് ഏറ്റവും ചുരുങ്ങിയതിനാണ്. ഇവിടെ അദ്ദേഹമെന്തുചെയ്തുവെന്നുവച്ചാൽ ആ മൂന്നാളുകളെയും വിളിച്ചുവരുത്തി സംസാരിച്ചതിനുശേഷം 118 ശതമാനത്തിന് മൂന്നാളിനുമായിട്ട് കൊടുത്തു. മൂന്നാളിനും കൊടുത്തു.....(ബഹളം).....

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ശ്രീമാൻ ബാലകൃഷ്ണപിള്ളക്ക് ധൈര്യമുണ്ടെങ്കിൽ ആ ഫയൽ മേശപ്പുറത്തുവയ്ക്കട്ടെ. ഷാ ആൻറ് കമ്പനിക്ക് വർക്കിൻറെ 50 ശതമാനം കൊടുത്തു. അതിന് 25 ലക്ഷം രൂപയാണ് കമ്മീഷൻ കിട്ടിയത്. ബോർഡിനും ഗവൺമെൻറിനുമുള്ള കമ്മീഷൻ ഞാൻ പറയുന്നില്ല. രണ്ടാമത് പൈലപ്പിള്ളിക്ക് 35 ശതമാനം വർക്കുകൊടുത്തു. അതിന് 10 ലക്ഷം രൂപയാണ് അദ്ദേഹത്തിന് കമ്മീഷനായി കിട്ടിയത്. കെ. പി. പൗലോസിന് എത്ര കിട്ടിയെന്നറിയില്ല. മാണിയുടെ സ്വന്തമാളാണദ്ദേഹം. അദ്ദേഹത്തിന് 15 ശതമാനം വർക്കേ കൊടുത്തിട്ടുള്ളു. ആ കൊടുത്തതിൽത്തന്നെ ഇടമലയാറിലെ എൻകയറി കഴിഞ്ഞശേഷമേ നിങ്ങൾ പണിചെയ്യാൻ പാടുള്ളുവെന്നാണ് എഗ്രിമെൻറ് എഴുതിക്കൊടുത്തത്..... (ബഹളം)..... അദ്ദേഹം വേറൊരു സ്ഥലത്ത് പണി നടത്തുന്നുണ്ട്. ഇടമലയാറിൽ അദ്ദേഹം പണി നടത്തുന്നതെങ്ങനെ? എങ്ങനെയാണ് ഇതു രണ്ടും കൂടി യോജിക്കുക? ഒന്നിൽ കോടതിയുടെ ജുഡീഷ്യൽ അന്വേഷണം കഴിഞ്ഞിട്ടേ പണി ചെയ്യാൻ പാടുള്ളുവെന്നു പറയുക, മറൊന്നിൽ പണി നടത്തിക്കൊണ്ടിരിക്കുക. അലക്സ് വള്ളിക്കുന്ന് അദ്ദേഹത്തോട് ഇടമലയാറിൽ .....(ബഹളം).....ശ്രീ. കെ.എം. മാണി ഈ വകുപ്പ് ഏറെടുത്തപ്പോൾ കേരളകോൺഗ്രസ്സുകാർ, കിട്ടിയത് എങ്ങനെ വിഴുങ്ങുമെന്നാണ് നോക്കിയത്. ഒരു ഭാഗത്ത് ഇലക്ട്രിസിറ്റി നഷ്ടമാണെന്നും ബോർഡ് നഷ്ടത്തിലാണെന്നും പറഞ്ഞ് ചാർജ് കൂട്ടുക മറുഭാഗത്ത് അഴിമതിയുണ്ടാക്കി ഇലക്ട്രിസിറ്റിബോർഡിന് എത്രത്തോളം നഷ്ടം വരുത്താമെന്നു നോക്കുക. ഈ നഷ്ടമൊന്നും രാജ്യത്തെ ജനങ്ങൾ സഹിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഫയൽ മേശപ്പുറത്തുവയ്ക്കാൻ തയ്യാറായില്ലെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ജി.ആർ. കർത്താ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. വിദ്യുച്ഛക്തി വകുപ്പിൽനിന്ന് ഹരിജനങ്ങൾക്ക് വൈദ്യുതി കൊടുത്തിട്ടില്ലെന്ന പരാതി ഈ സഭയിൽനിന്ന് ഉയർന്നു കേട്ടു. കഴിഞ്ഞ നാലുവർഷക്കാലമാണ് ഹരിജനങ്ങൾ വെളിച്ചംകണ്ട വർഷമെന്നു പറയാൻ എനിക്ക് യാതൊരു മടിയുമില്ല. കഴിഞ്ഞ മാർച്ചുമാസം 30-ാം തീയതിക്കകമായിട്ട് മിക്കവാറും ഹരിജൻ കോളനികളിലും ദുർബലജനവിഭാഗങ്ങൾ താമസിക്കുന്ന ഭാഗത്തുമൊക്കെ വെളിച്ചം കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളത് പരമാർത്ഥമാണ്. വെളിച്ചവിപ്ലവം നടത്തിയതിന്റെ ഫലമായി കൂടുതൽ കണക്ഷനുകൾ രാജ്യത്ത് കൊടുക്കാൻ ഇടവന്നു. അതുകൊണ്ട് കുറേ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. നമ്മുടെ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് എനിക്കഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെ കൂടുതൽ കണക്ഷനുകൾ കൊടുക്കുമ്പോൾ അടുത്തുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാനുള്ള ഒരേർപ്പാടുകൂടി ഇവിടെ ഉണ്ടാക്കേണ്ടിയിരിക്കുന്നുവെന്നാണ്. അത് ശ്രീമാൻ ബാലകൃഷ്ണപിള്ള ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്. ഈ രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. .....(ബഹളം).....

ശ്രീ. എസ്.ആർ. തങ്കരാജ്: എൻ.ഡി.പി. എം.എൽ.എ.മാരുടെ നേതൃത്വം ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഏറ്റെടുത്തിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ വകുപ്പുകൊണ്ട് എൻ.ഡി.പി. എം.എൽ.എ.മാർ തൃപ്തിപ്പെടണമെന്നുള്ള നിർദ്ദേശം അദ്ദേഹം വച്ചിട്ടുണ്ടെന്നും ഉള്ള ആക്ഷേപം ജനങ്ങളുടെ ഇടയിലുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതേക്കുറിച്ചുള്ള അഭിപ്രായമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: എൻ. ഡി. പി. യും ഇലക്ട്രിസിറ്റിയുമായി എന്താണു ബന്ധം?

ശ്രീ. കെ.ജി.ആർ. കർത്താ: ആരെല്ലാം എന്തെല്ലാം പറയുന്നു! അതൊക്കെ ആരന്വേഷിക്കാൻ പോകുന്നു? എൻ.ഡി.പി. യുടെ കാര്യം പല മെമ്പർമാരും ഇവിടെ പറഞ്ഞതാണ്. രാഷ്ട്രീയ പാർട്ടികളുടെ കാര്യങ്ങളൊന്നും പറയരുതെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അത് പറയുകയാണെങ്കിൽ ഞങ്ങൾക്ക് വളരെയധികം പറയാനുണ്ട്. ധാരാളം പറയാനുണ്ട്. ശ്രീമാൻ കുറുപ്പിനോടും ശ്രീ. നമ്പാടനോടും ശ്രീ. തങ്കരാജിനോടുമൊക്കെ ധാരാളം പറയാനുണ്ട്. സർക്കസ് കൂടാരത്തിലെ കോമാളികൾ പറയുന്ന കാര്യങ്ങളൊന്നും ഞങ്ങൾ കേൾക്കാൻ പോകുന്നില്ല. ശ്രീമാൻ ബാലകൃഷ്ണപിള്ള ഞങ്ങൾക്ക് ബഹുമാന്യനായ വ്യക്തിയാണ്. ഞങ്ങൾ മറ്റൊരു സംഘടനയിൽ ഒരുമിച്ചു പ്രവർത്തിക്കുന്ന ആളുകളാണ്. അദ്ദേഹത്തെപ്പറ്റി കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല.

സർ, ഈ വകുപ്പിനെപ്പറ്റിയാണ് പറയുന്നത്. ഹരിജനങ്ങളുടെ കോളനികളിൽ മാർച്ച് 30-ാം തീയതിക്കകം എത്രയോ കണക്ഷനുകൾ ആണ് കൊടുത്തത്! അതേ അവസരത്തിൽ നമുക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. സമ്പൂർണ്ണമാണെന്ന് ഞാൻ വിശ്വസിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. എല്ലാം ഒരു പൂർണ്ണതയിൽ എത്തിയ കാലഘട്ടമാണെന്ന് ഞാൻ പറയുന്നില്ല. വളരെ സമർത്ഥമായ രീതിയിൽ എല്ലാ ഭാഗത്തും കൊടുക്കാൻ സാധിച്ചിട്ടുണ്ട്.

അതുപോലെ സ്ലാബ് സിസ്റ്റം ഒന്നു പരിശോധിക്കണം, എന്ന് എന്റെ അഭ്യർത്ഥനയുണ്ട്. അദ്ദേഹം അത് അന്വേഷിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴത്തെ ഈ സ്ലാബ് സിസ്റ്റം കൊണ്ട് വാസ്തവത്തിൽ ഈ കറൻറ് ദുർവിനിയോഗം ചെയ്യുകയാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് കണക്കുകൂട്ടിയെടുക്കാനുള്ള ഉദ്യോഗസ്ഥന്മാർ കുറവാണെങ്കിൽ അത് മറേറതെങ്കിലും തരത്തിൽ പരിഹരിച്ച് ആക്ച്വൽ ആയിട്ട് ചെലവാക്കുന്ന കറൻറിന് കാശ് പിരിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയാൽ സർക്കാരിന് കൂടുതൽ ലാഭം കിട്ടും എന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതുപോലെ ഇപ്പോഴത്തെ ഭാഗികമായിട്ടും പല ഭാഗത്തും വെളിച്ചം നിർത്തിയിട്ടുണ്ട്; ഏതാനും മണിക്കൂർ സമയം അതിന് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. അതിന് ഗവൺമെൻറ് അൽപം നഷ്ടം സഹിച്ചാലും ഒരു ചെറിയ നഷ്ടമേ അതിൽ ഉണ്ടാകുകയുള്ളു. ഈ ലോഡ് ഷെഡ്ഡിങ്ങ് സമ്പ്രദായം ഒന്ന് പുനഃപരിശോധന ചെയ്ത് എപ്പോഴും വെളിച്ചം കിട്ടത്തക്ക ഒരു ഏർപ്പാട് ഉണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുക മാത്രമാണ് ചെയ്യുന്നത്.

ശ്രീ. എൻ. ശങ്കരൻ നാടാർ: സർ, ഫിഷറീസ്, ഇലക്ട്രിസിറ്റി, ക്ഷീരവികസനം എന്നീ വകുപ്പുകളിലേക്ക് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. നേട്ടങ്ങൾ വാരിക്കൂട്ടിയ ഒരു വകുപ്പാണ് ഫിഷറീസ്. നമ്മുടെ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ 3½ശതമാനത്തോളം വരുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൻറെ ഒരു സുവർണ്ണ കാലഘട്ടമായിരുന്നു ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾ. മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനും നിരവധി പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും അവരെ പുരോഗതിയുടെ പാതയിലേയ്ക്ക് കൊണ്ടുവരുന്നതിനും ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്ത വമ്പിച്ച നേട്ടങ്ങളാണ് ഈ രംഗത്ത് കൈവരിച്ചിരിക്കുന്നത്. ആ നേട്ടങ്ങൾ ഓരോന്നായി വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആഴക്കടലിൽ മൽസ്യബന്ധനത്തിനു പോയി മരിച്ചുവീണാൽ ആ ശവശരീരം മറവു ചെയ്യുവാനുള്ള സാമ്പത്തികശേഷിപോലും ഇല്ലാത്ത, ഒരു ശവപ്പെട്ടിപോലും വാങ്ങാൻ കഴിവില്ലാത്ത പാവപ്പെട്ട മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം 15000 രൂപയായി വർദ്ധിപ്പിച്ച ഒരു ഗവൺമെൻറാണിത്. 222 ഗ്രാമസംഘങ്ങൾ നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ച് ഈ സംസ്ഥാനത്തെ മുഴുവൻ മൽസ്യത്തൊഴിലാളികളേയും ആ ഗ്രാമസംഘങ്ങളിൽ ഉൾപ്പെടുത്തി അവർക്ക് വള്ളം, വല, കട്ടമരം, ഔട്ട് ബോഡ് എഞ്ചിനുകൾ എന്നിവ ആവശ്യാനുസരണം നൽകുകയുണ്ടായി. അതുമൂലം, ഈ രാജ്യത്തെ മുതലാളിമാരുടെ കീഴിൽ കഴിഞ്ഞ കാലഘട്ടം വരെ ജോലി ചെയ്തിരുന്ന തൊഴിലാളികൾ ഇന്ന് സ്വന്തമായി വള്ളത്തിൻറേയും, വലയുടേയും, കട്ടമരത്തിൻറേയും, ഔട്ട് ബോർഡ് എൻജിൻറേയും ഉടമകളായി മാറിയിരിക്കുന്നു. അതുപോലെത്തന്നെ പിടിച്ചുകൊണ്ടുവരുന്ന മൽസ്യം തീരപ്രദേശത്തുവച്ചുതന്നെ ലേലം ചെയ്ത് ഇടത്തട്ടുകാരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് നല്ല വിലയ്ക്ക് മൽസ്യം വിൽക്കുന്നതിനുള്ള സംവിധാനവും ഇന്ന് ഏർപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് മാത്രമല്ല, അവർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പാസ്ബുക്ക് മൂലം അങ്ങനെ പിടിച്ചുകൊണ്ടുവന്ന് ലേലം ചെയ്യുന്ന മൽസ്യത്തിന്റെ വിലയിൽ നിന്ന് ഒരു ചെറിയ ശതമാനം പിടിച്ചുകൊണ്ട് ഇതിന്റെ വില തിരിച്ച് പിടിക്കുന്നതിനുള്ള സംവിധാനങ്ങളും ഇന്ന് നിലവിലുണ്ട്. മൽസ്യ ത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമായിരുന്നു ഭവനത്തിന്റെ കാര്യം. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ച് അന്തിക്ക് ഒന്ന് തല ചായ്ക്കാൻ ഇടമില്ലാതിരുന്ന തീര പ്രദേശങ്ങളിലെ ലക്ഷക്കണക്കിന് മൽസ്യത്തൊഴിലാളികൾക്ക് ഈ ഗവൺ മെന്റ് വന്നതിനുശേഷം മൂന്ന് ഭവന നിർമ്മാണ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതുമൂലം പതിനായിരക്കണക്കിന് വീടുകൾ ഇന്ന് കൊടുത്തിരിക്കുകയാണ്. നാലായിരത്തിന്റേയും, അയ്യായിരത്തിന്റേയും, ആറായിരത്തിന്റേയും ഭവനനിർമ്മാണ സ്കീമുകൾ നടപ്പിലാക്കിയതുമൂലം തീരപ്രദേശത്ത് സ്വന്തമായി ഭവനമില്ലാതിരുന്ന പതിനായിരക്കണക്കിന് മൽസ്യത്തൊഴിലാളികൾ ഇന്ന് ഭവനത്തിന്റെ ഉടമകളായി മാറിക്കഴിഞ്ഞി രിക്കുന്നു.

അതുപോലെത്തന്നെ തീരപ്രദേശത്തെ മൽസ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ ഏറ്റവും രൂക്ഷമായ ഒരു പ്രശ്നമായിരുന്നു ശുദ്ധജലം. പകൽ മുഴുവനും ഉപ്പുവെള്ളത്തിൽ ജോലി ചെയ്തിട്ട് വൈകുന്നേരം വീട്ടിൽ എത്തിയാൽ പ്പോലും കുളിക്കാനോ, കുടിക്കുന്നതിനോ ശുദ്ധജലം ലഭിച്ചിരുന്നില്ല. ഉപ്പുവെള്ളം കുടിച്ച് മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ട് പകർച്ച വ്യാധികൾ പടർന്നുപിടിച്ചിരുന്ന ആ കടലോരപ്രദേശങ്ങളിൽ ഇന്ന് കുഴൽ കിണറുകൾ കുഴിച്ചും, പൈപ്പ് ലൈൻ നീട്ടിയും കടലോരങ്ങളിൽ 90% സ്ഥലത്തും ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞു എന്നത് ഈ ഗവൺ മെന്റിനെ സംബന്ധിച്ചിടത്തോളം എടുത്തുപറയേണ്ട ഒരു നേട്ടമാണ്. അത് മാത്രമല്ല, ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ഈ മൂന്ന് ജില്ലകളിലായി 15 ഫിഷറീസ് ഗ്രാമങ്ങൾ തിരഞ്ഞെടുക്കുക യുണ്ടായി. ആ ഗ്രാമങ്ങളിൽ ഏതാണ്ട് 55 കോടി രൂപയുടെ ഒരു പുതിയ സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. അങ്ങനെ മൽസ്യത്തൊഴിലാളി കളെ ഗ്രൂപ്പുകളായി തിരിച്ച് ഈ മൂന്ന് ജില്ലകളിലുള്ള 15 കേന്ദ്രങ്ങളിലായി ആറായിരം ഗ്രൂപ്പുകൾക്ക് ഔട്ട് ബോഡ് എഞ്ചിൻ നൽകിയിരിക്കുക യാണ്. അതിനുപുറമേ ആവശ്യാനുസരണം വള്ളവും കട്ടമരവും, വലയും മൽസ്യത്തൊഴിലാളികൾക്ക് (ചോദിക്കുന്നവർക്ക് മുഴുവനും) നൽകി ക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം ഉണ്ടായ വെള്ളപ്പൊക്കത്തെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. ആ പ്രകൃതിക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെട്ടവരേയും തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടവരേയും തിരിഞ്ഞു നോക്കുന്നതിൽ ആരും ശ്രദ്ധിക്കാതിരുന്നെങ്കിൽ ആ വകുപ്പ് കൈകാര്യം ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയുള്ള മുഴുവൻ ആളുകൾക്കും ഭൂമി വിലയ്ക്ക് വാങ്ങി വീടുകൾ വച്ച് കൊടുക്കുന്നതിലും നഷ്ടപ്പെട്ട തൊഴിലുപകരണങ്ങൾക്ക് മുഴുവനും സാമ്പത്തിക സഹായം കൊടുക്കുന്ന തിനും തയ്യാറായിട്ടുണ്ട്. ആ മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ കൊച്ചിയിൽ ഒരു നെറ്റ് ഫാക്ടറി സ്ഥാപി ക്കുകയുണ്ടായി. ഈ സംസ്ഥാനത്തിന്റെ ഖജനാവിൽനിന്ന് ഒരു പൈസ പോലും ചെലവാക്കാതെ അതിനാവശ്യമായ മുഴുവൻ പൈസയും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെലവഴിച്ചുകൊണ്ട് നല്ല നിലവാരത്തിലുള്ള വലകൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് നമ്മുടെ ആളുകൾക്ക് കൊടുക്കു ന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. പിന്നെ എടുത്തു പറയേണ്ട വസ്തുത വനിതാ ബസ് സർവ്വീസ് സംസ്ഥാനത്തുടനീളം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയത് മൽസ്യത്തൊഴിലാളികൾക്ക് ഒരിക്കലും മറക്കാൻ കഴിയുന്ന വസ്തുതയല്ല. മൽസ്യത്തൊഴിലാളികൾ പാടുപെട്ട് പിടിക്കുന്ന മൽസ്യം കുറഞ്ഞ വിലയ്ക്ക് തന്നെ തീരപ്രദേശത്ത് വിറ്റഴിക്കുന്ന ഒരു സംവിധാനമായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ആ മൽസ്യം ദൂരസ്ഥലങ്ങളിൽ ഈ ബസ്സിൽക്കൊണ്ടുപോയി വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടായതുമൂലം ആ മൽസ്യത്തൊഴിലാളികൾക്ക് ഇന്ന് നല്ല വില ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആ പാവപ്പെട്ട സ്ത്രീകൾക്ക് മുമ്പുകാലങ്ങളിൽ മൽസ്യം വിറ്റതിനുശേഷം തിരിച്ച് വരുന്നതിനു പോലും ബുദ്ധിമുട്ടുണ്ടായിരുന്നു. ഇന്ന് മൽസ്യം കൊണ്ടുപോയി നല്ല വിലയ്ക്ക് വിൽക്കുന്നതിനും തിരിച്ച് വരുന്നതിനുമുള്ള സൗകര്യം അവർക്കുണ്ടായിരിക്കുന്നു.

എടുത്തു പറയേണ്ട മറ്റൊരു കാര്യം പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന സ്റ്റൈപ്പെന്റാണ്. എത്രയോ വർഷമായി കാലാകാലങ്ങളിൽ മാറി മാറി വന്ന ഗവൺമെന്റുകളുടെ മുമ്പിൽ മൽസ്യത്തൊഴിലാളികൾ ഉന്നയിച്ച ഒരു ആവശ്യമായിരുന്നു അവരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകണം എന്നത്. ഹരിജനങ്ങൾക്ക് നൽകുന്നതിനു തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്റ്റൈപ്പെന്റ് നൽകണമെന്ന് മുറവിളി കൂട്ടിയിട്ട് വിദ്യാഭ്യാസപരമായി തീരപ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ആരും തിരിഞ്ഞുനോക്കാൻ ഇല്ലാതിരുന്ന സന്ദർഭത്തിൽ ഇന്ന് കേരളം ഭരിക്കുന്ന മുഖ്യമന്ത്രി അങ്ങനെയുള്ള മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് ഒരുകാലത്തും മറക്കാൻ കഴിയുന്ന കാര്യമല്ല. ഇങ്ങനെ നേട്ടങ്ങൾ എത്ര പറഞ്ഞാലും മതിയാവുകയില്ല. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ട്. 60 വയസ്സ് തികഞ്ഞ കർഷകത്തൊഴിലാളികൾക്ക്. ആരോഗ്യമുള്ള കാലത്ത് മണ്ണിനോട് മല്ലടിച്ച് വയസ്സുകാലത്ത് ജോലിചെയ്യാൻ നിവൃത്തിയില്ലാതെ, എല്ലും തൊലിയുമായി ക്ഷയരോഗം ബാധിച്ച് കഴിയുന്ന കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ട്. ആ കർഷകത്തൊഴിലാളികളേക്കാൾ വളരെ പരിതാപകരമായ മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, ഇന്ന് അതിനുള്ള പരിപാടി ഗവൺമെന്റിന്റെ മുന്നിലുണ്ട്. അൽപം പോലും താമസിക്കാതെ, തീരപ്രദേശത്തെ 60 വയസ്സ് പൂർത്തിയായ മുഴുവൻ മൽസ്യത്തൊഴിലാളികൾക്കും പ്രതിമാസം 100 രൂപവച്ച് പെൻഷൻ നൽകണം. ഇന്നു മൽസ്യത്തൊഴിലാളികൾ മാരകമായ രോഗത്തിന് അടിമപ്പെട്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മൊത്തം ജനസംഖ്യയുടെ 15 ശതമാനം മാത്രമാണ് മൽസ്യത്തൊഴിലാളികൾ. പഞ്ചായത്തുകൾ പിരിച്ചുവിട്ടതിനുശേഷം ക്ഷയരോഗികൾ സർട്ടിഫിക്കറ്റ് വാങ്ങാൻ എം.എൽ.എ. മാരുടെ അടുത്ത് വരാറുണ്ട്. എന്റെയടുത്ത് ക്ഷയരോഗസർട്ടിഫിക്കറ്റ് വാങ്ങാൻ വരുന്നതിൽ 90 ശതമാനവും മൽസ്യത്തൊഴിലാളികളാണ്. അതിൽനിന്നു മനസ്സിലാക്കേണ്ടത് ക്ഷയരോഗം പോലുള്ള മാരകരോഗങ്ങൾ മൽസ്യത്തൊഴിലാളികളെയാണ് കൂടുതലായി ബാധിച്ചിരിക്കുന്നതെന്നാണ്. മാരക രോഗങ്ങൾക്ക് അടിമപ്പെട്ട് ഒരു ജോലിയും ചെയ്യാൻ നിവൃത്തിയില്ലാതെ മുഴുപ്പട്ടിണിയിൽ കഴിയുന്ന ആളുകളെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പല നല്ല കാര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റു തന്നെ മൽസ്യത്തൊഴിലാളികൾക്കു പെൻഷനും ഏർപ്പെടുത്തണം. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളാണ് മൽസ്യബന്ധനത്തിന് പോകാൻ പറ്റാത്ത മാസങ്ങളാണ്. തീരപ്രദേശത്തെ മൽസ്യത്തൊഴിലാളികൾ അന്ന് മുഴുപ്പട്ടിണിയിലാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് സ്ഥിരമായി സൗജന്യറേഷൻ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

എൻ. ആർ. ഇ. പി., ആർ. എൽ.ഇ.ജി.പി. പദ്ധതികളിൽപ്പെടുത്തി ഹരിജനങ്ങൾക്ക് സൗജന്യമായി ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നുണ്ട്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി വിവിധ സ്കീമുകളുണ്ടെങ്കിൽപ്പോലും തീരപ്രദേശത്തെ ദുർബല വിഭാഗത്തിൽപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് അങ്ങനെയുള്ള ആനുകൂല്യമൊന്നുമില്ല. സ്വന്തമായി ഒന്നുമില്ലാത്ത ജന വിഭാഗങ്ങളാണ് എന്നുള്ളതു കണക്കിലെടുത്തുകൊണ്ട്, ഹരിജനങ്ങളേക്കാൾ ദയനീയ പരിതഃസ്ഥിതിയിൽ ജീവിക്കുന്നവരാണ് എന്നുള്ളതു കണക്കിലെടുത്തുകൊണ്ട് അവർക്കു മുഴുവനും ഭവന നിർമ്മാണപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ആർ.എൽ.ഇ.ജി.പി., എൻ.ആർ. ഇ.പി. പദ്ധതികളിൽപ്പെടുത്തി പൂർണ്ണമായി, സൗജന്യമായി ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കണം. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വലിയ കടൽക്ഷോഭമുള്ളതുകൊണ്ട് തീരപ്രദേശങ്ങളിൽ ധാരാളം അപകടമരണങ്ങളുണ്ടാകാറുണ്ട്. ഇങ്ങനെ അപകടങ്ങളിൽപ്പെടുന്നയാളുകളെ രക്ഷപ്പെടുത്താനുള്ള സംവിധാനങ്ങൾ ഇന്നു തീരെ അപര്യാപ്തമാണ്. കഴിഞ്ഞവർഷം എന്റെ നിയോജകമണ്ഡലത്തിൽ കടലിൽപ്പോയ 5 പേരെ കാണാതായി. ഞാൻ അക്കാര്യം ഉടൻതന്നെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം നേവിയുടെ ഹെലികോപ്ടർ വരുത്തി അന്വേഷണം നടത്തിക്കുകയും ചെയ്തു. ബോട്ടിന്റെ മിഷ്യൻ തകർന്ന് മരണവുമായി മല്ലടിച്ചു കിടന്നിരുന്ന അവരെ അന്ന് അങ്ങനെ രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഇങ്ങനെ അപകടത്തിൽപ്പെടുന്നയാളുകളെ രക്ഷപ്പെടുത്താനുള്ള സംവിധാനം നമുക്കുണ്ടെങ്കിൽ ധാരാളം ആളുകളെ രക്ഷപ്പെടുത്താൻ കഴിയും. ഇതിനുവേണ്ടി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഒരു ഹെലികോപ്ടർ വാങ്ങിക്കുകയാണെങ്കിൽ മറ്റുള്ളവരെ ആശ്രയിക്കാതെ രക്ഷാപ്രവർത്തനങ്ങൾ നടത്താൻ കഴിയും. നീണ്ടകര ഒരു ടഗ്ഗുണ്ട്. എവിടെയെങ്കിലും ഒരു അപകടം നടന്നാൽ നീണ്ടകര നിന്ന് ടഗ്ഗ് വന്ന് അവരെ രക്ഷപ്പെടുത്തുമ്പോഴേക്കും അവർ മരിച്ചുകഴിയും. അതുകൊണ്ട് ഓരോ ജില്ലയ്ക്കും ഓരോ ടഗ്ഗ് വാങ്ങിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച ബോട്ടുകൾക്ക് മാസം 350 ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ അവർക്ക് ഇരുനൂറോ ഇരുനൂറ്റിയമ്പതോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത്. അത് തികയുകയില്ല. ഒരു മാസം 750 ലിറ്ററെങ്കിലും ലഭിച്ചാൽ മാത്രമേ എൻജിൻ പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളു. റേഷൻ വില 2 രൂപ 50 പൈസയാണെങ്കിൽ പുറത്ത് 6 രൂപയാണ്. അതുകൊണ്ട് നല്ലൊരു തുക മണ്ണെണ്ണ വാങ്ങുന്നതിനുവേണ്ടി ചെലവാക്കേണ്ടിവരുന്നു. ഇതൊഴിവാക്കാൻ വേണ്ടി ഒരു മാസം കുറഞ്ഞത് 750 ലിറ്റർ മണ്ണെണ്ണയെങ്കിലും ഒരു ഗ്രൂപ്പിന് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. മൽസ്യത്തൊഴിലാളി സ്ത്രീകളെ സംബന്ധിച്ചിടത്തോളം വലിയൊരു സഹായമായ വനിതാ സ്പെഷ്യൽ ബസ്സ് മറ്റ് സ്ഥലങ്ങളിൽകൂടി ഏർപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം കൂടി പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കാം. കോട്ടുകാൽ പഞ്ചായത്തിലെ ചൊവ്വര ക്കോടിയുടെ കാര്യം. സർ, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വിഴിഞ്ഞത്തുനിന്ന് മൽസ്യബന്ധനത്തിനുപോകാൻ പ്രയാസമാണ്. കടൽ കൂടുതൽ ആർത്തിരമ്പുന്നതുകൊണ്ട് മൽസ്യബന്ധനത്തിനുപോകാൻ പ്രയാസമാണ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കൊല്ലങ്കോട് മുതലുള്ള ആളുകൾ വിഴിഞ്ഞത്തുവന്നാണ് മൽസ്യബന്ധനത്തിന് പോകുന്നത്. വിഴിഞ്ഞത്ത് തുറമുഖത്തിന്റെ പണികൂടി നടക്കുന്നതു കൊണ്ട് ഈ സമയങ്ങളിൽ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഹാർബറിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ ഇവിടെനിന്നു മൽസ്യ ബന്ധനത്തിനു പോകാൻ സാധിക്കാതെ വരും. അതുകൊണ്ട്, കടലിൽ പാറകൾ നിറഞ്ഞുകിടക്കുന്ന പ്രകൃതിദത്തമായ ചൊവ്വരയിൽ ആ പാറ ക്കെട്ടുകളെ യോജിപ്പിച്ചുകൊണ്ട് ഒരു കോടി നിർമ്മിച്ചാൽ മൽസ്യ ത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിന് സഹായകമായിരിക്കും. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഈ സഹായം കൂടി ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനു കൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സൈലൻറ്വാലി, കുരിയാർകുട്ടി-കാരപ്പാറ, അച്ചൻകോവിൽ, മാനന്തവാടി എന്നീ പദ്ധതികൾക്കെതിരായി നിൽ ക്കുന്നത് നിക്ഷിപ്തതാൽപര്യക്കാരും വാർത്താമാദ്ധ്യമങ്ങളുമാണെന്ന് മന്ത്രി പ്രസ്താവിച്ചിരിക്കുന്നു. നമ്മുടെ പദ്ധതികൾ നമ്മുടേതല്ലാത്ത കാരണങ്ങളാൽ മാറ്റിവെക്കേണ്ട അവസ്ഥക്ക് പരിഹാരം കാണേ ണ്ടത് ജനങ്ങളാണെന്നും മന്ത്രി പറഞ്ഞിട്ടുണ്ട്. ഇത് പഞ്ചാബ്മോഡ ലിന്റെ ഭാഗമാണോ സാർ? കേന്ദ്രത്തെ കുറ്റം പറയാതെ, നാണമുണ്ടെ ങ്കിൽ അദ്ദേഹം ഇറങ്ങിപ്പോകണം. കേന്ദ്ര അവഗണനക്കെതിരായി സമരം ചെയ്യണം. സർക്കാർ വിദ്യുച്ഛക്തി നിരക്ക് വീണ്ടും വർദ്ധിപ്പിക്കുവാൻ പോവുകയാണ്. വിദ്യുച്ഛക്തി നിരക്ക് വർദ്ധിപ്പിക്കുന്നതുകൊണ്ട് 1530 ലക്ഷം രൂപയുടെ വർദ്ധനവുണ്ടാ കുമെന്നാണ് സബ്ജക്ട് കമ്മിറ്റിക്കു നൽകിയ രേഖകളിൽ ചൂണ്ടി ക്കാണിച്ചിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലോ സർക്കാരി ന്റെ പ്രഖ്യാപനത്തിലോ ഇല്ലാത്തതും ഈ സഭയ്ക്ക് അറിയാത്തതു മായ ഒരു വരുമാനമാണിത്. ഇതു തെറ്റാണ്. ഭരണഘടനാവിരുദ്ധ മാണ്. ജനദ്രോഹമാണ്. ഇതിനെ സംബന്ധിച്ച് 5 എം.എൽ.എ. മാർ ഭിന്നാഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. 2685 ലക്ഷം രൂപയാണ് ബോർഡ് സർക്കാരിൽനിന്ന് വായ്പയായി പ്രതീക്ഷിക്കു ന്നത്. ബഡ്ജറ്റിൽ 1666 ലക്ഷം രൂപ മാത്രമാണ് വകകൊള്ളിച്ചി രിക്കുന്നത്. ബോർഡിനുള്ള വായ്പ കൂട്ടിക്കൊടുക്കണം. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി കണക്കനുസരിച്ച് പ്രതിദിനം 100 ലക്ഷ ത്തിലേറെ യൂണിറ്റ് വൈദ്യുതി കേരളത്തിൽ മോഷണം പോകുന്ന തായി പറഞ്ഞിരിക്കുന്നു. 25 ശതമാനത്തിലേറെ വൈദ്യുതി ഇങ്ങനെ തട്ടിയെടുക്കുകയാണ്, വൈദ്യുതി ബോർഡോഫീസുകൾ തമ്മിലുള്ള വർദ്ധിച്ച ദൂരമാണ് ഇതിന് പ്രധാനകാരണം. മന്ത്രിയുടെ യൂണിയ നിൽപ്പെട്ട ജീവനക്കാർ മീറ്റർറീഡിംഗിൽ കൃത്രിമംകാണിച്ച് വൈദ്യുതി തട്ടിയെടുക്കുന്നതിന് വ്യവസായികൾക്ക് കൂട്ടുനിൽക്കുകയാണ്. വൻ തുകയുടെ അഴിമതിയാണ് നടക്കുന്നത്. വൈദ്യുതി ചോർച്ച തട

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞാൽ പവർകട്ട് ഒഴിവാക്കാം. ലേ ഓഫ് മൂലം തൊഴിലാളികൾ പട്ടിണിയിലാണ്. കൈക്കൂലി വാങ്ങിച്ച് ചില വ്യവസായികളെ പവർകട്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമാണെന്ന് പലരും പറയുന്നതു കേട്ടു. ഇലക്ട്രിസിറ്റി ജീവനക്കാർ സമരം നടത്തിയ സന്ദർഭത്തിൽ ട്രാൻസ്ഫോർമറുകളും പോസ്റ്റുകളും മറ്റും നശിപ്പിച്ചതിന്റെ ഫലമായി കോടിക്കണക്കിനു രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. പലപ്രാവശ്യം ഇങ്ങനെ ചെയ്യുമ്പോൾ സ്റ്റേറ്റിന് താങ്ങാനാവാത്ത സാമ്പത്തികബാദ്ധ്യതവരികയാണ്. അതിനെപ്പറ്റി ആരും ഇവിടെ പറഞ്ഞുകേട്ടില്ല. പ്രതിപക്ഷമാണെങ്കിൽ കാഞ്ഞങ്ങാട്ട് വലിയൊരു അങ്കം കുറിച്ചിരിക്കുകയാണ്. നമ്മളെല്ലാപേരും ബഹുമാനിക്കുന്ന എം. വി. ആറിന്റെ പാർട്ടിയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള മത്സരം കാഞ്ഞങ്ങാട്ട് ഉണ്ടായിരിക്കുകയാണ്. .....(ബഹളം).....

ശ്രീ. ഒ. ഭരതൻ: ഇന്നാരുടെ പാർട്ടി, ഇന്നാരുടെ പാർട്ടി എന്നു പറയാൻ പാടില്ലെന്നും പാർട്ടികളുടെ ഔദ്യോഗികപേരു മാത്രമേ പറയാവൂ എന്നും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ട് ഒരു മണിക്കൂർ പോലുമാകുന്നതിനുമുൻപ് ഇത് ആവർത്തിക്കുന്നതു ശരിയാണോ?

ഡെ.സ്പീക്കർ: മി. സുകുമാരൻ, നേരത്തെ സ്പീക്കർ അങ്ങനെ റൂളിംഗ് നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, അങ്ങനെയാണെങ്കിൽ രണ്ട് മാർക്സിസ്റ്റ് പാർട്ടിയെന്നുപറയാം .....(ബഹളം).....

ശ്രീ. എ. സി. ജോസ്: സർ, പേരുപറഞ്ഞു പറയുന്നത് ബുദ്ധിമുട്ടാണെങ്കിൽ രണ്ട് മാർക്സിസ്റ്റ് പാർട്ടിയെന്നുപറയാം ..(ബഹളം).....

ശ്രീമതി. കെ. ആർ. ഗൗരി: സർ, 'സാധാരണ അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്നു പറയാറുണ്ട്. ഈ രീതിയിൽ പറയാൻ പാടില്ലെന്ന് ഒരു പ്രാവശ്യം സ്പീക്കർ പറഞ്ഞതാണ്. ഔദ്യോഗികമായിട്ട് മാർക്സിസ്റ്റ് പാർട്ടി ഒന്നേയുള്ളു. ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച മാർക്സിസ്റ്റ് പാർട്ടി ഈ രാജ്യത്ത് ഒന്നേയുള്ളു. ജോസ് വല്ലയിടത്തും ഉറച്ചുനിൽക്കുന്ന ആളാണോ?.....(ബഹളം).....

ശ്രീ. എം.എം. ഹസ്സൻ: സർ, ഈ പാർട്ടികളെ അഭിസംബോധന ചെയ്യേണ്ടത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിക്കഴിഞ്ഞ സ്ഥിതിക്ക് അതിന് ഒരു പ്രത്യേക റൂളിംഗിനെപ്പറ്റി അല്ല ഞാൻ പറയുന്നത്. സർ, ഒരു പാർട്ടിക്കകത്ത് ഭിന്നിപ്പുണ്ടാകുന്ന അവസരത്തിൽ കല്ലും നെല്ലും തിരിയുന്നതുവരെ അതിനെ വിശേഷിപ്പിക്കേണ്ടേ? കല്ലും നെല്ലും തിരിഞ്ഞുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഇങ്ങനെ പറയുന്നതിൽ ശ്രീമതി ഗൗരി ഇത്ര ക്ഷോഭിക്കുന്നതെന്തിനാണ്? സർ, ഈ കൊച്ചുകുട്ടികളുടെ കെ.എസ്.യു.-വിന്റെ കാര്യം വരെ ഇവിടെ കൊണ്ടുവന്ന് വിഴുപ്പലക്കിയ ശ്രീമതി ഗൗരിയുടെ പാർട്ടിക്ക് നാണമില്ലല്ലോ. അവരുടെ പാർട്ടിയെ നേരെ നിർത്താൻ.....(തടസ്സം).....

1 P. M.]

LIBRARY ARCHIVES Kerala Legislative Assembly

അതിനകത്ത് അച്ചടക്ക നടപടിയില്ല സർ. ആളുകളെ പുറത്താക്കുമ്പോൾ അഭിപ്രായത്തിന്റെ പേരിൽ ഇത് ഓർക്കണമായിരുന്നു. സ്വന്തം പല്ലിടുകുത്തി നാറാൻ നിങ്ങൾക്ക് നാണമില്ലല്ലോ ശ്രീമതി ഗൗരിയമ്മേ?

ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കർ നേരത്തെ റൂളിംഗ് നൽകിയതാണെങ്കിൽ അങ്ങനെ ഉപയോഗിക്കാൻ പാടില്ലെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, ഞാനിനി ആ ഭാഗത്തേക്കു പോകുന്നില്ല. വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ പ്രതിപക്ഷം ഉണ്ടാകുമോ എന്നുള്ള സംശയം നാട്ടിലുണ്ട്. അതുകൊണ്ട് അവർ പറയുന്നത് ഇപ്പോൾ തിരഞ്ഞെടുപ്പിന്റെ കാര്യമല്ല. എന്നാൽ എനിക്ക് പറയാനുള്ളത് മുങ്ങാൻപോകുന്നത് പ്രതിപക്ഷമാണ് എന്നാണ്. പ്രതിപക്ഷത്ത് സി.പി.ഐ.യെപോലെ നമുക്ക് ബഹുമാനമുള്ള ചില പാർട്ടികളുണ്ട്. എന്തു പറഞ്ഞാലും ചില നല്ല ആളുകളും ആ പാർട്ടിക്കകത്തുണ്ട്. ഐക്യ ജനാധിപത്യ മുന്നണിക്കു ശക്തിയില്ലാത്തതുകൊണ്ടല്ല കാര്യക്ഷമതയുള്ള ഭരണം കാഴ്ചവെക്കുന്നതിനുവേണ്ടി സി.പി.ഐ.യും ഐക്യജനാധിപത്യ മുന്നണിയിലേക്കു വരണം. സർ, ഈ പ്രതിപക്ഷം ഇതൊക്കെ പറയുന്നുണ്ടെങ്കിലും ഏതാണ്ട് ഇപ്പോൾ കുറെ നാളുകളായിട്ട്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ഐക്യ ജനാധിപത്യമുന്നണിയിലേക്ക് ശ്രീ. കോട്ടക്കുഴി സുകുമാരൻ സി.പി.ഐ.യെ ക്ഷണിച്ചു. ഈ കോട്ടക്കുഴി സുകുമാരൻ ഏതു പാർട്ടിയിലാണു സർ?

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, അത് ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് വിദ്യുച്ഛക്തിമൂലം അപകടമരണങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും മിന്നൽവേഗത്തിൽ അവിടെ എത്തി അവർക്ക് ആയിരമോ ആയിരത്തി അഞ്ഞൂറോ രൂപ വീതം കൊടുത്ത് സമാധാനിപ്പിക്കുകയും ചെയ്യുന്നു. അതൊക്കെ അവർക്ക് കാര്യക്ഷമതയോടുകൂടി ചെയ്യാവുന്ന കാര്യങ്ങളാണ്, പക്ഷേ അതിനുപരിയായി മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഉപജീവനമാർഗ്ഗമായി എന്തെങ്കിലുമൊരു തൊഴിൽകൂടി കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇലക്ട്രിസിറ്റിബോർഡിൽ ചിലപ്പോൾ നിയമനം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലെങ്കിലും അവരുടെ കുടുംബകാര്യങ്ങൾ മനസ്സിലാക്കിയതിനു ശേഷം വേഗത്തിൽ എന്തെങ്കിലുമൊരു തൊഴിൽ കൊടുക്കാനുള്ള അവസരം ഉണ്ടാകണം. ഞാൻ ഇതിനെ ഒരിക്കൽക്കൂടി അനുകൂലിക്കുകയാണ്.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. സർ, മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ പല നേട്ടങ്ങളും കൈവരിച്ച ഒരു കാലഘട്ടമാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടമെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. സമയം ഇല്ലാത്തതുകൊണ്ട് ചില നിർദ്ദേശങ്ങൾ മാത്രം ഞാൻ ഈ സഭയിൽ ഉന്നയിക്കുകയാണ്. സർ, മത്സ്യഫെഡിൽ 95 നിയമനങ്ങൾ നടന്നു. അതിൽ മാനേജീരിയൽ പോസ്റ്റുകൾ ഏഴെണ്ണം കഴിഞ്ഞാൽ 88 നിയമനങ്ങളിൽ 40 ശതമാനം മത്സ്യത്തൊഴിലാളി വിഭാഗത്തിന് കിട്ടേണ്ടതാണ്, അതായത് 35 നിയമനങ്ങൾ കിട്ടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ 26 എണ്ണം മാത്രമേ കിട്ടിയിട്ടുള്ളു. ബാക്കിയുള്ള 9 എണ്ണത്തിൽകൂടി നിയമനങ്ങൾ നടത്താൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യഫെഡിന്റെ ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർക്കോട് ജില്ലാബ്രാഞ്ചുകൾ ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങളുടെ കമ്മിറ്റികളും അടിയന്തിരമായി രൂപീകരിക്കാനുള്ള നടപടികളും സ്വീകരിക്കണം. മത്സ്യഫെഡിൽനിന്ന് എൻജിനുള്ള സബ്സിഡി ഇപ്പോൾ നിർത്തിയിരിക്കുകയാണ്. അത് കൊടുക്കുവാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ക്രസ്റ്റർ വില്ലേജുകളിലായി 15 വില്ലേജുകൾ മാത്രമേ തിരഞ്ഞെടുത്തിട്ടുള്ളു. ബാക്കി എല്ലാ ജില്ലകളിലും അടിയന്തിരമായി മറ്റു വില്ലേജുകൾ തിരഞ്ഞെടുത്തുകൊണ്ട് ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കണം. മണ്ണെണ്ണ ആണെങ്കിൽ 600 ലിറ്ററിൽ 200 ലിറ്ററാണ് ഇപ്പോൾ കിട്ടുന്നത്. ചാകര സമയമാണ്, അതുകൊണ്ട് പൂർണ്ണമായും മണ്ണെണ്ണ കൊടുക്കുവാനുള്ള നടപടി ഉണ്ടാകണം. പെഴ്സീൻ നെറ്റ് പ്രശ്നത്തിൽ ഹൈക്കോടതി വിധിക്ക് എതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകാനുള്ള നടപടിയുണ്ടാകണം. ഉൾനാടൻ ഗ്രാമസംഘങ്ങൾ 107 എണ്ണമാണ്; 21-ൽ മാത്രമേ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളു. ബാക്കിയുള്ളതിൽ കമ്മിറ്റി രൂപീകരിക്കാൻ നടപടിയുണ്ടാകണം. ഒരു ഏകീകൃത ഫിഷറീസ് നിയമം ഇന്നില്ല. ഒരു ഏകീകൃത ഫിഷറീസ് നിയമം അടിയന്തിരമായി ഉണ്ടാകണം. ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങളുടെ കരം, 5 രൂപയിൽനിന്ന് 20 രൂപയായും, 4 രൂപയിൽനിന്ന് 15 രൂപയായും 3 രൂപയിൽനിന്ന് 10 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ 3 രൂപ. 25 രൂപയായും, 1 രൂപ 20 രൂപയായും, 75 പൈസ 15 രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇത് അടിയന്തിരമായി കുറവുചെയ്യണം. മത്സ്യകൃഷി, മത്സ്യത്തൊഴിലാളികൾക്കു തടസ്സം നിൽക്കുന്ന സ്ഥലങ്ങളിൽ നടത്താൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. കലാവർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. നൈറ്റ് ട്രോളിംഗ് നിരോധിക്കണം. അതുപോലെ പരിധി ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുവാൻ നടപടിയുണ്ടാകണം. കാസർകോട് ജില്ലയിലെ ചന്ദ്രഗിരിപ്പുഴ കേന്ദ്രീകരിച്ച് ഒരു സ്പീഡ് ലോഞ്ച് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. . ഔട്ട് ബോർഡ് എൻജിൻ സെയിൽസ് ടാക്സ് 8 ശതമാനമാണ്. അഡീഷണൽ സെയിൽസ് ടാക്സ് 20 ശതമാനമാണ്. കസ്റ്റംസ് ഡ്യൂട്ടി 75 ശതമാനമാണ്. അത് പൂർണ്ണമായും കുറയ്ക്കുന്നതിന് നടപടിയുണ്ടാകണം. അതുപോലെതന്നെ സ്പെയർ പാർട്സിനുള്ള സ്റ്റോർ എല്ലാ ജില്ലകളിലും ഉണ്ടാക്കണം. എൻജിൻ മെയിൻറനൻസിനുള്ള വർക്ക്ഷോപ്പ് എല്ലാ ജില്ലകളിലും ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ടെക്നിക്കൽ സ്കൂളുകളിലെ മെസ്സ് അലവൻസ് 5 രൂപയാണ്. അത് 10 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കാൻ നടപടിയുണ്ടാകണം. ചാവക്കാടുള്ള റീജിയണൽ ടെക്നിക്കൽ സ്കൂളിന്റെ നിർമ്മാണപ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. അത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. ബി.എഫ്.എസ്.സി. കോഴ്സിന് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സംവരണമുണ്ട്. പക്ഷേ എം.എഫ്.എസ്.സി. കോഴ്സിന് സംവരണം കൊടുക്കുന്നില്ല. സംവരണം കൊടുക്കാനുള്ള നടപടി ഉണ്ടാകണം. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഊന്നിവല പ്രശ്നത്തിൽ ഉംനാടൻ മേഖലയിൽ മത്സ്യത്തൊഴിലാളികളും രണ്ടു ചേരിയായി നിൽക്കുകയാണ്. ശ്രീമതി കെ.ആർ. ഗൗരിയെപോലുള്ളവർതന്നെ അതിനു മുൻകൈയെടുത്ത് മുതലെടുക്കുകയും ചെയ്യുന്നുണ്ട്. ഈ ചേരിതിരിവ് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സർവ്വേ നടത്തി അവർക്ക് ല�ൈസൻസ് കൊടുക്കാനുള്ള നടപടിയുണ്ടാകണം. വേമ്പനാട്ടു കായലിലെ ഡഡ്ജിങ്ങിനെ സംബന്ധിച്ച് വിദഗ്ദ്ധമായ റിപ്പോർട്ട് ഗവൺമെൻറിൻെറ പക്കലുണ്ട്. ആ റിപ്പോർട്ട് പഠിച്ച് ആവശ്യമായ നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ലിക്വിഡേറ്റ് ചെയ്ത സൊസൈറ്റികളുണ്ട്. ആ സൈസൈറ്റികളിലെ ആസ്തികൾ അംഗങ്ങളുടെ തീരുമാനപ്രകാരം വിനിയോഗിക്കാനുള്ള നടപടി ഉണ്ടാകണം. ഗ്രൂപ്പ് അടിസ്ഥാനത്തിലും സൊസൈറ്റി അടിസ്ഥാനത്തിലും ബോട്ട് എടുത്തവരുണ്ട്. അവരുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കണം. യഥാർത്ഥത്തിൽ അടയ്ക്കുവാനുള്ള തുക മാത്രമേ അവരിൽ നിന്ന് ഈടാക്കാൻ പാടുള്ളൂ. ഫിഷറീസ് മേഖലയിൽ റോഡിന് വച്ചിരിക്കുന്ന തുക വളരെ കുറവാണ്. കൂടുതൽ തുക വകയിരുത്താൻ നടപടിയെടുക്കണം. 'മരണസഹായം' പല തടസ്സങ്ങൾ പറഞ്ഞ് കൊടുക്കാതിരിക്കുന്നുണ്ട്. അത് കൃത്യമായി കൊടുക്കുവാൻ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ക്ഷേമനിധി ബോർഡിന് എല്ലാ ജില്ലാതലങ്ങളിലും ഓഫീസ് ഉണ്ടാക്കണം. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുവാൻ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. അത് പ്രാവർത്തികമാക്കാനുള്ള തുക കണ്ടെത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെ കേടു സംഭവിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് 500 രൂപയാണ് കിട്ടുന്നത്. നഷ്ടത്തിനനുസരണമായ നഷ്ട പരിഹാരം കിട്ടുവാനുള്ള നടപടി സ്വീകരിക്കണം. പൊതു ആവശ്യങ്ങൾക്കുവേണ്ടി ചീനവലകളും ഊന്നിവലകളും എടുക്കുകയാണെങ്കിൽ അതിന് നഷ്ടപരിഹാരം കിട്ടുന്നില്ല. അത് കൊടുക്കുവാൻ നടപടിയുണ്ടാകണം. 1980-ലെ ഗവൺമെൻറാണ് അത് മാറ്റിയത്, അത് കൊടുക്കുവാൻ നടപടിയുണ്ടാകണം. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുവാനുള്ള നടപടി ഉണ്ടാകണം. ഇലക്ട്രിസിറ്റിബോർഡിനെ സംബന്ധിച്ചിടത്തോളം ഈ മത്സ്യ ഫ്രീസിംഗ് പ്ലാൻറിനും ഐസ് പ്ലാൻറിനും കോൾഡ് സ്റ്റോറേജിനും, ഐസ് ഇല്ലാത്തതുകാരണം മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് വിലകിട്ടാത്ത ഒരു സാഹചര്യമുണ്ട്. ഐസ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ്, ഫ്രീസിംഗ് പ്ലാൻറ് തുടങ്ങിയവക്കുള്ള കറൻറ് കട്ട് ഒഴിവാക്കി വൈദ്യുതി കൊടുക്കാൻ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. പി. ഭാസ്കരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. മൽസ്യബന്ധനരംഗത്ത് കണ്ണൂരിനെ അവഗണിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഇൻഡ്യോ-നോർവീജിയൻ പദ്ധതിയനുസരിച്ച് 1961-ൽ കണ്ണൂർ അഴീക്കരയിൽ മാപ്പിളബേ എന്നു പറയുന്ന ഒരു മൽസ്യബന്ധന തുറമുഖം ഉണ്ടായിരുന്നു. അന്നത്തെ മന്ത്രി ശ്രീ. കെ. കുഞ്ഞമ്പു 60 ലക്ഷം രൂപയും പിന്നീട്, അന്തരിച്ച ശ്രീ. അഹമ്മദ് കുരിക്കൾ 30 ലക്ഷം രൂപയും അനുവദിച്ചുകൊണ്ട് പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിരുന്നു. ഇന്ന് അത് അനാഥമായി കിടക്കുകയാണ്. വളരെയധികം വികസന സാദ്ധ്യതയുള്ള മാപ്പിളബേയുടെ പ്രവർത്തനം പുനരാരംഭിക്കണം. ആയിരക്കണക്കിന് മൽസ്യത്തൊഴിലാളികൾക്ക് ഉപയോഗപ്രദമായതാണ് മാപ്പിളബേ.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ തയ്യിൽക്കടപ്പുറത്തും അഴീക്കോടും കുടിൽകെട്ടി താമസിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് സ്ഥിരമായി പട്ടയം നൽകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. സാർ, ക്ഷീര വ്യവസായരംഗത്ത് സർക്കാരിന് വളരെയധികം മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഒരു കാര്യം ഞാൻ തുറന്നുപറയുവാൻ ആഗ്രഹിക്കുന്നു. എന്റെ മണ്ഡലത്തിൽ കൊടിക്കുണ്ട് എന്ന സ്ഥലത്ത് മിൽമയുടെ ഒരു യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെയായിരുന്നു അത് ഉൽഘാടനം ചെയ്തത്. അവിടത്തെ മലിനജലം അടുത്ത വയലിൽ കെട്ടിക്കിടക്കുന്നു. ദുർഗന്ധവും പൊതുവിസർജ്ജനവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണണം. വെളിച്ച വിപ്ലവത്തെ സ്വാഗതം ചെയ്യുകയാണ്. പക്ഷെ ഇത് എല്ലാ പ്രദേശത്തും പ്രാവർത്തികമായിട്ടില്ല. രണ്ടുമാസം മുമ്പാണ് എന്റെ നിയോജകമണ്ഡലത്തിൽ കുറ്റ്യാടി പ്രോജക്ടിന്റെ ഭാഗമായി മുണ്ടിയാട് 110 കെ. വി. സ്റ്റേഷൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എം. മാണി ഉത്ഘാടനം ചെയ്തത്. സ്റ്റേഷൻ വന്നതുകൊണ്ടുമാത്രം കാര്യമായില്ല. വോൾട്ടേജ് കൂട്ടേണ്ടതായിട്ടുണ്ട്. ട്രാൻസ്ഫോർമർ ആവശ്യമാണ്. അടിയന്തിരമായി ആവശ്യമായ ട്രാൻസ്ഫോർമർ അനുവദിച്ചുകൊണ്ട് വെളിച്ചവിപ്ലവം സാക്ഷാത്ക്കരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. കണ്ണൂർ സ്റ്റേഡിയം ഗ്രൗണ്ടിൽ ഘടിപ്പിച്ചിട്ടുള്ള ഫ്ളഡ് ലൈറ്റ് പ്രവർത്തിക്കുന്നില്ല. ചില സാങ്കേതിക തടസ്സങ്ങളാണ് ഇലക്ട്രിസിറ്റി ബോർഡ് ഉന്നയിച്ചിരിക്കുന്നത്. ആ തടസ്സങ്ങൾ പിൻവലിച്ചുകൊണ്ട് ഫ്ളഡ് ലൈറ്റ് പ്രവർത്തിപ്പിക്കുവാൻ അനുവാദം നൽകണമെന്ന് ഇലക്ട്രിസിറ്റി മന്ത്രിയോട് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. എം. ജിനദേവൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായ് വന്നതുപോലെ ശ്രീ. ബാലകൃഷ്ണപിള്ള വീണ്ടും വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയായി വന്നിരിക്കുന്ന അത്ഭുതപ്രതിഭാസമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ തിരിച്ചുവരവിലൂടെ ലോഡ് ഷെഡ്ഡിങ്ങും, കറൻറു കട്ടും ലേ ഓഫും എല്ലാം വീണ്ടും വന്നിരിക്കുകയാണ്. ഭൂതം നിധി കാക്കുന്നതുപോലെ ശ്രീ. ബാലകൃഷ്ണപിള്ള മുമ്പു കൊണ്ടുനടന്നിരുന്ന ഈ ഇലക്ട്രിസിറ്റി വകുപ്പ് ശ്രീ. കെ. എം. മാണി ഏറെടുത്തപ്പോൾ, പിശുക്കൻ മടിശ്ശീല അഴിക്കുന്നതുപോലെയാണെങ്കിലും കുറെശ്ശെയൊക്കെ ആവശ്യക്കാർക്ക് കൊടുത്തിരുന്നു. എന്നാൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള വീണ്ടും ചുമതല ഏറെടുത്തപ്പോൾ അതെല്ലാം നിർത്തിവച്ചു എന്നു മാത്രമല്ല, നെൽക്കൃഷിക്കാർക്ക് വെള്ളം വറ്റിക്കുന്നതിന് മുമ്പ് നൽകിയിരുന്ന ടെമ്പററി കണക്ഷൻ പോലും ഇപ്പോൾ കൊടുക്കാതെയായിരിക്കുന്നു. കൃഷിമുഴുവൻ വെള്ളത്തിനടിയിലായിരിക്കുന്നു. കൃഷി നശിക്കാൻ പോവുകയാണ്. ടെമ്പററി കണക്ഷനു അപേക്ഷിച്ചാൽ അതെല്ലാം പുതിയ കണക്ഷനാണെന്നു വ്യാഖ്യാനിച്ച് കണക്ഷൻ നൽകാതിരിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള നടത്തിയിരുന്ന ജീവനക്കാരോടുള്ള പ്രതികാരപരവും വൈരനിര്യാതന ബുദ്ധിയോടുകൂടിയതുമായ സ്ഥലമാറ്റങ്ങൾ കുറെയൊക്കെ ശ്രീ. കെ. എം. മാണി റദ്ദ് ചെയ്യുകയും അവരെ പഴയ സ്ഥാനങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരികയുമൊക്കെ ചെയ്തത് ജീവനക്കാർക്ക് വലിയ ആശ്വാസമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി വകുപ്പുഭരിച്ചിരുന്ന കാലത്തു ചെയ്ത നടപടിക ളെല്ലാം ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇപ്പോഴും റദ്ദാക്കിക്കൊണ്ടിരി ക്കുകയാണ്. ചെയർമാൻ ശ്രീ. ഉണ്ണിക്കൃഷ്ണൻ നായരെ വിരട്ടി ലീവെ ടുപ്പിച്ചു. ശ്രീ. ബാലകൃഷ്ണപിള്ളയുടെ ഇംഗിതത്തിനനുസരിച്ചുമാത്രം പ്രവർത്തിക്കുന്ന ശ്രീ. ഗണേശപിള്ളയെ ആ സ്ഥാനം ഇപ്പോഴും ഏൽപ്പി ച്ചിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിലെ പഴയ ദുർഭരണം വീണ്ടും ആരംഭിച്ചിരിക്കുന്നു എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ഈ വകുപ്പിനെക്കുറിച്ചും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുമെല്ലാം ഇതിനുമുമ്പ് നിരവധി പ്രാവശ്യം ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അനവധി ആക്ഷേപങ്ങളും ഇതിന്റെ പ്രവർ ത്തനങ്ങളെക്കുറിച്ചെല്ലാം ഇവിടെ ഉയർന്നുവന്നിട്ടുള്ളതാണ്. ഇലക്ട്രി സിറ്റി ഉൽപാദനപ്രസരണവിതരണ രംഗങ്ങളിലെല്ലാമുള്ള കുഴപ്പങ്ങളും ഈ വകുപ്പു നേരത്തെ കൈകാര്യം ചെയ്തിരുന്ന ശ്രീ. ബാലകൃഷ്ണപി ള്ളയുടെ അഴിമതികളും കൊള്ളരുതായ്മകളും എല്ലാം ഇവിടെ തുറന്നുകാ ട്ടിയിട്ടുള്ളതാണ്. ഇടമലയാർ പദ്ധതിയുടെ പവർടണലിന്റെ പണി അവതാളത്തിലാക്കിയ കോൺട്രാക്ടർ കെ. പി. പൗലോസിനെത്തന്നെ വീണ്ടും കക്കാട് പദ്ധതിയുടെ ടണൽ ജോലികളും ഇരട്ടയാർ ഡാമിന്റെ നിർമ്മാണ ജോലികളും ഇപ്പോഴും ഏൽപ്പിച്ചിരിക്കുകയാണ്. ബ്ലാക്ക് ലിസ്റ്റിൽ പെടുത്തേണ്ട, മേലിൽ യാതൊരുവിധ കരാറുകളും ഏൽപ്പി ക്കാൻ പാടില്ലാത്ത ഒരു കരാറുകാരനാണ് ശ്രീ. കെ. പി. പൗലോസ്. അയാൾക്കുതന്നെ വീണ്ടും വീണ്ടും കരാറുകൾ കൊടുക്കുന്നതിലെ ചേതോവി കാരം എന്താണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇടമ ലയാർ ടണലിലുണ്ടായ ചോർച്ചയെക്കുറിച്ചുള്ള ജുഡീഷ്യൽ എൻക്വയറി അവസാനിക്കുന്നതുവരെയെങ്കിലും ഈ കോൺട്രാക്ടർക്ക് പുതിയ കരാ റുകൾ നൽകാതിരിക്കാനുള്ള സാമാന്യ മര്യാദ ഗവൺമെന്റും ഇലക്ട്രി സിറ്റിബോർഡും കാണിക്കേണ്ടതായിരുന്നു.

സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നു പ്രാവശ്യം ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചു. വീണ്ടും ഇലക്ട്രി സിറ്റി ചാർജ് വർദ്ധിപ്പിക്കാനുള്ള ഒരു പ്രൊപ്പോസൽ — 1530 ലക്ഷം രൂപ വരവു പ്രതീക്ഷിക്കുന്ന ഒരു നിർദ്ദേശം—സബ്ജക്റ്റ് കമ്മിറ്റിക്ക് ലഭിച്ച രേഖകളിൽ കാണുകയുണ്ടായി. ധനകാര്യമന്ത്രി ഈ സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലോ, ധനകാര്യ സ്റ്റേറ്റ്മെന്റിലോ മറ്റു രേഖകളിലോ ഒന്നുംതന്നെ ഇതുപോലൊരു നിർദ്ദേശം വച്ചിട്ടില്ല. അതുകൊണ്ടുതന്നെ സബ്ജക്റ്റ് കമ്മിറ്റിയിലെ ഞാൻ ഉൾപ്പടെയുള്ള അഞ്ച് അംഗങ്ങൾ ആ നിർദ്ദേശത്തെ എതിർക്കുകയും ഒരു ഭിന്നാഭിപ്രാ യകുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യാതൊരു കാരണവശാ ലും ഇനിമേലിൽ ഈ സംസ്ഥാനത്തെ വിദ്യുച്ഛക്തി ചാർജ് വർദ്ധി പ്പിക്കരുതെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാനുള്ളത്. വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാ പ്തതയിലാണെന്നും ആവശ്യത്തിലധികം ഉത്പാദിപ്പിക്കാനുള്ള സ്ഥിതി യിലെത്തിയെന്നുമൊക്കെ ഇതിനുമുമ്പ് ഇവിടെ അവകാശവാദങ്ങൾ ഉന്ന യിച്ചിരുന്നതാണ്. ഇപ്പോൾ രണ്ടുദിവസം കാലവർഷം വൈകിയപ്പോൾ കടുത്ത വൈദ്യുതിക്ഷാമം ജനങ്ങൾക്ക് അനുഭവപ്പെട്ടുതുടങ്ങിയിരിക്കു കയാണ്. പവർകട്ട് ഏർപ്പെടുത്തിയതിനെത്തുടർന്നുണ്ടായ വ്യവസായസ്ഥാ പനങ്ങളിലെ ലേ ഓഫിന്റെ ഫലമായി ലക്ഷക്കണക്കിന് തൊഴിലാളിക ളുടെ ജീവിതമാണ് ഇവിടെ വഴിമുട്ടിനില്ക്കുന്നത്. കാലവർഷം ചതിച്ചു എന്നുപാഞ്ഞു നെഞ്ചത്തടിച്ച് നിലവിളിക്കാനല്ലാതെ മറെറാന്നും ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിനോ ഇലക്ട്രിസിറ്റിബോർഡിനോ ഇപ്പോഴും കഴിയുന്നില്ല. ഇടമലയാർ, ഇടുക്കി മൂന്നാംഘട്ടം ശബരിഗിരി ആഗുമെൻറേഷൻ എന്നീ പദ്ധതികളുടെ നിർമ്മാണത്തിൽ അല്പം ശുഷ്കാന്തി കാണിച്ചിരുന്നുവെങ്കിൽ ഈ മൂന്നു പദ്ധതികളും വളരെ മുമ്പേ തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമായിരുന്നു; വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമായിരുന്നു. അങ്ങനെ സാധിച്ചിരുന്നുവെങ്കിൽ ഇന്നത്തെ ഈ സ്ഥിതിവിശേഷം ഉണ്ടാകുമായിരുന്നില്ല. കെ. എസ്. ഇ. ബി. യുടെ ദീർഘവീക്ഷണമില്ലായ്മയുടേയും കഴിവുകേടിൻറേയും ശിക്ഷയാണ് ഇന്ന് കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്നത്. മിച്ചസംസ്ഥാനമെന്നു വീമ്പടിച്ചിരുന്ന ഇവിടെ വൈദ്യുതിക്ഷാമം തുടർച്ചയായി ഉണ്ടാകുമെന്നാണ് വസ്തുതകൾ മനസ്സിലാക്കുന്ന ആർക്കും ബോദ്ധ്യമാകുന്നത്. കേരളത്തിലെ പ്രതിദിന വൈദ്യുതി ആവശ്യം 15 ദശലക്ഷം യൂണിറ്റായി ഇപ്പോഴും തന്നെ ഉയർന്നു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം ഇതേസമയം 12 ദശലക്ഷം യൂണിറ്റായിരുന്നു ഇവിടത്തെ ഉപഭോഗം. നിശ്ചിത വോൾട്ടേജിൽ തടസ്സം കൂടാതെ വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കിയാൽ ഇന്നത്തേക്കാൾ വളരെക്കൂടുതൽ വൈദ്യുതിയുടെ ഉപഭോഗം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതിദിനം 15 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഒരു വർഷം ഇവിടെ നൽകണമെങ്കിൽ 5475 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമാണ്. ഇപ്പോൾ പ്രവർത്തനത്തിലുള്ള ഒമ്പത് ജനറേറ്റിങ്ങ് സ്റ്റേഷനുകളിലുംകൂടി മൊത്തം ഉല്പാദിപ്പിക്കാൻ കഴിയുന്നത് 4730 ദശലക്ഷം യൂണിറ്റ് മാത്രമാണ്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന, ഈ വർഷംതന്നെ കമ്മീഷൻ ചെയ്യുമെന്ന് നമ്മെളെല്ലാം പ്രതീക്ഷിക്കുന്ന മൂന്നു പദ്ധതികളും — ഇടമലയാർ, ഇടുക്കി മൂന്നാംഘട്ടം, ശബരിഗിരി ആഗുമെൻറേഷൻ — കമ്മീഷൻ ചെയ്താൽപ്പോലും ഇവിടെ 822 ദശലക്ഷം യൂണിറ്റ് വൈദ്യുതികൂടി മാത്രമേ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുകയുള്ളു. ഇടമലയാർ 321 ദശലക്ഷം, ഇടുക്കി മൂന്നാംഘട്ടം 376 ദശലക്ഷം, ശബരിഗിരി ആഗ്മെൻറേഷൻ 125 ദശലക്ഷം. അങ്ങനെ ആകെ മൊത്തം 5552 ദശലക്ഷം യൂണിറ്റു മാത്രമേ എല്ലാംകൂടി വന്നാലും ഉണ്ടാകുന്നുള്ളു. ഇത് ഇന്നത്തെ ആവശ്യം നിർവ്വഹിക്കാൻ മാത്രമേ പര്യാപ്തമാകൂ. പ്രതിവർഷം ആറ് ശതമാനം വർദ്ധനവ് കണക്കാക്കിയാൽപോലും .1990 ആകുമ്പോൾ പ്രതിദിനം 20 ദശലക്ഷംയൂണിറ്റ് വൈദ്യുതി ഇവിടെ ആവശ്യമായിട്ടുവരും. രണ്ടായിരമാണ്ടാകുമ്പോൾ അത് 30 ദശലക്ഷം ആയി ഉയരും. നാല് വർഷം കഴിയുമ്പോൾ 1990 മുതൽ പ്രതിദിനം 20 ദശലക്ഷം യൂണിറ്റ് വച്ച് 7300 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇവിടെ ഉല്പാദിപ്പിക്കാനുള്ള കഴിവ് നമുക്കുണ്ടാകണം.

നിർമ്മാണത്തിലിരിക്കുന്ന ലോവർ പെരിയാർ, കക്കാട്, കുറ്റ്യാടി ആഗുമെൻറേഷൻ എന്നീ പദ്ധതികളും 1990-ാടുകൂടി കമ്മീഷൻ ചെയ്താൽ 959 ദശലക്ഷം യൂണിറ്റ് വൈദ്യുതികൂടി കൂടുതലായി ഉണ്ടാക്കാം. അപ്പോഴും മൊത്തം ഉല്പാദനം 5511 ദശലക്ഷം യൂണിറ്റു മാത്രമേ ആകുന്നുള്ളു. ഈ പദ്ധതികളെല്ലാം ഷെഡ്യൂൾ അനുസരിച്ച് കമ്മീഷൻ ചെയ്യുകയും മഴ കൃത്യമായി ലഭിക്കുകയും നമ്മുടെ റിസർവോയറുകളിൽ ആവശ്യത്തിന് വെള്ളം സംഭരിക്കുകയും ചെയ്താൽ മാത്രമേ ഇതെല്ലാം പ്രായോഗികമാവുകയുള്ളു. ഇങ്ങനെയെല്ലാം ഒത്തിണങ്ങിവന്നാലും പ്രതിദിനം 18 ദശലക്ഷം യൂണിറ്റ് വച്ച് നൽകാനേ സാധിക്കൂ. അപ്പോഴും രണ്ടു ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കമ്മി പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കും. ഇന്നു നമ്മൾ ഏറെടുത്തിട്ടുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും 1990-ഓടുകൂടി കമ്മീഷൻ ചെയ്യുകയും കാലാവസ്ഥ മാറ്റമില്ലാതെ തുടർന്ന് പ്രകൃതി അനുഗ്രഹിക്കുകയും ചെയ്താലും 1990—ന് ശേഷവും കേരളത്തിൽ കടുത്ത വൈദ്യുതി ക്ഷാമം ഉണ്ടാകുമെന്ന് ദീർഘ ദർശനം നടത്താൻ വലിയ പ്രയാസമില്ല. ഭാവിയിൽ ഉണ്ടാകുന്ന പ്രതിസന്ധി തരണംചെയ്യണമെങ്കിൽ ഇവിടെ പുതിയ പദ്ധതികളും അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട്. 1,55,000 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലവിഭവശേഷി നമുക്കുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിന്റെ 40 ശതമാനത്തിൽപ്പോലും നാം ഇതുവരെ കൈവച്ചിട്ടില്ല. ജലവൈദ്യുതപദ്ധതികൾക്ക് ഇവിടെ ധാരാളം സാദ്ധ്യതകളും ഇനിയും ഉണ്ടെന്നാണ് ഇത് കാണിക്കുന്നത്. ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതിനനുസരിച്ച്, വ്യാവസായിക വികസനത്തിന്റെ വേഗത വർദ്ധിക്കുന്നതനുസരിച്ച് ഇലക്ട്രിസിറ്റിയുടെ ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിന്റെ ഭാവിയെസംബന്ധിച്ചിടത്തോളം ഏറ്റവും ചെലവു കുറഞ്ഞ വൈദ്യുതി ഉല്പാദന മാദ്ധ്യമമാണ് ജലവൈദ്യുത പദ്ധതികളും. ശരിയായ പ്ലാനിങ്ങും, ദീർഘവീക്ഷണവും വച്ചുകൊണ്ട് പുതിയ ജലവൈദ്യുതപദ്ധതികളും ഏറ്റെടുത്ത് ആസൂത്രണം ചെയ്താൽ നമ്മുടെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ സാധിക്കും എന്നുള്ളതാണ് കേരളത്തിന്റെ അനുഗ്രഹം. പരിഗണനയിലിരിക്കുന്ന പൂയാംകുട്ടി പദ്ധതിയും മൂന്നാർ പദ്ധതിയും അടിയന്തിരമായി ഏറ്റെടുക്കുവാൻ നടപടികളും ഉണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

മൂന്നാർ പദ്ധതി ഏറ്റെടുക്കുകയാണെങ്കിൽ അവിടെ ജനറേറ്റ് ചെയ്യുന്ന വെള്ളം പിന്നീട് രണ്ടുമൂന്നു ജനറേറ്റിംഗ് സ്റ്റേഷനുകളിൽ വീണ്ടുംവീണ്ടും ജനറേറ്റ് ചെയ്യാൻ സാധിക്കും. അതുകൊണ്ടുതന്നെ ആ പദ്ധതിയുടെ പ്രാധാന്യം വളരെ വലുതാണ്. പള്ളിവാസൽ, ചെങ്കുളം, നേരിയമംഗലം എന്നീ മൂന്ന് ജനറേറ്റിംഗ് സ്റ്റേഷനുകളിൽ മൂന്നാറിലെ ടെയിൽവാട്ടർ ഉപയോഗിക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ മൂന്നാർ പദ്ധതി വളരെ പ്രധാനപ്പെട്ട പദ്ധതിയായി കണക്കാക്കണം. അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയായ പൂയാംകുട്ടി പദ്ധതിയും നമ്മൾ ഏറ്റെടുക്കേണ്ടതാണ്. ഇവിടെ ഏറ്റെടുത്ത പദ്ധതികളുടെ നിർമ്മാണത്തിലുണ്ടായ കാലതാമസവും അതുമൂലം പദ്ധതിയിലുണ്ടാകുന്ന വർദ്ധിച്ച അടങ്കൽ ചെലവും അതുപോലെ പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നടക്കുന്ന വാദകോലാഹലങ്ങളുമെല്ലാം തന്നെ ജലവൈദ്യുതപദ്ധതികളും ഏറ്റെടുക്കുന്നതിനെതിരെ ഉയർന്നുവന്നിരിക്കുന്ന ഭീഷണികളാണ്. സാർ, പദ്ധതികൾ നടപ്പിൽവരുത്തുന്നതിന് അനാവശ്യമായ കുറെ കാലതാമസം ഉണ്ടായിട്ടുണ്ടെന്നുള്ളത് ഒരു നേരാണ്. പദ്ധതിപ്രദേശങ്ങളിലുണ്ടാകുന്ന തൊഴിൽത്തർക്കങ്ങൾക്ക് ഒരു സമയബന്ധിത പരിപാടിവച്ച് അപ്പോഴപ്പോൾ പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചാൽ വളരെ കൃത്യമായി ഒരു ഷെഡ്യൂളനുസരിച്ചുതന്നെ ഈ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കും. കോൺട്രാക്ടുകൾ കൊടുക്കുമ്പോൾ, ഇലക്ട്രിസിറ്റി ഫെയിലിയുവറിന്റേയും തൊഴിൽത്തർക്കങ്ങളുടേയുംപേരിൽ കോൺട്രാക്ടർമാർക്ക് കോമ്പൻസേഷൻ കൊടുക്കാനുള്ള വ്യവസ്ഥ ടെൻഡർ കണ്ടീഷനിൽ ഇന്നുള്ളത് എടുത്തുകളയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെതന്നെ ടെൻഡർ വ്യവസ്ഥകളിൽ ഇന്നുള്ള എസ്ക്കലേഷൻ ക്ലോസ് എടുത്തുകളയണം. ജോലി ഉപേക്ഷിച്ചുപോകുന്ന കോൺട്രാക്ടർമാരെ പിനലൈസ് ചെയ്യാനുള്ള വ്യവസ്ഥകളും കർശനമായി നടപ്പിലാക്കണം. അങ്ങനെയെല്ലാം ചെയ്താൽ ജലവൈദ്യുത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും കൃത്യസമയത്തു പൂർത്തിയാക്കാൻ നമുക്കു സാധിക്കും. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നടത്തുന്ന പ്രചരണങ്ങളും ഗവൺമെന്റ് അവഗണിച്ച്, അതിന്റെ പേരിൽ ജലവൈദ്യുതപദ്ധതികളും ഏറെ വൈകാതിരിക്കുന്ന ഇന്നത്തെ നിലപാടു മാറണം. കേന്ദ്രഗവൺമെന്റിൽ അതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയും വേണം. നമ്മുടെ സംസ്ഥാനത്തിന്റെ ജലവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയത്തക്കതരത്തിൽ പൂയാംകുട്ടി പദ്ധതിയും മൂന്നാർ പദ്ധതിയും അതുപോലുള്ള മറ്റു പദ്ധതികളും അടിയന്തിരമായി ഏറ്റെടുത്ത് അടുത്ത നാലു വർഷത്തിനുശേഷം ഉണ്ടാകാവുന്ന ഈ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ ഇപ്പോഴേ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ് : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. ജിനദേവൻ സൂചിപ്പിച്ചതുപോലെ അപ്രതീക്ഷിതമായി വിദ്യുച്ഛക്തി രംഗത്ത് ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിക്കൊണ്ടാണ് സർ, ഈ ചർച്ച നടക്കുന്നത്. പ്രതീക്ഷയ്ക്കു വിരുദ്ധമായും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളും ആവർത്തിച്ചു വ്യക്തമാക്കിയതിനുവിരുദ്ധമായും മൺസൂൺ സീസൺ താമസിക്കുകയും ക്യാച്മെന്റ് ഏരിയായിൽ മതിയായ മഴ ലഭിക്കാതിരിക്കുകയും ചെയ്തതിനാൽ നമുക്ക് ആവശ്യമായ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ലെന്ന വസ്തുത വിസ്മരിക്കാൻ ആർക്കും കഴിയുകയില്ല. ശ്രീ. ജിനദേവൻ കേരളത്തിൽ ഇന്നു ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ആവശ്യത്തിനു മതിയാവുന്നില്ല എന്നു സൂചിപ്പിക്കുകയുണ്ടായി. അതു ശരിയാണ്. ഏതാണ്ട് നാലായിരത്തോളം ദശലക്ഷം യൂണിറ്റ് വൈദ്യുതി മാത്രമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. എന്നാൽ ഈ ഉൽപ്പാദനത്തിൽ ബഹുഭൂരിപക്ഷം പ്രോജക്ടുകളും പൂർത്തിയാക്കാനും പ്രവർത്തിപഥത്തിൽ എത്തിക്കുവാനും കഴിഞ്ഞത് കഴിഞ്ഞ നാലഞ്ചുവർഷങ്ങളിലാണ് എന്ന വസ്തുത വിസ്മരിക്കുന്നതു ശരിയല്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഒന്നു ചോദിച്ചോട്ടേ. ശ്രീ. ജിനദേവൻ ഇവിടെ പറഞ്ഞപ്പോൾ പുതിയ കണക്ഷന്റെ പേരിൽ ഒറാക്കൃഷി നടത്തുന്ന നിലങ്ങൾക്ക് വെള്ളമടിക്കാൻവേണ്ടി ടെമ്പററി കണക്ഷൻ കൊടുക്കുന്ന കാര്യം സൂചിപ്പിച്ചിരുന്നു. ഏതു പ്രശ്നം വന്നാലും കൃഷിയെ ഒഴിച്ചു നിർത്തുന്ന ഒരു അനുഭവമാണ് മുമ്പുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ കൃഷിയെ അങ്ങനെ ഒഴിച്ചുനിർത്താത്തതുകൊണ്ട് കൊടുത്ത കണക്ഷൻ അനുസരിച്ചുതന്നെ 12 മണിക്കൂറും വെള്ളമടിക്കാൻ സാധിക്കാതെ സകല കൃഷിയും നശിക്കുകയും ചെയ്യുന്നു.

ഡോ. കെ. സി. ജോസഫ് : സർ, അതിലേക്ക് വരുന്നുണ്ട് ഞാൻ. പ്രോജക്ടുകളെക്കുറിച്ച് പറഞ്ഞുതുടങ്ങിയതേയുള്ളു. കണക്ഷന്റെ കാര്യത്തിലേക്ക് ഇനി വരുന്നതേയുള്ളു. ഇവിടെ നാലായിരത്തിനുപുറമേ കഴിഞ്ഞ ഒരുവർഷം മുമ്പ് നമുക്ക് ലഭിക്കാമായിരുന്ന 400 ദശലക്ഷം യൂണിറ്റ് നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയാതെ പോയിരിക്കുന്നു. ഒരു വർഷം മുമ്പ് ഇടമലയാർ പ്രോജക്ട് കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. അവിടെ ഉണ്ടായ കുഴപ്പങ്ങളെസംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ട് ആറുമാസത്തിനകം അന്വേഷണം പൂർത്തിയാക്കി

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് കൊടുക്കണമെന്നാണ് നിർദ്ദേശം കൊടുത്തത്. എന്നാൽ പിന്നീട് ആറു മാസംകൂടി ആ കമ്മിഷന് സമയം നീട്ടികൊടുത്തിരിക്കുകയാണ്. ഈ പീരിയേഡിനുള്ളിൽ തന്നെ ഇതിന്റെ അന്വേഷണം പൂർത്തിയാക്കാനും ഇടമലയാർ പ്രോജക്ടിന്റെ ബാക്കിയുള്ള പ്രവർത്തനങ്ങളും നടത്തി അവിടെനിന്ന് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ് എന്ന് അഭ്യർത്ഥിക്കുന്നു. സർ, ഇടമലയാർ പ്രോജക്ട് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയാത്തതുകൊണ്ട് ഓരോ വർഷവും നമുക്കുണ്ടാകുന്ന നഷ്ടം 400 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. എന്നുപറഞ്ഞാൽ ഏകദേശം എട്ടുകോടി രൂപയോളം ഓരോ വർഷവും നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, അപ്പോൾ എന്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യുച്ഛക്തി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എം. മാണി ജൂണിൽ ഇടമലയാർ പ്രോജക്ട് പൂർത്തിയാക്കി വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുമെന്നു പ്രഖ്യാപിച്ചത്?

ഡോ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെപ്പറ്റി എന്നോട് ചോദിച്ചാൽ ഞാൻ എങ്ങനെ മറുപടി പറയും? സർ, ഈ ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ സംസ്ഥാനത്തെ ഇത്തവണത്തെ പ്രത്യേക സാഹചര്യംകൂടി കണക്കിലെടുക്കേണ്ടതാണ് എന്നാണ്. മറ്റു പദ്ധതികളിലെ ജലം മുഴുവൻ തീർന്നപ്പോഴും ഇടമലയാർ പദ്ധതിയുടെ സംഭരണിയിൽ നിറയെ ജലം നിന്നിരുന്നു. എന്നാൽ ആ ജലം മുഴുവൻ ഉപയോഗിക്കാൻ കഴിയാതെ വേസ്റ്റാക്കി കളയേണ്ടിവന്നു. അതുമൂലം ഇവിടെ വിദ്യുച്ഛക്തികിട്ടും അതുകൊണ്ട് തൊഴിലാളികൾക്കുണ്ടായ തൊഴിൽദിനങ്ങളുടെ നഷ്ടവുമൊക്കെ പരിഗണിക്കാതിരിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഏറ്റവും വേഗത്തിൽ ഈ അന്വേഷണം പൂർത്തിയാക്കി ഇടമലയാർ പ്രോജക്ടിന്റെ പ്രവർത്തനം തുടരുവാനും അത് പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ചന്ദ്രമോഹനൻ പ്രസംഗിച്ചപ്പോൾ ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ളക്കെതിരെയും ശ്രീ. കെ. എം. മാണിക്കെതിരേയുമൊക്കെ വളരെ രൂക്ഷമായി സംസാരിക്കുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ പാർട്ടിയുടെ പ്രതിനിധികൂടി ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്നപ്പോൾ വെറും അമ്പതിനായിരം കണക്ഷൻ മാത്രം ഓരോ വർഷവും കൊടുത്തിരുന്ന സ്ഥാനത്ത് രണ്ടും രണ്ടരയും ലക്ഷം വിദ്യുച്ഛക്തി കണക്ഷനുകളാണ് ശ്രീ. കെ. എം. മാണിയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും നൽകിയതെന്ന വസ്തുത വിസ്മരിക്കാൻ ആർക്കും കഴിയുകയില്ല. ഇലക്ട്രിസിറ്റിബോർഡിന്റെ ബഡ്ജറ്റനുസരിച്ച് വെറും എഴുപത്തയ്യായിരം കണക്ഷനുകൾ ഓരോവർഷവും കൊടുക്കാൻ തുക നീക്കിവച്ചിരുന്ന സ്ഥാനത്താണ് കഴിഞ്ഞവർഷം ഒരുലക്ഷത്തി എമ്പത്തയ്യായിരം കണക്ഷനുകൾ കൊടുക്കാനായി കഴിഞ്ഞത്. ആ നിലയ്ക്ക് വിദ്യുച്ഛക്തി ആവശ്യമുള്ള കേന്ദ്രങ്ങളിലേക്കെല്ലാം വൈദ്യുതി കണക്ഷൻ കൊടുക്കാൻവേണ്ടി വളരെ തീവ്രമായ ശ്രമം നടത്തിയ ശ്രീമാൻ കെ. എം. മാണിക്കെതിരെ ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ ഉന്നയിച്ച ആരോപണം വളരെ ക്രൂരമായിപ്പോയി എന്നു ഞാൻ പറയുകയാണ്. ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ ഏതെങ്കിലും ഒരു മൂല പിടിച്ചുകൊണ്ട് നിയമസഭയിൽവന്ന് ആരോപണമുന്നയിക്കുന്നത് വളരെനിർഭാഗ്യകരമായ പ്രവണതയാണ്. ടെൻഡറുകൾ സബ്മിറ്റു ചെയ്യുമ്പോൾ നമുക്കറിയാം ടെൻഡറിന്റെ നോർമൽ ഫിഗർ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല കണക്കിലെടുക്കുന്നത് എന്ന്. ഈ ഫിഗറിനോട് ചേർന്ന് ടെൻറുകൂടി സബ്മിറ്റു ചെയ്യുമ്പോൾ അതിനോടു ചേർന്ന് ഓരോ കോൺട്രാക്ടർമാരും അഡീഷണലായി എന്തെങ്കിലും നിബന്ധനകൂടി വയ്ക്കുമെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ചിലവ് എത്രയെന്നുകൂടി കണക്കിലെടുത്തുകൊണ്ടാണ് ടെൻറിന്റെ ഓവറാൾ എത്ര ശതമാനമെന്നു കണക്കാക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, നമുക്ക് ഇതിന്റെ സത്യാവസ്ഥ കണ്ടുപിടിക്കാൻ ഫയൽ ഒന്നു മേശപ്പുറത്തു വയ്ക്കാൻ പറയുമോ?

ഡോ. കെ. സി. ജോസഫ് : എന്റെ കയ്യിൽ ഫയലൊന്നുമില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചുനോക്കിയാൽ മതി. ഇവിടെ ഏതു കരാറുകാരനെ സംബന്ധിച്ചിടത്തോളവും ഏതു വർക്കിനെ സംബന്ധിച്ചിടത്തോളവും കാണാറുള്ള ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. പല പല നിബന്ധനകളും ചില വർക്കുകളും ഏറെടുക്കണമെങ്കിൽ ടെൻററിനുള്ളതിനേക്കാളും അഡീഷണലായി കരാറുകാരൻ വേണമെന്നു പറഞ്ഞാൽ ആ നിബന്ധനകളും നടപ്പിലാക്കുമ്പോൾ എന്തു ചിലവു വരുമെന്നുള്ള തുകകൂടി ടെൻററിന്റെ തുകയോടുകൂടി കൂട്ടിയാണ് ആ കരാർതുക എത്രയെന്നു കണക്കാക്കുന്നത്. ആ നിലയിൽ പറയുമ്പോൾ 102 ശതമാനമെന്നോ 104 ശതമാനമെന്നോ 157 ശതമാനമെന്നോ മാത്രമുള്ള ആ ഫിഗർമാത്രം കണക്കിലെടുത്തുകൊണ്ട് ടെൻറുകളും പരിശോധിക്കുവാനായി കഴിയുകയില്ല. അതുകൊണ്ട് ടെൻറുകളിലെ നിബന്ധനകൾകൂടികണക്കിലെടുത്ത് ആകെ കരാർ തുക എത്രയെന്നു തിട്ടപ്പെടുത്തിയാണ് ടെൻറുകളെക്കുറിച്ച് തീരുമാനമെടുക്കുക. ശ്രീ. കെ. എം. മാണി ചെയ്ത തെറ്റ് ഇവിടെ ചൂണ്ടിക്കാണിച്ചത് എന്താണെന്നറിയാമോ സർ? 157 ശതമാനമെന്നുള്ളത് 118 ശതമാനമാക്കി മാറ്റിക്കൊണ്ട് സർക്കാരിനു ലാഭമുണ്ടാക്കാനുള്ള തീരുമാനമെടുത്ത , എഴുപത്തയ്യായിരം കണക്ഷനുമാത്രം തുക

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്)

ഉണ്ടായിരുന്ന സ്ഥാനത്ത് ഒരുലക്ഷത്തി എൺപത്തയ്യായിരം കണക്ഷൻ നൽകിക്കൊണ്ട് അങ്ങേപ്പുറത്തിരിക്കുന്നവർകൂടി പ്രശംസിച്ച വെളിച്ച വിപ്ലവം നടപ്പിലാക്കിക്കൊണ്ട് സാധാരണക്കാരന് കോൺട്രിബ്യൂഷനില്ലാതെ വൈദ്യുതി എത്തിച്ചുകൊടുത്ത ശ്രീ. മാണിക്കെതിരെ ഇത്ര നിസ്സാരമായ ആരോപണം ഉന്നയിക്കുന്നത് നിർഭാഗ്യകരമാണ്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, കോൺട്രാക്ടിനെ സംബന്ധിച്ചു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് എനിക്ക് മനസ്സിലായി. 157 ശതമാനമെന്നുള്ളത് കുറച്ചുകൊണ്ടുവന്നു എന്നു പറഞ്ഞു, അപ്പോൾ എക്സസ് ഉണ്ടാകും. 104 ശതമാനത്തിന് കോട്ട് ചെയ്ത ഒരു ടെൻറർ 118 ശതമാനത്തിന് അവാർഡ് ചെയ്യുന്നത് എങ്ങനെയെന്ന് ഒന്നു പറഞ്ഞു മനസ്സിലാക്കാമോ ?

ഡോ. കെ. സി. ജോസഫ് : ഇത് രാമായണം മുഴുവൻ വായിച്ചിട്ടും രാമൻ സീതയുടെ ആരാണ് എന്നു ചോദിക്കുമ്പോലെയാണ്. ഇവിടെ ഞാൻ പറഞ്ഞു, ഒരു ടെൻറിനെ സംബന്ധിച്ചിടത്തോളം ഫിഗർ അല്ല പ്രധാനം എന്ന്. ആ ടെൻറിലെ ഫിഗറിന്റെകൂടെ അഡീഷണലായിട്ടു വയ്ക്കുന്ന നിബന്ധനകൂടി കണക്കിലെടുത്തുകൊണ്ട് അതിനുവേണ്ടി വരുന്ന ചിലവുംകൂടി കണക്കാക്കിയിട്ടാണ്, കരാർ തുക കണ്ടെത്തുക.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴും ഈ 102 എന്നു പറയുന്നത് 160-ഉം 200-ഉം ആയി മാറും. ആ നിലയിൽ മറ്റു വിശദാംശങ്ങളും തേടാതെ ഇത്ര ക്രൂരമായി ആരോപണമുന്നയിക്കുന്നത് വളരെ നിർഭാഗ്യകരമാണ്.

സർ, ഈ വർഷം ബഡ്ജറ്റിലുള്ളത് 75,000 കണക്ഷനുകളും കൊടുക്കണമെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ചാർജെടുത്തശേഷം പ്രഖ്യാപിക്കുകയുണ്ടായി, രണ്ടു ലക്ഷം കണക്ഷനുകളും ഈ വർഷം കൊടുക്കുവാൻ ആഗ്രഹിക്കുന്നുവെന്ന്. ഓവർ ഹെഡ് കണക്ഷനുകളും പോസ്റ്റ് ഇല്ലാതെ കൊടുക്കാവുന്ന പ്രീ കണക്ഷൻസ്, ഈ വർഷം വരെയുള്ള മുഴുവൻകണക്ഷനുകളും കൊടുക്കുവാൻ, 1981 വരെ മിനിമം ഗ്യാരണ്ടി വച്ച് അപേക്ഷിച്ചിട്ടുള്ളവർക്ക് ലൈൻ എക്സ്റ്റൻഷനുകളും കൊടുക്കുവാനാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. അത് രണ്ടു വർഷംകൂടി നീട്ടി 1983 വരെ മിനിമംഗ്യാരൻറി വച്ച് അപേക്ഷിച്ചിട്ടുള്ളവർക്ക് കണക്ഷനുകളും കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. പുതിയ കണക്ഷൻ കൊടുക്കുന്നതോടൊപ്പംതന്നെ വോൾട്ടേജ് ഇംപ്രൂവ്മെൻറും, വിദ്യുച്ഛക്തി നല്ല നിലയിൽ എത്തുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന് 11 കെ. വി. ലൈനുകളും വലിക്കുവാനും കൂടുതൽ ട്രാൻസ്ഫോർമറുകളും വയ്ക്കുവാനും നടപടികളും സ്വീകരിക്കണം. അതിനു പുറമെ, ഇത് കൺട്രോൾ ചെയ്യുവാനുള്ള സബ്സ്റ്റേഷനുകളും കൂടുതലായി അനുവദിക്കേണ്ടതായിട്ടുണ്ട്. ആ സബ്സ്റ്റേഷനുകളും നിർമ്മിക്കുമ്പോൾ അതിനാവശ്യമായ സ്റ്റാഫിനെ നൽകുവാനും ബോർഡ് തീരുമാനമെടുത്തിട്ടുള്ള സബ് സ്റ്റേഷനുകളും ഏറ്റവും വേഗം പ്രവർത്തനത്തിൽ കൊണ്ടുവന്ന് വോൾട്ടേജ് ഇംപ്രൂവ്മെൻറ് പണികളും പൂർത്തീകരിക്കുവാനുമുള്ള നടപടി സ്വീകരിക്കണം.

സർ, ഇപ്പോഴും മേജർ ടൗണുകളിൽ, തിരുവനന്തപുരം സിറ്റിയിലാകട്ടെ, എറണാകുളം സിറ്റിയിലാകട്ടെ കോഴിക്കോട് സിറ്റിയിലാകട്ടെ മറ്റു സിറ്റികളിലാകട്ടെ, മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ട് വൈദ്യുതി വിതരണം നന്നാക്കുവാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. മറ്റു മേജർ ജില്ലാ ആസ്ഥാനങ്ങളിലും മാസ്റ്റർപ്ലാനുകളും തയ്യാറാക്കുവാനും അവിടെ വൈദ്യുതി വിതരണം നല്ല നിലയിൽ ചെയ്യാനുമുള്ള നടപടികളും സ്വീകരിക്കണം: ഇവിടെ ബഹുമാനപ്പെട്ട ഗൗരിയമ്മ ചോദിച്ചതും ശ്രീ. ജിനദേവൻ പറഞ്ഞതുമായ ഒരു പ്രശ്നം -ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. കുട്ടനാട് മേഖലയിൽ രണ്ടാം കൃഷി നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ്. അവിടെയുള്ള മറ്റു പ്രശ്നങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. വൈദ്യുതി വിതരണ രംഗത്ത് കൂടുതൽ വോൾട്ടേജ് ഉംപ്പെടെയുള്ള കാര്യങ്ങളും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നടത്തുന്നതിനു പുറമെ ഇപ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട്, പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തുമ്പോൾ സാധാരണഗതിയിൽ അഗ്രിക്കൾച്ചറൽ പർപ്പസിനുവേണ്ടിയുള്ള വൈദ്യുതിവിതരണം അതിൽ എക്സംപ്റ്റ് ചെയ്യേണ്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ അവിടെ അഡീഷണലായി ട്രെമ്പററി കണക്ഷൻസ് കൊടുക്കുന്നില്ല. പുതിയ പാടങ്ങൾക്ക് കണക്ഷനുകളും കിട്ടുന്നില്ല. അതുമൂലം ആ പാടങ്ങളിൽ നെൽക്കൃഷി ഇറക്കിയിരിക്കുന്നതു മുഴുവൻ തകരാറിലായിരിക്കുന്നു. അത് അഡീഷണലായി കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴും തുടർച്ചയായി മോട്ടോർ പ്രവർത്തിപ്പിച്ച് പാടശേഖരങ്ങൾക്കുള്ളിൽ മഴപെയ്ത് കെട്ടിക്കിടക്കുന്ന വെള്ളം മുഴുവൻ പൂർണ്ണമായി പമ്പ് ചെയ്ത് പുറത്തു വിട്ടില്ലെങ്കിൽ നെൽക്കൃഷി മുഴുവൻ നശിക്കും. അതുകൊണ്ട് കുട്ടനാട് മേഖലയിൽ — ഇപ്പോഴും നെൽക്കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ള മേഖലയിൽ — നെൽക്കൃഷിയെ രക്ഷിക്കുവാനുള്ള നടപടിയെന്ന നിലയിൽ പവർകട്ട് പ്രത്യേകമായി എക്സംപ്റ്റ് ചെയ്യുവാനും ആവശ്യമായ സ്ഥലത്ത് ടെമ്പററി കണക്ഷനുകൾ കൊടുത്തുകൊണ്ട് കൃഷിയെ സഹായിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. സിറിയക് ജോൺ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം പ്രധാനമായും ചില കാര്യങ്ങൾ സൂചിപ്പിക്കുവാനുള്ളത്, ഇലക്ട്രിസിറ്റിയുടെ ജനറേഷൻ രംഗത്ത് ഈ മന്ത്രിയും ഈ ഗവൺമെൻറും യാതൊന്നും ചെയ്യുന്നില്ലെന്നാണ്. മാത്രമല്ല ഇന്ന് ജനറേഷൻ രംഗത്തുള്ള പദ്ധതികൾ ഒക്കെത്തന്നെയും താല്ക്കാലികമായിട്ടുള്ള എന്തെങ്കിലും സ്വകാര്യ ലാഭത്തിനു വേണ്ടി പൂർണ്ണമായി തകർക്കുന്ന, ഏറ്റവും വലിയ രാജ്യദ്രോഹകരമായ കാര്യങ്ങളാണ് ഈ മന്ത്രിയും മറ്റും ചെയ്യുന്നത്.

സർ, ഇവിടെ ഇടമലയാർ പദ്ധതിയെ സംബന്ധിച്ച് ചർച്ചകൾ നടന്നു. ഈ നിയമസഭയിലെ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയിൽ 10 അംഗങ്ങളുള്ളതിൽ 7 പേരും ഭരണകക്ഷിക്കാരാണ്. ഈ കമ്മിറ്റിയിൽ ഭരണകക്ഷിക്ക് നാലിൽ മൂന്ന് ഭൂരിപക്ഷമുണ്ട്. ഇതിലെ ചെയർമാനും ഭരണകക്ഷിക്കാരനാണ്. പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി ഇടമലയാറിൽ പോയി ഇതിനെ സംബന്ധിച്ച് വിശദമായി പരിശോധിച്ചശേഷം അംഗീകരിച്ച റിപ്പോർട്ട് ഈ സഭയിലുണ്ട്. സമയമില്ലാത്തതുകൊണ്ട് അത് വായിക്കുന്നില്ല. ഇതിനകത്ത് ഭരണകക്ഷിയാണെന്നുള്ളതൊന്നും കരുതാതെ തന്നെ വളരെ നിഷ്പക്ഷമായിത്തന്നെ ഗുരുതരമായ ആരോപണങ്ങളാണ് കമ്മിറ്റി ഉന്നയിച്ചിരിക്കുന്നത്. സർ, 'ലിങ്ക്' വീക്കിലിയിൽ ഇതിനെ സംബന്ധിച്ച് ഒരു ലേഖനം വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. The violation of the tender agreement has helped the contractor to save a couple of crores of rupees. It is alleged that this was deliberately done to help the contractor, a partyman, by the former Minister for Electricity and Kerala Congress leader Shri Balakrishna Pillai. പിന്നെയും ആ ലേഖനത്തിൽ പല കാര്യങ്ങളും പറയുന്നുണ്ട്. A number of other officials were transferred because they declined to take orders from the contractor, a top man in the Minister's party. The Minister obliged the 'partyman' contractor by bringing in subsequent Chief Engineer to toe their line. Undue haste was also shown in somehow completing the work, for inauguration in July, last.

ഇതൊരു നിസ്സാരമായ കാര്യമല്ല. ഈ രാജ്യത്ത് ആ പദ്ധതിയുടെ പ്രദേശത്തു താമസിക്കുന്ന ജനങ്ങളുടെ ജീവനുപോലും ഒരു വിലയും കല്പിക്കാതെ ഇവർക്കൊക്കെ താല്ക്കാലികമായി നേട്ടങ്ങൾ ഉണ്ടാക്കാൻ കുറെ കോടികൾ സമ്പാദിക്കാൻവേണ്ടി, അല്ലെങ്കിൽ രാഷ്ട്രീയമായിട്ടുള്ള നേട്ടങ്ങളുണ്ടാക്കാമെന്നുള്ളതിന്റെ പേരിൽ, രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളാണ് സർ ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. വിദഗ്ദ്ധൻമാർ നിർദ്ദേശിച്ച സ്ഥലത്തുനിന്നും വ്യതിചലിച്ച്, മറ്റു സാങ്കേതിക പ്രവർത്തനങ്ങളിലെല്ലാം വിദഗ്ദ്ധൻമാർ നിർദ്ദേശിച്ചതിൽനിന്നും വ്യത്യസ്തമായിട്ട്, ഒരു കോൺട്രാക്ടർക്കും ആ കോൺട്രാക്ടറോട് താല്പര്യമുള്ള ഒരു മന്ത്രിക്കും ആ മന്ത്രിയുടെ പാർട്ടിക്കുമൊക്കെ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ലാഭമുണ്ടാകുമെന്ന പേരിൽ ഇത്ര രാജ്യദ്രോഹപരമായിട്ടുള്ള, പതിനായിരക്കണക്കിന് ജനങ്ങളും അവർ താമസിക്കുന്ന ഭൂവിഭാഗങ്ങളും ഒരു നിമിഷംകൊണ്ട് മണ്ണിനടിയിലായി പൂർണ്ണമായും നശിച്ച് നാമാവശേഷമായിപ്പോകുന്ന ഒരു ക്രൂരമായ കൃത്യം— അതിനെ രാജ്യദ്രോഹമെന്നു പറഞ്ഞാൽ പോര— നടത്തിയവരെ എങ്ങിനെയാണ് ശിക്ഷിക്കേണ്ടത്? രാജ്യദ്രോഹത്തെപ്പറ്റി പറയുമ്പോഴും വളരെ തമാശയുള്ള പല കഥകളും ഉണ്ട്. ഇന്ന്, ശ്രീ. ബാലകൃഷ്ണപിള്ളതന്നെ ഈ ഡിമാൻഡ് അവതരിപ്പിക്കാൻ ഇടവന്ന സാഹചര്യത്തിനു പിന്നിലുള്ള നാടകങ്ങളും, അതിനുവേണ്ടി ശ്രീ. മാണി അനുഭവിച്ച ത്യാഗം! അദ്ദേഹംതന്നെ പത്രക്കാരോട് പറഞ്ഞതാണ്, ഞാൻ മഹത്തായ ത്യാഗമാണ് അനുഭവിച്ചതെന്ന്. ആ ത്യാഗത്തിന്റെ ഫലമായി അദ്ദേഹത്തിന് ഇന്നനുഭവിക്കേണ്ടിവരുന്ന ദുഃസ്ഥിതി ധനകാര്യ വകുപ്പു പോയിയെന്നുള്ളതു പോട്ടെ, എത്രമാത്രം യാതനകളാണ് അദ്ദേഹം അനുഭവിച്ചത്! രാഷ്ട്രീയ രംഗത്തെ അതിജീവിക്കുവാൻ വേണ്ടിയുള്ള ജീവൻമരണപോരാട്ടത്തിലാണ് ഇപ്പോൾ അദ്ദേഹം. അദ്ദേഹത്തോട് നമുക്ക് സഹതപിക്കാനല്ലാതെ മറെറന്തു ചെയ്യാൻ സാധിക്കും? എന്തായാലും ആ ഒരു സ്ഥിതിവിശേഷം —ഇപ്പോൾ രാജ്യസ്നേഹത്തെപ്പറ്റി പറഞ്ഞപ്പോൾ സന്ദർഭവശാൽ ഓർമ്മിച്ചുപോയെന്നേയുള്ളൂ.

സർ, 'ഏതു പിള്ള' 'എന്തു പിള്ള' എന്നൊക്കെ ശ്രീമാൻ കരുണാകരൻതന്നെയാണ് ചോദിച്ചത്. ''അതൊക്കെ അടഞ്ഞ അദ്ധ്യായങ്ങളല്ലേ'' ഇതൊക്കെ ചോദിച്ച ശ്രീ. കരുണാകരൻ കേരള കോൺഗ്രസിന്റെ അന്ത്യശാസനം വന്നപ്പോൾ തീയതി നിശ്ചയിച്ചുകൊണ്ട് അവസാനം പേരിന് ഒരു എൻകൗയറി റിപ്പോർട്ടും മേടിച്ചുകൊണ്ട് നാണമില്ലാതെ സത്യപ്രതിജ്ഞാപടങ്ങിൽ സംബന്ധിച്ചതൊക്കെ ഞാൻ ഓർക്കുകയാണ്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ വിവാദപരമായ 'പഞ്ചാബ് മോഡൽ' പ്രസംഗം കേട്ടിട്ട് ആദ്യമായി ശ്രീ. കാർത്തികേയനല്ലേ അതിനെതിരായി കുരച്ചുതുപ്പിയത്? ആ കാർത്തികേയനെ ഇപ്പോൾ ഇവിടെ കാണുന്നില്ല. കെ. പി. സി. സി. (ഐ) എക്സിക്യൂട്ടീവ് യോഗം ചേർന്ന് പ്രമേയം അംഗീകരിച്ചതല്ലേ? ശ്രീ. പത്മരാജൻ ഇപ്പോൾ എവിടെപ്പോയി? അവരോട് ദുഃഖവും സഹതാപവും തോന്നുന്നു. ഒരു പാർട്ടിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ തീരുമാനമെടുക്കുക, രാജ്യദ്രോഹി ആയതുകൊണ്ട് അദ്ദേഹത്തെ തിരിച്ചെടുക്കാൻ പാടില്ല എന്ന് അംഗീകരിക്കുക. എന്നിട്ടും ഈ കസേര നിലനിർത്താൻവേണ്ടി രാജ്യദ്രോഹികളെ തിരികെ മന്ത്രിസഭയിൽ പ്രവേശിപ്പിക്കുകയും സ്വന്തം പാർട്ടിയെ പൂർണ്ണമായി തളളിച്ചവുട്ടി, ജനങ്ങളുടെ ഇടയിൽ അവഹേളനാപാത്രമാക്കുകയും ചെയ്യുന്ന നാണംകെട്ട ഏർപ്പാടല്ലേ ശ്രീ. കരുണാകരൻ ചെയ്തത്? ശ്രീ. ബാവയുടെ പ്രസംഗം കേട്ടപ്പോൾ..... ഇങ്ങനെയുണ്ടോ ഒരു നന്ദികാണിക്കൽ! മനുഷ്യൻ അവരുടെ വ്യക്തിത്വത്തെ തരംതാഴ്ത്തിക്കെട്ടുകയാണ് ചെയ്യുന്നത്. അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഐ) യുടെ മഹത്വത്തെപ്പറ്റിയും വലിപ്പത്തെപ്പറ്റിയുമൊക്കെ പറയുകയുണ്ടായി. ഈ അടുത്തകാലത്ത് മഹാരാഷ്ട്രയിലും മറ്റു ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഏക കക്ഷി ഭരണം നടത്തുന്ന, കോൺഗ്രസ് (ഐ) ഭരണം നടത്തുന്ന സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് ഉണ്ടായി. അപ്പോഴത്തെ കനത്ത തിരിച്ചടിയൊന്നും ശ്രീ. ബാവ അറിഞ്ഞില്ലേ? കഴിഞ്ഞ ആഴ്ച പശ്ചിമ ബംഗാളിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് (ഐ) ക്ക് കിട്ടിയ തിരിച്ചടിയെപ്പറ്റി ശ്രീ. ബാവ അറിഞ്ഞില്ലേ? എന്നിട്ട് നാണമില്ലാതെ പറയുകയാണ്! പക്ഷെ ബാവയും മുസ്ലീം

LIBRARY ARCHIVES Kerala Legislative Assembly

ലീഗുമൊക്കെ തീർച്ചയായിട്ടും കോൺഗ്രസ് (ഐ) യോട് അത്രമാത്രം നന്ദി ഉള്ളവരാകേണ്ടതാണ്. അതിനേതായിട്ടുള്ള കാരണങ്ങൾ പറയേണ്ടതില്ലല്ലോ? മാനന്തവാടി പദ്ധതിയെക്കുറിച്ച് പത്രങ്ങളിൽ എഴുതിയിരുന്നത് വായിക്കാനിടയായി. സർ, ഇവിടെ പറയുന്നത് ഈ മാനന്തവാടി പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ഇനിയും കിട്ടിയിട്ടില്ലെന്നാണ്. അതിന് ഇനിയും അംഗീകാരം കിട്ടിയിട്ടില്ലെങ്കിൽ, കേന്ദ്രത്തിൽ ഏറ്റവുംകൂടുതൽ സ്വാധീനമുള്ള ശ്രീ. കരുണാകരനല്ലേ നമ്മുടെ മുഖ്യമന്ത്രി? അദ്ദേഹത്തിന് സാധിക്കാത്ത വല്ലതുമുണ്ടോ? അതുകൊണ്ട്, ശ്രീ. കരുണാകരൻ, അതിന് അംഗീകാരം കിട്ടുന്നതിന് ശ്രമിക്കണം. അങ്ങനെ അംഗീകാരം വാങ്ങിക്കൊണ്ടേ മലബാറിലെ ഏറ്റവും ബൃഹത്തായ മാനന്തവാടി പദ്ധതി, നടപ്പിലാക്കുവാൻ കഴിയുകയുള്ളു. അങ്ങനെ അംഗീകാരം വാങ്ങിക്കൊണ്ട്, അതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കണം. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് മലബാറിനോട് പ്രത്യേക താല്പര്യം ഉണ്ടാകുമോ? ഈ കുറിയാടി ഓഗ്മെന്റേഷൻ സ്കീമിന്റെ സംബന്ധിച്ചിടത്തോളം ശ്രീ. ബാലകൃഷ്ണപിള്ള പ്രത്യേക താല്പര്യം എടുത്തുകൊണ്ട്, ഒരു നേരിയ കൃപ കാണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. വി. മുഹമ്മദ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. വളരെ പ്രധാനപ്പെട്ട മൂന്നു ധനാഭ്യർത്ഥനകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ആരോ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ ജനസംഖ്യയുടെ ഏതാണ്ട് മൂന്നര ശതമാനത്തോളം ഇന്ന് കടലോരങ്ങളിൽ ജീവിക്കുന്നു അവർ പരമ്പരാഗതമായിട്ട് മൽസ്യത്തൊഴിലാളികളാണ്. ഇന്ന് അറബിക്കടലിന്റെ തീരമാകെ കാറും, കോളും, പേമാരിയുമാണ്. അപ്പുറത്തിരിക്കുന്ന പ്രതിപക്ഷങ്ങൾക്ക്, അതൊന്നും ഒരു പ്രശ്നമല്ല. കടലോരത്ത് കാറടിച്ചാലും ഇടിവെട്ടിയാലും കടൽത്തൊഴിലാളികൾ കഷ്ടപ്പെട്ടാലും അതൊന്നും ഒരു പ്രശ്നമായിട്ട് പ്രതിപക്ഷം ഇപ്പോൾ കണ്ടതായി തോന്നുന്നില്ല. അവർക്കെങ്ങനെ അത് ഒരു പ്രശ്നമായി കാണാനാവും? കാരണം, അതിനേക്കാൾ വലിയ കൊടുങ്കാറ്റാണ് അവിടെ ഉള്ളത്. അതുകൊണ്ട് പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ നേരിടുന്ന കഷ്ടതകളെക്കുറിച്ച് ചിന്തിക്കുവാൻ അവർക്ക് സമയമില്ല. അവിടെ എം. വി. ആറിനെ കൊടുങ്കാറ്റടിച്ചുകൊണ്ടിരിക്കുകയാണ്. ആ കൊടുങ്കാറ്റിൽ അവരും അകപ്പെട്ടിരിക്കുകയാണ്.

സർ, ഞാൻ ഈ മാർക്സിസ്റ്റുപാർട്ടിയെക്കുറിച്ച് ഒന്നു ആലോചിച്ചുപോയി. മാർക്സിസ്റ്റു പാർട്ടിയിലെ എല്ലാമായ, ശബ്ദമായ, ആവേശമായ, ജീവനായ, വെളിച്ചമായ, മാർക്സിസ്റ്റു പാർട്ടിയ്ക്കുവേണ്ടി ഒരു പുരുഷായുസ്സു മുഴുവൻ സേവനം ചെയ്ത ശ്രീ. എം. വി. രാഘവനെ ഇവർ മാർക്സിസ്റ്റു പാർട്ടിയിൽനിന്നും പുകച്ചുപുറത്തു ചാടിച്ചിരിക്കുകയാണ്. എന്നിട്ട് നിങ്ങൾ ആരെയാണെന്നറിയാമോ നേതാവാക്കിയിരിക്കുന്നത്? ഒരു സീറ്റിനുവേണ്ടി, തന്റെ പാർട്ടിയേയും നേതാക്കൻമാരേയും ഒരു ജൂഡാസിനേപ്പോലെ ഒറ്റിക്കൊടുത്ത നന്ദികെട്ട ശ്രീ ടി. കെ. ഹംസയെ ആണ്. ടി. കെ. ഹംസയെ നേതാവാക്കിയ പാരമ്പര്യമല്ലേ നിങ്ങൾക്ക്? ഞാൻ ചോദിക്കട്ടെ, എന്തു രാഷ്ട്രീയമാണ് നിങ്ങൾക്കുള്ളത്? ഇന്ന് മാർക്സിസ്റ്റു പാർട്ടിയുടെ നേതാവാരാണെന്ന് നിങ്ങൾക്കറിയാമോ? ശ്രീ. ടി. കെ. ഹംസ. ശ്രീ. ടി. കെ. ഹംസ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ ഖദർ മാറിയിട്ടുണ്ടോ? നിങ്ങൾ ഇവിടെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊണ്ടുനിൽക്കുമ്പോൾ വെറുതെ ബഹളം വയ്ക്കും. ബാലകൃഷ്ണപിള്ളയെക്കുറിച്ച് ആർക്കും എന്തും പറയാം. പക്ഷേ ഹംസയെക്കുറിച്ച് നിങ്ങൾക്കൊന്നും പറയാനില്ലേ? ശ്രീ. ബേബിജോൺ, നിങ്ങൾ ഇതെല്ലാം മനസ്സിലാക്കുന്നുണ്ടോ? ഇടതുപക്ഷത്തുള്ള എന്റെ ഒരു സ്നേഹിതൻ ഈ അടുത്തകാലത്ത് ഒരു ജോത്സ്യനെ കണ്ടിരുന്നു. അദ്ദേഹം, പറഞ്ഞത് പിള്ളയുടെ തിരിച്ചുവരവോടുകൂടി ഇടതുപക്ഷത്തിന്റെ കണ്ടകശ്ശനി തുടങ്ങുമെന്നാണ്. അതാണ് നിങ്ങൾക്ക് ഇപ്പോഴുള്ള വിരോധം. ശ്രീ. ചന്ദ്രമോഹനന്റെ പ്രസംഗത്തിൽ പിള്ളയെക്കുറിച്ചും പവർകട്ടിനെക്കുറിച്ചുമൊക്കെ നിശിതമായി വിമർശിക്കുന്നത് കേട്ടു. കറന്റെവ്ടെ, വ്യവസായമെവിടെ, എന്നൊക്കെ ചോദിച്ചല്ലോ, ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് പവർകട്ടില്ലായിരുന്നോ? അന്ന് വ്യവസായങ്ങളെല്ലാം നടന്നിരുന്നോ? കറൻറ് മുഴുവൻ സൃക്ഷിക്കുകയായിരുന്നുവോ നിങ്ങൾ? കറൻറ്, കട്ടുവിൽക്കുകയായിരുന്നില്ലേ നിങ്ങൾ? ഇന്ന് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്ന് 4 വർഷം ഭരിച്ചപ്പോൾ, ഈ രാജ്യത്തെ പാവപ്പെട്ടവരായ പതിനായിരക്കണക്കിന് അളുകൾക്ക് തൊഴിൽ കൊടുക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഒന്നിലേറെയുണ്ടായി. വ്യവസായരംഗത്തും മാറുമുണ്ടായ അഭൂതപൂർവ്വമായ വളർച്ചയുടെഫലമായി ഈ രാജ്യത്ത് കറൻറിന്റെ ആവശ്യം വളരെയധികം വർദ്ധിച്ചു. അതുകൊണ്ടാണ് നമുക്ക് ഇവിടെ കറൻറ് തികയാതെ വരുന്നത്. അല്ലാതെ ബാലകൃഷ്ണപിള്ളയുടെ കുറ്റം കൊണ്ടൊന്നുമല്ല. ബാലകൃഷ്ണപിള്ളയോട് നിങ്ങൾക്കൊക്കെ അലർജിയുണ്ടാകുമെന്ന് ഞങ്ങൾക്ക് നല്ലവണ്ണമറിയാം. ശ്രീ. സിറിയക് ജോൺ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ചോദിച്ചു ബാദ്ധ്യതയെവിടെ, ബാദ്ധ്യതയെവിടെ എന്ന്, ഞങ്ങളൊക്കെ നിയമസഭയിലെത്തിയത് കോൺഗ്രസ്സിന്റെ വോട്ട് വാങ്ങിയതുകൊണ്ടാണ്. കോൺഗ്രസ്സ് എം. എൽ. എ. മാർക്ക് അന്യോന്യം കടപ്പാടുണ്ട്, ഞങ്ങൾക്ക് പരസ്പരം ബാദ്ധ്യതയുണ്ട്, ഞങ്ങളൊക്ക ഐക്യജനാധിപത്യമുന്നണിക്കാരാണ്. ശ്രീ. സിറിയക് ജോൺ ഇവിടെ വരാനിടയായത്, തിരുവമ്പാടിയിൽനിന്ന് മാർക്സിസ്റ്റുകാർ ഭരിച്ചാൽ ഈ രാജ്യം നന്നാക്കാൻ കഴിയുകയില്ല എന്ന് പറഞ്ഞ് ഇടതുപക്ഷജനാധിപത്യമുന്നണിക്കെതിരായി കോൺഗ്രസ്സിന്റെ വോട്ട് നേടിയതുകൊണ്ടാണ്. എന്നിട്ട് വോട്ട് ചെയ്ത ജനങ്ങളോട് ഒരു പട്ടി കാണിക്കുന്ന നന്ദിപോലും കാണിക്കാതെ ഇപ്പോൾ പ്രതിപക്ഷത്ത് ഇരിക്കുകയാണ്. അതുകൊണ്ട് ശ്രീ. സിറിയക് ജോണിന് ഇത് സംബന്ധിച്ച് ഇപ്പോൾ യാതൊന്നും പറയാനുള്ള അവകാശമില്ല. ശ്രീ. രാഘവന്റെ കൂടെ കുറെ എം. എൽ. എ. മാരുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ. രാഘവൻ ആരംഭിച്ച ജൈത്രയാത്ര നിങ്ങളുടെ അശ്വമേധയാഗമാണ്. ആ ജൈത്രയാത്ര തിരുവനന്തപുരത്ത് എത്തുമ്പോഴേയ്ക്കും ശ്രീ. നായനാർ ചിലപ്പോൾ സീറ്റിൽ ഉണ്ടാകുമോ എന്ന് സംശയമാണ്. അങ്ങനെ ഇപ്പോൾ ഇടിവെട്ടേറ്റ തെങ്ങുപോലെ ആയിരിക്കുന്നു മാർക്സിസ്റ്റുപാർട്ടി. ഓരോന്നോരോന്നായിത്തീർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അതിൽ വിഷമിച്ചിട്ട് കാര്യമില്ല. വളരെ പ്രധാനപ്പെട്ട ഈ മൂന്നു ധനാഭ്യർത്ഥനകളുടെ കാര്യം വരുമ്പോൾ ഒരു കാര്യം എനിക്ക് വേദനയോടുകൂടി പറയുവാനുണ്ട്. വിദ്യുച്ഛക്തിയുടേയും മറ്റു രണ്ടു വകുപ്പുകളുടേയും കാര്യത്തിൽ മലബാറിനെ അവഗണിച്ചുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, പരിഗണിച്ചിട്ടില്ല എന്നു പറയുന്നതിൽ ഖേദമുണ്ട്. കാരണം, ഫിഷറീസിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു തോപ്പിൽ ഒരു ഫിഷിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഹാർബർ ഉണ്ടാക്കുകയെന്നുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ അക്കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. ഇന്ന് അത് കാണാനില്ല. അതു പോലെതന്നെ വിദ്യുച്ഛക്തിയുടെ കാര്യം.

മാനന്തവാടി പദ്ധതിയെക്കുറിച്ചു പറയുകയാണെങ്കിൽ, ഏതോ ഒരു തോട്ടമുടമയുടെ സ്വാധീനംകൊണ്ട് പല സമ്മർദ്ദങ്ങൾക്കടിമപ്പെട്ട് ആ പദ്ധതി ഇല്ലാതാക്കിയിരിക്കുകയാണ്. സൈലൻറ്വാലി പദ്ധതി പരിസ്ഥിതി കണക്കിലെടുത്ത് വേണ്ടെന്ന് വച്ചു. മറ്റു പല പദ്ധതികളും നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. അങ്ങനെ മലബാറിൽ ഒരു പദ്ധതി പോലും ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് മലബാറിൽ അടിയന്തിരമായി ഒരു ജലവൈദ്യുതപദ്ധതി ആരംഭിക്കണം. കാരണം ഈ സംസ്ഥാനത്തെ പകുതിയിലധികം ജനങ്ങളും വസിക്കുന്ന സ്ഥലമാണ് മലബാർ. മലബാറിന്റെ പ്രാധാന്യം കണക്കിലെടുത്ത്, പ്രത്യേക താല്പര്യം കണക്കിലെടുത്ത് ആ പ്രദേശത്തോട് നീതി കാണിച്ചാൽ മതി, അതുപോലെതന്നെ ഇവിടെ പാൽ കിട്ടുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. ഇവിടെ ആവശ്യത്തിനുള്ള പാൽ ലഭിക്കാത്തതുകൊണ്ട്, എല്ലാവരും കട്ടൻ ചായയാണ് കുടിക്കുന്നത്. എന്നാൽ തിരുവിതാംകൂർ പ്രദേശത്ത് പാൽ ആവശ്യത്തിലധികമുള്ളതുകൊണ്ട്, ക്ഷീരോല്പാദകർക്ക് നഷ്ടമുണ്ടാകുന്നു. മഞ്ചേരിയിൽ ഒരു ക്ഷീരവ്യവസായ പദ്ധതി ആരംഭിക്കണമെന്ന് പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിട്ട് ഇന്നുവരെയും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുപോലെതന്നെ കോഴിക്കോട്ട് അമുൽപോലുള്ള ഒരു മിൽക്ക് പൗഡർ യൂണിറ്റ് ആരംഭിക്കുമെന്ന് ഇവിടെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. പക്ഷേ അതിനേറെയും യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ പറഞ്ഞ കാര്യങ്ങളിലെല്ലാം മലബാറിന് പ്രത്യേക പരിഗണന നല്കണം എന്നാണ് എന്റെ അഭിപ്രായം. ഈ സർക്കാർ വളരെയധികം നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. എങ്കിലും നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന് ഒരു വിഭാഗമാണ് കടൽത്തൊഴിലാളികളും. ജീവിക്കാൻ മറന്നുപോയവരും നമ്മളുടെ ദയവും പരിഗണനയും അർഹിക്കുന്നവരുമാണ് ഇക്കൂട്ടർ. സർ, കിട്ടിയാൽ ഉണ്ണാനും കിട്ടിയില്ലെങ്കിൽ പുതച്ചുമൂടി കൂരയിൽകിടന്നുറങ്ങുവാനും മാത്രം പാടിച്ചിട്ടുള്ളവരാണ് ഈ കടൽത്തൊഴിലാളികളും. വിദ്യാഭ്യാസരംഗത്തെ കണക്കെടുത്തു പരിശോധിച്ചാലും ഏറ്റവും കൂടുതൽ അക്ഷരാഭ്യാസമില്ലാത്ത കുട്ടികളും മൽസ്യത്തൊഴിലാളികളുടെ കൂട്ടത്തിലാണെന്ന് നമുക്ക് കാണുവാൻ കഴിയും. ഇതിന്റെ കാരണമെന്താണെന്ന് നോക്കിയാൽ സാമ്പത്തികവും പിന്നെ സ്കൂളുകളുടെ അപര്യാപ്തതയുമാണെന്ന് കാണാം. അവിടെ വേണ്ടത്ര സ്കൂളുകളില്ല. ആരോഗ്യപരമായ കാരണങ്ങളുമുണ്ട്. അവർക്ക് വേണ്ടത്ര വിദഗ്ദ്ധ ചികിൽസയോ മരുന്നുകളോ ലഭിക്കുന്നില്ല. അതുപോലെതന്നെ എല്ലാവിധത്തിലുമുള്ള ദുരിതങ്ങൾകൊണ്ട് അവർ ദുഃഖത്തിൽനിന്ന് കരകയറാനാവാതെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ച പുതിയ ആധുനികരീതിയിലുള്ള സമ്പദായങ്ങൾ മൽസ്യബന്ധനരംഗത്ത് ആരംഭിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇക്കഴിഞ്ഞ കൊടുങ്കാറ്റിൽ കോഴിക്കോട് ജില്ലയിൽ ചാലിയത്തും, തിക്കോടിയിലും, അപകടങ്ങളും അതുമൂലം മരണങ്ങളും ഉണ്ടായിട്ടുണ്ട്. അവിടെ അടിയന്തിരമായി സഹായമെല്ലാം എത്തിച്ചുകൊടുത്തു. അതിനൊന്നും യാതൊരു ആക്ഷേപവും ഇല്ല. പക്ഷേ ഇത് ഒഴിവാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കേണ്ടതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ഒരു കടൽത്തൊഴിലാളിയുടെ ദുരിതങ്ങളിൽനിന്നും അവരെ മോചിപ്പിക്കാനുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. കടൽത്തൊഴിലാളികൾ ഇന്നും ദുരിതങ്ങളും പ്രയാസങ്ങളുമായി ജീവിക്കുന്നുവെന്നുള്ളതാണ് സത്യം. നമുക്ക് എന്തുകൊണ്ട് ഈ കടൽത്തൊഴിലാളികൾക്കും പെൻഷൻ കൊടുത്തുകൂടാ? കർഷകത്തൊഴിലാളികളെപ്പോലെതന്നെ അവരേയും പരിഗണിക്കാവുന്നതാണ്. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ 60 വയസ്സു കഴിഞ്ഞ പരമ്പരാഗതമൽസ്യത്തൊഴിലാളികൾക്കെല്ലാം പെൻഷൻ കൊടുക്കേണ്ടതാണ്. അതുപോലെതന്നെ കടലിൽവച്ച് അവരുടെ ഉപകരണങ്ങൾ നഷ്ടപ്പെട്ടുപോകുന്നുവെങ്കിൽ അത് പുതുതായിവാങ്ങിക്കൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കണം. അത് സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. കൊടുങ്കാറ്റിൽപ്പെട്ട് അവരുടെ വീടുകൾ തകർന്നുപോയാൽ അവർക്ക് പുതിയ വീട് ഉണ്ടാക്കിക്കൊടുക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും ഭൂമി നഷ്ടപ്പെട്ടുപോയാൽ അവർക്ക് പുറമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുവാനുള്ള സംവിധാനവും ഉണ്ടാക്കണം. ഇന്ന് പുറമ്പോക്കുകളിൽ താമസിക്കുന്ന കടൽത്തൊഴിലാളികൾക്ക് പട്ടയം കിട്ടാത്തതുകൊണ്ട് അവർ പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. അക്കാര്യങ്ങൾ വളരെ ഗൗരവപൂർവ്വം ചിന്തിക്കുകയും അടിയന്തിരമായി നടപടികൾ സ്വീകരിക്കുകയും വേണം. അങ്ങനെ ചെയ്യുമെന്ന വിശ്വാസം എനിക്കുണ്ട്. കാര്യങ്ങൾ നല്ലതുപോലെ കൈകാര്യം ചെയ്യുന്ന പ്രഗൽഭനായ ഒരു ഫിഷറീസ് വകുപ്പ് മന്ത്രിയാണ് നമുക്ക് ഇപ്പോഴുള്ളത്. പാരമ്പര്യംകൊണ്ടും മറ്റും കാര്യങ്ങൾ ഗ്രഹിക്കുവാനും മനസ്സിലാക്കുവാനുമുള്ള കഴിവ് അദ്ദേഹത്തിനുള്ളതുപോലെ ഈ നിയമസഭയിൽ മറ്റാർക്കെങ്കിലും ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. അത്രയ്ക്ക് പാരമ്പര്യവും തഴക്കവുമുള്ള മന്ത്രിയാണ് അദ്ദേഹം. പാവപ്പെട്ട കടൽത്തൊഴിലാളികളെ ദുരിതത്തിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള നല്ല കാര്യങ്ങൾ അദ്ദേഹം ചെയ്യുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. അതുകൊണ്ട് അദ്ദേഹം ഫിഷറീസ് മന്ത്രി ആയത് നമുക്കൊരനുഗ്രഹം കൂടിയാണെന്നാണ് എന്റെ അഭിപ്രായം. ഒരു യുവാവിനെപ്പോലുള്ള ആവേശവും ഉശിരും അദ്ദേഹത്തിനിപ്പോഴുമുണ്ട്. അതുകൊണ്ട് ഈ രാജ്യത്ത് ഏറ്റവും കൂടുതൽ പ്രയാസങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന കടൽത്തൊഴിലാളികളുടെ കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന് നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയും. എന്നാൽ ഈ കടൽത്തൊഴിലാളികളുടെ ദുരിതങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഗൗരവപരമായ ചർച്ചകളൊന്നും ഉണ്ടായിട്ടില്ല. അവർക്കിട്ടുന്ന സമയമത്രയും ശ്രീ. ബാലകൃഷ്ണപിള്ളയെ കുറ്റം പറയാനാണ് വിനിയോഗിക്കുന്നത്. ശ്രീ. ബാലകൃഷ്ണപിള്ള തിരിച്ചുവന്നില്ലായിരുന്നുവെങ്കിൽ, ഈ പ്രതിപക്ഷങ്ങൾ എന്തുചെയ്യുമായിരുന്നു എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ശ്രീ. ബാലകൃഷ്ണപിള്ള തിരിച്ചുവന്നില്ലായിരുന്നുവെങ്കിൽ വിദ്യുച്ഛക്തി വകുപ്പിനെക്കുറിച്ച് ഒരു വാക്കുപോലും പറയുവാൻ അവർക്ക് കഴിയുമായിരുന്നില്ല. ശ്രീ. പിള്ളയുടെ തിരിച്ചുവരവും നിങ്ങളുടെ കണ്ടകശ്ശനി തുടങ്ങിയതും ഒന്നിച്ചായിപ്പോയതുകൊണ്ട് ശ്രീ. ബാലകൃഷ്ണപിള്ളയെ പഴിച്ചിട്ടും വിമർശിച്ചിട്ടും യാതൊരു കാര്യവുമില്ല. അങ്ങാടിയിൽ തോറ്റതിന് എന്തിനാണ് അമ്മയോട് ദേഷ്യം കാണിക്കുന്നത്?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. ഈയിടെ കോഴിക്കോട്ട് നാലഞ്ചുപേർ കോളറമൂലം മരണമടഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ 2 പേർ കോളറമൂലം മരണമടഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

വെന്നാണ്. കണക്കുകൂട്ടൽ കാണിക്കുന്നത്. അതുകൊണ്ട് കോളറ പടർന്നു പിടിക്കാതെ അത് എത്രയും വേഗം തടയുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കണം. അതുപോലെതന്നെ അവിടെയുള്ള ജനങ്ങളും ദീർഘകാലമായി കാത്തിരിക്കുന്ന വിമാനത്താവളത്തിന്റെ കാര്യത്തിലും വേണ്ട നടപടികളും അടിയന്തിരമായി ആരംഭിക്കണം. കോഴിക്കോട് ജില്ലയുടെ ഇത്തരത്തിലുള്ള അടിയന്തിരാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഒന്നുകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. ടി. കണാരൻ: സർ, നമ്മുടെ രാജ്യത്തിന്റെ ദേശീയ താല്പര്യങ്ങളും ഈ സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യങ്ങളും മാനിക്കുന്നതായൊരാളാക്കും. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കലും അനുകൂലിക്കാൻ കഴിയുകയില്ല. നമ്മുടെ കോട്ടക്കുഴി സുകുമാരൻ സി. പി. ഐ. യെ അങ്ങോട്ടു ക്ഷണിച്ചു. സയാമീസ് ഇരട്ടകളെപ്പോലെയുള്ള കോട്ടക്കുഴി സുകുമാരനും മുഖ്യമന്ത്രിയും ഉള്ള, കോൺഗ്രസ്സും ലീഗുമുള്ള ചുവന്ന തെരുവിലേക്ക് ഞങ്ങളും ചെല്ലുമെന്നാണോ? കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത ഒരു രാഷ്ട്രീയ അഭിസാരിക ഞങ്ങളെ ക്ഷണിച്ചിരിക്കുന്നു! 'ഭിന്ദ്രൻവാലാ മാർഗ്ഗം നമ്മുടെ മാർഗ്ഗം', എന്ന് ആഹ്വാനം ചെയ്ത ഒരു മന്ത്രി അവിടെ മന്ത്രിക്കസേരയിലിരിക്കുന്നു സർ. 21-ാം നൂറ്റാണ്ടിലേക്ക് ഇൻഡ്യയെ നയിക്കുന്ന മഹാനായ രാജീവിന്റെ കരങ്ങളെ ശക്തമാക്കുവാൻ മാതൃകയായി ഈ മുന്നണിയെ കണ്ടുപിടിച്ച മുഖ്യമന്ത്രി, ബാലകൃഷ്ണപിള്ളയെ മന്ത്രിക്കസേരയിൽ ഇരുത്തിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ രാക്ഷസനായിരുന്നു ശ്രീ. കെ. കരുണാകരൻ എന്നു ഭാവിതലമുറ പറയാതിരിക്കട്ടെ.

വിദ്യുച്ഛക്തിയെപ്പറ്റി പറയുകയാണെങ്കിൽ ബാലകൃഷ്ണപിള്ള ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം കറണ്ട് കട്ടാണ്. കറണ്ട് ചാർജ്ജ് പിടിച്ചുപറിക്കുകയാണ്. ഒരു നിയന്ത്രണവും ആ കാര്യത്തിലില്ല. ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വെളിച്ചമില്ല. നാടുപുരം ടൗണിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി പലപ്പോഴും ഇലക്ട്രിസിറ്റി വിതരണം തടസ്സപ്പെടുകയാണ്. എത്രയോ പ്രാവശ്യം ബന്ധപ്പെട്ട അധികാരികളോട് പറഞ്ഞു. ഇതുവരെ ചെവിക്കൊണ്ടിട്ടില്ല. ഒരു ബുധിരകർണ്ണം! വടകര താലൂക്കിൽ വോൾട്ടേജ് കമ്മിയുടെ പ്രശ്നമുണ്ട്. അതിനുപരിഹാരമായി കണ്ണൂർ—കുറ്റ്യാടി ലൈനിൽ കുറ്റ്യാടിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നുണ്ട്. ഒച്ചിന്റെ വേഗതയിൽ മാത്രമാണ് അതിന്റെ പ്രവർത്തനം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ ഒന്ന് ശ്രദ്ധിക്കപ്പെടണം. നിങ്ങൾ മന്ത്രിമാരാണെന്ന് പറഞ്ഞുകൊണ്ട് നടക്കുന്നുണ്ടല്ലോ ഇതൊക്കെ ശ്രദ്ധിക്കണം.

പരമ്പരാഗത മൽസ്യ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾക്ക് അടിത്തറയിട്ടുകൊണ്ടുള്ള ഒരു നിയമ നിർമ്മാണത്തിന് രൂപം നൽകിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി മന്ത്രിസഭയിലെ പി. എസ്. ശ്രീനിവാസൻ ആയിരുന്നു. നിഷേധിക്കുവാൻ കഴിയുമോ? ഈ രാജ്യത്തുള്ള സംഘടിത മൽസ്യത്തൊഴിലാളികളുടെ അനേക കാലത്തെ പ്രക്ഷോഭങ്ങളുടെ ഫലമായിട്ട് രൂപംകൊടുത്തിട്ടുള്ള ഒരു നിയമമായിരുന്നു അത്. ആ നിയമം ഇപ്പോൾ എവിടെക്കൊണ്ടെത്തിച്ചിരിക്കുന്നു? മൽസ്യഗ്രാമസംഘങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലോ. ആ സംഘങ്ങളിൽ നോമിനേറ്റഡ് അംഗങ്ങളാണുള്ളത്. പണ്ടു കാലത്ത് ഈ മൽസ്യത്തൊഴിലാളികളെ ചൂഷണം ചെയ്തത് ഇടത്തട്ടുകാരാണ്. ഇന്ന് ഭരണ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷിയിലെ, പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ കോൺഗ്രസ്സിന്റെ രാഷ്ട്രീയ ചൂഷണത്തിന്റെ കൂത്തരങ്ങമായിത്തീർന്നിരിക്കുകയാണ് ഈ മൽസ്യഗ്രാമസംഘങ്ങം.

ശ്രീ. ലോനപ്പൻ നമ്പാടൻ: കോൺഗ്രസ് (ഐ) എന്നു പറഞ്ഞാൽ കോൺഗ്രസ് ഇമ്മോറൽ എന്നാണർത്ഥം എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ടി. കുഞ്ഞാരൻ: അതാണല്ലോ അനുഭവം. മൽസ്യഗ്രാമ സംഘങ്ങളിൽ നോമിനേറ്റഡ് മെമ്പർമാർ ആണ് ഉള്ളത്. ഈ മൽസ്യഗ്രാമ സംഘങ്ങം മുഴുവനും തങ്ങളുടെ രാഷ്ട്രീയചൂഷണത്തിന്റെ വേദിയാക്കി അധഃപതിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തിരമായും അവിടെ തിര ഞ്ഞെടുപ്പ് നടത്തണം. പ്രതിപക്ഷം ദുർബലമാണെന്നും മറ്റും നിങ്ങം പറയുന്നുണ്ടല്ലോ. ധൈര്യമുണ്ടെങ്കിൽ, ആണത്തമുണ്ടെങ്കിൽ തിരഞ്ഞെടുപ്പു നടത്തൂ. അവിടെ നടക്കുന്ന കൊള്ളകം നിങ്ങം എത്ര മൂടിവച്ചാലും ഇന്നല്ലെങ്കിൽ നാളെ അത് പുറത്തുവരും. മൽസ്യത്തൊഴിലാളികം നിങ്ങളോട് പകരം ചോദിക്കും. വർഗ്ഗബോധമുള്ള, സുസംഘടിതരായ കേരളത്തിലെ മൽസ്യത്തൊഴിലാളികംക്ക് അത് കഴിയും എന്ന് നിങ്ങം ഓർമ്മിക്കണം. മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒട്ടേറെ കാര്യങ്ങം നടപ്പാക്കി എന്നാണ് നിങ്ങം പറയുന്നത്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തു നടപ്പാക്കിയ ഭവന നിർമ്മാണപദ്ധതികം എവിടെ? നിങ്ങം ചവറാകൊട്ടയിലെറിഞ്ഞില്ലേ? ഇപ്പോം കടൽ സംഹാരരുദ്രയെപ്പോലെ ക്ഷോഭിച്ചിരിക്കുന്ന ഒരവസരമാണ്. അതിന്റെ ഫലമായി കടലോരങ്ങളിൽ താമസിച്ചിരുന്ന നിരവധി കുടുംബങ്ങളെ ഒഴിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ പ്രാവശ്യം ധനകാര്യമന്ത്രി മാണി നിയമസഭയിൽ പറഞ്ഞതാണ്. കടലോരനിവാസികളെ പരിരക്ഷിക്കാനാവശ്യമായ അടിയന്തിരദുരിതാശ്വാസനടപടികം സ്വീകരിക്കുമെന്ന്. എന്നിട്ട് നടപടിയെടുത്തോ? ഇന്ന് അവരെല്ലാം കുടിലുകം വിട്ട് പോയിരിക്കുന്നു. അവർ മുഴുവൻ പട്ടിണിയിലാണ്. ഇക്കാര്യങ്ങളൊന്നുംതന്നെ ശ്രദ്ധിക്കാൻഅവർക്ക് നേരമില്ല. അവർക്ക് വേറെ ചില കാര്യങ്ങം ശ്രദ്ധിക്കാനാണ് നേരം. സർ, ഇവിടെ

2 P. M.] ഇപ്പോം, അവസാനമായിട്ട് മുഖ്യമന്ത്രി മുഖച്ഛായ മാറ്റാൻ പര്യാപ്തമായ വിധത്തിൽ ആ വകുപ്പ് നമ്മുടെ ജേക്കബുചേട്ടനു കൊടുത്തിരിക്കുകയാണ്. എന്തൊരു കഷ്ടമാണിത്? ഇത് കാര്യക്ഷമമായി നടത്താൻ ഒരു മന്ത്രി എന്ന നിലയ്ക്ക് അദ്ദേഹത്തിനു കഴിയില്ല. കഴിയുകയില്ലെന്നുള്ളതാണ് പലപ്പോഴും ഉണ്ടായിട്ടുള്ള അനുഭവം. നാദാപുരം മണ്ഡലത്തിൽ 1985 മാർച്ച് 25-ാം തീയതി കൊലചെയ്യപ്പെട്ട ഹമീദ് എന്ന പാവപ്പെട്ട മുസ്ലീംചെറുപ്പക്കാരന്റെ കൊലയ്ക്ക് ഉത്തരവാദികളെ കണ്ടുപിടിച്ചില്ലെന്നു പറഞ്ഞുകൊണ്ടാണ് ഞാനും ശ്രീ. അബ്ദുറഹിമാൻ ഹാജിയും ഇന്ന് സഭയിൽ വന്നത്. ഹമീദിന്റെ വാപ്പയും ഉമ്മയും സഹോദരനും ഇതിനുവേണ്ടി സെക്രട്ടറിയേറ്റിന്റെ മുമ്പിൽ ധർണ നടത്തേണ്ടിവന്നു. കോഴിക്കോട് ജില്ലയിലെ പത്തുപതിനെണ്ണായിരം തൊഴിലാളികം കഴിഞ്ഞ നാലഞ്ചുമാസമായി പട്ടിണിയിലാണ്. കുന്നത്തറ ടെക്സ്റ്റയിൽസ്, മാവൂർ ഗ്വാളിയർ റയോൺസ് തുടങ്ങിയ ഫാക്ടറികളെക്കുറിച്ച് എന്തെങ്കിലും നിങ്ങം മിണ്ടുന്നുണ്ടോ? ഇവിടെ ത്രികക്ഷിസമ്മേളനമല്ല നടക്കുന്നത്. ബിർളായുടെ ശ്വാനപ്രദർശനമാണ് ത്രികക്ഷിസമ്മേളനം എന്നു പറഞ്ഞു നടക്കുന്നത്. ഈ സർക്കാരിനെ എല്ലാ അർത്ഥത്തിലും ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: സർ, പാലിനും മീനിനും വെളിച്ചത്തിനും വേണ്ടി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ പ്രദേശത്തിരിക്കുന്ന ചുവന്ന തെരുവിലേക്ക് സി. പി. ഐ. യെ ക്ഷണിക്കണ്ടായെന്ന് എന്റെ സ്നേഹിതൻ ശ്രീ. കണാരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സി. പി. ഐ. യുടെ സ്ഥിതി – അതിങ്ങനെ വഴിയിൽനിന്ന് കണ്ണുകാണിച്ചുകൊണ്ട് നിൽക്കുന്ന ചില പെണ്ണുങ്ങളുടെ സ്ഥിതിയാണ്. അങ്ങനെയുള്ളവരെ മാത്രമേ ആളുകൾ വിളിക്കുകയുള്ളു. അത് എങ്ങോട്ട് പോകാനും തയ്യാറായിട്ടുള്ള സ്ഥിതിയിലാണ് നിൽക്കുന്നത്. അതാണ് ഇപ്പോൾ ഇങ്ങോട്ട് വിളിച്ചത്.

ശ്രീ. എം. എം. ഹസ്സൻ: സർ, കോൺഗ്രസ്സുകാരെ ഇങ്ങോട്ട് വിളിക്കണ്ട. കാരണം രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ യോജിപ്പിന്റെ മേഖല വികസിപ്പിച്ചുകൊണ്ട് പുന്നപ്രയിലെ പാവപ്പെട്ട മോഹനൻ എന്ന ഒരു എ. ഐ. ടി. യു. സി. പ്രവർത്തകനെ കുത്തി മാരകമായി കൊലപ്പെടുത്തിയ ആ മാർക്സിസ്റ്റുകാരുടെ കൂടെത്തന്നെ അവർ നിന്നാൽ മതി എന്നുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. എ. സി. ജോസ്: സംഗതി ശരിയാണ്. മോഹനൻ എന്ന സി. പി. ഐ. ക്കാരനെ പത്തിരുപത് മാർക്സിസ്റ്റുകാർ വെട്ടി കൊലപ്പെടുത്തി എന്ന വിവരം ജനയുഗത്തിലുണ്ട്. കഴിഞ്ഞ തവണ ഇടതുപക്ഷ മുന്നണി അധികാരത്തിലിരിക്കുന്ന അവസരത്തിൽ ശ്രീ. പി. കെ. വാസുദേവൻനായർ മുമ്പിൽ ഇരുന്നുകൊണ്ട് അന്തസ്സായി മാർക്സിസ്റ്റു പാർട്ടിയോട് മറുപടി പറഞ്ഞതാണ്. ശ്രീ. കെ. പി. പ്രഭാകരനോ, ശ്രീ. രാജനോ പ്രത്യേകിച്ച് ശ്രീ. ചന്ദ്രമോഹനനോ ആരും ഒരക്ഷരം മിണ്ടിയില്ല. അങ്ങനെയുള്ളവരാണ് ഇന്ന് പഞ്ചപുച്ഛമടക്കി ആ മുന്നണിയിലിരിക്കുന്നത്. ഒരു കാര്യം ഞാൻ പറയാം: മാർക്സിസ്റ്റു പാർട്ടിയുടെ ബലം കണ്ടുകൊണ്ടിരിക്കണ്ട. മാർക്സിസ്റ്റു പാർട്ടി രണ്ടായി പിളരുന്നു. രണ്ടായി പിളർന്നു കഴിഞ്ഞതിൽ ഏതിന്റെ കൂടെ നില്ക്കണമെന്നുമാത്രം. ആലോചിച്ചാൽ മതി എന്നാണ് എനിക്ക് പറയാനുള്ളത്.

മൽസ്യബന്ധനത്തെക്കുറിച്ച് എന്റെ സ്നേഹിതൻമാർ വളരെ വിശദമായി സംസാരിച്ചുകഴിഞ്ഞതാണ്. എനിക്ക് അതിനെക്കുറിച്ച് ഒരു കാര്യം മാത്രമേ സൂചിപ്പിക്കാനുള്ളു. കടലോരങ്ങളിൽ താമസിക്കുന്നവരും കടലിൽ പോയി മൽസ്യം പിടിക്കുന്നവരും മാത്രമാണ് മൽസ്യത്തൊഴിലാളികളെന്നും അവർക്ക് മാത്രമാണ് പ്രശ്നങ്ങളുള്ളതെന്നുമുള്ള രീതിയിലാണ് ഇവിടെ ഭൂരിഭാഗം ആളുകളും സംസാരിച്ചത്. എത്രത്തോളം കടലോരപ്രദേശങ്ങളുണ്ടോ അത്രത്തോളം തന്നെ ഉൾനാടൻ ജലാശയങ്ങളും നമ്മുടെ നാട്ടിലുണ്ട്. ആ ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യംപിടിച്ച് ജീവിക്കുന്ന ധാരാളം മൽസ്യത്തൊഴിലാളികളും ഉണ്ട്. അവരുടെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികളും എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രത്യേകിച്ച് നമുക്ക് വിദേശനാണ്യം നേടിത്തരുന്ന ചെമ്മീനും തവളയുമെല്ലാം ഉണ്ടാകുന്നത് എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ പൊക്കാളി നെൽപ്പാടങ്ങളിലാണ്. അവയെ വളർത്തുന്നതിനുവേണ്ടി ബൃഹത്തായ ഒരു പരിപാടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ആവിഷ്ക്കരിച്ചിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുകയാണ്. കായലും കൈത്തോടുകളും നിറഞ്ഞിട്ടുള്ള കേരളത്തിൽ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷിയെ വികസിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇവിടെ പല വിപ്ലവത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

മാറൊലി കേൾക്കുന്ന കാലമാണ്. ധവളവിപ്ലവം, ഗ്രീൻ റവല്യൂഷൻ, വെളിച്ചവിപ്ലവം എന്നെല്ലാം ഇവിടെ പറയുന്നുണ്ട്. നമ്മുടെ ഉൾനാടൻ ജലാശയങ്ങളെയും കടലോരങ്ങളെയും ഉപയോഗിച്ചുകൊണ്ട് ഒരു വലിയ മൽസ്യവിപ്ലവത്തിന് ഈ ഗവൺമെൻറ് മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനനുകൂലമായ സാഹചര്യങ്ങളും കാലാവസ്ഥയും സൗകര്യവും കേരളത്തിലുണ്ട്. നമ്മൾ ഹാച്ചറികൾ ഉണ്ടാക്കി തവളക്കുഞ്ഞുങ്ങളെ വളർത്തി അത് നാട്ടിൻ പുറങ്ങളിൽ വിട്ടുകൊടുത്താൽ, ഇന്ന് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടംവരുമെന്ന പേരിൽ കയറ്റുമതി നിരോധിച്ചിരുന്ന തവള കൃഷി വീണ്ടും ആരംഭിക്കാനുള്ള നടപടികൾ എടുക്കാൻ ഈ ഗവൺമെൻറിന് സാധിക്കും. മറെറല്ലാകാലത്തേക്കാളും ഈ തവണ നമ്മുടെ ചെമ്മീനിൻെറയും മററു മൽസ്യവിഭവങ്ങളുടെയും കയറ്റുമതി ചുരുങ്ങി വന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. അതുകൊണ്ട് അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. ക്ഷീരവ്യവസായത്തെക്കുറിച്ച് അധികം സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ ഒരു കാര്യം ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുണ്ട്. ആംകോസ് എന്നു പറയുന്ന സഹകരണമേഖല എന്തിനാണ് ഉണ്ടാക്കുന്നത്? ആ പേരിനോട് തന്നെ എനിക്ക് എതിർപ്പുണ്ട്. ആനന്ദ് മോഡൽ സഹകരണസംഘം എന്നാണ് പറയുന്നത്. എന്താണ് നമുക്ക് വേറൊരു മോഡൽ ആയിക്കൂടേ? ഈ ആനന്ദ് മോഡലിന് എന്താണ് പ്രത്യേകത? ഗുജറാത്തിൽ നടന്ന ഒരു പരീക്ഷണം വിജയിച്ചതുകൊണ്ട്, അത് അങ്ങനെതന്നെ കേരളത്തിൽ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത് അപകടകരമാണ്. കേരളത്തിലെ പ്രത്യേക പരിതസ്ഥിതികണക്കിലെടുത്തുകൊണ്ട് കേരളത്തിന് വ്യക്തിതം ഉണ്ടാകുന്ന ഒരു സഹകരണമേഖല ഉണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. അതിനു പകരം അഖിലേന്ത്യാ നിലവാരത്തിൽ ഗുണങ്ങൾ ഉണ്ടെന്നു പറഞ്ഞുകൊണ്ട് ആംകോസ് എന്നു പറയുന്ന സൊസൈറ്റി ഉണ്ടാക്കുന്നത് നമ്മുടെ കൃഷിക്കാർക്ക് അനുയോജ്യമായിരിക്കുകയില്ല എന്നാണ് ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് ക്ഷീരവ്യവസായസംഘങ്ങളെക്കുറിച്ച് എനിക്ക് തോന്നിയിട്ടുള്ളത്. അതുകൊണ്ട് അതിനെക്കുറിച്ച് വീണ്ടും ആലോചിക്കണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം ഇലക്ട്രിസിറ്റിയാണ്. ശ്വാസവായു എന്നു പറയുന്നതുപോലെതന്നെ ജനജീവിതത്തിൻെറ ഏറ്റവും പരമപ്രധാനമായ ഒന്നാണ് ഇന്ന് ഇലക്ട്രിസിറ്റി എന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടാകുകയില്ല. കേരളത്തിന് പുരോഗതി ഉണ്ടാകണമെങ്കിൽ വ്യവസായവൽക്കരണം ഉണ്ടായേതീരൂ. അതിന് ഇലക്ട്രിസിറ്റി അത്യാവശ്യമാണ്. പലതുകൊണ്ടും അനുഗൃഹീതമാണ് നമ്മുടെ നാടെന്ന് നാം എല്ലാദിവസവും സ്വയം പാടിപ്പുകഴ്ത്താറുണ്ട്. പക്ഷേ പുറത്തു നിന്ന് ഒരു വ്യവസായിയെ ആകർഷിക്കാനുള്ള ഏക വസ്തു ഇലക്ട്രിസിറ്റിയാണ്. അതുകൊണ്ടുമാത്രമാണ് കഴിഞ്ഞ പത്തിരുപത് വർഷങ്ങളായി പുറത്തുള്ള വ്യവസായികളെ നാം ക്ഷണിച്ചുകൊണ്ടിരുന്നത്. 1982-ഓടുകൂടി ആ വസ്തുവും അപൂർവ്വ വസ്തുവായിത്തീർന്നിരിക്കുകയാണ്. 1981.82-ൽ കേരളത്തിലുണ്ടായ അതിരൂക്ഷമായ വരൾച്ചയും അതിനെത്തുടർന്നുണ്ടായ കറൻറ് കട്ടും.....

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, കേരളത്തിലെ വ്യവസായവൽക്കരണത്തെക്കുറിച്ച് നാം ഇത്രയുംനാളും ഉയർത്തിക്കാണിച്ചത് വളരെ കുറഞ്ഞ നിരക്കിൽ ആവശ്യത്തിന് ഇലക്ട്രിസിറ്റി കിട്ടുന്നു എന്നാണ്. ഇന്ന് ആ സ്ഥാനം കേരളത്തിനുണ്ടോ? ഇനി മേലിലും അത് പറയാൻ കഴിയുന്ന സ്ഥിതിയാണോ ഇന്നുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: അതുതന്നെയാണ് ഞാൻ പറഞ്ഞു വരുന്നത്. ഇപ്പോഴും അതുണ്ട്. 30 പൈസക്ക് ഡൊമസ്റ്റിക് പർപ്പസിനുവേണ്ടി ഇലക്ട്രിസിറ്റി കൊടുക്കുന്ന ഏക സംസ്ഥാനമാണ് കേരളം. ഇരുട്ടു കൊണ്ട് ഓട്ടയടയ്ക്കരുത്. ഗാലറിക്കുവേണ്ടി എന്തെങ്കിലും പ്രസംഗിക്കുന്നതിൽ തെറ്റില്ല. മറ്റു സംസ്ഥാനങ്ങളിലെല്ലാം 50 പൈസയാണുള്ളത്. വ്യവസായികൾക്ക് ഇപ്പോഴും രാമഗുണ്ടം പവ്വർ സ്റ്റേഷനിൽനിന്ന് കിട്ടുന്ന വൈദ്യുതി മഹാരാഷ്ട്രയിൽനിന്നോ കർണ്ണാടകത്തിൽ നിന്നോ കിട്ടിയാൽ നാം അതിന് ഇരട്ടിയുടെ ഇരട്ടി വില കൊടുക്കണമെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? ആരും കണ്ണടച്ചിരുട്ടാക്കിയിട്ട് കാര്യമില്ല. ഇപ്പോഴും ആ നിലയുണ്ട്. പക്ഷെ ആ നില ശാശ്വതമാണോയെന്ന് ആലോചിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 1940-ലാണ് കണ്ണൻദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനി ആദ്യമായി കേരളത്തിൽ വൈദ്യുതി എന്ന അത്ഭുത വസ്തു ഉണ്ടാക്കിയത്. അത് കഴിഞ്ഞ് 1940-41-ൽ നാം നമ്മുടെ പള്ളിവാസൽ പദ്ധതി സ്ഥാപിച്ചു. 1951-1956 ആയപ്പോഴും ചെങ്കുളം പദ്ധതിയോടെ 48 മെഗാവാട്ട് കൂടിയുൽപ്പാദിപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞു. അത് കഴിഞ്ഞ് പുരോഗതി ഉണ്ടായത് ഇടുക്കി പദ്ധതി മുഖേനയാണ്. 6-ാം പഞ്ചവൽസരപദ്ധതിക്കാലത്തെ വളരെ ഗൗരവതരമായ ഒരു ചിത്രം ഈ സഭയുടെ മുൻപിൽ വരച്ചുകാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 6-ാം പദ്ധതിക്കാലത്ത് നാം 7 പദ്ധതികളാണ് ആലോചിച്ചിരുന്നത്. ഇടമലയാർപദ്ധതി 1983-84-ൽ ആരംഭിക്കണമെന്ന് തീരുമാനിച്ചു. ഇടുക്കി രണ്ടാംഘട്ടം 1984-85-ൽ തുടങ്ങണമെന്ന് തീരുമാനിച്ചു. ഇടുക്കി 3-ാം ഘട്ടവും ശബരിഗിരിയുടെ ആഗ്മെന്റേഷനും 81-82-ൽ നടത്തണമെന്ന് നാം തീരുമാനിച്ചു. കല്ലട പദ്ധതി 1984-1985-ൽ പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു. 1985-1986-ൽ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെ കക്കാട് പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് 6-ാംപദ്ധതിയിൽ തീരുമാനിച്ചു. ലോവർപെരിയാർ, കുരിയാർകുട്ടി-കാരപ്പാറ, മാനന്തവാടി, പൂയാംകുട്ടി തുടങ്ങിയ ചില പദ്ധതികളും ആറാം പദ്ധതിക്കാലത്ത് പൂർത്തിയാക്കണമെന്ന് നാം തീരുമാനിച്ചു. എന്നാൽ ഏഴാം പദ്ധതിയുടെ ഒന്നാംവർഷത്തേക്ക് കടന്നിട്ടും ആറാം പദ്ധതി ടാർജറ്റ് പൂർത്തിയാക്കിത്തീർന്നിട്ടില്ല. ആരാണ് ഉത്തരവാദിയെന്ന് വ്യാഖ്യാനിക്കാനോ വിമർശിക്കാനോ ഞാൻ തയ്യാറെടുക്കുന്നില്ല. നമുക്ക് ധാരാളം ഹൈഡ്രോഇലക്ട്രിക് സ്കീമുകളുണ്ട്, 3400-ഓളം മൈൽ നീളത്തിലുള്ള നദികളും നമുക്കുണ്ട്. ആ നദിയുടെയെല്ലാം ഇടയ്ക്കു നിന്നും നമുക്ക് വൈദ്യുതിയുൽപ്പാദിപ്പിക്കാൻ കഴിയും. നമ്മുടെ വൈദ്യുത പദ്ധതികളുടെയെല്ലാം ജസ്റ്റേഷൻപീരിയഡ്, അത് പൂർത്തിയാക്കാൻ പോകുന്ന സമയം ആധുനികമായ ഒരു രാജ്യത്തിന് ഒരിക്കലും അലങ്കാരമല്ലാത്ത രീതിയിലാണ്. ഞാൻ ഒരൊറ്റ ഉദാഹരണം പറയാം. ഇടുക്കിപദ്ധതി മാത്രം 110 തൊഴിലാളികളുടെ സമരംകൊണ്ട് മൂന്നു വർഷവും മൂന്നു മാസവും നീണ്ടുപോയി എന്നുള്ളതാണ് പരമാർത്ഥം. അതുകൊണ്ട്, സമരങ്ങളാണ് എല്ലാ പദ്ധതികളും വൈകിക്കുന്നത് എന്നു ഞാൻ പറയുന്നില്ല. പക്ഷേ ഈ പദ്ധതികളുടെ ജസ്റ്റേഷൻ പീരിയഡ് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ ശ്രമിച്ചില്ലെങ്കിൽ കേരളം അന്ധകാരത്തിലാകും. മാത്രമല്ല, തൊഴിലില്ലായ്മ തുടങ്ങിയ എല്ലാ കാര്യത്തിലും നാം പുറകോട്ടുപോകേണ്ടിവരും. ഇടുക്കിപദ്ധതി കഴിഞ്ഞതിനുശേഷം (ഇടുക്കിയുടെ രണ്ടാംഘട്ടം തുടങ്ങിയെന്ന് ഞാൻ സമ്മതിക്കുന്നു, അത് ഈ അടുത്ത കാലത്താണ്) ബാക്കിയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയും തുടങ്ങാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെൻറിന്റേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ് നമ്മുടെ ഇലക്ട്രിസിറ്റി പോളിസിയെന്താണ്? ഒരു ഗവൺമെൻറിന്; ഒരു ആധുനിക ഗവൺമെൻറിന്. ഇലക്ട്രിസിറ്റി വിറ്റ് ജീവിക്കാൻ കഴിയുമെന്ന് അറിയാവുന്ന ഒരു ഗവൺമെൻറിന് പവ്വർപോളിസിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെൻറിന് അതുണ്ടായിട്ടില്ല. ഒരു ഗവൺമെൻറിനും കേരളത്തിൽ അതുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള മന്ത്രിയായിരിക്കുന്ന കാലത്തെങ്കിലും, ഈ മന്ത്രിസഭയുടെ കാലത്തെങ്കിലും ഒരു ദീർഘകാലാടിസ്ഥാനത്തിലുള്ള പവർപോളിസി ഈ സംസ്ഥാനത്തിന് നൽകിയിട്ടുവേണം പോകാൻ എന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്, എന്താണ് സ്ഥിതി? ഒന്നാം പഞ്ചവൽസരപദ്ധതിയിൽ 40 ശതമാനമാണ് പഞ്ചവൽസരപദ്ധതിയുടെ അടങ്കൽതുക നാം പവറിനു വേണ്ടി ഉപയോഗിച്ചത്. രണ്ടാം പഞ്ചവൽസരപദ്ധതിയായപ്പോഴേ അത് 24 ശതമാനമായും മൂന്നാം പഞ്ചവൽസരപദ്ധതിയായപ്പോൾ 33 ശതമാനമായും കുറഞ്ഞു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പവർപോളിസിയുടെ ആവശ്യം തീർച്ചയായും സ്വാഗതാർഹമായ കാര്യമാണ്. കഴിഞ്ഞ ആറു വർഷമായി ശ്രീ. ബാലകൃഷ്ണപിള്ള ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് (ഒരു വർഷം ഒഴികെ) ഈ സ്ഥിതി കണ്ടുകൊണ്ട് എന്തുകൊണ്ട് നിങ്ങൾ അത്തരം ഒരു പോളിസിയെക്കുറിച്ച് ചിന്തിച്ചില്ല; ശ്രീ. ബാലകൃഷ്ണപിള്ള അതിന് വേണ്ട നിർദ്ദേശം കൊടുത്തില്ല?

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട ചന്ദ്രമോഹനന് ഞാൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല. ഇന്ന് ഇവിടെ നടക്കുന്ന പല പദ്ധതികളും ആരംഭിച്ചത് ശ്രീ. ബാലകൃഷ്ണപിള്ളയാണ്. ഞാൻ അദ്ദേഹത്തിന് പൂച്ചെണ്ടുകൊടുക്കുവാൻവേണ്ടി പറയുന്നതല്ല. ഈ മന്ത്രിസഭ അധികാരത്തിൽവന്നതിനുശേഷം 11 ലക്ഷം കണക്ഷൻസ് കൊടുത്തു. ഞാൻ സ്റ്റാറ്റിസ്റ്റിക്സ് മുഴുവൻ പറഞ്ഞ് സഭയുടെ സമയം മിനക്കെടുത്തുന്നില്ല. പോളിസിയെന്ന് ഞാൻ പറഞ്ഞതിന്റെ കാര്യം ഞാൻ പറയാം. ഇവിടെ ഇടുക്കിയെക്കുറിച്ചും ഇടമലയാറിനെക്കുറിച്ചും ശബരിഗിരിയെക്കുറിച്ചും മാത്രമായി പ്രസംഗിക്കുകയാണ്. പുതിയതായ കാഴ്ചപ്പാട് ഈ കാര്യത്തിലുണ്ടാകണം. ഞാൻ മുമ്പു പറഞ്ഞു, ധാരാളം നദികൾ നമുക്കുണ്ട്. ഈ നദികളിൽ പലതിലും വെള്ളച്ചാട്ടവും ചെറുതായിട്ടുണ്ട്. ശ്രീമതി ഇന്ദിരാഗാന്ധി ആവിഷ്കരിച്ച ഇരുപതിന പരിപാടിയിൽ പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്—മിനി പവർസ്റ്റേഷനുകളും മൈക്രോ പവർസ്റ്റേഷനുകളും. 100 കിലോവാട്ട് വരെ ഉൽപ്പാദിപ്പിക്കാവുന്നതാണ് മൈക്രോ പവർസ്റ്റേഷൻ എന്നു പറയുന്നത്. 101-നു മേൽ 200-വരെ കിലോവാട്ട് ഉൽപ്പാദിപ്പിക്കാവുന്നതാണ് മിനി പവർസ്റ്റേഷൻ എന്നു പറയുന്നത്. അധികം പണച്ചെലവില്ലാതെ നൂറു കണക്കിന് മിനി പവർസ്റ്റേഷനുകൾ കേരളത്തിലുണ്ടാക്കുവാൻ കഴിയും. ആ ഗ്രാമങ്ങൾ സർവ്വേചെയ്ത്, ആ ഗ്രാമങ്ങൾ ഇന്നതാണെന്ന് കണ്ടുപിടിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പവർപോളിസി എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കിയത്. അത് വേണമെന്നാണ് ഞാൻ പറഞ്ഞത്. മറ്റൊരു കാര്യമുണ്ട്. കേരളത്തിലെ ജനങ്ങൾ എന്നും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഏതിനെപ്പറ്റിയാണ് ഒരു പോളിസിയുള്ളതെന്ന് പറഞ്ഞാൽ മതി. പവറിന് ഇല്ല, വിദ്യാഭ്യാസത്തിനില്ല, വ്യവസായത്തിനില്ല, കൃഷിക്കില്ല. പിന്നെ ഏതിനാണ് പോളിസിയുള്ളത്?

ശ്രീ. എ. സി. ജോസ് : രണ്ടു കൊല്ലം മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട നായനാർക്കറിയാമല്ലോ ഏതെല്ലാം കാര്യത്തിൽ പോളിസിയില്ല, ഉണ്ട്, എന്ന്. രണ്ടു കൊല്ലം മുഖ്യമന്ത്രിയായിരുന്നപ്പോഴും ഒന്നിനും പോളിസിയില്ലാത്തതുകൊണ്ടല്ലേ നമ്മൾ ഈ നിലയിൽ എത്തിച്ചേർന്നത്.

ഞാൻ പറഞ്ഞുവന്നത് നമ്മുടെ ആളുകളെല്ലാവരുംതന്നെ ചെറിയ പുരയിടങ്ങളിൽ താമസിക്കണമെന്നു ആഗ്രഹിക്കുന്നവരാണ്. ഒരു പശുവിനെ വളർത്തുന്ന കർഷകനും ഒന്നിൽ കൂടുതൽ പശുവിനെ വളർത്തുന്ന കർഷകരും ധാരാളമുണ്ട്. ഇവിടെ ബയോടെക്നിക്ക് പ്ലാൻറുകളും ഉണ്ടാകണം. പശുവിനെ വളർത്തുന്ന വീടുകളിൽ എല്ലാംതന്നെ ബയോടെക്നിക്ക് പ്ലാൻറുകളുണ്ടാക്കണം. ഇന്ന് ക്ഷീരവ്യവസായത്തിന്റെ മാത്രമായ ഒരു ക്ഷീരവ്യവസായമായി അവഗണിച്ചുകൊണ്ടാണ് ബയോടെക്നിക്കിനെ മാറ്റിയിട്ടുള്ളത്. ഇലക്ട്രിസിറ്റി ബോർഡ് അതിന് സബ്സിഡി കൊടുത്തുകൊണ്ട് പശുക്കളുള്ള വീടുകളിൽ, അല്ലെങ്കിൽ അതിന് സൗകര്യമുള്ള എല്ലാ വീടുകളിലും അതിനുള്ള സംവിധാനമുണ്ടാക്കണം. ഇന്ന് ധാരാളം കണ്ടുപിടിത്തങ്ങൾ ആരംഗത്തുണ്ട്. തേങ്ങയുടെ മടൽ ഉപയോഗിച്ചുകൊണ്ട് ബയോഗ്യാസ് ഉണ്ടാക്കാമെന്നു പറയുന്നു. ആ തരത്തിലുള്ളത് ആലോചിക്കുന്നതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇവിടെ സോളാർ എനർജിയെക്കുറിച്ച് നാം ഇന്ന് ധാരാളം കേൾക്കുന്നുണ്ട്. സോളാർ എനർജി ഉപയോഗിച്ചുകൊണ്ട് ചില പ്രത്യേക സ്ഥാപനങ്ങളൊക്കെ നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്നാണ് പറയുന്നത്. നാം അതിനെക്കുറിച്ച് പഠിക്കണം. ഒറീസ്സായിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കഴിഞ്ഞു. ഇങ്ങനെ വാതോർജ്ജം ഉണ്ടാക്കാൻ സാധിക്കുമെന്ന് കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ നമുക്ക് എന്തുകൊണ്ട് അത് നടപ്പിലാക്കാൻ കഴിയുന്നില്ല? അതുപോലെ നമ്മുടെ കടലോരങ്ങളിലെ തിരമാലകളെക്കൊണ്ട് ഊർജ്ജം ഉണ്ടാക്കാൻ കഴിയുമെങ്കിൽ ആ തരത്തിലുള്ള ഒരു ഐഡൻറിഫിക്കേഷൻ നടത്തി, എല്ലാ സ്ഥലത്തും സർവ്വേ നടത്തി, നമ്മുടെ ഹൈഡ്രോഇലക്ട്രിക് സ്കീമിനെ മാത്രം ബന്ധപ്പെട്ടുനിൽക്കാതെ ഇവയെ വളർത്തിക്കൊണ്ടുവരുന്നതോടൊപ്പം ദീർഘകാലാടിസ്ഥാനത്തിലുള്ള പവർപോളിസിയുണ്ടാക്കുന്നതിനും ഈ ഗവൺമെൻറ് മുൻകൈയെടുക്കണം. അതോടൊപ്പം ഒരു കാര്യം നാം ആലോചിക്കേണ്ടത് ഇത്രയുംകാലം പവ്വറുള്ളവരാണെന്ന് കരുതിക്കൊണ്ട് നാം 'പൗവർ' കാണിച്ച് നടന്നിരുന്നു. ഇപ്പോൾ അതിന് ചില കോട്ടങ്ങളുണ്ടായിരിക്കുകയാണ്. പ്രകൃതി ഒരു വികൃതി കാണിച്ചാൽ നാം അന്ധകാരത്തിൽ ചെന്നെത്തുന്ന സ്ഥിതി വന്നിരിക്കുന്നു. ആരോടും പറയാതെ നാഷണൽഗ്രിഡ് ഏറെറടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നാഷണൽ തെർമ്മൽ കോർപ്പറേഷന്റെ കീഴിലുള്ള പവ്വർ നമുക്ക് കിട്ടത്തക്കരീതിയിൽ ഒരു നാഷണൽഗ്രിഡ് ഉണ്ടാക്കുവാനുള്ള സമയം സമാഗതമായിരിക്കുന്നു. അതിനാവശ്യമായ, സ്വാഗതാർഹമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകണം. കാരണം നമുക്കിവിടെ തെർമ്മൽ സ്റ്റേഷനുണ്ടാക്കാൻ കഴിയുകയില്ല. ചെർണോബിലുണ്ടായ അതിഭയങ്കരമായ അണുസ്ഫോടനത്തോടുകൂടി ആ രീതിയും സാധ്യമല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

നില വന്നിരിക്കുന്നു. മറ്റു സ്ഥലങ്ങളിൽനിന്നും കിട്ടുന്ന പവർ ഉപയോഗിക്കത്തക്കരീതിയിൽ ഒരു നാഷണൽഗ്രിഡ് ഇവിടെ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, മൂന്ന് ധനാഭ്യർത്ഥനകളാണ് ഇന്ന് നമ്മുടെ മുമ്പിലുള്ളത്. അതിൽ പ്രധാനമായ രണ്ടെണ്ണം കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ. എ. എൽ. ജേക്കബ് ഈ ചർച്ചകൾ നടക്കുമ്പോൾ ഈ നിയമസഭയിലേ വന്നിട്ടില്ല. അതിന് മറുപടി പറയുന്നത് ആരാണെന്നു പോലും നിശ്ചയമില്ല. അതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടു വല്ല പ്രയോജനവുമുണ്ടോ? അതുകൊണ്ട് ഫിഷറീസ്, ഡയറി, വൈദ്യുതി വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. മുഖ്യമന്ത്രിയാണ് മറുപടി പറയുന്നതെങ്കിൽ അദ്ദേഹം പറയട്ടെ. പക്ഷേ മന്ത്രി ഇല്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തി എന്നുമാത്രമേയുള്ളു. ഇവിടെ കുറെ കൊല്ലങ്ങൾക്കുമുമ്പ് ശ്രീ. വക്കം പുരുഷോത്തമൻ മന്ത്രിയായിരുന്നപ്പോൾ ആണ് ധവളവിപ്ലവം നടന്നത്. ധവളവിപ്ലവം നടന്നതിനുശേഷം ഈ രാജ്യത്തിലെ ജനങ്ങൾക്ക് പാലിന് യാതൊരു ബുദ്ധിമുട്ടുമില്ല. ആരെങ്കിലും പാൽ കിട്ടുന്നില്ലെന്നു പറയുന്നതുതന്നെ വലിയൊരു ഭോഷ്ക്കാണ്. അതുകൊണ്ട് രാജ്യം മുഴുവൻ പാൽ കിട്ടത്തക്കരീതിയിൽ ധവളവിപ്ലവം നടന്നു കഴിഞ്ഞ രാജ്യമാണ് നമ്മുടേത്. അതു കഴിഞ്ഞ് ഇവിടെ ഒരു സുഹൃത്തു പറഞ്ഞു മൽസ്യവിപ്ലവം നടക്കണമെന്ന്. മൽസ്യവിപ്ലവത്തിന്റെ ഈറ്റുനോവായിരിക്കും ഇവിടെ നടക്കുന്നത്. ഇവിടെ മൽസ്യത്തൊഴിലാളിഗ്രാമസംഘങ്ങളിൽ കോൺഗ്രസ് (ഐ) യുടെ പ്രവർത്തകൻമാർ കൂടിയിരുന്നു ഭരിക്കുന്നതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് സുഭിക്ഷമാണെന്നാണ് എന്റെ സുഹൃത്ത് ശ്രീ. ശങ്തൻനാടാർ പറഞ്ഞത്. തിരുവനന്തപുരം ജില്ലയുടെ കടലോരത്തുള്ള പ്രദേശങ്ങളിൽ, പ്രത്യേകിച്ച് പൂന്തുറ മുതൽ പൂവാർ വരെയുള്ള പ്രദേശങ്ങളിൽ എന്റെ സുഹൃത്ത് ഒന്നിറങ്ങിനടന്നാൽ അവിടെയുള്ള മൽസ്യത്തൊഴിലാളികളനുഭവിക്കുന്ന സുഭിക്ഷതയെക്കുറിച്ച് വ്യക്തമാവും. 14 ലക്ഷത്തോളം മൽസ്യത്തൊഴിലാളികൾ ഉണ്ടെന്നാണ് ഇവിടെ പറയപ്പെടുന്നത്. അതിൽ നൂറിലൊരാളിന് എന്തെങ്കിലും പ്രയോജനം ചെയ്യത്തക്ക പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞോ? എന്തോ ചിലത് ചെയ്തു എന്നുള്ളത് ഞാൻ അംഗീകരിക്കുന്നു.

ശ്രീ. എൻ. ശങ്തൻനാടാർ: ഞാൻ ഇവിടെ പറഞ്ഞ ഈ ക്ഷേമപ്രവർത്തനങ്ങളിൽ എന്തെങ്കിലും ഒരെണ്ണം നടപ്പിലാക്കിയിട്ടില്ലെന്ന അഭിപ്രായം മെമ്പർക്കുണ്ടോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ക്ഷേമപ്രവർത്തനങ്ങൾ കടലാസിൽ നടപ്പിലാക്കുന്ന രാജ്യമാണ് നമ്മുടേത്. നമ്മുടെ രാജ്യം ക്ഷേമപദ്ധതികൾ പത്രങ്ങളിൽകൂടിയും റേഡിയോവിൽകൂടിയും ടെലിവിഷനിൽകൂടിയും ഇഷ്ടംപോലെ നടപ്പിലാക്കുന്ന രാജ്യമാണ്. ഞാൻ പറഞ്ഞത് കടലാസിലെ പദ്ധതികളല്ല. ഞാൻ പറഞ്ഞത് തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ പൂവാർ വരെയുള്ള പ്രദേശങ്ങളിൽപോയി പരിശോധിച്ചാൽ അവിടത്തെ മൽസ്യത്തൊഴിലാളികളനുഭവിക്കുന്ന സുഖകരമായ ജീവിതം നമുക്ക് ബോദ്ധ്യപ്പെടുമെന്നാണ്. ശ്രീ. പി. വി. മുഹമ്മദ് ഇവിടെ പറഞ്ഞത് സിറിയക് ജോൺ അപ്പുറത്തിരിക്കുന്ന കോൺഗ്രസ് (ഐ) യുടെയും മുസ്ലീം ലീഗിന്റേയുമെല്ലാം വോട്ട് വാങ്ങിവന്നതാണ് എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ശങ്കർനാരുടെ ഭാര്യയ്ക്ക് ഒരു ഹോംസെയിൽ ഡിപ്പോ കൊടുക്കാനുള്ള ക്ഷേമ പ്രവർത്തനം നടന്നുവരുന്നതായി ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ വി. ജെ. തങ്കപ്പൻ: അതിനെക്കുറിച്ച് വ്യക്തമായ വിവരമുണ്ട്. അത് ഇപ്പോൾ സഭയിൽ പറയാതിരിക്കുന്നത്, അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം സഭയിൽ പറയാമെന്ന് വിചാരിച്ചാണ്.

സർ, മൽസ്യത്തൊഴിലാളികൾക്കായിട്ട് യാതൊരു ക്ഷേമപ്രവർത്തനവും നടക്കുന്നില്ല. അവരുടെ ജീവിതത്തിൽ യാതൊരു മാറ്റവും ഇതുവരെ ഉണ്ടായിട്ടില്ല. അവിടെയും ഇവിടെയും ചില വീടുകളുണ്ടായിയെന്നുവച്ച് മൽസ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ഗുണമുണ്ടാകുമോ? സർ, ഞാൻ ചോദിക്കട്ടെ, ഈ അടുത്ത കാലത്ത് നടന്നത് മറ്റൊരു വിപ്ലവമായിരുന്നു— വെളിച്ചവിപ്ലവം, ഹരിതവിപ്ലവവും നടന്നു. അതുകഴിഞ്ഞ് കോൺഗ്രസ്സിന്റെ കീഴിൽതന്നെ ധവളവിപ്ലവവും നടന്നു. ഇപ്പോൾ ശ്രീമാൻ കെ. എം. മാണി വന്നപ്പോൾ വെളിച്ചവിപ്ലവവും നടന്നു. ധവളവിപ്ലവം കഴിഞ്ഞപ്പോൾ എല്ലാവർക്കും സുഭിക്ഷമായി പാല് ലഭിക്കുന്നതുപോലെ (ലഭിക്കുന്നില്ലെന്ന് പറയാൻ കഴിയില്ലല്ലോ) വെളിച്ചവിപ്ലവം വന്നപ്പോൾ നമ്മുടെ രാജ്യത്തെ മുഴുവൻ ആളുകൾക്കും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയെന്നാണ് സങ്കൽപം. കിട്ടിയില്ലെന്നാർക്കും പറയാൻ കഴിയില്ല: സർ, 5500-ൽ ചിലപ്പോൾ കണക്ഷൻ കൊടുക്കാനുണ്ട്, മിനിമം ഗാരൻറിവച്ച ഇനത്തിൽ. ഇലക്ട്രിസിറ്റിബോർഡിൽ 3500 തസ്തികകൾ കുറവുചെയ്ത ഒരു രാജ്യസ്നേഹിയാണ് ശ്രീമാൻ ബാലകൃഷ്ണപിള്ള. ഈ രാജ്യത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരെ നോക്കി അദ്ദേഹം നെടുവീർപ്പിട്ടു. തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി അദ്ദേഹം കൊച്ചിയിൽ പ്രസംഗിച്ചത്, വേണമെങ്കിൽ ഒരു പ്രത്യേക പരമാധികാര റിപ്പബ്ലിക്കായാലെന്തന്നാണ്. നമുക്ക് പട്ടാളത്തിൽ ചേരാനാളില്ല, വൈദ്യുതിയില്ലേ, എന്നു പ്രസംഗിച്ച ആളാണ്! 3500 തസ്തികകൾ കുറവ് ചെയ്തതിനുശേഷം പതിനായിരക്കണക്കിന് നിയമനങ്ങൾ തടഞ്ഞുവച്ചിരിക്കുന്നു എന്നിട്ടാണ് ഈ രാജ്യത്തെ ചെറുപ്പക്കാരെ നോക്കി ജോലി കിട്ടുന്നതിനുവേണ്ടി വേണമെങ്കിൽ ഒരു പരമാധികാര റിപ്പബ്ലിക്കായി കേരളം മാറണമെന്ന് പ്രസംഗിച്ചത്. അദ്ദേഹം പ്രസംഗിച്ചപ്പോൾ ശ്രീമാൻ കരുണാകരൻ വിശദീകരണം ആവശ്യപ്പെട്ടു. ബാലകൃഷ്ണപിള്ള വിശദീകരണം കൊടുത്തു. ആ വിശദീകരണം തൃപ്തികരമല്ലെന്നാണ് ശ്രീ. കരുണാകരൻ പറഞ്ഞത്. അതിനുശേഷം മന്ത്രി അല്ലാതായതിനുശേഷം ശ്രീ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ പാർട്ടിയും നമ്മുടെ സംസ്ഥാനത്തുടനീളം നടന്ന് ജാഥ നടത്തി. യോഗങ്ങൾ നടത്തി. നമ്മുടെ രാജ്യത്തെ ഭദ്രതയ്ക്കെതിരായി അതിശക്തമായി മുദ്രാവാക്യങ്ങൾ വിളിക്കുകയും പ്രസംഗിക്കുകയും ചെയ്തു. എന്തെങ്കിലും നടപടി മുഖ്യമന്ത്രി സ്വീകരിച്ചോ? വിഘടനവാദമുയർത്തിയതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ? ശ്രീ. ബാലകൃഷ്ണപിള്ളയുടെ വിശദീകരണം സ്വീകാര്യമല്ലെന്ന് പറഞ്ഞതിനുശേഷം സ്വീകാര്യമായ എന്തെങ്കിലും വിശദീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശ്രീ. ബാലകൃഷ്ണപിള്ള കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടില്ല. ഇതുപോലെ വിഘടനവാദമുയർത്തിയ ഒരു ഭിന്ദ്രൻവാലയെ ശ്രീമതി ഗാന്ധി വളർത്തിക്കൊണ്ടുവന്നു. അവസാനം അയാളെ കൊല്ലേണ്ടിവന്നു. ശ്രീമതി ഗാന്ധിക്ക്. അതിനുശേഷം ശ്രീമതി ഗാന്ധിക്ക് ജീവൻ ബലികൊടുക്കേണ്ടിവന്നു. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഒരു ഭിന്ദ്രൻവിള്ളയെ ശ്രീ. കരുണാകരൻ വളർത്തിക്കൊണ്ടുവരുന്നു. വിണ്ടും മന്ത്രിയാക്കി വളർത്തിക്കൊണ്ടുവരുന്നു. ഇനി ഉദകക്രിയ ചെയ്യേണ്ടിവരുമോ, എന്ത് നഷ്ടപ്പെടും എന്ന് പറയാറായിട്ടില്ല സർ. പഞ്ചാബിനെ വളർത്തിക്കൊണ്ടുവന്നതിന് കൊടുക്കേണ്ടിവന്ന വിലയോ? കഴിഞ്ഞ ഒന്നൊന്നരവർഷങ്ങളായി രക്തപ്പുഴ ഒഴുകുന്നു പഞ്ചാബിൽ. ഈ സംസ്ഥാനത്തും രക്തപ്പുഴ ഒഴുക്കണമെന്നാണോ അങ്ങ് ആഗ്രഹിക്കുന്നത്? ഇവിടെ എന്റെ സുഹൃത്ത് ശ്രീമാൻ. എം. എം. ഹസ്സൻ, 23-ാംതീയതി പ്രസംഗിച്ചു, എന്റെ പാർട്ടിയുടെ നേതാവ് ശ്രീ. നമ്പൂതിരിപ്പാടിന്റെ ഇനിഷ്യലുകളെക്കുറിച്ച്. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് മറ്റൊന്നും അദ്ദേഹത്തിന് പറയാനില്ല എക്സ്ട്രാ മാരിറ്റൽ സെക്സിന്റെ ഉപജ്ഞാതാവാണ് ശ്രീ. ഹസ്സൻ അദ്ദേഹം അത് അങ്ങനെ പറഞ്ഞ് ആസ്വാദിച്ചു. ഞാൻ ചോദിക്കട്ടെ അദ്ദേഹത്തിന്റെ വികലമായ ചിന്തയും ആഭാസപ്രയോഗവും കടമെടുത്താൽ ശ്രീ. എം എം. ഹസ്സനെ മരമണ്ടൻ ഹസ്സൻ എന്ന് എനിക്ക് വിളിച്ചുകൂടേ? പക്ഷേ, ഞാൻ അങ്ങനെ വിളിക്കുന്നില്ല. അദ്ദേഹത്തിന്റെ അതേ ചിന്തയും അദ്ദേഹത്തിന്റെ ആഭാസത്തരമായ വാക്കുകളും കടമെടുത്താൽ ശ്രീ. ടി. എം. ജേക്കബിനെ തിരുമണ്ടൻ ജേക്കബ് എന്നു വിളിച്ചുകൂടേ? പക്ഷേ; ഞാൻ വിളിക്കുന്നില്ല. ഈ ജനാധിപത്യ ഫോറത്തിൽ അങ്ങനെ വിളിക്കുന്നത് ശരിയല്ല. എന്റെ നേതാവിനെക്കുറിച്ച് പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ പരമോന്നതനായ നേതാവിനെക്കുറിച്ച് ഇനിഷ്യലൊന്ന് വലുതാക്കിനോക്കാമെന്ന് വിചാരിച്ചപ്പോഴും അദ്ദേഹത്തിന് ഇനിഷ്യലില്ല. ശ്രീ. രാജീവ്ഗാന്ധിക്ക് ഇനിഷ്യലില്ല. ഉണ്ടെങ്കിൽ വലുതാക്കാമായിരുന്നു. വിദേശികളായ രണ്ട് ചാരൻമാരെ മന്ത്രിമാർ വിളിച്ചുവരുത്തി ഊണുകൊടുത്ത് കൂടെ കിടത്തി, അവർ കൊണ്ടുവന്ന പൊന്നും പണവും പണ്ടങ്ങളും വാങ്ങിയത് രാജ്യദ്രോഹമല്ല. നിസ്സാരം ഒരു ചായ കുടിച്ചതാണുപോലും! രണ്ടു വിദേശികളുമായി ഇരുന്ന് ചായ കുടിച്ചുകൂടേ? എന്നു പറഞ്ഞാൽ സിനിമാ തിയേറ്ററിൽ ഇരുന്നു ബീഡി വലിക്കുന്ന ഒരു ഒഫൻസുപോലെ അത്ര നിസ്സാരീകരിച്ച് തള്ളിക്കളയാവുന്നതാണോ മി. ഹസ്സൻ ഇത്? രണ്ട് വിദേശികളെ ഇവിടെ വരുത്തി സ്വീകരിച്ചു. ഇവിടെ വരരുതെന്നു പറഞ്ഞവരാണ് അവർ. ഇവിടെ വരരുതെന്ന് വിലക്കിയതിനുശേഷം, ആ രണ്ടാളുകളെ വിളിച്ച് അവർ കൊണ്ടുവന്ന പൊന്നും പണ്ടങ്ങളുമെല്ലാം വാങ്ങി അവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തത് നിസ്സാരകാര്യമാണുപോലും! സർ, ഞാൻ ചോദിക്കട്ടെ, സോവിയറ്റു യൂണിയനിലെയോ ചൈനയിലെയോ ക്യൂബയിലെയോ ആളുകളെ, ഇൻഡ്യയിൽ വരരുതെന്ന് കേന്ദ്ര

(മി. സ്പീക്കർ ചെയറിൽ)

ഗവൺമെൻറ് വിലക്കിയിരുന്ന രണ്ടാളുകളെ മുഖ്യമന്ത്രി സ. ജ്യോതിബാസു അദ്ദേഹത്തിന്റെ മുഖ്യമന്ത്രിയെന്നുള്ള അധികാരമുപയോഗിച്ച് വരുത്തുകയും, മുഖ്യമന്ത്രിയെന്നുള്ള അധികാരമുപയോഗിച്ച് ആ വിദേശികളും ഇവിടെ വരുന്നതിന് അനുമതി കൊടുക്കുകയും മറ്റു രണ്ടു മന്ത്രിമാർ ആകമ്പടി നടക്കുകയും, അവർ കൊണ്ടുവരുന്ന പൊന്നും പണ്ടങ്ങളുമെല്ലാം സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ (ഞങ്ങളും അത് ചെയ്യുന്നില്ല, അതു മറ്റൊരു കാര്യം,) ഈ രാജ്യത്തെ പൗരമുഖ്യൻമാരും മതപ്രമാണിമാരും സന്യാസിമാരും ദിവസക്കൂലിക്ക് സാഹിത്യമെഴുതുന്ന സാഹിത്യകാരൻമാരും സോ കാൾഡ് ബുദ്ധിജീവികളുമൊക്കെ എന്റെ സുഹൃത്ത് കമ്മ്യൂണിസ്റ്റുവിരുദ്ധനായ ശ്രീ. എം. എം. ഹസ്സനുമൊക്കെ ഈ രാജ്യത്ത് എന്തായിരിക്കും പറയുമായിരുന്നത്! നിങ്ങളും എന്തു പറയുമായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ജ്യോതിബാസുവിനേയും കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയെയും അകത്താക്കണം, കൊല്ലണമെന്ന് പറയുകയില്ലായിരുന്നോ? പക്ഷേ ഇത് രണ്ട് കുവൈറ്റ് ചാരൻമാരെ ഇവിടെ വരുത്തിയത് നിങ്ങൾ ഒരു ഭൂഷണമായിക്കരുതി. ഇവിടെ ഒരു മന്ത്രി രാജിവച്ചു. രാജിവച്ചത് അദ്ദേഹം വാങ്ങിയ സ്വത്തിനും, വസ്തുവിനും കെട്ടിടത്തിനുമെല്ലാം പണം എവിടെനിന്നാണെന്ന് ഒരു കമ്മീഷനെ വച്ച് തെളിയിക്കാൻ കഴിയാത്തതുകൊണ്ടാണ്. അതേ അർത്ഥം വച്ച് പരിശോധിച്ചാൽ ശ്രീ. കരുണാകരൻ സ്വന്തമായി സമ്പാദിച്ച വീടിന്റെ പണിക്കുള്ള പണം എവിടെ നിന്നാണെന്ന് കമ്മീഷന്റെ മുമ്പിൽ അദ്ദേഹത്തിനു തെളിയിക്കാൻ കഴിയുമോ? പത്രങ്ങളിൽ വന്നു ശ്രീ. ബാലകൃഷ്ണപിള്ള അരഡസനോളം വീടുകൾ വച്ചെന്നും അതിന് ലക്ഷക്കണക്കിന് രൂപ വിലവരുമെന്നും. ലക്ഷക്കണക്കിന് രൂപ വിലയുള്ള വീടുകൾ വച്ചതിന്റെ പണം എവിടെ നിന്നാണെന്ന് തെളിയിക്കാൻ, ട്രൈബ്യൂണലുകൾക്ക് മുൻപിൽ പറയാൻ, കഴിയുമോ? അങ്ങനെ കഴിയാത്തതുകൊണ്ടാണ് ശ്രീനിവാസൻ രാജിവച്ച് പോയതിനുശേഷം പ്രൈമാഫേസി കേസ്സുണ്ടെങ്കിൽ രാജിവയ്ക്കേണ്ടായെന്ന് തീരുമാനിച്ചത്. പ്രൈമാഫേസി കേസ്സുണ്ടെങ്കിൽ രാജിവയ്ക്കണമെന്ന് പറഞ്ഞാൽ പലർക്കും രാജിവയ്ക്കേണ്ടിവരും. കേരളത്തിലെ പതിപ്പാണ് കോൺഗ്രസ്സ് പാർട്ടി, അതിലും വലിയ പതിപ്പാണ് അഖിലേന്ത്യാ പതിപ്പ്. അഖിലേന്ത്യാപതിപ്പിനെക്കുറിച്ച് പറയണോ? മദ്ധ്യപ്രദേശിൽ ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്നു അദ്ദേഹം തിരഞ്ഞെടുപ്പിന് തൊട്ടുമുൻപ് അവിടെ ഗവൺമെൻറുടമയിലുണ്ടായിരുന്ന ഏഴ് ഡിസ്റ്റിലറികൾ സ്വകാര്യമുതലാളിമാർക്ക് വിറ്റു. അവിടത്തെ നിയമസഭയിൽ ശക്തമായ വാദകോലാഹലങ്ങൾ വന്നു; മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് അത് തടഞ്ഞു, ഒരാൾ ഹൈക്കോടതിയിൽപ്പോയി. രേഖകൾ പരിശോധിച്ചു. തെളിവെടുത്തു. അവസാനം പറഞ്ഞു 57 കോടി രൂപയുടെ നഷ്ടം ആ മുഖ്യമന്ത്രി അവിടെ വരുത്തിയിട്ടുണ്ടെന്ന്. ഞങ്ങൾ ആരും പറഞ്ഞതല്ല. 57 കോടി രൂപയുടെ നഷ്ടമുണ്ടെന്ന് പറഞ്ഞു. ആ രൂപ എവിടെപ്പോയി?*

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഇല്ലാത്ത ഈ സഭയിൽ മറുപടി പറയാൻ കഴിയാത്ത ഒരു വ്യക്തിയുടെ പേരിൽ അഴിമതി ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ? അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

ശ്രീ. വി. ജെ. തങ്കപ്പൻ: ഈ സഭയിൽ ഇല്ലാതിരുന്ന ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഇനിഷ്യൽസ് വിശദീകരിച്ചപ്പോൾ നിങ്ങൾക്ക് സന്തോഷമായിരുന്നില്ലേ? ഞാൻ പത്രത്തിൽ വന്നതുമാത്രമേ പറയുന്നുള്ളൂ. ഞാൻ ഒരാരോപണവും പറയുന്നില്ല. 'സൺഡേ വീക്കിലി'യിൽ വന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. ദേശാഭിമാനി വാർത്തകളല്ല.

മി. സ്പീക്കർ: അങ്ങ് എന്താണ് പറഞ്ഞത്. ആരെക്കുറിച്ചാണ് പറഞ്ഞത്? ഞാൻ കേട്ടില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ ആരേയും കുറിച്ചല്ല പറഞ്ഞത്. ഇന്ത്യ ഭരിക്കുന്ന രാഷ്ട്രീയപാർട്ടിയുടെ അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് ശ്രീ. അർജുൻസിംഗിന്റെ കാര്യമാണ് പറഞ്ഞത്. സൺഡേ വീക്കിലിയിൽ വന്ന കാര്യമാണ്.

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ സഭയ്ക്കകത്ത് അങ്ങ് സൂചിപ്പിച്ചതുപോലെ ശ്രീ. നമ്പൂതിരിപ്പാടിനെക്കുറിച്ച് ചില പരാമർശനങ്ങളും ഉണ്ടായിട്ടുണ്ട്. അത് രേഖയിൽനിന്ന് നീക്കംചെയ്തിട്ടുള്ളതാണ്. ഇങ്ങനെയുള്ള പരാമർശനങ്ങളും നടത്തുമ്പോൾ ഇതോർക്കുന്നത് നന്നായിരിക്കും. പത്രത്തിൽ വന്നതുകൊണ്ട് അത് പ്രിവിലേജ് ആണോ?

ശ്രീ. വി. ജെ. തങ്കപ്പൻ : അങ്ങ് പറയുന്നതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ പത്രത്തിൽവന്ന ഒരു കാര്യംപോലും ഈ സഭയിൽ പറയാൻ പാടില്ലെന്നുപറഞ്ഞാൽ എന്താണ് സർ?

മി. സ്പീക്കർ: പത്രത്തിൽ വരുന്നതെല്ലാം സഭയിൽ പറയാൻ കഴിയുകയില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : അതെനിക്കറിയാം. അല്ലെങ്കിൽപിന്നെ ഞാൻ പട്നായിക്കിന്റെ കാര്യം പറയുമായിരുന്നല്ലോ? അത് പറയുന്നില്ല.

മി. സ്പീക്കർ : അതുകൊണ്ടുതന്നെയാണ് ശ്രീ. നമ്പൂതിരിപ്പാടിനെക്കുറിച്ച് ഒരു പരാമർശനം വന്നപ്പോൾ അത് രേഖയിൽനിന്ന് നീക്കം ചെയ്തുകളഞ്ഞത്. അതുകൊണ്ട് സ്വയം നിയന്ത്രിക്കൂ.

ശ്രീ. വി. ജെ. തങ്കപ്പൻ: അർജുൻസിംഗിനെക്കുറിച്ച് ഹൈക്കോടതി വിധിവന്നാൽ അത് പറഞ്ഞുകൂടേ? വേറൊന്നും ഞാൻ പറയുന്നില്ല.

മി. സ്പീക്കർ: ചട്ടവിരുദ്ധമായിട്ടുള്ളതു പറഞ്ഞാൽ രേഖയിൽ ഉണ്ടാകുകയില്ല.* * * * * * * * * * *

ശ്രീ. വി. ജെ. തങ്കപ്പൻ: ഹൈക്കോടതിയുടെ കാര്യം പറയാമല്ലോ? മദ്ധ്യപ്രദേശ് ഹൈക്കോടതി രേഖകളെല്ലാം പരിശോധിച്ചു. പരിശോധിച്ചതിനുശേഷം പറഞ്ഞു അവിടത്തെ മുഖ്യമന്ത്രി ശ്രീ. അർജുൻസിംഗ് ചാരായഡിസ്റ്റിലറികൾ കൈമാറിയ വകയിൽ 57 കോടിരൂപയുടെ നഷ്ടം വരുത്തിയിട്ടുണ്ടെന്ന് ഹൈക്കോടതി പറഞ്ഞതാണ്. ഇവിടെ അങ്ങനെയുള്ള ഒരു പാർട്ടി നയിക്കുന്ന ഒരു മന്ത്രിസഭയുടെ ഡിമാൻറുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. ശ്രീമാൻ എ. എൽ. ജേക്കബ് സഭയിൽ ഇല്ല. അദ്ദേഹത്തിന്റെ ഡിമാൻറുകളാണ് ചർച്ച ചെയ്യുന്നത്. രാജ്യദ്രോഹികളുടെ ഗവൺമെൻറ്, ചാരൻമാർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്ന ഗവൺമെൻറ്, കുറവാളികൾക്ക് സംരക്ഷണം കൊടുക്കുന്ന കുറവാളികളുടെ ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ അതിശക്തമായി എതിർക്കുന്നു.

വിദ്യുച്ഛക്തിവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഇന്ന് കാലത്ത് ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങളും ഞാൻ പരിശോധിച്ചു. തന്നിരിക്കുന്ന ആനുവൽ സ്റ്റേറ്റുമെൻറിനകത്ത് 1984-85-ലെ ബോർഡ് ഹെഡ്ഡിൽ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം കാണിച്ചിട്ടുണ്ട്. ബോർഡ് സെക്രട്ടറിയേറ്റ് എന്ന പ്രൊവിഷനകത്താണ് കാണിച്ചിരിക്കുന്നത്. മെമ്പർമാരുടെയെന്നുപറഞ്ഞാൽ ചെയർമാനും മെമ്പർമാരും ബോർഡ് സെക്രട്ടറിയുമുൾപ്പെടുന്നതാണ്.

*'സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.'

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം അതാണ് ആവശ്യപ്പെട്ടത്. അത് കാണിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നിരിക്കുന്നതിൽ ബോർഡ് സെക്രട്ടറിയേറ്റ് എന്നുള്ള ഹെഡ്ഡിൽ നോക്കിയാൽ കാണാൻ കഴിയും. ഇത് ആരേയും ചതിക്കാനോ ഒന്നുംവേണ്ടി പറയുന്നതല്ല. എന്തെങ്കിലും അബദ്ധം പറ്റിയാൽ അത് ഈ സഭയുടെ മുമ്പിൽ തിരുത്തിപ്പറയുന്നതിൽ ഒരു തെറ്റുമില്ല. ഞാൻ ചാർജ്എടുക്കുമ്പോഴും ആറേഴുവർഷത്തെ അക്കൗണ്ട്സ് ബാക്കിയുണ്ടായിരുന്നു. ഞാൻ അത് പരിഹരിച്ചുപരിഹരിച്ച് ജൂൺ മാസത്തിൽ പിരിയുമ്പോഴും 1984-85-ലെ അക്കൗണ്ട്സ് ഏതാണ്ട് പൂർത്തിയാക്കുകയുണ്ടായി. 1984-85-ലെ അക്കൗണ്ട്സ് ഈ കഴിഞ്ഞ ഡിസംബറിൽ അക്കൗണ്ടൻറ് ജനറലിന് ആഡിറ്റിനുവേണ്ടി അയച്ചിട്ടുണ്ട്. അക്കൗണ്ടൻറ് ജനറലിന് അയച്ചിട്ട് ഇപ്പോഴേക്ക് ഏഴു മാസമായി. അതിൻെറ ആഡിറ്റഡ് അക്കൗണ്ട്സ് കിട്ടിയിട്ടില്ല. കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ് 1985-86 വർഷങ്ങളിലെ ആനുവൽ സ്റ്റേറ്റുമെൻറും അത് കംപയിൽ ചെയ്തുകൊണ്ടുള്ള അക്കൗണ്ട്സും ഈ ജൂലൈമാസം അവസാനത്തോടുകൂടി പൂർത്തിയാകുന്നതാണ്, ആഗസ്റ്റിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ കഴിയും. 800-ൽ ചിലപ്പോൾ ആഫീസുകളിൽനിന്നും 100-ൽ ചിലപ്പോൾ ബില്ലിംഗ് യൂണിറ്റുകളിൽ നിന്നും ലഭിക്കേണ്ട കണക്കുകൾ കംപയിൽ ചെയ്തുമാത്രമേ അക്കൗണ്ടൻറ് ജനറലിന് അയയ്ക്കുകയുള്ളു. ബോർഡ് ഈ കാര്യം പഠിച്ച് പാസാക്കിയതിനുശേഷമാണ് അക്കൗണ്ട് ജനറലിന് അയയ്ക്കേണ്ടത്. അക്കൗണ്ടൻറ് ജനറലിന് അയയ്ക്കുന്നതിനു മുമ്പ് മാർച്ച് മാസം കഴിഞ്ഞാൽ ചാർട്ടേഡ് അക്കൗണ്ടൻറ് ഇത് ആഡിറ്റ് ചെയ്യണം. ആഡിറ്റ് ചെയ്തു ബോർഡിന്, തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അക്കൗണ്ടൻറ് ജനറലിന് അയയ്ക്കാൻ കഴിയുകയുള്ളു. ഏതായാലും ഈ ആഗസ്റ്റുമാസത്തോടുകൂടി ഇത് പൂർത്തിയാക്കി അക്കൗണ്ടൻറ് ജനറലിന് അയയ്ക്കാമെന്നാണ് കരുതുന്നത്. ഇലക്ട്രിസിറ്റി ബോർഡ് സ്റ്റാറ്റ്യൂട്ടറിയായിട്ട് വയ്ക്കേണ്ടുന്ന കണക്കുകൾ വളരെക്കാലമായി വയ്ക്കാനുണ്ടായ കാലതാമസത്തിൻെറ പിൻതുടർച്ചയാണ്, ഇപ്പോഴും നടക്കുന്നത്. എങ്കിലും ഈ കൊല്ലത്തോടുകൂടി ഈ കാലതാമസം പൂർണ്ണമായി പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നു. 1985-86-ലെ കണക്കുകൾ ഈ സാമ്പത്തികവർഷത്തിൽത്തന്നെ ഈ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാനുള്ള ശ്രമങ്ങളാണ് ബോർഡ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിൻെറ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയാനൊന്നും (ഞാൻ വന്നിട്ട് പത്തിരുപത്തഞ്ച് ദിവസമേ ആയുള്ളുവെങ്കിലും) ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. തീർച്ചയായും ഇത് ഉത്തരവാദിത്വമുള്ള ഒരു കാര്യമാണ്; ചെയ്യേണ്ടതാണിത്. ഈ കാര്യത്തിൽ തീർച്ചയായും ഗവൺമെൻറിന് ബുദ്ധിമുട്ടുണ്ട്. ഈ ബുദ്ധിമുട്ട് സഭയുടെ മുമ്പിൽ ഏറ്റുപറയുവാനും യാതൊരു മടിയും ഈ ഗവൺമെൻറിനില്ല.ഇത്രയും സ്ഥലത്തുനിന്നുവരുന്ന ഈ അക്കൗണ്ട്സ് എല്ലാം കംപയിൻ ചെയ്ത് ചാർട്ടേഡ് അക്കൗണ്ടൻറ് ആഡിറ്റ് ചെയ്ത് അക്കൗണ്ടൻറ് ജനറലിന് എത്തിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം മെമ്പർ പറഞ്ഞ വികാരങ്ങളോട് യോജിപ്പാണുള്ളത്. ഇതിൽ കുറ്റമില്ലെന്നൊന്നും പറയാനോ തടിതപ്പാനോ ഇതിൻെറ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനോ ഒന്നും യാതൊരു കാരണവശാലും ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ: ഇന്നു രാവിലെ ശ്രീ. വർക്കല രാധാകൃഷ്ണൻ ഇലക്ട്രിസിറ്റി സപ്ലൈആക്ട് 61-ാം വകുപ്പിൽ വ്യവസ്ഥചെയ്യുന്നപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റിനോടൊപ്പം ബോർഡംഗങ്ങളുടെ ശമ്പളം സംബന്ധിച്ച സ്റ്റേറ്റുമെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായില്ലെന്ന ഒരു പ്രശ്നം ഉന്നയിക്കുകയുണ്ടായി. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അതിൽ ബോർഡംഗങ്ങളുടെ ശമ്പളം സംബന്ധിച്ചുള്ള എസ്റ്റിമേറ്റ്സ് വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ബോർഡ് സെക്രട്ടറിയേറ്റിന്റെ ചെലവിനെ സംബന്ധിച്ചുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായിട്ടാണ് കാണുന്നത്. വാർഷിക കണക്കുകൾ, ആഡിറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റു ഭാഗത്തുണ്ടായിട്ടുള്ള, ഗവൺമെന്റിന് നേരിടേണ്ടിവന്നിട്ടുള്ള പ്രായോഗികമായ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. എങ്കിലും അത് സമർപ്പിച്ചില്ലെന്നുള്ളത് ഒരു വീഴ്ചതന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് വിവിധ നിയമങ്ങൾപ്രകാരം സഭയ്ക്ക് കാലാകാലങ്ങളിൽ ലഭിക്കേണ്ട രേഖകൾ അപ്പപ്പോൾ സമർപ്പിക്കേണ്ടത് ഗവൺമെന്റിന്റെ പ്രാഥമികമായ ചുമതലതന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതെ കൃത്യമായി ഇവ സഭയ്ക്ക് ലഭിക്കുകയെന്നുള്ളത് സഭാംഗങ്ങളുടെയും സഭയുടെയും അവകാശമാണ്. ഇതിൽ ഉണ്ടായിട്ടുള്ള ഒഴിവാക്കാവുന്ന കാലതാമസം മേലിൽ ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് എല്ലാ പ്രശ്നങ്ങളും നടത്തണമെന്ന് ചെയർ റൂളിംഗ് നൽകുകയാണ്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, വിദ്യുച്ഛക്തി വകുപ്പിനെക്കുറിച്ച് ഈ സഭയിൽ നടന്ന ചർച്ചകളിൽ ഉന്നയിക്കപ്പെട്ട എല്ലാ സദുദ്ദേശ പ്രേരിതമായ നിർദ്ദേശങ്ങളും ഗവൺമെൻ്റ് സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷവും ശ്രീ. ഇ. കെ. നായനാരുടെ ഗവൺമെൻറ് അധികാരത്തിലിരുന്ന കാലത്തുമായി വളരെക്കാലം ഈ വകുപ്പിന്റെ ചുമതല്വഹിച്ചിരുന്ന(ചുരുക്കം കാലമൊഴിച്ചാൽ ഒന്നൊന്നേമുക്കാൽ വർഷം ഒഴിച്ചാൽ) മന്ത്രിയെന്നുള്ള നിലയിൽ ഈ കാലഘട്ടത്തിലൊക്കെ വമ്പിച്ച നേട്ടങ്ങൾ ഈ വകുപ്പിലുണ്ടാക്കാൻ കഴിഞ്ഞുവെന്നുതന്നെയാണ് എന്റെ വിശ്വാസം. കക്ഷിരാഷ്ട്രീയത്തിനതീതമായി വ്യക്തിപരമായ വൈരാഗ്യങ്ങൾ പ്രകടിപ്പിക്കാതെ, യഥാർത്ഥ വസ്തുതകൾ കാണാൻ ശ്രമിച്ചാൽ തീർച്ചയായും ബുദ്ധിമുട്ടുണ്ടാകുകയില്ലെന്നാണ് എന്റെ വിശ്വാസം. പ്രതിപക്ഷത്തുനിന്നും നടത്തിയ പ്രസംഗങ്ങളിൽ, പ്രത്യേകിച്ച് സി. പി. ഐ.യും സി. പി. എം. ഉം പ്രത്യേകിച്ചും ശ്രീ. ജിനദേവൻ നടത്തിയ പ്രസംഗങ്ങളിൽ, കാര്യമാത്രപ്രസക്തമായും പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ടും നമ്മുടെ പ്രോജക്ടുകളുടെ പുരോഗതിയെക്കുറിച്ചും പ്രോജക്ടുകൾ ഏറെറടുത്തതിനെക്കുറിച്ചും നമുക്കാവശ്യമുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അടുത്ത 1990-95 ആകുമ്പോൾ നമുക്കുവേണ്ടിവരുന്ന വൈദ്യുതിയെക്കുറിച്ചുമെല്ലാം പറഞ്ഞകാര്യങ്ങൾ എല്ലാംതന്നെ ശരിയാണ്. അതൊന്നും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കുകളിലും പ്ലാനിംഗിലുമുള്ള കാര്യങ്ങൾ തന്നെയാണ് അദ്ദേഹം വായിച്ചത്. അതേപ്പറ്റി കൂടുതൽ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

സർ; എന്റെ 6 കൊല്ലക്കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ചുമാത്രമാണ് ബഹുമാനപ്പെട്ട ചടയമംഗലം അംഗം പറഞ്ഞത്. നായനാർ ഗവൺമെൻറ് ഭരണം വിട്ടൊഴിഞ്ഞ് വിദ്യുച്ഛക്തി വകുപ്പ് എന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിച്ചപ്പോൾ കേരളത്തിലെ ആഭ്യന്തര ഉപയോഗം 2478 ദശലക്ഷം യൂണിറ്റ് വിദ്യുച്ഛക്തിയാണ്. ഇടുക്കി തീർന്നതിനുശേഷമുള്ള കണക്കാണ് എടുത്തത്. അതിനുമുമ്പുള്ള കണക്കുകൾ എടുത്തില്ല. അദ്ദേഹം ഇന്നു പവർകട്ടിനെപ്പറ്റി പറഞ്ഞപ്പോൾ ഒരു കാര്യം ഓർക്കണമായിരുന്നു. ശ്രീ. എം. എൻ. ഇവിടെ മന്ത്രിയായിരുന്ന കാലത്ത്, 1973-74 കാലഘട്ടങ്ങളിൽ സമ്പൂർണ്ണമായ പവർകട്ട് കേരളത്തിൽ ഏർപ്പെടുത്തേണ്ടി വന്നു, മഴ ഇല്ലാത്തതുകൊണ്ടും ഇടുക്കി തീരാത്തതുകൊണ്ടും. അത് ഈ സഭയിലെ അംഗങ്ങൾക്കൊക്കെ ഓർമ്മയുണ്ട്. നമ്മൾ ഈ രാജ്യത്തുണ്ടായിരുന്ന ആളുകളാണ്. പവർകട്ട് ഏർപ്പെടുത്തുന്നത് കേരളത്തിൽ പുതിയ കാര്യമൊന്നുമല്ല. ഇടുക്കി പൂർത്തിയാകുന്നതിനു മുമ്പ് അതിഭീകരമായ പവർകട്ട് ചെറുകിട വ്യവസായങ്ങൾക്കും വീടുകൾക്കുപോലും ഏർപ്പെടുത്തിയ ഒരു പാർട്ടിയാണ് ഇന്ന് ഇവിടെ വന്നുനിന്നുകൊണ്ട് പവർകട്ടിനെപ്പറ്റി പറയുന്നത്.....(ബഹളം).... നായനാർ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടെ വിദ്യുച്ഛക്തിയുടെ ആഭ്യന്തര ഉപയോഗം വളരെ കുറവായിരുന്നു. ആ കൊല്ലം ഞങ്ങൾ ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ (16 വർഷത്തെ കുടിശ്ശിക മലബാറുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ബാക്കിയുണ്ടായിരുന്നു) എത്രയാണ് കണക്ഷൻ കൊടുത്തതെന്ന് അറിയാമോ? അതിന്റെ തലേവർഷം വളരെക്കുറച്ചു കണക്ഷൻ മാത്രം കൊടുത്തിരുന്ന കേരളത്തിൽ വിദ്യുച്ഛക്തി ബോർഡ് ഒരുലക്ഷത്തിഅറുപത്തയ്യായിരംകണക്ഷനിലേക്കാണ് പെട്ടെന്നു പോയത്. 1980 സാമ്പത്തികവർഷം തീരുമ്പോൾ ഒരുലക്ഷത്തിഅറുപത്തയ്യായിരം കണക്ഷൻ കൊടുത്തു. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കണക്ഷൻ കൊടുത്ത വർഷമാണ് രണ്ടുലക്ഷത്തി എൺപത്തയ്യായിരം കൊടുത്ത 1980-81. അതുകഴിഞ്ഞ് 1982-83 വന്നപ്പോൾ പവർകട്ടിന്റെ ആരംഭമായി. അന്ന് ഒരുലക്ഷത്തി നാൽപ്പത്തയ്യായിരത്തി അഞ്ഞൂററിപ്പതിനഞ്ച് കണക്ഷനുകളാണ് കൊടുത്തത്. 1983-84-ൽ സമ്പൂർണ്ണമായ പവർകട്ടുമൂലം അമ്പതിനായിരം കണക്ഷനേ കൊടുക്കാൻ കഴിഞ്ഞുള്ളൂ. ഇന്നത്തേതുപോലെ പവർകട്ടാണ്. വീണ്ടും 1984-85-ൽ ഒരുലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തിയറുപത്തിയേഴ് കണക്ഷൻ കൊടുത്തു. 1985-86-ൽ ഒരു ലക്ഷത്തി എൺപത്തയ്യായിരത്തി അറുനൂററിപ്പതിനഞ്ച് കണക്ഷൻ കൊടുത്തു. ഈ കഴിഞ്ഞ 6 കൊല്ലമായി ഈ ഗവൺമെന്റിന്റേയും ശ്രീ. നായനാർ ഗവൺമെന്റിന്റേയും കാലത്ത് ഞാൻ വിദ്യുച്ഛക്തി മന്ത്രിയായിരുന്നപ്പോൾ ഈ രാജ്യത്തെ കണക്ഷനുകൾ 120 ശതമാനത്തിലധികം വർദ്ധിച്ചു. നാൽപത് നാൽപ്പത്തിരണ്ട് വർഷംകൊണ്ട് കൊടുത്തിരുന്നതിന്റെ ഇരട്ടിയിലധികം കണക്ഷനുകളാണ് കൊടുത്തത്. എവിടെയാണ് സർ, വിദ്യുച്ഛക്തിവകുപ്പിൽ നിന്നു ജനങ്ങൾക്ക് പ്രയോജനം ഉണ്ടാകാതെ പോയത്? ഇത്രയും കണക്ഷനുകൾ കൂടുതൽ കൊടുത്ത ഒരു വർഷം ഉണ്ടായിട്ടില്ല. ഇനി ആഭ്യന്തര ഉപയോഗത്തിലേക്ക് കടക്കാം. നായനാർ ഗവൺമെന്റ് വരുന്ന സമയത്ത് ഇവിടത്തെ ആഭ്യന്തര ഉപയോഗം മുവ്വായിരത്തി ഒരുനൂററിയെട്ട് ദശലക്ഷം യൂണിറ്റായിരുന്നു. ആ ഗവൺമെന്റിന്റെ കാലത്തു തന്നെ 1981–82-ൽ 3883-ലേക്ക് പോയി. ഇന്നത്തെ ആഭ്യന്തര ഉപയോഗം എത്രയാണെന്നറിയാമോ? 5357 ദശലക്ഷം യൂണിറ്റാണ്. നമ്മുടെ ആഭ്യന്തര ഉപയോഗം എത്രയോ ഇരട്ടിയായി വർദ്ധിച്ചു! ഇതൊക്കെ ഈ രാജ്യത്തെ ജനങ്ങൾക്കും വ്യവസായങ്ങൾക്കും പ്രയോജനപ്രദമാകാതെ പോയെന്നൊക്കെയാണ് പറയുന്നത്. ഇടുക്കിയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഒരൊറ്റ പദ്ധതിയും കമ്മീഷൻ ചെയ്യാൻ കഴിഞ്ഞില്ല. പണമില്ലാത്ത കേരളത്തിൽ സംസ്ഥാന ഗവൺമെൻറ്, സാമ്പത്തികമായ ബുദ്ധിമുട്ടുകാരണം ഇൻഡ്യക്ക് പുറത്ത് നമ്മെ സഹായിക്കാനാഗ്രഹിക്കുന്ന രാഷ്ട്രങ്ങളുടെ സഹായം ഇൻഡ്യാ ഗവൺമെൻറിൻറെ അനുഗ്രഹത്തോടുകൂടി സ്വീകരിച്ചുകൊണ്ട് ഇടുക്കിക്കുവേണ്ട മുഴുവർതുകയും നമ്മാം സിഡായിൽനിന്നു വാങ്ങി. ഇന്നു ലോവർ പെരിയാറിൻറെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ലോവർ പെരിയാർ പദ്ധതിയും ഇടുക്കി പദ്ധതിയും ബാണാസുരസാഗറും ഇടുക്കിയിലെ ചുരുക്കം ആഗ്മെൻറേഷൻ പ്രോജക്റ്റുകളുംപ്പെടെയുള്ള പ്രോജക്റ്റുകളും 1980-ന് ശേഷം ആരംഭിച്ച പ്രോജക്റ്റുകളാണ്; അനുവാദം കൊടുത്ത പ്രോജക്റ്റുകളാണ്. ബാണാസുരസാഗറിന് അനുവാദം കൊടുത്തതും ഇടുക്കിക്ക് അനുവാദം കൊടുത്തതും നായനാർ ഗവൺമെൻറിൻറെ കാലത്താണ്. അതിൻറെ പണി ആരംഭിച്ചത് കരുണാകരൻ ഗവൺമെൻറ് വന്നതിനുശേഷമാണ്. ബാണാസുരസാഗർ പ്രോജക്റ്റ് തീരുമ്പോൾ 400 മഗാവാട്ട് വൈദ്യുതികൂടി കുറഞ്ഞാടിയിൽ നിന്നു ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഇടുക്കിയിൽ 396 മെഗാവാട്ടുള്ള 3 മെഷീനുകളുടെ പണി ഏതാണ്ട് ഈ മാസം പൂർത്തിയാകും. കഴിയുമെങ്കിൽ സെപ്റ്റംബർ മാസത്തിൽ ഇടുക്കിപദ്ധതി രാഷ്ട്രത്തിന് സമർപ്പിക്കുന്നതിന് പ്രധാനമന്ത്രിയെ ക്ഷണിക്കണമെന്ന് തീരുമാനിച്ചിരിക്കുന്നു. 390 മെഗാവാട്ടിൻറെ വികസനം 1982-ന് ശേഷം ഈ രാജ്യത്തുണ്ടായത് കണ്ടില്ലെന്ന് കണ്ണടച്ച് നടിക്കുന്നത് വളരെ കഷ്ടമാണ്. വ്യക്തി വൈരാഗ്യമുണ്ടെങ്കിൽ എന്തുപറയുന്നതിനും വിരോധമില്ല. ബാണാസുരസാഗർ 2-ാം ഘട്ടം, ഇടുക്കി 3-ാം ഘട്ടം എന്നുപറയുന്നത് കല്ലാറിലേയും ഇരട്ടയാറിലേയും പണി ഏതാണ്ട് 90 ശതമാനം പൂർത്തിയാകുകയും ഈ രണ്ടു നദികളിൽ നിന്നു വെള്ളം ഇടുക്കി ജലാശയത്തിലേക്ക് 75-80 ശതമാനം തിരിച്ചുവിടാനുള്ള പ്രവർത്തനം പൂർത്തിയാകുകയും ചെയ്തു. ശബരിഗിരി ആഗ്മെൻറേഷൻ സ്കീം—ഒരു പ്രോജക്റ്റിൽ നിന്നുള്ള ജലം ശബരിഗിരി അണക്കെട്ടിലേക്ക് തിരിച്ചുവിടാനുള്ള പരിപാടികളും പൂർത്തിയായി. കഴിഞ്ഞ അഞ്ചാറു വർഷക്കാലമായി പുതുതായി തുടങ്ങിയ പദ്ധതികളും പലതും ഇക്കൊല്ലം അവസാനം പൂർത്തിയാകും. കല്ലട 15 മെഗാവാട്ട് പദ്ധതിയും 150 മെഗാവാട്ട് ലോവർപെരിയാർ പദ്ധതിയും പണി ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ലോവർപെരിയാർ ലോകബാങ്കിൻറെ സഹായത്തോടുകൂടി നടക്കുകയാണ്. ശ്രീ. ജിനദേവൻ പറഞ്ഞത് ശരിയാണ്. മൂന്നാർ പദ്ധതിയിൽ മൂന്നാറിൽ നിന്നു ചെങ്കുളത്തും നേര്യമംഗലത്തും പൂർത്തിയാകാൻ പോകുന്ന ലോവർ പെരിയാറിൽ നിന്നുള്ള വെള്ളം ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് നമ്മുടെ ഏറ്റവും ആകർഷകമായ പദ്ധതി മൂന്നാർ പദ്ധതിയാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഞാൻ സാങ്കേതികമായി അത് അംഗീകരിക്കുന്നു. ഈ പദ്ധതികളും ഈ കൊല്ലം തന്നെ ഏറെറടുക്കണമെന്നാണ് ആഗ്രഹം.

ശ്രീ. ജി. വരദൻ: സർ, മൂന്നാർ പദ്ധതി പൂർത്തിയാകുമ്പോൾ അവിടെ നിന്നു ഒമ്പതിനായിരത്തോളം തൊഴിലാളികൾക്ക് ഒഴിഞ്ഞു പോകേണ്ടിവരും. അത് വലിയ കഷ്ടമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മൂന്നാറിലെ ജനങ്ങൾക്കും തൊഴിലാളികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ എല്ലാവിധ ആളുകളുമായി ബന്ധപ്പെട്ട്, അവർക്കാർക്കും യാതൊരു എതിർപ്പുമില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ മാത്രമേ ഈ പദ്ധതി ഗവൺമെന്റ് ഏറ്റെടുക്കുകയുള്ളൂ. അപ്പോഴും ഈ പ്രശ്നം ഉണ്ടാകുന്നില്ല. തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയോ അവിടത്തെ ടൗൺഷിപ്പിന് കുഴപ്പം വരികയോ ചെയ്യാതെ പുതിയ ടൗൺഷിപ്പുണ്ടാക്കി കൊടുത്ത് ഇക്കാര്യം ചെയ്യണമെന്നാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ രൂപരേഖ.

ശ്രീ. ഇ. കെ. നായനാർ: സൈലന്റ് വാലി നിർത്തിവെച്ചാൽ പൂയാംകുട്ടി അനുവദിക്കുമെന്നു ഇന്ദിരാഗാന്ധി ഉറപ്പുതന്നിട്ട് കൊല്ലം മൂന്നു കഴിഞ്ഞു, കേരളത്തിലെ ഏറ്റവും വലിയൊരു സ്കീമായ പൂയാംകുട്ടി അനുവദിച്ചു കിട്ടുമെന്നുള്ളതിന് എന്തു ഗ്യാരണ്ടിയാണുള്ളത്?

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കഴിഞ്ഞ നിയമസഭയിൽ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി [3P. M.] പറഞ്ഞത്, ഈ വർഷം ആവശ്യത്തിനുള്ള ഇലക്ട്രിസിറ്റികൊടുക്കാൻ കഴിയും, യാതൊരു ക്ഷാമവും നമ്മുടെ സംസ്ഥാനത്തിന് നേരിടാൻ പോകുന്നില്ല എന്നാണ്. ഇപ്പോഴും ഈ രാജ്യത്ത് മുഴുവൻ, ശ്രീ. ബാലകൃഷ്ണപിള്ള വന്നശേഷം പൂർണ്ണമായും പവർ കട്ടാണ്. അതിന് ന്യായീകരണങ്ങളും നടത്തുന്നുണ്ട്. അതുകൊണ്ട് ശ്രീ. മാണി പഞ്ഞതാണോ ശരി, ഇപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ള പറയുന്നതാണോ ശരി, ഇതിൽ ഏതാണ് ശരിയെന്ന് വ്യക്തമാക്കണം.

ശ്രീ: ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ 25-ാംതീയതിയാണ് സത്യപ്രതിജ്ഞ ചെയ്തത്. ഏതായാലും 25-ാം തീയതിക്കുശേഷം വെള്ളത്തിന് ഒരു ദുരുപയോഗവും വരുത്തിയിട്ടില്ല. ഞാൻ ആർക്കും കൊടുത്തിട്ടുമില്ല. ശ്രീ. മാണി ഇടവപ്പാതി ഇങ്ങനെ ചതിക്കുമെന്ന് കരുതിയും കാണില്ല. കേരളത്തിന്റെ ചരിത്രത്തിൽ 80 കൊല്ലക്കാലമായി ഇതുപോലെ ഇടവപ്പാതി ചതിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. കേരളത്തിൽ മാത്രമല്ല കർണ്ണാടകത്തിലും ആന്ധ്രയിലും തമിഴ്നാട്ടിലുമൊക്കെ ഇതുതന്നെയാണ് സ്ഥിതി. തമിഴ്നാട്ടിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാൻ അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റിൽ പറയുന്നത് ആയിരം മെഗാവാട്ട് യൂണിറ്റ് വിദ്യുച്ഛക്തിയുടെ ഉല്പാദനം അടുത്തവർഷം തമിഴ്നാട്ടിലും മുടങ്ങുമെന്നാണ്. മഴയുടെ ദൗർലഭ്യംമൂലം ഉണ്ടാകുന്ന ഈ കാര്യങ്ങൾ നേരത്തെ നമുക്ക് പ്രതീക്ഷിക്കുവാൻ കഴിയുകയില്ല. നമ്മുടെ ഉപഗ്രഹം അയയ്ക്കുന്ന ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാനനിരീക്ഷണകേന്ദ്രം നമുക്ക് നൽകുന്ന വിവരങ്ങളാണ് ഗവൺമെന്റിന് ശാസ്ത്രീയമായി ആശ്രയിക്കുവാൻ കഴിയുന്നത്. ആ വിവരങ്ങൾ പൂർണ്ണമായും നമുക്കനുകൂലമായാണ് അവർ തന്നത്. പക്ഷേ നിർഭാഗ്യവശാൽ ഇങ്ങനെ വന്നു. ഇപ്പോൾ അവർ പറയുന്നത്, കേരളത്തിലോട്ട് വരേണ്ട മഴ അറേബ്യയിൽ പോയിയെന്നാണ്. അതെങ്ങനെയാണെന്നറിഞ്ഞുകൂടാ. ഇത് ആരുടേയും കുറ്റമല്ല.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി ബാലകൃഷ്ണപിള്ള 25-ാംതീയതിയാണ് ഇവിടെ വന്നത്. എന്നാൽ ബഹുമാനപ്പെട്ട മാണി കഴിഞ്ഞപ്രാവശ്യം ചെയ്ത പ്രസംഗം വായിച്ചു നോക്കിയാൽ സത്യസന്ധമായ ഒരു കാര്യം അതിലുണ്ട്. ശ്രീ. മാണി പറയുന്ന പലതും അസത്യമാണെങ്കിലും ഇത് സത്യമാണ്, 'ആറുമാസത്തിനകം നമ്മൾ ഗുരുതരമായ വിദ്യുച്ഛക്തിക്ഷാമം നേരിടാൻ പോവുകയാണ്, അതുകൊണ്ട് മുൻകരുതൽ എന്ന നിലയിൽ അതിന് പരിഹാരമാർഗ്ഗമുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻ്റ് ശ്രമിക്കണം. ഈ വാചകം ശ്രീ. മാണിയുടെ പ്രസംഗത്തിൽ അച്ചടിച്ച് നമുക്ക് തന്നിട്ടുണ്ട്, ഗവൺമെൻ്റ് ഈ കീഴ്വഴക്കം മുൻകൂട്ടി കണ്ടിട്ട് പ്രവർത്തിച്ചില്ലെന്നുള്ളതാണ് എൻ്റെ വാദം. അത് ശ്രീ. മാണി പറഞ്ഞിട്ടുള്ളത് സത്യമായിരുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എന്തായാലും ഇപ്പോഴത്തെ ഇങ്ങനെ ചെയ്യുമെന്ന് ആരും കരുതിക്കാണുകയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുപോലും കരുതിക്കാണുകില്ല.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ നിന്ന് മനസ്സിലാകുന്നത് നമുക്ക് ഏറ്റവും അഭിമാനത്തോടുകൂടി കാണാൻ കഴിയുന്ന ഉപഗ്രഹങ്ങളും നൽകിയ വാർത്തകളും തെറ്റായിരുന്നുവെന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഉപഗ്രഹങ്ങളും അയച്ച ചിത്രങ്ങളുടെ സഹായത്തോടുകൂടി നമ്മുടെ വാനനിരീക്ഷകർ നൽകിയ റിപ്പോർട്ടുകളും നമുക്ക് ഫലപ്രദമായില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. ബേബിജോൺ: ഞാൻ പറയുന്നത് ഈ ഗവൺമെൻ്റ് ഇങ്ങനെയുള്ള വിവരങ്ങളനുസരിച്ച് ശക്തമായ മുൻകരുതൽ നടപടികളും സ്വീകരിച്ചിരുന്നില്ലെന്നാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇൻഡ്യ വിട്ട ഉപഗ്രഹങ്ങളും മോശമാണെന്ന് പറഞ്ഞത് ദേശീയ വിരുദ്ധമായ ഒരു നയം മന്ത്രി സ്വീകരിച്ചു എന്നു പറയാനാണെങ്കിൽ സംഗതി ഇതുപോലൊക്കെയിരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി എന്തോ കണക്കു ചോദിച്ചു. ഇതാണ് കണക്ക്: ആന്ധ്രയിൽ 51.40 (51 രൂപ 40 നയാപൈസ) കർണ്ണാടകത്തിൽ 55 രൂപ 77 പൈസ, തമിഴ്നാട്ടിൽ 55 രൂപ 67 പൈസ, കേരളത്തിൽ 33 രൂപ 93 പൈസ, വെസ്റ്റ് ബംഗാളിൽ 74 രൂപ 36 പൈസ.

Annual Report on the working of State Electricity Board, and Electricity Department, Power and Energy Division, Planning Commission, Government of India.

ഈ പുസ്തകത്തിലെ രണ്ടു വാചകം ഞാൻ വായിക്കാം. കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ കേരളത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്,

Fine Boards- Andhra Pradesh, Assam, Jammu Kashmir, Kerala, and Uttar Pradesh have increased 30% in their rates. It is in the range of 61-90%: in the case of Boards of Bihar, Himachal Pradesh, Hariyana, Madhya Pradesh, Tamil Nadu and West Bengal. For another Boards the increase is over 90% . These Boards are Gujarat, Karnataka, Maharashtra, Meghalaya, Orissa, Panjab and Rajastan. Even after this revision Jammu – Kashmir, Kerala and Panjab have lower range of rates among the SEBs. ഇന്നും ഇൻഡ്യയിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി വില്ക്കുന്ന സംസ്ഥാനം കേരളമാണെന്ന് ആധികാരികമായ രേഖകളും പറയുന്നുണ്ട്. അത് വെറുതെയല്ല.

സർ, ഇനി ഈ ബോർഡിൻ്റെ വരുമാനത്തിലേക്ക് കടക്കാം. 1980-ൽ ഞാൻ ഈ ബോർഡിൻ്റെ ചുമതല ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന വരുമാനത്തിൻ്റെ മൂന്നിരട്ടിയിൽക്കൂടുതലാണ് ഇന്നത്തെ വരുമാനം, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ വരുമാനമെന്നു പറയുന്നത്, ഇവിടെ നമുക്ക് തുടങ്ങിയ സമയത്ത്– 1976ൽ – നാല്പത്തിയൊന്നോ നാല്പത്തിരണ്ടോ കോടി രൂപയാണ് ഈ ബോർഡിന്റെ വരുമാനം. ഇടുക്കി വന്നശേഷം (പുതിയ പ്രോജക്ടുകൾ വരുന്നതിന് മുമ്പാണ്.) ആ വരുമാനം വർദ്ധിച്ചു. 1980–81-ൽ ഞാൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുക്കുന്ന സമയത്ത്, ഇവിടത്തെ വരുമാനം 52 കോടി 12 ലക്ഷം രൂപയാണ്. അത് 1985 മാർച്ച് ആകുമ്പോഴേ 117 കോടി 19 ലക്ഷമാകുന്നു. ജീവനക്കാരുടെ ശമ്പളമിനത്തിലുള്ള ചെലവ് ഏതാണ്ട് ഇരട്ടിയിൽ കൂടുതൽ വർദ്ധിച്ചിരിക്കുന്നു. മൊത്തത്തിൽ ഈ കാലഘട്ടത്തിൽ പവറിന് 30 ശതമാനം വിലവർദ്ധനവ് വരുത്തിയെന്ന് സമ്മതിച്ചുകൊണ്ടുതന്നെ പറയുകയാണ് ഈ പഞ്ചവൽസരപദ്ധതിയിലെ വരുമാനം വളരെ വലുതാണ്. രണ്ടര ഇരട്ടിയോളം വരുമാനമാണ് കേരളത്തിൽ ഉണ്ടായത്. മാത്രമല്ല, ഇൻഡ്യയിലെ ഏറ്റവും നല്ല വിദ്യുച്ഛക്തി ബോർഡായി 1982–83, 1983-84, 1984-85 —ഈ മൂന്നു വർഷങ്ങളിൽ കേരള വിദ്യുച്ഛക്തി ബോർഡിനെ കേന്ദ്ര ഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയും അംഗീകരിച്ചതാണ്. ഇതാണ് സ്ഥിതി.

സർ, മലബാറിലെ പ്രോജക്ടുകളിലേക്ക് കടക്കുകയാണ്. മലബാറിൽ സൈലന്റു വാലി പ്രോജക്ട് നമുക്ക് നഷ്ടമായി. അതിനു പകരമായി ഒരു പ്രോജക്ടു തരാമെന്ന് അന്നത്തെ മുഖ്യമന്ത്രിയോടും എന്നോടും പറഞ്ഞതാണ്. പൂയാംകുട്ടി പ്രോജക്ട്. അത് അനുവദിച്ചിരിക്കുന്നു. അതിന് പരിസ്ഥിതിയുടെ ക്ലിയറൻസ്, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്രിലിമിനറി സാംഗ്ഷൻ, പ്ലാനിംഗ് കമ്മീഷന്റെ സാംഗ്ഷൻ ഇങ്ങനെയുള്ളതൊക്കെ കഴിഞ്ഞ് ഫോറസ്റ്റിൽ നിന്ന് എന്തുമാത്രം മരം വെട്ടി നീക്കണമെന്നുള്ളതിനെക്കുറിച്ച് ഇവിടത്തെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഒരു റിപ്പോർട്ട് തയ്യാറാക്കി ഡൽഹിക്ക് അയച്ച് മരംമുറിക്കുന്നതിനുള്ള അനുവാദം വാങ്ങുന്ന അവസാന ഘട്ടത്തിലാണ് എത്തിയിരിക്കുന്നത്.

Shri Baby John: We have not received the clearance till now?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഏതായാലും ഇതിന്റെ പവർ ഹൗസും പെൻസ്റ്റോക്കും പണിയുന്ന സ്ഥലത്ത് വനമില്ല. വനമില്ലാത്ത സ്ഥലത്തൊക്കെയുള്ള പണികൾ ഏറ്റെടുക്കാനും മറ്റ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ഏർപ്പെടുത്താനുമുള്ള ഓർഡർ കൊടുത്തു കഴിഞ്ഞു. മലബാർ പ്രോജക്ടിനെക്കുറിച്ച് പറഞ്ഞത് വളരെ ശരിയാണ്. സൈലന്റ് വാലി പദ്ധതിക്കു പകരം നമുക്ക് ഒരെണ്ണം കിട്ടി. ഇനി പാലക്കാട് ജില്ലയിൽ ആരംഭിക്കേണ്ടതിനുള്ള രണ്ട് പ്രോജക്ടുകൾ കേരള പോനിയും, കാരപ്പാറ-കുരിയാർകുറ്റിയുമാണ്. ഒരു സംശയവും വേണ്ടായെന്ന് മുഖ്യമന്ത്രിതന്നെ പാലക്കാട് വച്ച് പറഞ്ഞു. ശ്രീ. കെ. എം. മാണി സഭയിൽ പറഞ്ഞു. കാരപ്പാറ, കുരിയാർകുറ്റി പദ്ധതി കേരളത്തിലെ വൈദ്യുതി ആവശ്യങ്ങൾക്കും, പാലക്കാട് ജില്ലയിൽ വെള്ളത്തിന് അത്യാവശ്യമാണെന്നുള്ളതുകൊണ്ട് ആ പദ്ധതി അനുവദിച്ചേ തീരൂ എന്നുള്ള നിലയിൽത്തന്നെ കേരള ഗവൺമെന്റ് ഇന്നും നില്ക്കുകയാണ് എന്ന്. ആ തീരുമാനത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഈ ഗവൺമെന്റ് എന്നു പറഞ്ഞാൽ എല്ലാവരും ഉൾപ്പെട്ടതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ Clearance കിട്ടിയിട്ടുണ്ടോ? അതിനെക്കുറിച്ച് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കേരള ഗവൺമെൻറിൻെറ മന്ത്രിസഭയും കേരള ഗവൺമെൻറും നിയമപ്രകാരം എടുത്ത ഒരു തീരുമാനമാണ് ഞാൻ പറയുന്നത്. അത് ഇന്നും നിലനില്ക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് കേരള ഗവൺമെൻറിനു പുറത്താണെന്ന അഭിപ്രായം എനിക്കില്ല. എന്നാൽ ഈ നിയമസഭയുടെ റവന്യൂമന്ത്രി ചെയർമാനായിട്ടുള്ള, ഫോറസ്റ്റിനെ സംബന്ധിച്ച് കമ്മിറ്റി ഈ പ്രോജക്ടിനു എതിരായ ഒരു തിരുമാനമെടുത്തിരുന്നു. രണ്ടു കമ്മിറ്റിയും കൂടി ഒരുമിച്ച് ചേർന്നിട്ട് ആ തീരുമാനം ഭേദഗതി ചെയ്യണമെന്നുള്ള ശ്രീ. കൃഷ്ണൻകുട്ടിയുടെ താല്പര്യം അനുസരിച്ച് അങ്ങ് നിർദ്ദേശം കൊടുത്തിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ ഒരു ചെറിയ കുഴപ്പം ഉണ്ടായിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല..... (തടസ്സം)..... ഒരു കമ്മിറ്റിയുടെ സുഗമമായ നടത്തിപ്പിനെ കുറിച്ച് വിമർശിക്കുവാൻ എനിക്ക് അവകാശമില്ല. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഒരു പ്രസംഗം നടത്തിയത് ഇന്ന് പത്രത്തിൽ വന്നിരിക്കുകയാണ്: അത് നിങ്ങളും വായിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇന്നത്തെ പത്രത്തിൽ അത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മലബാർ മേഖലയിൽ സൈലൻറ് വാലിയും മാനന്തവാടിയും കിട്ടാത്തത് ചില സ്ഥാപിത താൽപ്പര്യക്കാരുടെ സമ്മർദ്ദം കൊണ്ടാണ് എന്ന് കേരള കൗമുദിയിലും മറ്റും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബാലകൃഷ്ണപിള്ള മന്ത്രിയായതിനുശേഷം ഇന്നലെ കൊല്ലത്തു നടത്തിയ പ്രസംഗമാണ്. കരിയാർകുറ്റി കാരപ്പാറയുടെ സ്ഥാപിത താൽപര്യം അവിടെ കിടപ്പുണ്ട്. മാനന്തവാടിയുടെ സ്ഥാപിത താൽപര്യം അവിടെ കിടപ്പുണ്ട്, സൈലൻറ് വാലിയുടെ സ്ഥാപിത താൽപര്യം അവിടെ കിടപ്പുണ്ട്. നിങ്ങളും ഈ പറയുന്ന സ്ഥാപിത താൽപര്യശക്തി കേന്ദ്രമാണോ? അതോ സഹമന്ത്രിയാണോ? ആരാണ്? എന്താണ് ഇതിനു തടസ്സം?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീ. നായനാർക്കും എനിക്കും അറിയാവുന്നതുപോലെ, അതിൻെറ പുറകിലുള്ള സ്ഥാപിത താൽപര്യക്കാരാണ്. ഏതായാലും കേന്ദ്രവുമല്ല, സഹമന്ത്രിയുമല്ല. ഈ നിയമസഭയിൽ പലരും അതിനെപ്പറ്റി പ്രസംഗിച്ചു. പത്രങ്ങളിൽ ലേഖനങ്ങളും മറ്റും വന്നു. ദേശാഭിമാനിയും ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. മലബാറിൽ ഏതെങ്കിലും പ്രോജക്ടുകൾ എടുത്തേ കഴിയൂ. അത് വൈദ്യുതിയുടെ ആവശ്യം മാത്രമല്ല. കുടിക്കാൻ ജലംപോലുമില്ലാത്ത ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ പാലക്കാടു ജില്ലയിലും കൊഴിഞ്ഞാംപാറ പ്രദേശത്തും ഉള്ളത്. കുരിയാർകുറ്റി കാരപ്പാറയിലെ വെള്ളം എത്തിക്കാൻ കഴിയാതെ പോയതുകൊണ്ടാണ് അങ്ങനെ ഉണ്ടായത്. അതുകൊണ്ട് കേന്ദ്രത്തോട് ഈ ആവശ്യം ഗവൺമെൻറ് ഉന്നയിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെൻറ് തീരുമാനമെടുത്തിരിക്കുകയാണ്. ആ തീരുമാനവുമായി മുന്നോട്ടുപോകാൻ പരിശ്രമിക്കും. മാനന്തവാടി പദ്ധതിയെക്കുറിച്ച് എനിക്ക് വളരെ സന്തോഷകരമായ ചിത്രം തരാനുണ്ട്. മാനന്തവാടി അന്തർസംസ്ഥാന നദീജല പ്രശ്നത്തിൽ കുരുങ്ങിക്കിടന്നതാണ്. ഏതായാലും മാനന്തവാടി പദ്ധതി കേരളം ഏറ്റെടുത്തുകൊള്ളട്ടെ എന്ന് കർണ്ണാടക മുഖ്യമന്ത്രി കേന്ദ്രത്തെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ആ പദ്ധതി ഒരുപക്ഷേ കേരളത്തിന് ഏറെടുക്കാൻ കഴിഞ്ഞേക്കും. ഏതായാലും മലബാർ മേഖലയിലുള്ള പദ്ധതികളിൽ മാനന്തവാടിക്ക് നമ്മൾ പ്രാമുഖ്യം കൊടുത്തിട്ടുണ്ട്. എത്ര ബുദ്ധിമുട്ടുണ്ടെങ്കിലും സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും മാനന്തവാടി പദ്ധതിയുടെ അനുവാദം കേന്ദ്ര ഗവൺമെൻറിന്റെ മുമ്പിൽ ഉള്ളതുകൊണ്ടും കർണ്ണാടക ഗവൺമെൻറിന്റെ No objection അറിയിച്ചിരിക്കുന്നതുകൊണ്ടും അതിന്റെ പണി തുടങ്ങാൻ കഴിയും എന്നാണ് പ്രതീക്ഷ. അനുവാദം കിട്ടിയാൽ മുൻഗണനകൊടുത്ത് മാനന്തവാടി പദ്ധതി മലബാറിന്റെ ഒരാവശ്യം എന്നുള്ള നിലയ്ക്ക് നടപ്പിലാക്കാൻ ശ്രമിക്കും. കുറ്റ്യാടിയിലെ ടണലിന്റെ മുക്കാൽഭാഗവും തീർത്തു കഴിഞ്ഞു. വരുന്നിടത്തോളം വെള്ളം കുറ്റ്യാടി ഡാമിൽ അടുത്തകൊല്ലം തന്നെ നിറയ്ക്കത്തക്കരീതിയിൽ പണി നടക്കുകയാണ്. അതിന്റെ പണി 75 ശതമാനവും കഴിഞ്ഞിരിക്കുകയാണ്. ടണലിന്റെ പണി തീർന്നാൽ ബാണാസുരസാഗറിൽനിന്ന് ഒഴുക്കാവുന്നിടത്തോളം വെള്ളം കുറ്റ്യാടി ഡാമിലേക്ക ഒഴുക്കാൻ കഴിയും. കുറേ വെള്ളം അടുത്ത കൊല്ലംതന്നെ പ്രയോജനപ്പെടും. അന്നു തീരുമാനിച്ച ഷെഡ്യൂളനുസരിച്ചുതന്നെ അവിടത്തെ പണി തീർന്നുകൊണ്ടിരിക്കുകയാണ്.

അതുപോലെതന്നെ വിദ്യുച്ഛക്തി ബോർഡ് ഇതുവരെ അപേക്ഷിച്ചിട്ടുള്ള മുഴുവൻ കണക്ഷനും ഈ മാർച്ചിനുമുമ്പ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പോസ്റ്റുള്ളതും ഇല്ലാത്തതുമായ എല്ലാ കണക്ഷനുകളും കൊടുക്കും. വോൾട്ടേജ് ഇംപ്രൂവ്മെൻറ് ഉണ്ടാക്കും. പഴയ ട്രാൻസ്ഫോമറുകൾ മാറി പുതിയവ സ്ഥാപിക്കും. നെൽകൃഷിക്കാരുടെ പ്രശ്നം ഇവിടെ ഡോക്ടർ ജോസഫ് ഉൾപ്പെടെ പലരും പറഞ്ഞു. പവർകട്ട് വന്നപ്പോൾ പുതിയ കണക്ഷൻസ് ഒക്കെ ബാൻ ചെയ്യേണ്ടി വന്നു. പവറില്ലെന്നുള്ള കാര്യം അങ്ങേയ്ക്കും അറിയാമല്ലോ. ഗൗരിയമ്മയും ഇന്നലെ ഇക്കാര്യം എന്നോട് പറഞ്ഞു. നിർദ്ദേശം കൊടുത്തിട്ടുണ്ട്, ഇന്ന് ആ നിർദ്ദേശം പ്രവൃത്തിയിൽ കൊണ്ടുവരും. നേരത്തെ ഉണ്ടായിരുന്ന കമ്പനി കണക്ഷൻ ഡിസ്കണക്ട് ചെയ്തവർക്ക് അത്യാവശ്യപ്പെട്ടാൽ കൊടുക്കാനുള്ള നിർദ്ദേശവും ഇലക്ട്രിസിറ്റി ബോർഡിനു നൽകിക്കഴിഞ്ഞിട്ടുണ്ട്. ആ പ്രശ്നത്തിനു പരിഹാരമുണ്ടാകും. തമിഴ്നാടുമായും ആന്ധ്രയുമായും ബന്ധപ്പെട്ട് കൂടുതൽ വിദ്യുച്ഛക്തി എന്തുവിലകൊടുത്തും വാങ്ങിയിട്ട് ഇവിടെ ചോദിക്കുന്നവർക്ക് കൊടുക്കാൻ ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബാംഗ്ലൂരിലെ രാമഗുണ്ടത്തെ ലൈൻ, എൻ. ടി. പി. സി. യുടെ ലൈൻ ഇതൊക്കെ ഈ ആഴ്ച എത്തുമെന്നാണ് ഞങ്ങളെ അറിയിച്ചിട്ടുള്ളത്. അങ്ങനെ എത്തിക്കഴിഞ്ഞാൽ എല്ലാ സ്ഥലത്തും സപ്ലൈ എത്തിക്കാൻ കഴിയും. തൃശ്ശൂരിൽ നമുക്ക് ലൈനില്ല. തമിഴ് നാട്ടിൽകൂടിയോ, കർണ്ണാടകത്തിൽകൂടിയോ മാത്രമേ ലൈൻ പോവുകയുള്ളു. ബാംഗ്ലൂരിൽ നിന്നും സേലത്തുനിന്നും തൃശ്ശൂരിലേയ്ക്കുള്ള ലൈൻ പൂർത്തിയാകുന്നതോടുകൂടി (പൂർത്തിയാക്കേണ്ടത് എൻ. ടി. പി. സി. യാണ്) കേരളത്തിലെ ആദ്യത്തെ 400 കെ. വി. സബ്സ്റ്റേഷൻ തൃശ്ശൂരിൽ ആരംഭിക്കുവാനുള്ള ക്രമീകരണങ്ങളും എടുത്ത് മുന്നോട്ട് പോവുകയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യത്തിൽ ഇവിടെ തന്ന നിർദ്ദേശങ്ങളൊക്കെ സ്വാഗതാർഹമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: കപ്പാസിറ്റർ വയ്ക്കണമെന്നു പറഞ്ഞതുകൊണ്ട് കൃഷിക്കാർ പത്തും ആയിരവും രൂപ വെറുതെ കളയുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച ബാധിത പ്രദേശത്തെങ്കിലും കപ്പാസിറ്റർ വയ്ക്കാതിരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇവിടെ മാത്രമല്ല ഇത്. ഇന്ത്യയിൽ എല്ലായിടത്തും ഉള്ളതാണ്. കപ്പാസിറ്റർ വച്ചിട്ടില്ലെങ്കിൽ അവർക്ക് തന്നെയാണ് നഷ്ടം. അത് വയ്ക്കുന്നതുമൂലം ഏതാണ്ട് 25 ശതമാനത്തോളം ലാഭം അവർക്കുണ്ടാകുന്നു. ഇലക്ട്രിസിറ്റി ബോർഡിന് അതിന്റെ സിസ്റ്റത്തിൽ ചില ആനുകൂല്യങ്ങളും കിട്ടുന്നു. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതനുസരിച്ച് വരൾച്ചബാധിത പ്രദേശത്തെ ആളുകൾക്ക് രണ്ടുമൂന്നു മാസത്തേക്ക് അതിൽനിന്ന് എക്സംപ്ഷൻ കൊടുക്കുന്നതാണ്. സർ, ഇവിടെ പ്രധാനപ്പെട്ട ഒരാരോപണം വന്നത് ... .

Dr. A. Subha Rao: There was a load shedding for different reasons. We don't have enough electricity. But as far as the Kasargod District is concerned, we are getting electricity from Mangalore. Then why you are imposing the power cut and load shedding in the Kasaragod District?

Shri. R. Balakrishna Pilla: When load shedding has to be introduced, you cannot distinguish between or you can't have a discriminatory treatment between Trivandrum or Parassala or Kasargod. Once you are introducing a power cut you will have to issue orders which affects all the people of Kerala and all consumers of Kerala. You can't exempt the load shedding only in Kasargod District or in Calicut District, when you are doing it in Parassala or Neyyattinkara. It is not possible, It is discriminatory. So we can't do it. Any way Government at the earliest will see that this load shedding will be with drawn. That will be the first step in the power cut fector. അതുകൊണ്ട് ആദ്യം വിത്ഡ്രാ ചെയ്യുന്നത് ലോഡ് ഷെഡ്ഡിംഗ് ആയിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ടെമ്പററി കണക്ഷൻ കൊടുക്കുമെന്നു പറഞ്ഞു. കൃഷിയെ കഴിഞ്ഞ കാലങ്ങളിൽ ഇതിൽ നിന്നെല്ലാം എക്സംപ്റ്റ് ചെയ്യുമായിരുന്നു. ഇപ്പോൾ വന്നിരിക്കുന്നത് എന്താണെന്നുവച്ചാൽ മുഴുവൻ സമയവും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് സാധിക്കുന്നില്ല. എല്ലാ കൃഷിയും നശിച്ചിരിക്കുന്നു. അതിനുത്തരവാദി നിങ്ങളാണ്. അതുകൊണ്ട് മുഴുവൻ സമയവും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ടെമ്പററി കണക്ഷൻ കൊടുക്കുന്നതിനുള്ള അനുവാദം കൊടുക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിന് ഞാനല്ല ഉത്തരവാദി യെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്കും അറിയാവുന്ന ഒരു കാര്യമാണ്. കൃഷി നശിച്ചുപോയതിന് ഉത്തരവാദി മഴയാണ്. കൃഷിക്കാർക്ക് 24 മണിക്കൂറും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ സാധിക്കുകയില്ല. കാരണം 4 മണിക്കൂർ

LIBRARY ARCHIVES Kerala Legislative Assembly

ലോഡ് ഷെഡ്ഡിംഗ് വരുമ്പോൾ മെയിൻ ലൈനാണ് ഓഫ് ചെയ്യുന്നത്. സ്വാഭാവികമായി 4 മണിക്കൂർ ഇൻറർപ്ഷൻ വരും., വരാതിരിക്കാൻ നിർവ്വാഹമില്ല. 4-ൽ കൂടുതൽ വരാതിരിക്കാൻ ശ്രമിക്കാം.

സർ, കക്കാടിനെക്കുറിച്ച് ഇവിടെ പറഞ്ഞത് വളരെ സങ്കടകരമാണ്. ഒരു കോൺട്രാക്ടർ ഒരു റേറ്റ് കോട്ട് ചെയ്യുമ്പോൾ ആ റേറ്റ് മാത്രമല്ല ആ റേറ്റിനോടൊപ്പം ചില കണ്ടീഷൻസ് കൂടിയുണ്ടാകും. സ്പെഷ്യൽ കണ്ടീഷൻസ് എന്നു പറയും. ഇവിടെ ശ്രീ. ജിനദേവൻ പറഞ്ഞു എസ്ക്കലേഷൻ ക്ലാസ്, സ്പെഷ്യൽ കണ്ടീഷൻ ഇതൊക്കെ നിറുത്തണമെന്ന്. അത് ആവർത്തിച്ചുകൊണ്ടു ഞാൻ പറയുകയാണ്, എസ്ക്കലേഷൻ നിറുത്താൻ രണ്ടു ബുദ്ധിമുട്ടുകളുണ്ട്. ഒന്ന് നമ്മുടെ തൊഴിൽ വകുപ്പിൽനിന്നും നോട്ടിഫൈ ചെയ്യുന്ന മിനിമം വേജസ് അനുസരിച്ച് തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യം എസ്ക്കലേഷനായി കോൺട്രാക്ടർമാർക്ക് പോദിക്കാനവകാശമുണ്ട്. അത് നമ്മളെല്ലാവരും കൂടിയിരുന്ന് എപ്പോഴും തീരുമാനിക്കുന്നതാണ്. ആ എസ്ക്കലേഷൻ മാറ്റാനൊക്കുകയില്ല. രണ്ട് ഡ്യൂട്ടിയുടെ കൂടുതൽകൊണ്ടോ, ടാക്സിന്റെ കൂടുതൽകൊണ്ടോ, കമ്പനികൾ വില കൂട്ടുന്നതുകൊണ്ടോ സ്റ്റീൽ, സിമൻറ്, പെട്രോൾ, ഡീസൽ തുടങ്ങിയ സാധനങ്ങളുടെ വില കൂടുതൽ കൊണ്ടുവരുന്ന എസ്ക്കലേഷനും നിങ്ങൾക്ക് തടയാൻ സാദ്ധ്യമല്ല. കക്കാടിൽ എന്താണ് നടന്നതെന്നു ചോദിച്ചാൽ 157 ശതമാനത്തിനാണ് ഒരാൾ കോട്ട് ചെയ്തത്. മറ്റൊരാൾ 104 ശതമാനം കോട്ട് ചെയ്തു, ഇവിടത്തെ ആക്ഷേപം 104 കോട്ട് ചെയ്ത ആളിന് 118 കൊടുത്തു എന്നാണ്. പക്ഷെ 104 കോട്ട് ചെയ്ത ആൾ 16 സ്പെഷ്യൽ കണ്ടീഷൻസ് കൂടി വച്ചിരുന്നു. ഈ 16 സ്പെഷ്യൽ കണ്ടീഷൻസിൽ അനേകലക്ഷം രൂപ കൂടുതൽ വരുമെന്നുകണ്ട് ഈ കണ്ടീഷൻസ് മുഴുവൻ എല്ലാവരും വിത്ത്ഡ്രാ ചെയ്യാൻ പറഞ്ഞു. 104 കോട്ട് ചെയ്ത ആളെ വിളിച്ച് സംസാരിച്ചപ്പോൾ പറഞ്ഞു കണ്ടീഷൻസ് വിത്ത്ഡ്രാ ചെയ്താൽ എന്റെ റേറ്റ് ഇതായിരിക്കുകയില്ല എന്ന്. ഞാൻ കണ്ടീഷൻസ് കൂടി വച്ചാണ് 104 കോട്ട് ചെയ്തിരിക്കുന്നതെന്നു പറഞ്ഞു. കണ്ടീഷൻസ് വിത്ത്ഡ്രാ ചെയ്താൽ 104-ൽ നിന്നു മാറുമെന്ന് പറഞ്ഞു. വീണ്ടും എല്ലാവരേയും വിളിച്ച് ഡിസ്കസ് ചെയ്തത് 157ഉം 168ഉം ഒക്കെ കോട്ട് ചെയ്തിരുന്ന കോൺട്രാക്ടർമാരെക്കൊണ്ട് 118 ആക്കി കുറപ്പിച്ചു. 104 കാരന്റെ കണ്ടീഷൻസ് മറ്റുള്ളവരുടേതു വിത്ത്ഡ്രാ ചെയ്തതുപോലെ എല്ലാം വിത്ത്ഡ്രാ ചെയ്യിച്ച് ഒരു ക്ലിയർ പൊസിഷനിലേക്ക് കൊണ്ടുവന്ന് ഈ മൂന്നു പേർക്കായി വേഗം തീർക്കുന്നതിനുവേണ്ടി 118 ശതമാനത്തിനു കൊടുത്തു. 104 കാരൻ ഒഴിഞ്ഞുപോയെങ്കിൽ പിന്നെ കൊടുക്കേണ്ടത് 157 കാരനാണ്. അതിന്റെ ഫലമായി ഇലക്ട്രിക്സിറ്റി ബോർഡിന് നഷ്ടം വരുന്നത് രണ്ടരകോടിയിലധികം രൂപയായിരിക്കുമായിരുന്നു. 157 കാരനാണ് സെക്കൻറ് ലോവസ്റ്റ്. ഫസ്റ്റ് ലോവസ്റ്റുകാരൻ ഒഴിഞ്ഞുപോയാൽ 50,000 രൂപ ഏണസ്റ്റ് മണി ഈടാക്കാൻ കഴിയുമെന്നല്ലാതെ യാതൊന്നും ചെയ്യാനൊക്കുകയില്ല. 50,000 രൂപ ഈടാക്കുകയാണോ നല്ലത് അതോ 157 കാരനു കൊടുക്കാതെ 118-ലേക്ക് കൊണ്ടുവന്ന് രണ്ടരകോടി രൂപ വിദ്യുച്ഛക്തി ബോർഡിന് ലാഭമുണ്ടാക്കുകയാണോ ചെയ്യേണ്ടതെന്നാണ് അവർ പരിശോധിച്ചത് എന്നാണ് എനിക്ക് എഴുതിക്കിട്ടിയിരിക്കുന്നത്. ഇനിയും കൂടുതലായി ഞാൻ ഈ കാര്യങ്ങൾ പരിശോധിക്കാം. ഈ കാര്യങ്ങൾ പഠിച്ചതിൽനിന്നും എനിക്ക് ഇന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് ബോർഡ് ചെയ്ത കാര്യത്തിൽ ഒരപകടവുമില്ല എന്നാണ്. നേരേമറിച്ച് ലോവസ്റ്റുകാരനെ ഒഴിവാക്കി അയച്ചാൽ സെക്കൻറ് ലോവസ്റ്റ് എന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

114-ഉം 118-ഉം അല്ല 157 ആണ് എന്നുള്ളതുകൊണ്ടും വമ്പിച്ച നഷ്ടം ഇലക്ട്രിസിറ്റി ബോർഡിനുണ്ടാകുമെന്നുള്ളതുകൊണ്ടും ബോർഡ് ചെയ്തത് ശരിയാണെന്നാണ് എനിക്കിപ്പോഴും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. തുടർന്നും ഇതിനെക്കുറിച്ച് പഠിക്കാമെന്നുമാത്രമേ പറയുന്നുള്ളു. വിദ്യുച്ഛക്തി വകുപ്പിനെക്കുറിച്ച് നടത്തിയ എല്ലാ വിമർശനങ്ങൾക്കും നൽകിയ നിർദ്ദേശങ്ങൾക്കും ഗവൺമെൻറിനുവേണ്ടി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എന്നെ വ്യക്തിപരമായി അറാക്ക് ചെയ്തുകൊണ്ട് വിദ്യുച്ഛക്തി ബോർഡിനെ മുഴുവൻ വിട്ടുകൊണ്ട് പറഞ്ഞ ചില കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും എന്റെ ദേശീയ ബോധം ചോദ്യം ചെയ്യാൻ കഴിവുള്ളവരാരും അങ്ങേപ്പുറത്തിരിപ്പില്ല എന്ന് അഭിമാനത്തോടുകൂടി പറഞ്ഞുകൊണ്ട് ഈ ഡിമാൻറ് പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പിന്നോക്കംനിൽക്കുന്ന, അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു വിഭാഗത്തെ പുനരുദ്ധരിക്കുന്നതിനുംവേണ്ടിയുള്ള രണ്ടു വകുപ്പുകളാണ് ക്ഷീരവികസന വകുപ്പും ഫിഷറീസ് വകുപ്പും. ഈ രണ്ടു വകുപ്പിലും കഴിഞ്ഞ ഏതാനും വർഷമായി വളരെയധികം പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. ക്ഷീരോൽപ്പാദനരംഗത്ത് ഉൽപ്പാദനം കാര്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. 1970-നുശേഷം ഉദ്ദേശം 22 ലക്ഷം ടണ്ണോളം കൂടുതൽ പാൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതുപോലെ പശുക്കളുടെ കാര്യത്തിൽ സങ്കരവർഗ്ഗത്തെ വർദ്ധിപ്പിച്ചുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുക മാത്രമല്ല കർഷകർക്ക് ആദായകരമായി പാൽ ഉൽപ്പാദിപ്പിച്ച് കൈകാര്യം ചെയ്യാനും അവസരം നൽകിയിട്ടുണ്ട്. പാലുൽപ്പാദനമേഖല സഹകരണമേഖലയിലേക്ക് കൊണ്ടുവന്നതിന്റെ ഫലമായിട്ട് ഓപ്പറേഷൻ ഫ്ളഡ് II പദ്ധതിയനുസരിച്ച് ഈ രംഗത്ത് വളരെയധികം പുരോഗതിനമുക്കുണ്ടാക്കാൻസാധിച്ചിട്ടുണ്ട്. സർ, ഡയറികംസ്ഥാപിച്ചും ചില്ലിംഗ്പ്ലാൻറുകൾ സ്ഥാപിച്ചും പാലിന്റെ ചെലവ് വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മുൻപ് ഒരാൾ 50 ഔൺസ് പാലാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് 125 ഔൺസായി വർദ്ധിപ്പിക്കാൻ സാധിച്ചു എന്നാണ് കണക്കുകളിൽ കാണുന്നത്. ആ രംഗത്തുള്ള വർദ്ധനവിൽ എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട ജോസ് ചൂണ്ടിക്കാണിച്ച പോരായ്മ ഞാൻ മനസ്സിലാക്കുന്നു. അതായത് പാലുൽപ്പാദിപ്പിച്ചുകഴിഞ്ഞാൽ അത് ശരിയായി സൂക്ഷിച്ചു വിറ്റഴിക്കാൻ സാധിക്കുന്നില്ല എന്ന പരാതിയുണ്ട്. ഇന്ന് നമ്മുടെ സ്റ്റേറ്റിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ ഇവിടെ ചെലവാകാതെവരുന്നതിന്റെ ഫലമായി നമ്മൾ തമിഴ്നാട്ടിലും മറ്റുമൊക്കെ കൊണ്ടുപോയാണ് ചെലവഴിക്കുന്നത്. അതിന് ഒരു പരിഹാരം ഉണ്ടാകണമെങ്കിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ഭക്ഷ്യവിഭവമായിട്ട് നമുക്ക് പരിവർത്തനം ചെയ്യേണ്ടതായിട്ടുണ്ട്. 70-കളിലിരുന്ന ഗവൺമെൻറ് അതുകൊണ്ടാണ് അമൂൽ മോഡലിലുള്ള പ്രവർത്തനം സംഘടിപ്പിക്കാൻ തീരുമാനിച്ചത്. അതല്ലാതെ ഗുജറാത്തിനെ പകർത്താൻവേണ്ടിയല്ല. ഇവിടെ തൃശ്ശൂരിൽ ഇതിനാവശ്യമായ പാൽപ്പൊടിനിർമ്മാണഫാക്ടറി ഉണ്ടാക്കുവാനുള്ള നടപടി ഏതാണ്ട് പൂർത്തിയായിവരികയാണ്. മി. കുര്യന്റെ സഹായം ആ കാര്യത്തിൽ നമ്മൾ സ്വീകരിച്ചിട്ടുണ്ട്. ഗുജറാത്തിന്റെ സാഹചര്യത്തിൽനിന്നും വ്യത്യസ്തമായ സാഹചര്യമുള്ള കേരളത്തിന്റെ സ്ഥിതി മനസ്സിലാക്കിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ് അതിനാവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ വിവേങ്ങളാക്കി മാറ്റി ഉൽപ്പാദകരെ സഹായിക്കുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

മൽസ്യവ്യവസായരംഗത്തും വളരെ കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ഇന്നത്തെ ചർച്ചയിൽ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുണ്ടായ അഭിപ്രായങ്ങൾ വ്യക്തമാക്കുന്നുണ്ട്. ചിലർ ഒന്നും കാണാൻ സാധിക്കുന്നില്ല, ഒന്നും നടക്കുന്നില്ല എന്നൊക്കെ പറഞ്ഞു. അടുത്തകാലത്തായി അവർക്ക് അങ്ങനെ ഒരു സ്ഥിതി വന്നിരിക്കുകയാണ്. നല്ലതൊന്നും കാണാൻ സാധിക്കുകയില്ല. എനിക്ക് അതിൽ പരാതിയില്ല. പക്ഷേ നടന്ന കാര്യം മറച്ചുവച്ചിട്ട് കാര്യമില്ല. പ്രതിപക്ഷത്തിരുന്നാൽ വിമർശിക്കണമല്ലോ എന്നു കരുതി വിമർശിച്ചതാണ്. എന്റെ സ്നേഹിതൻ ശ്രീ. താമരാക്ഷനുവരെ പറയാനുണ്ടായിരുന്ന കാര്യം റിസർവേഷനെ സംബന്ധിച്ചാണ്. പക്ഷേ ഒരു സത്യം എല്ലാവരും അംഗീകരിക്കുന്നുണ്ട്—ഈ രംഗത്ത് നല്ലൊരു തുടക്കം കുറിച്ചു എന്നുള്ളത്. വളരെ കാലമായി വേണ്ടത്ര പരിഗണന കിട്ടാതിരുന്ന ഒരു മേഖല പരിഗണനയിലെടുത്തുകൊണ്ട് പ്രവർത്തനമാരംഭിക്കുമ്പോൾ കഴിഞ്ഞകാലത്തെ കുറെ പോരായ്മകൾ നികത്തിയിട്ടുവേണം നമുക്ക് മുന്നോട്ടുപോകാൻ. ഇന്ന് സംസ്ഥാനത്തുകൂടെ അംഗീകരിച്ചിട്ടുള്ള ഒരു സത്യമുണ്ട്. മൽസ്യമേഖലയിൽ മൽസ്യത്തൊഴിലാളികൾക്ക് വളരെയധികം പുരോഗതിയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദനരംഗത്തും പുരോഗതിയുണ്ടായിട്ടുണ്ട്. മാത്രമല്ല ഒരുകാലത്ത് മൽസ്യത്തൊഴിലാളികളെ ചൂഷണം ചെയ്ത ഇടത്തട്ടുകാരനുപകരം ഇന്ന് അതിന്റെ മെച്ചം പരമ്പരാഗത മൽസ്യ തൊഴിലാളികൾക്കുതന്നെ കിട്ടുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ രംഗത്ത് നല്ലൊരു കാൽവയ്പ് എന്നുള്ള നിലയിൽ നമുക്ക് വളരെയധികം മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1983-ലെ കണക്കനുസരിച്ച് ഔട്ട്ബോർഡ് എൻജിൻ വച്ചിട്ടുള്ള ബോട്ടുകൾ 1700 എണ്ണമായിരുന്നു ഉണ്ടായിരുന്നത്. ഇന്നത് 7800 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യവ്യക്തികൾക്കുമുണ്ട്. ഏതായിരുന്നാലും 10,000 ബോട്ടെങ്കിലും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. നമ്മുടെ ലക്ഷ്യം 1200 രൂപയെങ്കിലും ഒരു മൽസ്യത്തൊഴിലാളിക്ക് കിട്ടുവാൻതക്കവണ്ണമുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോവുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി ബോട്ടുകൾ നിർമ്മിക്കുവാനും വലകൾ നിർമ്മിക്കുവാനും ന്യായമായ വിലയ്ക്ക് ബോട്ടും വലയും കൊടുക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഔട്ട്ബോർഡ് എൻജിൻതന്നെ കൊടുക്കുന്നത് 25 ശതമാനം സബ്സിഡിയോടുകൂടിയാണ്. ആ മേഖല വളരെയധികം വികസിപ്പിച്ചതിന്റെ ഫലമായി ഉൽപ്പാദനത്തിൽ വന്നിട്ടുള്ള മാറ്റം പ്രകടമായി കാണാൻ സാധിക്കും. 1981-ൽ 286 ലക്ഷം ടൺ മൽസ്യമാണ് ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ 1982-ൽ 325 ലക്ഷവും 1983-ൽ 412 ലക്ഷവും 1984-ൽ 452 ലക്ഷവും 1985-ലേത് ഫൈനലൈസ് ചെയ്തിട്ടില്ലെങ്കിലും 400 ലക്ഷത്തിനുമുകളിലും ആണ്. പടിപടിയായി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. അർഹതപ്പെട്ട പരമ്പരാഗതതൊഴിലാളികളെ ഈ രംഗത്ത് സജീവമായി പ്രവർത്തിപ്പിക്കാനും അതിൽനിന്നുമുള്ള മെച്ചം അവർക്ക് ലഭ്യമാക്കാനും ഇടയായതിന്റെ ഫലമായിട്ടാണിത്. ഇന്ന് അവർക്ക് വലിയ മുതൽമുടക്കോടുകൂടി മൽസ്യബന്ധനരംഗത്ത് പ്രവർത്തിക്കാൻ സാധിക്കാത്തതുകൊണ്ട് മൽസ്യഫെഡ് രംഗത്ത് വന്നത് വലിയൊരാശ്വാസമായി. മൽസ്യം

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കുവാനും ലാൻറിംഗ്സെൻററുകളും തുറക്കുവാനും ആവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ ഇന്ന് സാധിക്കുന്നുണ്ട്. വല ഉണ്ടാക്കാൻ ഒരു ഫാക്ടറിതന്നെ കൊച്ചിയിൽ സ്ഥാപിച്ചു. ഇങ്ങനെ പല പദ്ധതികളുമുണ്ട്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ കുറെ കാര്യങ്ങളും പറഞ്ഞതാണ്. ഇതൊക്കെ ഉണ്ടോ എന്നു ചോദിച്ചു. ഉള്ള കാര്യങ്ങളാണ് ഇവിടെ എടുത്തു പറഞ്ഞിട്ടുള്ളത്. അനുവേസ്ഥരായ മൽസ്യത്തൊഴിലാളികളെങ്കിലും അത് സമ്മതിക്കും.

222 മൽസ്യത്തൊഴിലാളിഗ്രാമങ്ങളിൽ എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി 15 ഗ്രാമങ്ങളാണ് കഴിഞ്ഞതവണ ഏറെടുത്തത്. എന്നാൽ നമുക്കുകിട്ടിയ ദുരിതാശ്വാസപ്രവർത്തനത്തിൻെറ പണം കൂടി ഉപയോഗിച്ച് 54 ഗ്രാമങ്ങളിൽ വികസനപ്രവർത്തനങ്ങളും നടത്തുകയുണ്ടായി. 15 ഗ്രാമങ്ങളും എൻ. സി. ഡി. സി. യുടെ സഹായമനുസരിച്ചും ബാക്കിയുള്ളത് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൻെറ പണമുപയോഗിച്ചും 54 മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ നമ്മുടെ വികസനപ്രവർത്തനങ്ങളും നടത്തുകയുണ്ടായി. 20,000-ത്തിൽപ്പരം കുടുംബങ്ങൾക്ക് ബോട്ടും വലയും അതുപോലെയുള്ള ഉൽപ്പന്നങ്ങളുംവഴി ആശ്വാസം കിട്ടിയിട്ടുണ്ട്. അതുപോലെതന്നെ മണ്ണെണ്ണയുടെ കാര്യം പറഞ്ഞു. മണ്ണെണ്ണ നമുക്ക് പോരാ. കാരണം 3,000-വും 4,000-വും ബോട്ടുണ്ടായിരുന്ന കാലത്താണ് 600 ലിറ്റർ എന്നു പറഞ്ഞിരുന്നത്. അത് മതിയാവുകയില്ലെന്നും ഇന്ത്യാഗവൺമെൻറിനോട് കൂടുതൽ തരണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടു. അന്ന് നമുക്ക് 600 ലിറ്റർ കിട്ടിയിരുന്നത് 1600 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ തരണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇതിൻെറ വിതരണത്തെ സംബന്ധിച്ച് ബുദ്ധിമുട്ടുണ്ടായിരുന്നു. ആ ബുദ്ധിമുട്ട് പരിഹരിക്കാൻവേണ്ടി മൽസ്യഫെഡ് വേണ്ട സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. മൽസ്യഫെഡ് 'വ്യാസ സ്റ്റോറുകളും' എന്നുള്ള പേരിൽ സ്റ്റോറുകളും ഏർപ്പെടുത്തി നിത്യോപയോഗസാധനങ്ങളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യാൻവേണ്ടി കുറെ സെൻററുകളും തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ ഓരോ സ്കീമുകളായി ആ രംഗത്ത് നമ്മുടെ ആരംഭിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാൻവേണ്ടി ശ്രമിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗ്രാമസംഘത്തിൻെറ പ്രവർത്തനം ഇന്ന് ഫലത്തിൽ നിർജ്ജീവമാണ്. ആ ഗ്രാമസംഘങ്ങളുടെ പ്രവർത്തനം സജീവമാക്കാൻവേണ്ടി അതിലേക്കുള്ള തിരഞ്ഞെടുപ്പ് ഈയടുത്തകാലത്ത് നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഒറ്റമൂലിയായി ഇതിൻെറ പ്രവർത്തനം സജീവമാക്കുന്നതിനുവേണ്ടി ഇലക്ഷൻ വേണമെന്നാണോ പറയുന്നത്? ബോട്ടെത്ര കിട്ടി, വലയെത്ര കിട്ടി, കാശെത്ര കിട്ടി ഇത്തരം കാര്യങ്ങളൊന്നും ഈ രംഗത്തെ വികസനമല്ലേ? ഉൽപ്പാദനരംഗത്തുണ്ടായിട്ടുള്ള വർദ്ധനവും തൊഴിലാളികൾക്ക് കിട്ടിയിട്ടുള്ള മെച്ചവും അംഗീകരിക്കണം. ഇലക്ഷനെ മാത്രം മുറുകെപ്പിടിക്കരുത്. ഇലക്ഷൻ നടത്താൻ ആരും എതിരല്ല. തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധിയിൽ ഒരു ഇലക്ഷൻ നടത്താൻ യാതൊരു വിഷമവുമില്ല. ഇതിൻെറ ആരംഭഘട്ടത്തിലുള്ള, ടീത്തിംഗ് ട്രബിൾ എന്നു പറയുന്ന, ആ പീരിയഡിലുള്ള കരുതൽ നടപടിയാണിത്. ആ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയും. ഏതവസരത്തിലും നടത്താൻ കഴിയും. നമ്മുടെ ഉദ്ദേശം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : ടീത്തിംഗ് ട്രബിൾ തീർക്കാനാണോ നോമിനേറ്റഡ് മെമ്പർമാരെ വച്ചിരിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ : ടീത്തിംഗ് ട്രബിൾ ടൈമിൽ വളരെയധികം പോഷകാഹാരം കൊടുക്കാൻ പാടില്ലെന്നാണ് പറയുന്നത്, ആരോഗ്യം കാത്തുസൂക്ഷിക്കാൻവേണ്ടിയാണ്.

അതുപോലെയാണ് ഈ രംഗത്തെ ഹൗസിംഗ് പദ്ധതിയുടെ കാര്യം. ഹൗസിംഗ് സ്കീമിൽ ഒന്നും രണ്ടും മൂന്നും സ്റ്റേറ്റിലായി 30,000 വീടുകളാണുള്ളത്. 20,000 വീടുകൾ പൂർത്തിയാക്കി. മൂന്നാമത്തെ സ്റ്റേജ് വന്നപ്പോൾ 7800 അപേക്ഷകളാണ് മൊത്തമുണ്ടായിരുന്നത്. സ്വന്തമായി അവർക്ക് സ്ഥലമില്ലെന്നുള്ളതാണ് അവിടെ വരുന്ന ഒരു ന്യൂനത. അവർക്ക് ഇന്നുള്ളതുമുഴുവൻ അനുവദിച്ചുകഴിഞ്ഞു. ആ സ്ഥലത്ത് 500 മീറ്റർ എന്നുള്ള വ്യവസ്ഥ മാറ്റിത്തരണമെന്ന് പറഞ്ഞ് ഇന്ത്യാഗവൺമെന്റിനോടാവശ്യപ്പെട്ടു. അതിന് സാദ്ധ്യമല്ലാതെവരികയാണെങ്കിൽ 500 മീറ്റർ വിട്ടിട്ടായാലും ശരി കുറച്ച് അക്വിസിഷൻ നടത്തണമെന്നുള്ള ഒരു തീരുമാനത്തിലാണ് നിൽക്കുന്നത്. അതുപോലെതന്നെ പുറമ്പോക്കുകൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അത് അല്പമകലെയായാലും ശരി അവിടെ കൊടുക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോഴത്തന്നെ സ്ത്രീതൊഴിലാളികൾക്ക് മൽസ്യംകൊണ്ടുപോയിവിൽക്കുന്നതിന് ബസ് സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 11 ബസ്സുകൾ അവർക്കുവേണ്ടിയുണ്ട്. അതുപോലെതന്നെ അത്യാവശ്യം താമസിക്കണമെന്നുവരുന്നുണ്ടെങ്കിൽ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ കഴിയും.

വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റിനെപ്പറ്റി പറഞ്ഞു. അത് മുഴുവൻ വിദ്യാർത്ഥികൾക്കുമുള്ളതാണ്.

ശ്രീ. ബേബിജോൺ : കഴിഞ്ഞവർഷത്തെ ഗ്രാന്റ് ഇതുവരെ കൊടുത്തിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : 70 ലക്ഷം രൂപ കൊടുത്തിട്ടുള്ളതായിട്ടാണ് കണക്കുകൾ കാണുന്നത്.

ശ്രീ. ബേബിജോൺ : ഞാൻ ഒരു സ്കൂളിൽ ചെന്നപ്പോൾ കിട്ടിയിട്ടില്ലെന്ന് പറഞ്ഞ് എനിക്ക് മെമ്മോറാണ്ടം തന്നു.

ശ്രീ. കെ. കരുണാകരൻ : ഏതെങ്കിലും സ്കൂളിൽ വിതരണം ചെയ്തിട്ടില്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : ഈ നിയമസഭതന്നെ മൽസ്യത്തൊഴിലാളികൾക്ക് ഒരു ക്ഷേമനിധിബോർഡുണ്ടാക്കുന്നതിനുവേണ്ടി നിയമം പാസാക്കി. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കടലോരങ്ങളിലും കായലോരങ്ങളിലും ഗ്രാമസംഘങ്ങൾ ഉണ്ടാകുകയും ആ ഗ്രാമസംഘങ്ങൾ മുഖേന അംഗങ്ങളിൽനിന്നും, വ്യവസായികളിൽനിന്നുമൊക്കെ പണം സംഭരിച്ച് തൊഴിലാളികൾക്ക് വാർദ്ധക്യകാലപെൻഷൻ അടക്കം കൊടുക്കേണ്ടതുമാണ്. ആ ബോർഡിന്റെ പ്രവർത്തനമൊന്നും നടക്കുന്നില്ലെന്നുള്ള വിവരം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ബോർഡ് രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൽക്കാലം ഗവൺമെന്റ് അതിൽ പണം മുടക്കിയിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ 10,000 രൂപയെന്നുള്ളത് 15,000 രൂപയും അപകടം സംഭവിച്ചാൽ 5,000 രൂപയും കൊടുക്കുന്നുണ്ട്. ഈ കഴിഞ്ഞ സാമ്പത്തികവർഷം 26 ലക്ഷത്തോളംരൂപ അവർക്ക് വിതരണം ചെയ്തുകഴിഞ്ഞു.

ശ്രീ. എ. വി. താമരാക്ഷൻ : പെൻഷൻ കൊടുത്തോ?

ശ്രീ. കെ. കരുണാകരൻ : ഒരു നിയമം പാസാക്കി പിറേദിവസം പെൻഷൻ കൊടുത്തതായി എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? അതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. പണം പിരിച്ചെടുത്തിട്ടുവേണം ഇതു കൊടുക്കാൻ. എന്നാൽ പണം പിരിച്ചെടുക്കാൻ കാത്തുനിൽക്കാതെ ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് തൽക്കാലം കൊടുക്കുകയാണ് ഒരുകാര്യം ഈ സഭയ്ക്ക് ഉറപ്പുതരാം. ഏതു നിലയിലായാലും ശരി ഈ സാമ്പത്തികവർഷത്തിൽത്തന്നെ പെൻഷൻ ഞങ്ങൾ വിതരണം ചെയ്തുതുടങ്ങും. ആ കാര്യത്തിൽ ആർക്കും സംശയം വേണ്ട. എത്ര പിരിവുകിട്ടുന്നുവെന്നുള്ളതല്ല പ്രശ്നം. ഇതു നടപ്പിലാക്കുകതന്നെ ചെയ്യും. പറഞ്ഞത് നടപ്പിലാക്കുന്ന ഒരു ഗവൺമെന്റാണിത്. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. അതുപോലെതന്നെ മൽസ്യത്തൊഴിലാളി സ്ത്രീകൾ മൽസ്യം ഉപയോഗിച്ച് കറികളുണ്ടാക്കുന്നുണ്ട്. കട്ലാറ് ഉണ്ടാക്കുന്നുണ്ട്. പല വിഭവങ്ങളുമുണ്ടാക്കുന്നുണ്ട്. അവർക്ക് അതിനാവശ്യമായ സാമ്പത്തികസഹായം നൽകുന്നതാണ്. ആയിരം രൂപ കൈവായ്പയായി കൊടുക്കാൻ, ഒരു രേഖയുമില്ലാതെ കൊടുക്കാനുള്ള സംവിധാനമുണ്ട്. അത് വളരെ വിജയകരമായി പ്രവർത്തിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ രംഗത്ത് ചില നടപടികൾ കാര്യമായി....

ശ്രീ. വി. ദിനകരൻ : 22 കിലോമീറ്ററിനുള്ളിൽ പെഴ്സീൻ വലകളുപയോഗിച്ചുകൊണ്ടുള്ള മൽസ്യബന്ധനം ഗവൺമെന്റ് നിരോധിച്ചിരുന്നത് ഹൈക്കോടതി റദ്ദ് ചെയ്ത 10 കിലോമീറ്ററിനുള്ളിൽ മാത്രമേ ആകാൻ പാടുള്ളുവെന്ന് തീരുമാനിച്ചതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ ഗവൺമെന്റ് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ : അപ്പീൽ കൊടുക്കാൻവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ നടപടികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അപ്പീൽ കൊടുക്കുകതന്നെ ചെയ്യും. മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ഓർമ്മയുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മറ്റൊരുകാര്യം പറയാനുള്ളത് മൽസ്യഫെഡുതന്നെ ഉൾക്കടലിൽ ചെന്ന് മീൻ പിടിക്കുന്നതിനുവേണ്ടി രണ്ട് കപ്പലുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുള്ളതിനെപ്പറ്റിയാണ്. ഇടത്തട്ടുകാർ കൊണ്ടുപോകാതെ മുഴുവൻ വിഭവങ്ങളും ഈ തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്കായി കൊടുക്കാനുള്ളതായ ഒരു വ്യവസ്ഥയുടെ ഭാഗമാണിത്. പിന്നെ ശ്രീ. താമരാക്ഷൻ റിസർവേഷന്റെ കാര്യം പറയുകയുണ്ടായി. താമരാക്ഷന്റെ അറിവിലേക്ക് ഞാൻ പറയുകയാണ് മാനേജീരിയൽ പോസ്റ്റ് ഒഴിച്ച് ബാക്കിയുള്ളതിൽ 40 ശതമാനം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ മുഴുവൻ രേഖകളും ശ്രീ. താമരാക്ഷൻ കാണിച്ചുതരാൻ തയ്യാറാണ്. 40 ശതമാനം കൊടുത്തിട്ടുണ്ട്. മാനേജീരിയൽ പോസ്റ്റിൽ മാത്രമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും ഒരു എട്ട് പോസ്റ്റ് ഫിൽ ചെയ്യാനുണ്ട്. അതിലും അവർക്കു ള്ളത് ഫിൽ ചെയ്യും. മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് കൊടുക്കുന്ന 40 ശതമാനത്തിലും ഒരു മാറ്റവും വരുത്തുകയില്ല. അത് നിർബന്ധപൂർവ്വം കൊടുക്കുന്നതാണ്. പി. എസ്. സി. ക്ക് വിടുമ്പോഴും ഇതേ തരത്തിലുള്ള വ്യവസ്ഥയായിരിക്കുമെന്നറിയിക്കുവാനാഗ്രഹിക്കുന്നു. എതിരാളികൾക്കുപോലും വിമർശിക്കാൻ കഴിയാത്തനിലയിൽ ഈ രംഗത്ത് പുരോഗതിയുണ്ടായിട്ടുണ്ട്. പ്രതിപക്ഷങ്ങളിൽനിന്ന് വളരെ സൗഹാർദ്ദത്തോടുകൂടിയുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണങ്ങളുമാണുണ്ടായത്; ഈ ഗവൺമെന്റിനെക്കുറിച്ച് ആദ്യമായി നല്ല വാക്കുകൾ ക്കാനിടയായതിൽ ഞാൻ അവരോടെല്ലാം നന്ദി പറയുന്നു. ഈ രണ്ടു വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനകളും പാസാക്കിത്തരേണ്ടത് ഈ രാജ്യത്തിലെ ദുർബലജനവിഭാഗങ്ങളുടെ ക്ഷേമത്തിനും സംസ്ഥാനത്തിലെ പോഷകാഹാരക്കുറവു പൂർത്തീകരിക്കാനും സഹായകമാകുമെന്നുള്ളതു കൊണ്ട് ദയവായി എതിർപ്പില്ലാതെ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII—ക്ഷീരവ്യവസായം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXIV—മത്സ്യബന്ധനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സി. പി. മൂസ്സാൻകുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ക്ഷീരവ്യവസായമെന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മത്സ്യബന്ധനമെന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1986-87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ബേബിജോൺ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു. അതിൽ സഭ താഴെക്കാണും പ്രകാരം വേർതിരിഞ്ഞു.

അനുകൂലിക്കുന്നവർ—69

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ശ്രീ. ഇ. അഹമ്മദ്
3. ശ്രീ. സി. ടി. അഹമ്മദ്അലി
4. ശ്രീ. കെ. അവുക്കാദർകുട്ടിനഹ
5. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
6. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
7. ശ്രീ. പി. കെ. കെ. ബാവ
8. ശ്രീ. യു. എ. ബീരാൻ
9. ശ്രീ. ബെന്നിബഹനാൻ
10. ശ്രീ. പി. ഭാസ്കരൻ
11. ശ്രീ. വി. ദിനകരൻ
12. ശ്രീ. എ. ജോർജ്
13. ശ്രീ. പി. സി. ജോർജ്
14. ശ്രീ. കെ. എം. ഹംസക്കുഞ്ഞ്
15. ശ്രീ. എം. എം. ഹസ്സൻ
16. ശ്രീ. എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
17. ശ്രീ. ടി. എം. ജേക്കബ്
18. ശ്രീ. സി. ജി. ജനാർദ്ദനൻ
19. ശ്രീ. ടി. എസ്. ജോൺ
20. ശ്രീ. എ. സി. ജോസ്

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. ജോസ് കുറ്റിയാനി
22. ശ്രീ. ഡോക്ടർ കെ.സി. ജോസഫ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീ. വി. വി. ജോസഫ്
25. ശ്രീ. കെ. കെ. നായർ
26. ശ്രീമതി. എം. കമലം
27. ശ്രീ. കെ. ജി. ആർ. കർത്താ
28. ശ്രീ. ജി. കാർത്തികേയൻ
29. ശ്രീ. കെ. കരുണാകരൻ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. മണിമംഗലത്തു കുട്ട്യാലി
32. ശ്രീ. കെ. പി. എ. മജീദ്
33. ശ്രീ. കെ. എം. മാണി
34. ശ്രീ. എം. വി. മാണി
35. ശ്രീ. കെ. മുഹമ്മദാലി
36. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
37. ശ്രീ. പി. എ. മുഹമ്മദ് കണ്ണ്
38. ശ്രീ. പി. വി. മുഹമ്മദ്
39. ശ്രീ. ടി. എച്ച്. മുസ്തഫ
40. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
41. ശ്രീ. കെ. പി. നൂറുദ്ദീൻ
42. ശ്രീ. തച്ചടി പ്രഭാകരൻ
43. ശ്രീ. കെ. രാഘവൻമാസ്റ്റർ
44. ശ്രീ. രാഘവൻ പൊഴക്കടവിൽ
45. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
46. ശ്രീ. കെ. പി. രാമചന്ദ്രൻ നായർ
47. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. കെ. പി. രാമൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. തോപ്പിൽ രവി
52. ശ്രീ. വയലാർ രവി
53. ശ്രീ. എൻ. ശക്തൻനാടാർ
54. ശ്രീ. പി. സീതിഹാജി
55. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56. ശ്രീ. കടവൂർ ശിവദാസൻ
57. ശ്രീ. നാലകത്തു സൂപ്പി
58. ശ്രീ. കെ. കെ. ശ്രീനിവാസൻ
59. ശ്രീ. കോട്ടക്കുഴി സുകുമാരൻ
60. ശ്രീ. സി. എം. സുന്ദരം
61. ശ്രീ. എൻ. സുന്ദരൻ നാടാർ
62. ശ്രീ. വി. സുരേന്ദ്രൻപിള്ള
63. ശ്രീ. പി. പി. തങ്കച്ചൻ
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. കെ. കെ. തോമസ്
66. ശ്രീ. തോമസ് കല്ലംപള്ളി
67. ശ്രീ. പി. കെ. വേലായുധൻ
68. ശ്രീ. ടി. വി. വിജയരാജൻ
69. ശ്രീ. സ്റ്റീഫൻ പാടുവ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—51

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. കെ. പി. അരവിന്ദാക്ഷൻ
3. ശ്രീ. ടി. കെ. അറുമുഖൻ
4. ശ്രീ. ബേബി ജോൺ
5. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. ഒ. ഭരതൻ
8. ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
10. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീ. സിറിയക് ജോൺ
12. ശ്രീമതി. പി. ദേവൂട്ടി
13. ശ്രീമതി. കെ. ആർ. ഗൗരി
14. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
15. ശ്രീ. ടി. കെ. ഹംസ
16. ശ്രീ. കെ. ഇ. ഇസ്മായിൽ
17. ശ്രീ. എം. ജിനദേവൻ
18. ശ്രീ. ഇ. കെ. നായനാർ
19. ശ്രീ. വി. സി. കബീർ
20. ശ്രീ. കെ. ടി. കണാരൻ
21. ശ്രീ. എം. കെ. കേശവൻ
22. ശ്രീ. സി. ടി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. ടി. കുമാരൻ
26. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീ. സി. പി. മൂസ്സാൻകുട്ടി
29. ശ്രീ. കെ. മൂസ്സക്കുട്ടി
30. ശ്രീ. എം. കെ. പത്മനാഭൻ
31. ശ്രീ. ഇ. പത്മനാഭൻ
32. ശ്രീ. കെ. പങ്കജാക്ഷൻ
33. ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ
34. ശ്രീ. കെ. പി. പ്രഭാകരൻ
35. ശ്രീമതി. റേയ്ച്ചൽ സണ്ണി പനവേലി
36. ശ്രീ. വർക്കല രാധാകൃഷ്ണൻ
37. ശ്രീ. വി. കെ. രാജൻ
38. ശ്രീ. കാനം രാജേന്ദ്രൻ
39. ശ്രീ. കെ. ശങ്കരനാരായണപിള്ള
40. ശ്രീ. എ. കെ. ശശീന്ദ്രൻ
41. ശ്രീ. എ. സി. ഷൺമുഖദാസ്
42. ഡോക്ടർ എ. സുബ്ബറാവു
43. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
44. ശ്രീ. എ. വി. താമരാക്ഷൻ
45. ശ്രീ. സി. കെ. തങ്കപ്പൻ

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. വി. ജെ. തങ്കപ്പൻ
47. ശ്രീ. എസ്. ആർ. തങ്കരാജ്
48. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
49. ശ്രീ. ആർ. എസ്. ഉണ്ണി
50. ശ്രീ. ജി. വരദൻ
51. ശ്രീ. പി. വിജയദാസ്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

അനുകൂലിക്കുന്നവർ—69

പ്രതികൂലിക്കുന്നവർ—51

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

ഡിമാണ്ടുകൾ പാസ്സാക്കുകയും ഗ്രാന്റുകൾ അനുവദിക്കുകയും ഉണ്ടായി.

ധനാഭ്യർത്ഥന നമ്പർ XL—വൈദ്യുതപദ്ധതികൾ

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സി. പി. മൂസ്സാൻകുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സിറിയക് ജോൺ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീമതി. റേയ്ച്ചൽ സണ്ണി പനവേലി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. പി. വിജയദാസ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ടു നിരാകരിച്ചു.

വൈദ്യുതപദ്ധതികൾ എന്ന XL.ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7_ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ശ്രീ. ബേബിജോൺ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു. അതിൽ സഭ താഴെക്കാണും പ്രകാരം വേർതിരിഞ്ഞു.

അനുകൂലിക്കുന്നവർ—69

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ശ്രീ. ഇ. അഹമ്മദ്
3. ശ്രീ. സി. ടി. അഹമ്മദ്അലി
4. ശ്രീ. കെ. അവുക്കാദർകുട്ടിനഹ
5. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
6. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
7. ശ്രീ. പി. കെ. കെ. ബാവ
8. ശ്രീ. യു. ഏ. ബീരാൻ
9. ശ്രീ. ബെന്നിബഹനാൻ
10. ശ്രീ. പി. ഭാസ്കരൻ
11. ശ്രീ. വി. ദിനകരൻ
12. ശ്രീ. എ. ജോർജ്
13. ശ്രീ. പി. സി. ജോർജ്
14. ശ്രീ. കെ. എം. ഹംസക്കുഞ്ഞ്
15. ശ്രീ. എം. എം. ഹസ്സൻ
16. ശ്രീ. എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
17. ശ്രീ. ടി. എം. ജേക്കബ്
18. ശ്രീ. സി. ജി. ജനാർദ്ദനൻ
19. ശ്രീ. ടി. എസ്. ജോൺ
20. ശ്രീ. എ. സി. ജോസ്
21. ശ്രീ. ജോസ് കുറ്റിയാനി
22. ഡോക്ടർ കെ. സി. ജോസഫ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീ. വി. വി. ജോസഫ്
25. ശ്രീ. കെ. കെ. നായർ
26. ശ്രീമതി. എം. കമലം
27. ശ്രീ. കെ. ജി. ആർ. കർത്താ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. ജി. കാർത്തികേയൻ
29. ശ്രീ. കെ. കരുണാകരൻ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. മണിമംഗലത്തു കുട്ട്യാലി
32. ശ്രീ. കെ. പി. എ. മജീദ്
33. ശ്രീ. കെ. എം. മാണി
34. ശ്രീ. എ. വി. മാണി
35. ശ്രീ. കെ. മുഹമ്മദാലി
36. ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ
37. ശ്രീ. പി. എ. മുഹമ്മദ്കണ്ണ്
38. ശ്രീ. പി. വി. മുഹമ്മദ്
39. ശ്രീ. ടി. എച്ച്. മുസ്തഫ
40. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
41. ശ്രീ. കെ. പി. നൂറുദ്ദീൻ
42. ശ്രീ. തച്ചടി പ്രഭാകരൻ
43. ശ്രീ. കെ. രാഘവൻ മാസ്റ്റർ
44. ശ്രീ. രാഘവൻ പൊഴക്കാവിൽ
45. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
46. ശ്രീ. കെ. പി. രാമചന്ദ്രൻ നായർ
47. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. കെ. പി. രാമൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. തോപ്പിൽ രവി
52. ശ്രീ. വയലാർ രവി
53. ശ്രീ. എൻ. ശക്തൻ നാടാർ
54. ശ്രീ. പി. സീതിഹാജി
55. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56. ശ്രീ. കടവൂർ ശിവദാസൻ
57. ശ്രീ. നാലകത്തു സൂപ്പി
58. ശ്രീ. കെ. കെ. ശ്രീനിവാസൻ
59. ശ്രീ. കോട്ടക്കുഴി സുകുമാരൻ
60. ശ്രീ. സി. എം. സുന്ദരം
61. ശ്രീ. എൻ. സുന്ദരം നാടാർ
62. ശ്രീ. വി. സുരേന്ദ്രൻപിള്ള
63. ശ്രീ. പി. പി. തങ്കച്ചൻ
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. കെ. കെ. തോമസ്
66. ശ്രീ. തോമസ് കല്ലാപ്പള്ളി
67. ശ്രീ. പി. കെ. വേലായുധൻ
68. ശ്രീ. ടി. വി. വിജയരാജൻ
69. ശ്രീ. സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ-51

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. കെ. പി. അരവിന്ദാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. ടി. കെ. അറുമുഖൻ
4. ശ്രീ. ബേബിജോൺ
5. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. ഒ. ഭരതൻ
8. ശ്രീമതി. ഭാർഗവി തങ്കപ്പൻ
9. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
10. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീ. സിറിയക് ജോൺ
12. ശ്രീമതി. പി. ദേവൂട്ടി
13. ശ്രീമതി. കെ. ആർ. ഗൗരി
14. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
15. ശ്രീ. ടി. കെ. ഹംസ
16. ശ്രീ. കെ. ഇ. ഇസ്മായിൽ
17. ശ്രീ. എം. ജിനദേവൻ
18. ശ്രീ. ഇ. കെ. നായനാർ
19. ശ്രീ. വി. സി. കബീർ
20. ശ്രീ. കെ. ടി. കണാരൻ
21. ശ്രീ. എം. കെ. കേശവൻ
22. ശ്രീ. സി. ടി. കൃഷ്ണൻ
23. ശ്രീ, കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. ടി. കുമാരൻ
26. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീ. സി. പി. മൂസ്സാൻകുട്ടി
29. ശ്രീ. കെ. മൂസ്സക്കുട്ടി
30. ശ്രീ. എ. കെ. പത്മനാഭൻ
31. ശ്രീ. ഇ. പത്മനാഭൻ
32. ശ്രീ. കെ. പങ്കജാക്ഷൻ
33. ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ
34. ശ്രീ. കെ. പി, പ്രഭാകരൻ
35. ശ്രീമതി. റേച്ചൽ സണ്ണി പനവേലി
36. ശ്രീ. വർക്കല രാധാകൃഷ്ണൻ
37. ശ്രീ. വി. കെ. രാജൻ
38. ശ്രീ. കാനം രാജേന്ദ്രൻ
39. ശ്രീ. കെ. ശങ്കരനാരായണപിള്ള
40. ശ്രീ. എ. കെ. ശശീന്ദ്രൻ
41. ശ്രീ. എ. സി. ഷൺമുഖദാസ്
42. ഡോക്ടർ എ. സുബ്ബറാവു
43. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
44. ശ്രീ. എ. വി. താമരാക്ഷൻ
45. ശ്രീ. സി. കെ. തങ്കപ്പൻ
46. ശ്രീ. വി. ജെ. തങ്കപ്പൻ
47. ശ്രീ. എസ് ആർ. തങ്കരാജ്
48. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീ. ആർ. എസ്. ഉണ്ണി
50. ശ്രീ. ജി. വരദൻ
51. ശ്രീ. പി. വിജയദാസ്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

അനുകൂലിക്കുന്നവർ—69

പ്രതികൂലിക്കുന്നവർ—51

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

ഡിമാൻറ് പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് 1-ാംതീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.50ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986-87

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	26-3-1986-ൽ സഭ പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXXIII	ക്ഷീരവ്യവസായം	86,15,300	13,00,000	1,72,30,700	26,00,000	1,98,30,700
XXXIV	മത്സ്യബന്ധനം	1,66,36,200	3,58,33,300	3,32,72,400	7,16,66,700	10,49,39,100
XL	വൈദ്യുത പദ്ധതികൾ		5,55,33,400	100	11,10,66,600	11,10,66,700